തിരുവിതാംകൂർ സർവ്വകലാശാല

ഭാഷാഗ്രന്ഥാവലി—നം ൧



കൗടലീയം

ഭാഷാവ്യാഖ്യാനസഹിതം

(മൂന്നാംഭാഗം)

[മൂന്നാം അധികരണം]

പ്രസാധകൻ,

മീമാംസകരത്നം, മീമാംസാവിശാരദ, വേദശിരോമണി,

വി. എ. രാമസ്വാമി ശാസ്ത്രി, എം. എ.,

ഡയറക്ടർ, ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി,

തിരുവിതാംകൂർ യൂണിവേഴ്സിറ്റി,

തിരുവനന്തപുരം.

തിരുവനന്തപുരം :

തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടത്തിൽ അച്ചടിച്ചത്,

൧൧൨൪ / ൧൯൪൯.

 [വില ക. ൧.]

UNIVERSITY OF TRAVANCORE.

MALAYĀLAM SERIES No. 67.



THE KAUTALĪYA ARTHAŚĀSTRA

with Malayalam commentary

[Adhikarana 3].



(PART III)

EDITED BY

Mīmāṁsakaratna, Mīmāṁsāviśārada, Vedaśiromaṇi

V. A. RAMASWAMI SASTRI, M. A.,

Honorary Director, University Manuscripts Library, Trivandrum.

TRIVANDRUM:

PRINTED BY THE SUPERINTENDENT, GOVERNMENT PRESS,

1945

[Price Rs. 1-0-0

CONTENTS.



PREFACE.

The third part of *Kauṭalīya Arthaśāstra* with the Malayalam commentary which is now issued as No. 67 of the Travancore Malayalam Series, contains the third *adhikaraṇa—Dharmasthīya* which, deals with *Vyavahāra* in all aspects and therefore resembles the *vyavahāra* section in the *Dharmaśāstras* and *Smṛtis*.

The verse found in the commentary :—

'ऋणमादौ मनुर्मेने वास्तुकं भार्गवो मुनिः ।
बृहस्पतिस्तु निक्षेपं विवाहं कुटलान्वयः ॥'

(*Vide* p. 13)

'Manu commences *vyavahāra* with *ṛṇādāna*, Bhārgava with *vāstuka*, Bṛhaspati with *nikṣepa* and the descendent of Kuṭala with *vivāha*, if it can be accepted as authentic[1], throws much light on the vexed question whether the name of the author of *Arthaśāstra* is Kauṭalya or Kauṭilya ; for by the sūtra 'गर्गादिभ्यो यञ्' (Pāṇini VI. i. 105.) we get the form Kauṭalya in the sense of *Kuṭalānvaya*[2] and not Kauṭilya. All editions of the work, except that of MM. Dr. T. Gaṇapati Sastri[3], however, adopt the reading *Kauṭilya*. Viśākhadatta, the author of *Mudrārākṣasa*, has used the appellation *Kauṭilya* for Cāṇakya with an explanatory note in the verse : 'कौटिल्यः कुटिलमतिः' etc. (1. 7). Many scholars identify the author of *Arthaśāstra* with Cāṇakya, the minister of Candragupta Maurya and the propounder of a crooked policy of administration (चाणक्यनय) ; and full testimony is borne to it by the *nāndī* śloka of the *Mudrārākṣasa* :

1. The extant works of sages Bhārgava and Bṛhaspati, viz., the *Śukranītisāra* and *Bṛhaspati-smṛti* begin with *ṛṇādāna* and not with *vāstuka* and *nikṣepa* respectively.

2. *Vide Prakriyāsarvasva* (Taddhita), Madras University Sanskrit Series, No. 15. p. 6.

3. Trivandrum Sanskrit Series Nos. 79, 80 and 82.

"धन्या केयं स्थिता ते शिरसि शशिकला किं नु नामैतदस्या
नामैवास्यास्तदेतत्परिचितमपि ते विस्मृतं कस्य हेतोः ।
नारीं पृच्छामि नेन्दुं कथयतु विजया न प्रमाणं यदीन्दु-
र्देव्या निह्नोतुमिच्छोरिति सुरसरितं शाठ्यमव्याद्विभोर्वः ॥"

A close study of *Kauṭalīya-Arthaśāstra* will, however, reveal that it resembles treatises on dharmaśāstra in many sections and that if a conflict arises between a *dharmaśāstra* and an *arthaśāstra*, the former is to be taken as more authoritative. This would explain that in most cases the rules that are enunciated for the administration of kingdom are not against the rules of *dharma*. No doubt there are some rules in the *Arthaśāstra* which are of an objectionable nature, but they are not to be prescribed under normal conditions. Kauṭalya himself observes: चातुर्वर्ण्यरक्षार्थमौपनिषदिकमधर्मिष्ठेषु प्रयुञ्जीत *i.e.*, for the protection of the four castes certain unwholesome devices may be adopted in the case of people not abiding by *dharma*. Therefore the view that Kauṭalya propounds a crooked policy is not very much justifiable.

The date of Kauṭalya and the *Arthaśāstra* is one of the problems of ancient Indian chronology which have not yet been satisfactorily solved. Much depends upon the identification of the author with Cāṇakya, the minister of Candragupta Maurya. Western scholars like Drs. Winternitz and Berriedale Keith believe that the work is not of a single author. Their arguments have already been summarised and refuted by Dr. Ganapati Sastri in the Introduction to his edition of the *Arthaśāstra*[1]. We may however observe that the traditional view that the *Arthaśāstra* comprising 6000 granthas in the form of *sūtras* with a few verses interspersed at places was composed by a single author Kauṭalya, the minister of Candragupta Maurya and the exterminator of Nandas, seems acceptable. The unity of its authorship and the identification of the *Arthaśāstra-kāra* with the

1. *Arthaśāstra*, Part II, T. S. S. No. 80, Introduction.

minister of Candragupta fix the date of the work as between 350 and 300 B. C.

The *Dharmasthīya adhikaraṇa* contains nineteen chapters. The introductory chapter gives some important suggestion regarding *vyavahāra* in general, of the valid and invalid nature of investigation, the required number (three each) of the *dharmasthas*, and of the ministers of the king to constitute a court to enquire into the nature of disputes and administer justice. It is for the safe preservation of the duties of the four castes and the four *āśramas* that the king administers justice as the very personation of *Dharma*.

> 'चतुर्वर्णाश्रमस्यायं लोकस्याचाररक्षणात् ।
> नश्यतां सर्वधर्माणां राजधर्मः प्रवर्तकः ॥'

(p. 9)

The highest *Dharma* is *satya*—truthfulness, and it is for the king to uphold it through careful investigation by means of evidence supplied by witnesses, by the traditions of the people, and finally by his own conviction; and he should issue proclamations for the common weal of the people.

> 'अत्र सत्ये स्थितो धर्मो व्यवहारस्तु साक्षिषु ।
> चरित्रं संग्रहे पुंसां राज्ञामाज्ञा तु शासनम् ॥'

(p. 10)

Such an administration of the kingdom by a king would bless him with divine gifts both temporal and spiritual, but if the king does not rule the people well or punishes them without proper investigation, and thus upsets the well-established social order, he is sure to fall.

> 'राज्ञः स्वधर्मः स्वर्गाय प्रजा धर्मेण रक्षितुः ।
> अरक्षितुर्वा क्षेप्तुर्वा मिथ्यादण्डमतोऽन्यथा ॥'

(p. 10)

The following eighteen chapters deal with the eighteen *vyavahāra-padas* beginning with *vivāhasaṃyukta* since

most *vyavahāras*—transactions in life, are the outcome of marriage— *vivāha* pūrvo vyavahāraḥ. The eighteen *vyavahārapadas* according to Kauṭalya are as follows:—

1. *Vivāhasaṁyukta* Disputes connected with marriage, the duty of marriage, the property of women, and compensation for remarriage (Ch. II); the duty of a wife, maintenance of women, cruelty to women, enmity between husband and wife, a wife's transgression, her kindness to another and forbidden transactions (Ch. III); vagrancy, elopements and short or long sojournments (Ch. IV).

2. *Dāyabhāga*. Division of inherited property, time of its division (Ch. V); special shares in property (Ch. VI); division among sons and their order of inheritance (Ch. VII).

3. *Vāstuka*. The construction of buildings, fields, gardens, lakes and tanks (Ch. VIII); sale of buildings, boundary disputes, disputes about fields, miscellaneous hindrances and remission of taxes for the construction of new works, etc. (Ch. IX); destruction of pasture lands, fields and roads (Ch. X).

4. *Samayānapākarma*. Neglect and violation of agreements (Ch. X).

5. *Ṛṇādāna*. Recovery of debts with different rates of interest; witnesses – three or at least two reliable and honest persons, taking oaths before sacred objects (Ch. XI).

6. *Aupanidhika*. Deposits (Ch. XII).

7. *Dāsakarmakarakalpa*. Rules regarding slaves and labourers (Ch. XIII & XIV).

8. *Sambhūyasamuthāna*. Co-operative under-takings (Ch. XIV).

9. *Vikrīta- krītānuśaya*. Rescission of purchase and marriage contracts (Ch. XV).

10. *Dattānapākarma.* Resumption of gifts (Ch. XVI).

11. *Asvāmivikraya.* Sale of objects without ownership (Ch XVI).

12. *Svasvāmivikraya.* One's title or ownership to one's property (Ch. XVI).

13. *Sāhasa.* Sudden and violent seizure of person or property; robbery (Ch. XVII).

14. *Vākpāruṣya.* Defamation by calumny, contemptuous talk or intimidation (Ch XVIII).

15. *Daṇḍapāruṣya.* Assault by striking or hurting persons (Ch. XIX).

16. *Dyūta.* Gambling (Ch. XX).

17. *Samāhvaya.* Betting and challenging (Ch. XX).

18. *Prakīrṇaka.* Miscellaneous things that have not been included in the vyavahāra–padas already stated (Ch. XX).

A comparative table of the vyavahārapadas according to Kauṭalya and other important authors on Dharmaśāstra is given in the Malayalam Introduction which deals with this topic in greater detail. Therein parallel passages found in *Kauṭalīya* and important Smṛti works are collected with short introductory notes in Malayalam. Kauṭalya's views regarding niyoga, re-marriage of widows, gambling and betting etc., which are in conflict with the views of the *Smṛti-kāras*, are also elucidated in that Introduction.

The importance of the commentary in old Malayalam language published here cannot be over-estimated. Dr. Ganapati Sastri's commentary is, to a large extent, based on this Malayalam commentary so far as it is available. It is very brief and suggestive and helps in many places to decide the correct readings of the text. Dr. Ganapati Sastri has

already done much to correct the readings of the text on the basis of this commentary. Arthaśāstra-viśārada Dr. R. Shama Sastri's English translation of the *Kauṭalīya Artha-śāstra* is, no doubt, a pioneer work in the field, but it requires a thorough revision in some places in the light of new materials now available to scholars. Many passage can be better interpreted on the basis of the Malayalam commentary than has been done in the English rendering. To cite but a few instances: —

'परोक्तदण्डः पञ्चबन्धः, स्वयंवादिदण्डो दशबन्धः।' (III. 1. p. 8) has been translated as 'Fine for *parokta* is *five times* the amount; fine for self-assertion is *ten times* the amount'. (pp. 189 — 90) The Malayalam commentary reads as follows parajitanāyuḷḷavan vacca arthattil *añconru* daṇḍam; parājitan sākṣiyil munna tāne vādiyāvōnākil *pattilonru* daṇḍam'. (p. 8). It interprets the terms *pañcabandha* and *daśabandha* in the sense of *one-fifth* and *one-tenth* as against *five times* and *ten times* as found in the English Translation. The interpretation found in the Malayalam commentary finds support in the commentaries of *Yājñavalkya-Smṛti*. Cf. 'नष्टद्रव्यस्य पञ्चमांशो दमः' (*Mitākṣarā* p. 223); 'पञ्चबन्धः पञ्चमो भागः (*Bāla-krīḍā*, Vol. I. p. 262); 'विवादास्पदधनपञ्चमभागसम्मितो धनभागो यत्र बध्यते स पञ्चबन्धः (*Aparārka*, Vol. II. p. 777). Dr. Ganapati Sastri's *Śrīmūla-vyākhyā* on the *Arthaśāstra* has followed the Malayalam commentary. Cf. 'पराजितः धनदशभागं—' (Vol. II p. 6). The Malayalam rendering of the *Arthaśāstra* published from Cochin, however, follows the English Translation in rendering the terms *pañcabandha* and *daśabandha* as 'añciraṭṭiyum pattiraṭṭiyum' (p. 255). The terms *daśabandha* and *pañcabandha* occur again in chapter XIII. 'वेतनादाने दशबन्धो दण्डः षट्पणो वा। अपव्ययने द्वादशपणो दण्डः पञ्चबन्धो वा।' The English translation runs thus: 'Failure to pay wages shall be punished with a fine of ten times the amount of the wages or six paṇas; misappropriation of wages shall be punished with a fine of five times the

amount of the wages or twelve paṇas'. (p. 233). The Malayalam commentary interprets the terms in the sense of *one-tenth* and *one-fifth* respectively.

Again in the '*Sambhūya-samutthāna*' section, the *sūtra*: 'सत्राणामादशाहोरात्रांच्छेषभृताः कर्म कुर्युः, अन्ये वा स्वप्रत्ययाः' is translated thus: — 'The surviving priests carrying the balance of the present or any other relatives of a dead priest, shall perform the funeral ceremony of the dead for ten days and nights' (p. 236). This translation is misleading and does not convey the sense of the original. As the Malayalam commentary goes, the *sūtra* seems to mean that if a priest dies in the middle of the sacrifice, his partners who share the income have to do the work of the deceased within ten days of his death; or others on whom the *yajamāna* has complete faith may be asked to do it. The section preceding this sūtra deserves a close scrutiny and the English rendering of the section 'याजकाः स्वप्रचारद्रव्यवर्जं ... ... तेनाहर्गण-दक्षिणा व्याख्याताः' is to be thoroughly revised.

Again the *sūtra*: 'त्रिभागमादाता दद्यात शेषं प्रदाता' is wrongly translated. 'The creditor shall pay three-fourths and the debtor one fourth (of the fine); (Ch. XI. p. 222). Here the words 'आदाता and प्रदाता' are wrongly translated. *Ādatā* means debtor, one who receives the debt, and *pradātā* is the creditor, one who gives it to the other.

Then again in the *Vākpāruṣya* section, the *sūtra* : — 'क्लीबभावे स्त्रियः मूत्रफेनः अप्सु विष्ठानिमज्जनञ्च' (p. 105 – 106) is translated thus: 'As to the reality of impotency of women, the scum of urine or the low specific gravity of faeces in water (the sinking of faeces in water) shall furnish the necessary evidence'. The Malayalam commentary explains the term as urine without scum or foam. The Sanskrit commentary follows the Malayalam commentary. Cf. 'अनुपलभ्यमानो मूत्रफेनः' The part 'अप्सु विष्ठानिमज्जनञ्च' is not commented on in the Malayalam commentary while Drs. Shama Sastri and Gaṇapati Sastri adopt it.

It is noteworthy that the Malayalam commentary does not comment on many words or phrases in the *sūtras* and these omissions are given as foot-notes. It is difficult to say whether the uncommented portions do not form the parts of the *sūtra*-text or whether they are not commented on simply because they do not require any explanation.

In some places the accepted readings of the *sūtras* have to be modified in view of the commentary on page 111 the *sūtra* 'कलहे द्रव्यमपहरतो दशपणो दण्डः' is to be modified as 'कलहे द्रव्यमपहरतो द्विशतपणो दण्डः' since the commentary runs thus: 'iruvar kalahikkaccaite iṭaye aparadhanameṭuttu-koṇṭu-pokil iruntiru paṇam daṇḍam'. Dr. Ganapati Sastri has adopted the reading 'दशपणः' and noted in his commentary that 'दशपणः' should be 'द्विशतपणः' according to the Malayalam commentary. Similarly the section 'क्षुद्रपशूनां काष्ठादिभिर्दुःखोत्पादने पणो द्विपणो वा दण्डः । शोणितोत्पादने द्विगुणः' — (p. 112) should have according to the Malayalam commentary some supplementary *sūtras* like the following:

'व्रणविदारणे चतुर्गुणः । करपादच्छेदनेऽष्टाचत्वारिंशत्पणः । वराङ्गच्छेदने मारणे च मध्यमः साहसदण्डः समुत्थानव्ययश्च । मरणे गोमूल्यं पूर्वश्च साहसदण्डः ।' (Vide p. 112)

The edition of this volume is based on the following—

I. *Printed material*

1. MM. Dr. T. Ganapati Sastri's edition of the Arthaśāstra, Vol. II, T. S. S. No. 80.

2. Dr. Shama Sastri's edition of the *Arthaśāstra*, Mysore.

3. Dr. Jolly's edition of the text in the Punjab Sanskrit Series.

II. *Manuscripts*

1. Ts. No. 308 B. Transcript in Malayalam characters belonging to the Curator's Office Library.

2. Ts. No. 574. Transcript in Tamil characters belonging to the Curator's Office Library.

3. Ms. No. 2537 — Palm leaf ms. belonging to the University Mss. Library (text alone).
4. Ms. No. L. 1066 — Palm leaf ms. belonging to the University Mss. Library (text alone).
5. P. No. 1286 — Palm leaf ms. belonging to the Palace Library, Trivandrum.

Dr. Ganapati Sastri's text has been uniformly given as the text of this part, as was the case in the two previous parts, and variant readings found in other editions and in the manuscripts are given as foot-notes.

The editorial work of this volume was mainly entrusted to Pandit S. Sankararama Sastri of the publication section of this Library. He was assisted by Pandit N. Raghavan Nair of the same section in proof-reading and in the preparation of the different appendices, the tables of contents etc. Mr. Sastri has also written a long Introduction in Malayalam in which he makes a comparative study of the *Kauṭalīya Arthaśāstra*, *Manusmṛti*, *Yājñavalkyasmṛti*, *Nāradasmṛti* and others where parallel passages are found. He has dealt with those sections in which Kauṭalya does not agree with other *Smṛtikāras*. I render my thanks to Mr. Sankararama Sastri and Mr. Raghavan Nair for their help and co-operation in the publication of this work.

It is beyond my power to adequately express my gratitude to His Highness the Maharaja and the other members of the Royal family of Travancore for the interest they have evinced and are still evincing in the promotion of classical learning in Travancore by collecting rare and valuable manuscripts and publishing them. I also express here my indebtedness to our illustrious Dewan Sachivottama Dr. Sir C. P. Ramaswami Aiyer, Avl., K. C. S. I., K. C. I. E., LL. D., whose unbounded love and unstinted support for the publication work of this

Library have always stood in my good stead. I also record here my thanks to H. C. Papworth Esq., M. A., O. B. E., the Pro-Vice Chancellor, and Mahakavi Rao Sahib Ulloor S. Parameswara Aiyar, M. A., B. L., the Dean of the Faculty of Oriental Studies and Fine Arts of the University of Travancore.

University Mss. Library,
Trivandrum,
24th May 1945.

Mīmāṁsakaratna,
V. A. RAMASWAMI SASTRI,
Honorary Director.



ഉപോദ്ഘാതം

ത്രിവർഗ്ഗ് എന്ന ലോകപ്രസിദ്ധമായ ധർമ്മം, അർത്ഥം, കാമം, എന്ന മൂന്ന പുരുഷാർത്ഥങ്ങളെയും, അവയുടെ സാധനോപായങ്ങളെയും ഉപദേശിപ്പാനുദ്ദേശിക്കുന്ന ഗ്രന്ഥങ്ങളാണ് ധർമ്മാർത്ഥകാമശാസ്ത്രങ്ങൾ. ഈ മൂന്ന ശാസ്ത്രഗ്രന്ഥങ്ങളിലും മൂന്ന പുരുഷാർത്ഥങ്ങളെയും തദുപായങ്ങളെപ്പറ്റി സാധാരണമായി നിരൂപണം ചെയ്യുന്നുണ്ടെങ്കിലും, പ്രാധാന്യേന ധർമ്മം പുരുഷാർത്ഥമായി പ്രതിപാദനം ചെയ്യപ്പെടുന്ന ശാസ്ത്രത്തിന ധർമ്മശാസ്ത്രമെന്നും അർത്ഥം പുരുഷാർത്ഥമായി നിരൂപണം ചെയ്യപ്പെടുന്ന ശാസ്ത്രത്തിന അർത്ഥശാസ്ത്രമെന്നും, കാമം പുരുഷാർത്ഥമായി പറയപ്പെടുന്ന ശാസ്ത്രത്തിന കാമശാസ്ത്രമെന്നും പേരുകൾ ലഭിച്ചു എന്നത് സർവ്വസമ്മതമായ ഒരു വസ്തുതയാണ്. അതിനാലാണ് അർത്ഥശാസ്ത്രങ്ങളിൽ നിരൂപണം ചെയ്യപ്പെടുന്ന അനേകവിഷയങ്ങൾ ധർമ്മശാസ്ത്രഗ്രന്ഥങ്ങളിലും കാണുന്നത്.

ധർമ്മം അലൗകികമായ ഒരു പദാർത്ഥമാണ. പ്രത്യക്ഷാദിപ്രമാണങ്ങൾക്ക് അതു വിഷയമാവുകയില്ല. അതുകൊണ്ടു ദൃഷ്ടവിഷയമെന്നോ ഇഹലോകപ്രയോജനമെന്നോ സ്വീകരിക്കപ്പെടുന്നതും "തസ്മാച്ഛാസ്ത്രം പ്രമാണം തേ കാര്യാകാര്യവ്യവസ്ഥിതൌ" എന്ന ഭഗവദ്വാക്യത്തിൽ ശാസ്ത്രശബ്ദപ്രതിപാദ്യവുമായ വേദങ്ങളാൽ ഉപദേശിക്കപ്പെടുന്നത് എന്തോ അതാണ് ധർമ്മം.

ആ വേദത്തിനെ അടിസ്ഥാനപ്പെടുത്തി നിർമ്മിക്കപ്പെട്ട സ്മൃതിഗ്രന്ഥങ്ങൾ (ധർമ്മശാസ്ത്രങ്ങൾ) ശിഷ്ടാചാരങ്ങൾ മുതലായവയും മുഖ്യമായി ധർമ്മത്തെയാണ പ്രതിപാദിക്കുന്നത്. അതിനാൽ പ്രത്യക്ഷാദിലൌകികപ്രമാണങ്ങൾക്ക ധർമ്മം വിഷയമല്ല എന്ന സ്പഷ്ടമാകുന്നു. എന്നാൽ അർത്ഥവും കാമവും അപ്രകാരമല്ല. ആബാലവൃദ്ധം പണ്ഡിതപാമരസാധാരണ്യേന അറിയുവാൻ സാദ്ധ്യമായ ഈ രണ്ട ശാസ്ത്രങ്ങളുടെ ഉദ്ദേശ്യം പുരുഷാർത്ഥങ്ങളെ പ്രതിപാദനം ചെയ്യുവാനോ ഉപദേശിപ്പാനോ എന്ന ഒരു ആശങ്ക എല്ലാ ബുദ്ധിമാന്മാരുടെയും സഹൃദയമണികളുടെയും മനസ്സിലുളവാകാം. എന്നാൽ അതിനും പരിഹാരമുണ്ട്.

ലോകത്തിൽ കാണുന്നതു് — ലൌകികപ്രമാണങ്ങളാൽ അറിയപ്പെടുന്നതു് — എല്ലാം ശരിയാവുകയില്ല. ഏതാണു ഗ്രാഹ്യം ഏതാണു ത്യാജ്യം എന്ന എപ്പോഴും എല്ലാവൎക്കും അറിയാവുന്നതല്ല. ദൃഷ്ടാന്തമായി ധനാൎജ്ജനം (പണം സമ്പാദിക്കുക) എന്ന വിഷയത്തെ നോക്കുക. ചിലർ ന്യായമായി പണം സമ്പാദിക്കുന്നു. ചിലർ അന്യായമായും. എന്നിങ്ങനെയുള്ള വ്യവഹാരം സാധാരണമായി നാം കേൾക്കുന്നുണ്ടു്. ഇതിൽ ഏതു ന്യായം ഏതു് അന്യായം എന്നതു മനുഷ്യൎക്കു സ്വതേ അറിവാൻ ശക്തിപോരാ. അപ്പോൾ ശാസ്ത്രമാണു നമുക്കു അവലംബമായിട്ടുള്ളതു്. ബ്രാഹ്മണൻ പ്രതിഗ്രഹം, യാജനം, അദ്ധ്യാപനം എന്ന ക്രിയകളാൽമാത്രം ധനാൎജ്ജനം ചെയ്യണം. ഈ ക്രിയകൾ മററു ജാതിക്കാൎക്കു വിഹിതമല്ല. ക്ഷത്രിയൻ യുദ്ധത്തിൽ ജയിച്ചു് ശത്രുരാജാക്കന്മാരുടെ ധനവും രാജ്യവുംകൂടി അപഹരിച്ചാലും പാപമില്ല. വൈശ്യനു കൃഷിവാണിജ്യാദികളാൽ ധനം ധാരാളമായി സമ്പാദിക്കാം. പക്ഷേ ഒരു ജാതിക്കാൎക്കു വിധിച്ചുള്ളതു മററൊരു ജാതിക്കാൎക്കു നിഷിദ്ധമാണു് — പാപകരമാണു്. ഈ തത്വങ്ങൾ ലൌകികപ്രമാണങ്ങൾകൊണ്ടുമാത്രം അറിയാവുന്നതാണോ? അല്ല. അതിനാൽ പ്രജാക്ഷേമതത്പരനായ രാജാവിന്റെ കൃത്യങ്ങൾ ഇന്നവ എന്നു് നിരൂപണം ചെയ്യേണ്ട ഒരു ഗ്രന്ഥത്തിന്റെ ആവശ്യം മാത്രമാണു് അൎത്ഥശാസ്ത്രത്തിന്റെ ഉത്പത്തിക്കുള്ള മൂലം.

ഈ അൎത്ഥശാസ്ത്രം വേദവേദാംഗാദികൾപോലെ പ്ര വൃ വിദ്യകളിൽ ഒരു മാനനീയമായ സ്ഥാനത്തെ അലങ്കരിക്കുന്നതായി മഹാഭാരതത്തിൽ നിന്നറിയാവുന്നതാണു്:—

"അംഗാനി വേദാശ്ചത്വാരോ മീമാംസാ ന്യായവിസ്തരഃ
പുരാണം ധൎമ്മശാസ്ത്രം ച വിദ്യാ ഹ്യേതാശ്ചതുൎദ്ദശ
ആയുൎവ്വേദോ ധനുൎവ്വേദോ ഗാന്ധൎവ്വശ്ചേതി തേ ത്രയഃ
അൎത്ഥശാസ്ത്രം ചതുൎത്ഥം തു വിദ്യാ ഹ്യഷ്ടാദശൈവ തു"

(മഹാഭാരതം ശാന്തി., അദ്ധ്യാ. [illegible] ശ്ലോ. [illegible])

അൎത്ഥശാസ്ത്രത്തെ മാത്രമല്ല അതിന്റെ കൎത്താക്കന്മാരായ അനേകം ആചാൎയ്യന്മാരേയും മഹാഭാരതം മഹാബുദ്ധിശാലികളായി പുകഴ്ത്തുന്നു.

ഏതത്തേ രാജധർമ്മാണാം നവനീതം യുധിഷ്ഠിര!
ബൃഹസ്പതിർഹി ഭഗവാൻ നാന്യം ധർമ്മം പ്രശംസതി.
വിശാലാക്ഷശ്ച ഭഗവാൻ കാവ്യശ്ചൈവ മഹാതപാഃ
സഹസ്രാക്ഷോ മഹേന്ദ്രശ്ച തഥാ പ്രാചേതസോ മനുഃ.
ഭരദ്വാജശ്ച ഭഗവാൻ തഥാ ഗൌരശിരാ മുനിഃ.
രാജശാസ്ത്രപ്രണേതാരോ ബ്രഹ്മണ്യാ ബ്രഹ്മവാദിനഃ."

(മഹാഭാരതം ശാന്തി, അദ്ധ്യായം 57. ശ്ലോ 1-3.)

അർത്ഥശാസ്ത്രത്തിന്റെ ഉൽപത്തി.

കൌടലീയാർത്ഥശാസ്ത്രം.

ചരാചരാത്മകമായ ഈ ലോകത്തെ സൃഷ്ടിക്കുന്നവനും സാക്ഷാൽ ചതുരാനനനുമായ ബ്രഹ്മാവ് താൻതന്നെ സൃഷ്ടിച്ച ലോകത്തിന്റെ യോഗക്ഷേമത്തിനായി അദ്ധ്യായലക്ഷപരിമിതമായ അർത്ഥശാസ്ത്രത്തെ നിർമ്മിച്ചു. അതിഗംഭീരവും വിസ്തൃതവുമായ ആ ഗ്രന്ഥത്തെ പഠിപ്പാനോ അറിയുവാനോ മനുഷ്യന്നു ശക്തിയില്ലാതിരുന്നതിനാൽ സാക്ഷാല്ലോകസംഹർത്താവായ ശങ്കരനും ദേവന്മാർക്കെല്ലാമധിപതിയായ ഇന്ദ്രനും ദേവഗുരുവായ ബൃഹസ്പതിയും, അസുരഗുരുവായ ശുക്രാചാര്യനും, മഹാത്മാക്കൾ ഈ ഗ്രന്ഥത്തെ സംഗ്രഹിച്ചു. അനേകം തപോധനന്മാരും ലക്ഷം അദ്ധ്യായങ്ങളടങ്ങിയ ഈ ഗ്രന്ഥത്തിന്റെ സാരാംശത്തെ ചുരുക്കി എഴുതി. വിശേഷിച്ച് ആചാര്യവിഷ്ണുഗുപ്തനായ ചാണക്യൻ (കൌടല്യൻ) മനുഷ്യന്റെ ആയുസ്സിനെയും കഴിവുകളെയും ആലോചിച്ചു രാജാക്കന്മാരുടെ രാജ്യപരിപാലനം ഇടങ്ങിയ കാര്യസിദ്ധിയെ ഉപദേശിപ്പാനായി ഇതിലെ ആശയങ്ങളെ സംക്ഷേപിച്ചു തന്റെ അർത്ഥശാസ്ത്രം നിർമ്മിച്ചു.

ഈ വിഷയം "ജയമംഗല" എന്ന കൌടലീയാർത്ഥശാസ്ത്രവ്യാഖ്യാനത്തിൽ സ്പഷ്ടം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

"ബ്രഹ്മാദ്ധ്യായസഹസ്രാണാം ശതം ചക്രേ സ്വബുദ്ധിജം.
തച്ഛങ്കരേണ ശക്രേണ ഗുരുണാ ഭാർഗ്ഗവേണ ച.
സംക്ഷിപ്തം മനസാ തച്ച ബുദ്ധിഭിശ്ച തപോധനൈഃ.
പ്രജാനാമായുഷോ ഹ്രാസം വിജ്ഞായ ച മഹാത്മനാ.
സംക്ഷിപ്തം വിഷ്ണുഗുപ്തേന നൃപാണാമർത്ഥസിദ്ധയേ."

(ജയമംഗല കൌടലീയസൂത്രം, [illegible] Patna 1. Page 13-)

കൌടലീയാർത്ഥശാസ്ത്രത്തിന്റെ പരിമിതി.

൧൫ അധികരണങ്ങളിലായി ൧൮൦ പ്രകരണങ്ങൾ ഉള്ള കൌടലീയാർത്ഥശാസ്ത്രത്തിൽ ൧൮ പ്രകരണങ്ങളടങ്ങിയ "വിനയാധികാരിക"മെന്ന ഒന്നാമത്തെ അധികരണം ശ്രീവഞ്ചിസേതുലക്ഷ്മീഗ്രന്ഥാവലിയിൽ ൧൩-ാം നമ്പരായും, ൩൮ പ്രകരണങ്ങളടങ്ങിയ "അദ്ധ്യക്ഷപ്രചാര"മെന്ന രണ്ടാമത്തെ അധികരണം ശ്രീചിത്രോദയമഞ്ജരീ ഗ്രന്ഥാവലിയിൽ ൧൯-ാം നമ്പരായും പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്.

ഇപ്പോൾ "ധർമ്മസ്ഥീയം" എന്ന മൂന്നാമത്തെ അധികരണമാണു പ്രസിദ്ധപ്പെടുത്തുന്നതു്. ഇതിൽ ൨൦ അദ്ധ്യായങ്ങൾ അടങ്ങിയിരിക്കുന്നു.

വിനയാദിവിശിഷ്ടനും ലോകശാസ്ത്രാദി വ്യവഹാരങ്ങളിൽ സുശിക്ഷിതനുമായ രാജാവിനല്ലാതെ രാജ്യരക്ഷണത്തിൽ മററാർക്കും അധികാരമില്ലാത്തതുകൊണ്ടു് വിനയത്തെ പ്രദാനം ചെയ്യുന്ന വിദ്യകൾ അഭ്യസിക്കേണ്ടതു് അത്യന്താപേക്ഷിതമാകുന്നു. അതിനാലാണു് വിദ്യാസമുദ്ദേശാദികളായ ൧൮ പ്രകരണങ്ങളോടു കൂടിയ വിനയാധികാരികത്തെ ആദ്യമായി പ്രതിപാദിച്ചതു്. അപ്രകാരം വിനയാദിവിശിഷ്ടനായ രാജാവിന് എല്ലാ കാര്യങ്ങളും രാഷ്ട്രത്തിന്റെ അദ്ധ്യക്ഷന്മാരെക്കൊണ്ടു നടത്തേണ്ടതായിരിക്കുന്നതിനാൽ രണ്ടാമതായി അദ്ധ്യക്ഷപ്രചാരത്തേയും നിരൂപണം ചെയ്തു.

തൃതീയാധികരണാർത്ഥസംഗ്രഹം.

മൂന്നാമത്തെ അധികരണമായ ഈ ധർമ്മസ്ഥീയത്തിൽ ൨൦ അദ്ധ്യായങ്ങൾ അടങ്ങിയിരിക്കുന്നു. അവയിൽ ഒന്നാമത്തെ അദ്ധ്യായത്തിൽ വ്യവഹാരസ്ഥാപനാ, വിവാദപദനിബന്ധനാദികളായ ൧൮ വിവാദപദങ്ങൾ; ൨-ൽ വിവാഹധർമ്മം, സ്ത്രീധനകല്പം, ആധിവേദനികം; ൩-ൽ ശുശ്രൂഷ, ഭർമ്മം, പാരുഷ്യം, ദ്വേഷം, അതിചാരം, ഉപകാരവ്യവഹാരപ്രതിഷേധം; ൪-ൽ നിഷ്പതനം, പഥ്യനുസരണം, ഹ്രസ്വപ്രവാസം, ദീർഘപ്രവാസം; ൫-ൽ ദായക്രമം; ൬-ൽ അംശവിഭാഗം; ൭-ൽ പുത്രവിഭാഗം; ൮-ൽ ഗൃഹവാസ്തുകം; ൯-ൽ വാസ്തുവിക്രയം, സീമാവിവാദം, ക്ഷേത്രവിവാദം, മര്യാദാസ്ഥാപനം, ബാധാബാധികം; ൧൦-ൽ വിവീതക്ഷേത്രപഥഹിംസ, സമയസ്യാനപാകർമ്മ; ൧൧-ൽ ഋണാദാനം;

൧൨-ൽ ഔപനിധികം; ൧൩-ൽ ദാസകല്പം; ൧൪-ൽ കൎമ്മകരകല്പം, സംഭൂയസമുത്ഥാനം; ൧൫-ൽ വിക്രീതക്രീതാനുശയം; ൧൬-ൽ ദത്താനപാകൎമ്മം, അസ്വാമിവിക്രയം, സ്വസ്വാമിസംബന്ധം; ൧൭-ൽ സാഹസം; ൧൮-ൽ വാക്പാരുഷ്യം; ൧൯-ൽ ദണ്ഡപാരുഷ്യം; ൨൦-ൽ ദ്യൂതസമാഹ്വയം, പ്രകീൎണ്ണകം. എന്നിപ്രകാരം ൨൦ അദ്ധ്യായങ്ങൾകൊണ്ട് ധൎമ്മസ്ഥീയാധികരണത്തിലെ വിഷയം പ്രതിപാദിക്കപ്പെടുന്നു.

വ്യവഹാരലക്ഷണം.

വ്യവഹാരപദത്തിന്റെ ശബ്ദാൎത്ഥങ്ങൾ സ്മൃതികാരന്മാരാൽ പറയപ്പെട്ടിട്ടുണ്ട്. കാത്യായനനാകട്ടെ—

“വി നാനാൎത്ഥേവ സന്ദേഹേ
ഹരണം ഹാര ഉച്യതേ
നാനാസന്ദേഹഹരണാൽ—
വ്യവഹാര ഇതി സ്മൃതഃ.

എന്ന ശ്ലോകംകൊണ്ട് വ്യവഹാരപദത്തിന് നിൎവ്വചനം ചെയ്യുന്നു. മനുഷ്യർ ലോകത്തിൽ അനേകകാൎയ്യങ്ങളും ചെയ്യുമ്പോൾ അവൎക്ക പല സംശയങ്ങളുമുണ്ടാകാം. ചില ന്യായങ്ങളെക്കൊണ്ട് മററു ധാൎമ്മികന്മാരോ ന്യായാധിപതികളോ ആ സംശയങ്ങളെ നിവൎത്തിച്ചു കാൎയ്യങ്ങളെ ഉപദേശം ചെയ്യുന്ന ഒരു കൃത്യമാണ് വ്യവഹാരം. മനുഷ്യർ സൽകൎമ്മങ്ങളെ അനുഷ്ഠിച്ചും നിഷിദ്ധകൎമ്മങ്ങളെ വൎജ്ജിച്ചും ഐഹികമായും ആമുഷ്മികമായും ഉള്ള ശ്രേയസ്സിനെ പ്രാപിക്കാൻ ശ്രമിക്കുമ്പോൾ, അതിനു പല വിഘ്നങ്ങളും ഉണ്ടായി ലോപിച്ചുപോകുമ്പോൾ അതിനെ സാധിക്കാനുള്ള യത്നമാണ് വ്യവഹാരമെന്ന കാത്യായനൻ—

“പ്രയത്നസാദ്ധ്യേ വിച്ഛിന്നേ
ധൎമ്മാഖ്യേ ന്യായവിസ്തരേ
സാദ്ധ്യമൂലസ്തു യോ വാദോ
വ്യവഹാരഃ സ ഉച്യതേ”

എന്ന ശ്ലോകംകൊണ്ടുപദേശിക്കുന്നു. ഈ അഭിപ്രായങ്ങളെത്തന്നെ സൂചിപ്പിച്ചു ഹാരീതൻ, ശുക്രാചാൎയ്യർ, സംഗ്രഹകാരൻ എന്നിവർ വ്യവഹാരലക്ഷണം പറഞ്ഞിരിക്കുന്നു.

വിവാദപദവിഷയത്തിൽ മതഭേദം.

വിവാദപദങ്ങളുടെ സംഖ്യാവിഷയത്തിൽ പലർ പലവിധമായി അഭിപ്രായപ്പെടുന്നു. അതിൽ മനു, നാരദൻ, ബൃഹസ്പതി, ഉശനസ്സ് എന്നിവരും അഗ്നിപുരാണവും വിവാദപദങ്ങൾ പതിനെട്ട് എന്നും, മാനസോല്ലാസം, ശുക്രനീതിസാരം ഇവയിൽ ഇരുപത്തിരണ്ടാണ് എന്നും പറയുന്നു. അവയെ താഴെ വിവരിക്കാം.

മനു. VIII-4-7.

1. ഋണാദാനം.
2. നിക്ഷേപം
3. അസ്വാമിവിക്രയം
4. സംഭൂയസമുത്ഥാനം
5. ദത്താനപാകർമ്മ
6. വേതനാദാനപാകർമ്മ
7. സംവിദ്വ്യതിക്രമം
8. ക്രയവിക്രയാനുശയം
9. സ്വാമിപാലവിവാദം
10. സീമാവിവാദം
11. ദണ്ഡപാരുഷ്യം
12. വാക്പാരുഷ്യം
13. സ്തേയം
14. സാഹസം
15. സ്ത്രീസംഗ്രഹണം
16. സ്ത്രീപുംധർമ്മവിഭാഗം
17. ദ്യൂതം
18. സമാഹ്വയം.

നാരദൻ. I-8-29.

1. ഋണാദാനം
2. ഉപനിധി
3. സംഭൂയസമുത്ഥാനം
4. ദത്താപ്രദാനികം
5. അഭ്യുപേത്യാശുശ്രൂഷ
6. വേതനാനപാകർമ്മ
7. അസ്വാമിവിക്രയം
8. വിക്രീയാസംപ്രദാനം
9. ക്രീത്വാനുശയം
10. സമയസ്യാനപാകർമ്മ
11. ക്ഷേത്രജവിവാദം
12. സ്ത്രീപുംസംബന്ധം
13. ദായഭാഗം
14. സാഹസം
15. വാക്പാരുഷ്യം
16. ദണ്ഡപാരുഷ്യം
17. ദ്യൂതം
18. പ്രകീർണ്ണകം.

അഗ്നിപുരാണത്തിൽ—൨൫൩-ാമത്തെ അദ്ധ്യായത്തിൽ വ്യവഹാരനിരൂപണം എന്നു തുടങ്ങി ൨൫൮-ാമത്തെ അദ്ധ്യായംവരെ വ്യവഹാരത്തെപ്പററി പ്രതിപാദിച്ചിരിക്കുന്നു:—

1. ഋണാദാനം
2. നിക്ഷേപം
3. സംഭൂയസമുത്ഥാനം
4. ദത്താപ്രദാനികം
5. അഭ്യുപേത്യാശുശ്രൂഷ
6. വേതനസ്യാനപാകർമ്മ
7. അസ്വാമിവിക്രയം
8. വിക്രീയാസംപ്രദാനം
9. ക്രീത്വാനുശയം
10. സമയസ്യാനപാകർമ്മ
11. ക്ഷേത്രജവിവാദം
12. സ്ത്രീപുംസയോഗം
13. ദായഭാഗം
14. സാഹസം
15. വാക്പാരുഷ്യം
16. ദണ്ഡപാരുഷ്യം
17. ദ്യൂതം
18. പ്രകീർണ്ണകം

ബൃഹസ്പതി:—

1. കുസീദം
2. നിധി
3. ദേയാദേയം
4. സംഭൂയസമുത്ഥാനം
5. ഭൃത്യദാനം
6. അശുശ്രൂഷ
7. ഭൂവാദഃ
8. അസ്വാമിവിക്രയഃ
9. ക്രയവിക്രയാനുശയഃ
10. സമയാതിക്രമഃ
11. സ്ത്രീപുംസസംബന്ധഃ
12. സ്തേയം
13. ദായഭാഗഃ
14. അക്ഷദേവനം
15. വാക്പാരുഷ്യം
16. ദണ്ഡപാരുഷ്യം
17. സാഹസം
18. പരസ്ത്രീസംഗ്രഹണം

ഉശനസ്സ്:—

കാര്യമുദ്ദിശ്യ യത് കിഞ്ചിത് കൃപാലിഖാനതോ നിവേദയേത്
പദം തദഷ്ടാദശധാ വിവാദാനാം പ്രകീർത്തിതം.

ശുക്രനീതിസാരം. Page 439.

1. ആജ്ഞോല്ലംഘനകർത്തൃത്വം
2. സ്ത്രീവധഃ
3. വർണ്ണസങ്കരഃ
4. പരസ്ത്രീഗമനം
5. ചൗര്യം
6. പതിം വിനാ ഗർഭഃ
7. വാക്പാരുഷ്യം
8. [illegible]
9. ദണ്ഡപാരുഷ്യം
10. ഗർഭപാതനം
11. ഉത്കൃഷ്ടി
12. [illegible]
13. [illegible]
14. [illegible]
15. [illegible]
16. [illegible]
17. [illegible]
18. അസ്വാമിവിക്രയഃ
19. [illegible]
20. [illegible]
21. രാജദ്രോഹകരണം
22. അസ്വാമിത്വദാനം

ദ്വാവിംശതിപദാന്യാഹുർനൃപജ്ഞേയാനി പണ്ഡിതാഃ"
(4-5. 83-88)

മാനസോല്ലാസം.

1. ഋണാദാനം
2. നിക്ഷേപം
3. അസ്വാമിവിക്രയം
4. സംഭൂയസമുത്ഥാനം
5. ദത്തം
6. ദത്താപ്രദാനികം
7. വേതനാദാനം
8. സംവിദ്വ്യതിക്രമം
9. ക്രയാനുശയം
10. വിക്രയാനുശയം
11. സ്വാമിപാലവിവാദം
12. സ്വാമിഭൃത്യവിവാദം
13. സീമാവിവാദം
14. വാക്പാരുഷ്യം
15. ദണ്ഡപാരുഷ്യം
16. സ്തേയം
17. സാഹസം
18. സ്ത്രീസംഗ്രഹണം
19. സ്ത്രീപുംധർമ്മം
20. ദായഭാഗം
21. ദ്യൂതം
22. സമാഹ്വയം

വ്യവഹാരപദാന്യേതാന്യാഹ സോമേശ്വരോ നൃപഃ"

ഇപ്രകാരം അഗ്നിപുരാണത്തിലും, മനു, നാരദൻ, ബൃഹസ്പതി, ഉശനസ്സ് ഇവരുടെ അഭിപ്രായത്തിലും വ്യവഹാരപദങ്ങൾ 18 ആണെന്നു വ്യക്തമാകുന്നു. എന്നാൽ ശുക്രനീതിസാരത്തിൽ

"ദ്വാവിംശതിപദാന്യാഹുർനൃപജ്ഞേയാനി പണ്ഡിതാഃ",

എന്നു 22 വ്യവഹാരപദങ്ങളുണ്ടെന്നും അതുപോലെതന്നെ മാനസോല്ലാസത്തിലും,

"വ്യവഹാരപദാന്യേതാന്യാഹ സോമേശ്വരോ നൃപഃ" എന്നു 22 ആണെന്നും നിശ്ചയിച്ചിരിക്കുന്നു.

കൗടലീയത്തിലുള്ള വിശേഷം.

കൗടലീയാർത്ഥശാസ്ത്രത്തിൽ വിവാദപദങ്ങൾ മന്വാദികളിലെന്നപോലെ പതിനെട്ടു ഭേദങ്ങളോടു കൂടിയവയാണെങ്കിലും ചില അംശങ്ങളിൽ ഭേദമുണ്ടു്.

മന്വാദിസ്മൃതികളിൽ ഋണാദാനാദികളായിട്ടാണു് വിവാദപദങ്ങൾ കാണുന്നതു്. കൗടലീയാർത്ഥശാസ്ത്രത്തിലാകട്ടെ, വിവാഹസംയുക്തമാണു വിവാദപദങ്ങളിൽ ആദ്യമായി കാണുന്നതു. ഇതിനോടു യോജിക്കുന്നതായി ഒരു പദ്യം കാണുന്നതിനെ താഴെ ഉദ്ധരിക്കാം.

"ഋണാദാനമതിക്രമ്യ ശാസ്ത്രകം ഭാർഗ്ഗവോ മുനിഃ,
ബൃഹസ്പതിശ്ച നിക്ഷേപം വിവാഹം കൗടലായനഃ"

കൗടലീയാർത്ഥശാസ്ത്രത്തിൽ കാണുന്ന വ്യവഹാരപദങ്ങളുടെ ക്രമത്തെ താഴെ കുറിക്കാം.

1. വിവാഹസംയുക്തം
2. ദായവിഭാഗം
3. വാസ്തുകം
4. സമയസ്യാനപാകർമ്മ
5. ഋണാദാനം
6. ഔപനിധികം
7. ദാസകർമ്മകരകല്പം
8. സംഭൂയസമുത്ഥാനം
9. വിക്രീതക്രീതാനുശയം

10. ദത്താനപാകർമ്മ
11. അസ്വാമിവിക്രയഃ
12. സ്വാമിപാലസംബന്ധഃ
13. സാഹസം
14. വാക്പാരുഷ്യം
15. ദണ്ഡപാരുഷ്യം
16. ദ്യൂതം
17. സമാഹ്വയം
18. പ്രകീർണ്ണകം

കൗടലീയത്തിലുള്ള വിവാദപദങ്ങൾക്കും മററു സ്മൃതി ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്ന വിവാദപദങ്ങൾക്കും തമ്മിലുള്ള സാമ്യം ഈ പട്ടികകൊണ്ടു തെളിയുന്നതാണ്.

ക്രമനമ്പർ	കൗടില്യൻ	മനു	നാരദൻ
1	വിവാഹസംയുക്തം	സ്ത്രീപുംധർമ്മഃ	സ്ത്രീപുംസസംബന്ധഃ
2	ദായഭാഗഃ	വിഭാഗഃ	ദായഭാഗഃ
3	വാസ്തുകം	സീമാവിവാദം	ക്ഷേത്രജവിവാദഃ
4	സമയസ്യാനപാകർമ്മ	സംവിദ്വ്യതിക്രമഃ	സമയസ്യാനപാകർമ്മ
5	ഋണാദാനം	ഋണാദാനം	ഋണാദാനം
6	ഔപനിധികം	നിക്ഷേപം	ഉപനിധി
7	ദാസകർമ്മകരകല്പം	വേതനാദാനപാകർമ്മ	വേതനാനപാകർമ്മ അഭ്യുപേത്യാശുശ്രൂഷ
8	സംഭൂയസമുത്ഥാനം	സംഭൂയസമുത്ഥാനം	സംഭൂയോത്ഥാനം
9	വിക്രീതക്രീതാനുശയം	ക്രയവിക്രയാനുശയം	വിക്രീയാസംപ്രദാനം ക്രീത്വാനുശയം
10	ദത്താനപാകർമ്മ	ദത്താനപാകർമ്മ	ദത്തസ്യാപുനരാദാനം
11	അസ്വാമിവിക്രയം	അസ്വാമിവിക്രയം	അസ്വാമിവിക്രയം
12	സ്വസ്വാമിസംബന്ധം	സ്വാമിപാലവിവാദം	
13	സാഹസം (സ്തേയം)	സാഹസം	സാഹസം
14	വാക്പാരുഷ്യം	വാക്പാരുഷ്യം	വാക്പാരുഷ്യം
15	ദണ്ഡപാരുഷ്യം	ദണ്ഡപാരുഷ്യം	ദണ്ഡപാരുഷ്യം
16	ദ്യൂതം	ദ്യൂതസമാഹ്വയം	ദ്യൂതം
17	സമാഹ്വയം		
18	പ്രകീർണ്ണകം		പ്രകീർണ്ണകം
		സ്തേയം	
		സ്ത്രീസംഗ്രഹണം	

(സംഗ്രഹണം പരസ്ത്രീസംഗ്രഹം എന്നിവ വിവാഹസംയുക്തത്തിലും ദായഭാഗത്തിലും കൂടി ചേർത്തിരിക്കുന്നു.)
സ്തേയം സാഹസത്തിൽ ചേരുന്നു.

അഗ്നിപുരാണം	മഹാനിർവ്വാണം	ബൃഹസ്പതി
സ്ത്രീപുംസയോഗഃ	സ്ത്രീപുംധർമ്മഃ	സ്ത്രീപുംസയോഗഃ
ദായഭാഗഃ	ദായഭാഗഃ	ദായഭാഗഃ
ക്ഷേത്രജവിവാദഃ	സീമാവിവാദഃ	[illegible]വാദഃ
സംവിദനപാകർമ്മ	സംവില്ലംഘനം	സമയാതിക്രമഃ
ഋണാദാനം	ഋണാദാനം	കുസീദം
നിക്ഷേപം	നിക്ഷേപം	നിധി
അഭ്യുപേത്യാശുശ്രൂഷാ വേതനാനപാകർമ്മ	വേതനാദാനം	ഭൃത്യദാനം അശുശ്രൂഷാ
സംഭൂയസമുത്ഥാനം വിക്രീയാസംപ്രദാനം ക്രീതാനുശയം ദത്താപ്രദാനികം	സംഭൂയസമുത്ഥാനം ദത്താദത്തം വിക്രയാനുശയം ദത്തം ദത്താപഹാരകം	സംഭൂയോത്ഥാനം ക്രയവിക്രയാനുശയം ദത്താപ്രദാനികം
അസ്വാമിവിക്രയം	അസ്വാമിവിക്രയം സ്വാമിപാലവിവാദം സ്വാമിഭൃത്യവിവാദം	അസ്വാമിവിക്രയം
സാഹസം	സാഹസം	സാഹസം
വാക്പാരുഷ്യം	വാക്പാരുഷ്യം	വാക്പാരുഷ്യം
ദണ്ഡപാരുഷ്യം	ദണ്ഡപാരുഷ്യം	ദണ്ഡപാരുഷ്യം
ദ്യൂതം	ദ്യൂതം സമാഹ്വയം	[illegible]
പ്രകീർണ്ണകം	സ്തേയം	സ്തേയം
	സ്ത്രീസംഗ്രഹണം	പരസ്ത്രീസംഗ്രഹണം

ഈ ൧൮ വക വിവാദപദങ്ങൾ ധൎമ്മസ്ഥീയമെന്ന മൂന്നാമത്തെ അധികരണംകൊണ്ടു നിരൂപണം ചെയ്യപ്പെടുന്നു.

ധൎമ്മസ്ഥീയശബ്ദാൎത്ഥം.

ധൎമ്മങ്ങൾ വൎണ്ണധൎമ്മങ്ങൾ, ആശ്രമധൎമ്മങ്ങൾ എന്നു രണ്ടു പ്രകാരത്തിലും വൎണ്ണങ്ങൾ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ, എന്നു നാലു വിധത്തിലും ആശ്രമങ്ങൾ ബ്രഹ്മചൎയ്യം, ഗാൎഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നു നാലു പ്രകാരത്തിലും ആകുന്നു. ഇവക്കു വിധിച്ചിട്ടുള്ള കൎമ്മങ്ങളെ അറിഞ്ഞു പ്രവൎത്തിക്കുന്നവർ ധൎമ്മസ്ഥന്മാർ. അവർ നിശ്ചയിക്കേണ്ടതായ വ്യവഹാരപദങ്ങളെ പറയുന്ന അധികരണത്തിനു ധൎമ്മസ്ഥീയമെന്നു പേർ.

സഭ്യന്മാരുടെ സംഖ്യ.

[1]ശുക്രൻ, [2]ബൃഹസ്പതി, [3]മാനസോല്ലാസം ഈ സ്മൃതികൾ മൂന്നും അഞ്ചും ഏഴും സഭ്യന്മാരെയാണു് വിധിച്ചിരിക്കുന്നതു്. മനുവും "[4]യസ്മിൻ ദേശേ" എന്ന പദ്യത്തിൽ മൂന്നിൽ കുറയാതെയും ഏഴിൽ കൂടാതെയുമിരിക്കണമെന്നഭിപ്രായപ്പെടുന്നു. യാജ്ഞവല്ക്യനും "[5]ചത്വാരോ" എന്ന പദ്യം കൊണ്ടു് മൂന്നിൽ കുറയാതെയുള്ള വിഷമസംഖ്യക്കാരായിരിക്കണം സഭ്യന്മാർ എന്നു പറയുന്നു. [6]നാലെണ്ണത്തെ വേദം സാമാന്യമായും ശാസ്ത്രം നല്ലതുപോലെയുമഭ്യസിച്ച പത്തു ആളുകളെയോ, വേദപാരം

---

1. ലോകവേദജ്ഞധൎമ്മജ്ഞാഃ സപ്ത പഞ്ച ത്രയോഽപി വാ
യത്രോപവിഷ്ടാ വിപ്രാഃ സ്യുഃ സാ യജ്ഞസദൃശീ സഭാ.
ശുക്രനീതിസാര 4-5-26.

2. ലോകവേദാംഗധൎമ്മജ്ഞാഃ സപ്ത പഞ്ച ത്രയോഽപി വാ
യത്രോപവിഷ്ടാ വിപ്രാഃ സ്യുഃ സാ യജ്ഞസദൃശീ സഭാ.
I. 59 page 10.

3. വ്യവഹാരജ്ഞാ സ്മൃതിജ്ഞാ വിപ്രാഃ ശ്രുതിവിദസ്ത്രയഃ
പഞ്ച വാ സപ്ത വാ സന്ത്യാചാരജ്ഞാ സാ സഭാ
ധൎമ്മകോശ Vol I part I. page 66

4. യസ്മിൻ ദേശേ നിഷീദന്തി വിപ്രാ വേദവിദസ്ത്രയഃ
മനു VIII. 11.

5. ചത്വാരോ വേദധൎമ്മജ്ഞാഃ പൎഷത് ത്രൈവിദ്യമേവ വാ
സാ ബ്രൂതേ യം സ ധൎമ്മഃ സ്യാദേകോ വാധ്യാത്മവിത്തമഃ
യാജ്ഞ I. 9.

6 ഏകോ വാ വേദശാസ്ത്രജ്ഞഃ ദ്വൌ വാ വേദപാരഗൌ
ധൎമ്മകോശ Vol. I. part I. page 44.

ഗതന്മാരായ മൂന്ന് ആളുകളേയോ അഞ്ച് സഭ്യന്മാരായി ഉദ്ദേശിക്കുന്നതു്. [1] കൌടലീയാർത്ഥശാസ്ത്രം ധർമ്മസ്ഥന്മാർ മൂന്ന് ആളുകളും മൂന്ന മന്ത്രിമാരും കൂടിയാണ് വ്യവഹാരനിർണ്ണയം ചെയ്യേണ്ടതു് എന്നു പറയുന്നു.

വിവാദപദനിരൂപണത്തിൽ വിവാഹസംയുക്തത്തിനു പ്രാധാന്യം.

"[illegible] മനുർബ്രൂതെ" എന്ന പ്രമാണമനുസരിച്ചു വിവാദപദങ്ങളിൽ ഋണാദാനമാണ് ഒന്നാമത്തേതു എന്നു മനുവും, ദാരസ്വീകാരപൂർവ്വമാണ് വ്യവഹാരം എന്നു മാർഗ്ഗവന്നം, നിക്ഷേപപൂർവ്വമാണെന്നു ബൃഹസ്പതിയും പറയുന്നു. ഗൃഹസ്ഥനായാലേ ഋണാദാനാദിവ്യവഹാരങ്ങൾക്ക് അധികാരിയാകുന്നതു്. ആ പ്രകാരമുള്ള ഗൃഹസ്ഥാശ്രമം വിവാഹം കൂടാതെ സാധിക്കുകയുമില്ല. അതുകൊണ്ടാണ് "വിവാഹപൂർവ്വോ വ്യവഹാരഃ" എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടതു്.

സ്മൃതികൾക്കും അർത്ഥശാസ്ത്രങ്ങൾക്കും തമ്മിൽ വിഷയൈക്യമുണ്ടെന്നു മുൻപ്രസ്താവിച്ചുവല്ലോ. അതു താഴെപ്പറയുന്ന ഉദാഹരണങ്ങളിൽനിന്നും തെളിയുന്നതാണ്. കൌടലീയാർത്ഥശാസ്ത്രത്തിലെ സൂത്രങ്ങൾക്കു സമാനാർത്ഥങ്ങളായ സ്മൃതിവാക്യങ്ങളെ ഇവിടെ നിരൂപണം ചെയ്യുന്നു.

നാലു വർണ്ണങ്ങളും, നാല് ആശ്രമങ്ങളും ഇവകളോടുകൂടിയ ലോകത്തിന്റെ യോഗക്ഷേമരക്ഷണമാണു പ്രതിപാദിക്കുന്നതു്.

വർണ്ണാശ്രമധർമ്മങ്ങളെ നശിക്കുമ്പോൾ രാജാവാണ് ലോകത്തിന്റെ ആചാരനീതികളെ രക്ഷിച്ചു രാജധർമ്മമായിരിക്കുന്ന പ്രജാപാലനങ്ങളെ ചെയ്യുന്നതു്. അതിൽ വ്യവഹാരമാകട്ടെ ധർമ്മം, വ്യവഹാരം, ചരിത്രം, രാജശാസനം എന്നു നാലു പ്രകാരത്തിലാകുന്നു. ധർമ്മം സത്യത്തിലും, വ്യവഹാരം സാക്ഷികളിലും, ചരിത്രം മനുഷ്യചരിത്രത്തിലും, ശാസനം രാജാക്കന്മാരുടെ ഉത്തരവിലും സ്ഥിതിചെയ്യുന്നു.

---

1. ധർമ്മസ്ഥാസ്ത്രയസ്ത്രയോഽമാത്യാഃ............
വ്യാവഹാരികാനർത്ഥാൻ കുര്യുഃ

കൌട. III. 1.

കൌടലീയം.	സ്മൃതിഗ്രന്ഥാഃ
നശ്യതാം സർവ്വധർമ്മാണാം രാജാ ധർമ്മപ്രവർത്തകഃ ധർമ്മശ്ച വ്യവഹാരശ്ച ചരിത്രം രാജശാസനം വിവാദാർത്ഥശ്ചതുഷ്പാദഃ പശ്ചിമഃ പൂർവ്വബാധകഃ അത്ര സത്യേ സ്ഥിതോ ധർമ്മോ വ്യവഹാരസ്തു സാക്ഷിഷു ചരിത്രം സംഗ്രഹേ പുംസാം രാജ്ഞാമാജ്ഞാ തു ശാസനം. III. 1.	നഷ്ടേ ധർമ്മേ മനുഷ്യാണാം വ്യവഹാരഃ പ്രവർത്തതേ ദ്രഷ്ടാ ച വ്യവഹാരാണാം രാജാ ദണ്ഡധരഃ സ്മൃതഃ ധർമ്മശ്ച വ്യവഹാരശ്ച ചരിത്രം രാജശാസനം ചതുഷ്പാദ്വ്യവഹാരോഽയം. ഉത്തരഃ പൂർവ്വബാധകഃ അത്ര സത്യേ സ്ഥിതോ ധർമ്മോ വ്യവഹാരസ്തു സാക്ഷിഷു ചരിത്രം പുസ്തകരണേ രാജാജ്ഞായാം തു ശാസനം. നാരദ I. 1, 2, 10, 11.

ധർമ്മശാസ്ത്രത്തിനും അർത്ഥശാസ്ത്രത്തിനും തമ്മിൽ വിരോധം വരുമ്പോൾ ധർമ്മശാസ്ത്രത്തെ അനുസരിച്ചു അർത്ഥനിർണ്ണയം ചെയ്യേണ്ടതാകുന്നു.

സംസ്ഥയാ ധർമ്മശാസ്ത്രേണ ശാസ്ത്രം വാ വ്യാവഹാരികം യസ്മിന്നർത്ഥേ വിരുദ്ധ്യേത ധർമ്മേണാർത്ഥം വിനിർണ്ണയേത്. II. 1.	സ്മൃത്യോർവ്വിരോധേ ന്യായസ്തു ബലവാൻ വ്യവഹാരതഃ അർത്ഥശാസ്ത്രാത്തു ബലവദ് ധർമ്മശാസ്ത്രമിതി സ്ഥിതിഃ യാജ്ഞ II. 21.

ശാസ്ത്രത്തിനും ന്യായത്തിനും തമ്മിൽ വിരോധം വരുമ്പോൾ ശാസ്ത്രത്തെക്കാട്ടിലും ന്യായത്തിനാണു പ്രാധാന്യമെന്നു അഭിപ്രായപ്പെടുന്നു.

ശാസ്ത്രം വിപ്രതിപദ്യേത ധർമ്മന്യായേന കേനചിത് ന്യായസ്തത്ര പ്രമാണം സ്യാത് തത്ര പാഠോ ഹി നശ്യതി III. 1.	യത്ര വിപ്രതിപത്തിഃ സ്യാത് ധർമ്മശാസ്ത്രാർത്ഥശാസ്ത്രയോഃ അർത്ഥശാസ്ത്രോക്തമുത്സൃജ്യ ധർമ്മശാസ്ത്രോക്തമാചരേത്. നാരദ 1. 99.

വിവാഹസംയുക്തത്തിൽ:—

സ്ത്രീധനം വൃത്തിയും ആബന്ധ്യവുമാകും. അതിൽ വൃത്തിയുടെ പരിമാണം രണ്ടായിരം കാർഷാപണമെന്നു പറയുന്നു.

പരദ്വിസാഹസ്രാ സ്ഥാപ്യാ വൃത്തിഃ III. 2	ദ്വിസാഹസ്രഃ പരോ ദായഃ സ്ത്രിയൈ ദേയോ ധനസ്യ തു

വ്യാസ

സ്ത്രീധനകല്പത്തിൽ:—

അപുത്രവതിയായ സ്ത്രീ ഭർത്താവ് ഇല്ലെങ്കിൽ പതിവ്രതയായിരുന്നു ഗുരുശുശ്രൂഷ ചെയ്തുകൊണ്ടു തന്റെ അവസാനകാലംവരെ ആ സ്ത്രീധനംകൊണ്ടുപയോഗിക്കാം. ആപത്കാലത്തേയ്ക്കാണല്ലോ സ്ത്രീധനം വച്ചിരിക്കുന്നതു്. ഈ സ്ത്രീയുടെ കാലാനന്തരം ആ ധനം ദായാദഗാമി എന്നാണ് പറയുന്നതു്.

അപുത്രാ പതിശയനം പാലയന്തീ വ്രത
സമീപേ സ്ത്രീധനമായുഃക്ഷയാത്
ഭുഞ്ജീത ആപൽകാലേ ഹി സ്ത്രീധനം
ഊർദ്ധ്വം ദായാദം ഗച്ഛതി.

അപുത്രാ ശയനം ഭർത്തുഃ
പാലയന്തീ ഗുരൌ സ്ഥിതാ
ഭുഞ്ജീതാമരണാത് ക്ഷാന്താ
ദായാദാ ഊർദ്ധ്വമാപ്നുയുഃ

III. 2.

കാത്യായനമതസംഗ്രഹം പേജ് 71. sl. 710

സ്ത്രീധനം, പിതൃഗൃഹത്തിൽ നിന്നും കൊണ്ടുവന്നതു്, ബന്ധുക്കൾ കൊടുത്തതു്, ഇമ്മൂന്നു പ്രകാരത്തിൽ കിട്ടിയ ധനവും മക്കളില്ലെങ്കിൽ ബന്ധുക്കൾക്കു കിട്ടും.

ഭ്രാതൃമാതാപിതൃദത്താ ബന്ധുഭിർ
ത്തം ബാന്ധവാ ഹരേയുഃ

III. 2.

ബന്ധുദത്തം തഥാ ശുല്കം
അന്വാധേയകമേവ ച
അപ്രജായാമതീതായാം
ബാന്ധവാസ്തദവാപ്നുയുഃ.

യാജ്ഞ. II. 148.

ഒരു സ്ത്രീ പ്രസവിക്കാത്തവളാണെങ്കിൽ അവളെ എട്ടുവർഷം വരെയും ചത്തപിള്ളയെ പ്രസവിക്കുന്നവളാണെങ്കിൽ പത്തു വർഷം വരെയും, കന്യകയെ പ്രസവിക്കുന്നവളാണെങ്കിൽ പന്ത്രണ്ടു വർഷംവരെയും പ്രതീക്ഷിക്കണം. അതിൽ പിന്നീടു വിവാഹം ചെയ്യാമെന്നു പറയുന്നു.

വർഷാണ്യഷ്ടാവപ്രജായമാനാമപുത്രാം
വന്ധ്യാം ചാകാംക്ഷേത, ദശ വിന്ദ്യം
ദ്വാദശ കന്യാപ്രസവിനീം.

III. 2.

വന്ധ്യാഷ്ടമേƒധിവേദ്യാബ്ദേ
ദശമേ തു മൃതപ്രജാ.

മനു. IX. 81.

വിവാഹസംയുക്തത്തിൽ:—

അപരാധം ചെയ്ത സ്ത്രീകളെ മുളംചീളികൊണ്ടോ കയറുകൊണ്ടോ കൈകൾകൊണ്ടോ മൂന്നുപ്രാവശ്യം പുറത്തു അടിക്കാം. അതിന്റെ അതിക്രമത്തിൽ ദണ്ഡം വിധിക്കുന്നു.

വേണുദളരജ്ജ്വാദ്യന്യതമേന വാ
പൃഷ്ഠേ താഡയേൽ. അന്യഥാ പ്രഹർത്തുഃ
ചൌരദണ്ഡഃ
ഭവതി.

III. 3.

പ്രാപ്താപരാധാസ്താഡ്യാഃ സ്യു
രജ്ജ്വാ വേണുദളേന വാ
പൃഷ്ഠതസ്തു ശരീരസ്യ
നോത്തമാംഗേ കഥഞ്ചന।
അതോഽന്യഥാ തു പ്രഹരൻ
പ്രാപ്തഃ സ്യാച്ചോരകില്ബിഷം॥

മനു. VIII. 299, 300.

അതിചാരത്തിൽ:—

ഭർത്താവിനാൽ നിഷേധിക്കപ്പെട്ട ഒരു സ്ത്രീ അഭ്യുദയ കാലങ്ങളിൽ മദ്യക്രീഡയ്ക്കു പോകകിലും നാടകം മുതലായവ കാണാൻ പോകകിലും ദണ്ഡം വിധിച്ചിരിക്കുന്നു.

പ്രതിഷിദ്ധാ സ്ത്രീ ഉത്സവമദ്യക്രീഡായാം
ഗച്ഛന്തീ ദണ്ഡ്യാ ഭവതി. തഥാ സ്ത്രീ
പ്രേക്ഷാവിഹാരാദൌ ഗച്ഛന്തീ
ദണ്ഡ്യാ.

III. 3.

പ്രതിഷിദ്ധാപി ചേദ്യാ തു
മദ്യമഭ്യുദയേഷ്വപി।
പ്രേക്ഷാസമാജം ഗച്ഛേദ്വാ
സാ ദണ്ഡ്യാ കൃഷ്ണലാനി ഷട്॥

മനു. IX. 84.

ദായവിഭാഗത്തിൽ:—

ഭിന്നപിതൃകന്മാരായ സോദരവിഭാഗത്തിൽ അവരവരുടെ പിതാക്കന്മാർക്കുള്ള ധനം അവരവർക്കുള്ളതാണ്.

സോദര്യാണാമനേകപിതൃകാണാം പി
തൃതോ ഭാഗവിഭാഗഃ.

III. 5.

അനേകപിതൃകാണാം തു
പിതൃതോ ഭാഗകല്പനാ।

യാജ്ഞ. II. 123.

പിതാവു ജീവിച്ചിരിക്കുമ്പോൾ ഭാഗം ചെയ്യുന്നതാണെങ്കിൽ പുത്രന്മാരിൽ ഒരുത്തനു കാരണം കൂടാതെ കൂടുതൽ കൊടുക്കുകയോ ഒരുത്തനു ഭാഗം കൊടുക്കാതെ ഇരിക്കയോ പാടില്ല.

ജീവദ്വിഭാഗേ പിതാ കഞ്ചന വിശേ
ഷയേത്. തഥാ ചൈകം നിർഭാജയി
ഷ്യതി.

III. 5.

ജീവദ്വിഭാഗേ തു പിതാ
നൈകം പുത്രം വിശേഷയേത്।
നിർഭാജയേന്ന ചൈവൈകം
അകസ്മാത് കാരണം വിനാ॥

കാത്യായന. Page. 69. sl. 691.

പതിനാറു വയസ്സു കഴിയാത്ത ആളുകളുടെ ചെലവു പോയിട്ടു ബാക്കിയുള്ള ധനത്തെയും, ദേശാന്തരങ്ങളിൽ പോയിരിക്കുന്നവർകളുടെ ധനത്തെയും മാതൃബന്ധുക്കളോ, ഗ്രാമത്തിലുള്ള വൃദ്ധന്മാരോ സൂക്ഷിച്ചുവെയ്ക്കണം.

അപ്രാപ്തവ്യവഹാരാണാം ധനം വിശുദ്ധം ബന്ധുമിത്രേഷ്വർപ്പയേദ്വാ സ്ഥാപയേദ്വ്യവഹാരപ്രാപണാത്. പ്രോഷിതസ്യ ച.

III. 5.

അപ്രാപ്തവ്യവഹാരാണാം
ച ധനം വ്യയവർജ്ജിതം ।
ന്യസേയുർബന്ധുമിത്രേഷു
പ്രോഷിതാനാം തഥൈവ ച ॥

കാത്യായന. Page. 70. sl. 701

ദായാദന്മാരില്ലാത്ത ആളുകളുടെ, സ്ത്രീജീവനത്തിനും മൃതന്റെ പ്രേതകാര്യത്തിനും കഴിച്ചു ബാക്കിയുള്ള ധനത്തെ രാജാവു സ്വീകരിക്കാം. അതു് ഒരു ശ്രോത്രിയന്റെ ധനമാണെങ്കിൽ രാജാവു സ്വീകരിക്കാതെ ശ്രോത്രിയന്നു തന്നെ കൊടുക്കേണ്ടതാണു്.

അന്യായാഗതം രാജാ ഹരേത് സ്ത്രീവൃത്തി പ്രേതകാര്യവർജ്ജം അന്യത്ര ശ്രോത്രിയദ്രവ്യാത്. തത് ത്രൈവിദ്യേഭ്യഃ പ്രയച്ഛേത്.

III. 5.

അദായികം രാജഗാമി
യോഷിദ്ഭൃത്യൌർദ്ധ്വദേഹികം ।
അപാസ്യ ശ്രോത്രിയദ്രവ്യം
ശ്രോത്രിയേഭ്യസ്തദർപ്പയേത് ॥

കാത്യായന.

സർവ്വേഷാമേവ രാ-
ജഗാമി സ്യാത് ॥

നാരദ. XIII. 51.

പതിതൻ, പതിതന്റെ പുത്രൻ, ക്ലീബൻ, ജഡൻ, ഉന്മത്തൻ, അന്ധൻ, കുഷ്ഠി ഇവർക്കു് ഭാഗത്തിന്നു് അർഹതയില്ല.

പതിതഃ പതിതോത്പന്നഃ ക്ലീബശ്ചാനംശാഃ ഉന്മത്തജഡാന്ധാചികിത്സ്യരോഗിണശ്ച.

III. 5.

പതിതസ്തത്സുതഃ ക്ലീബഃ
പംഗുരുന്മത്തകോ ജഡഃ ।
അന്ധോƒചികിത്സ്യരോഗീ ച
ഭർത്തവ്യാസ്തു നിരംശകാഃ ॥

യാജ്ഞ. II. 143.

ക്ഷേത്രജാദിപുത്രോത്പത്ത്യനന്തരം ഔരസപുത്രനുണ്ടായാൽ, സവർണ്ണപുത്രന്മാർക്കു മൂന്നിൽ ഒരു ഭാഗവും, ഔരസന്നു മൂന്നിൽ രണ്ടു ഭാഗവും കൊടുക്കണം. അസവർണ്ണന്മാർക്കു ഭോജനവും വസ്ത്രവും മാത്രമേ കൊടുക്കേണ്ടു.

ഔരസാ ഉത്പന്നാ സവർണ്ണാസ്വിതി അംശഹരാഃ । അസവർണ്ണാ ഗ്രാസാച്ഛാദനഭാഗിനഃ

III 7

ഉത്പന്നാ ഔരസാ പുത്രാ ഇതീയാംശഹരാഃ സ്മൃതാഃ ।
സവർണ്ണാസ്വസവർണ്ണാസു ഗ്രാസാച്ഛാദനഭാഗിനഃ ॥
കാത്യാ. Page. 70 sl. 701

ഔരസാ ഉത്പന്നാ സവർണ്ണാസ്വിതീയാംശഹരാഃ ॥
ബൌധാ. II 3; 11

ബ്രാഹ്മണന്നു വൈശ്യസ്ത്രീയിൽ അംബഷ്ഠനും, ശൂദ്രസ്ത്രീയിൽ നിഷാദൻ, പാരശവൻ എന്നിവരും ക്ഷത്രിയന്നു ശൂദ്രയിൽ ഉഗ്രനും, ക്ഷത്രിയന്നു ബ്രാഹ്മണിയിൽ സൂതനും, വൈശ്യന്നു ക്ഷത്രിയയിൽ മാഗധനും, ബ്രാഹ്മണിയിൽ വൈദേഹകനും, ശൂദ്രന്നു വൈശ്യയിൽ ആയോഗവനും ക്ഷത്രിയയിൽ ക്ഷത്തനും, ശൂദ്രന്നു ബ്രാഹ്മണിയിൽ ചണ്ഡാലനും ജനിക്കുന്നു.

ബ്രാഹ്മണസ്യ വൈശ്യായാമംബഷ്ഠഃ ശൂദ്രായാം നിഷാദഃ പാരശവോ വാ, ക്ഷത്രിയാച്ഛൂദ്രായാമുഗ്രഃ ക്ഷത്രിയാണ്യാം സൂതഃ വൈശ്യാന്മാഗധവൈദേഹകൌ. ശൂദ്രാദായോഗവക്ഷത്തചണ്ഡാലാഃ.

III 7

ബ്രാഹ്മണാദ്വൈശ്യകന്യായാമംബഷ്ഠോ നാമ ജായതേ ।
നിഷാദഃ ശൂദ്രകന്യായാം യഃ പാരശവ ഉച്യതേ ॥
ക്ഷത്രിയാച്ഛൂദ്രകന്യായാം ക്രൂരാചാരവിഹാരവാൻ ।
ക്ഷത്രശൂദ്രവപുർജ്ജന്തുരുഗ്രോ നാമ പ്രജായതേ ॥
ക്ഷത്രിയാദ്വിപ്രകന്യായാം സൂതോ ഭവതി ജാതിതഃ ।
വൈശ്യാന്മാഗധവൈദേഹൌ രാജവിപ്രാംഗനാസുതൌ ॥
ശൂദ്രാദായോഗവഃ ക്ഷത്താ ചണ്ഡാലശ്ചാധമോ നൃണാം ।
വൈശ്യരാജന്യവിപ്രാസു ജായന്തേ വർണ്ണസങ്കരാഃ ॥
മനു X. 8, 9, 11, 12.

വാസിഷ്ഠത്തിൽ:—

പ്രനഷ്ടസേതുവായ സീമയേയും നശിച്ച ഭോഗത്തോടു കൂടിയ ക്ഷേത്രാദികളേയും രാജാവു് ഉപകാരാനുസരണം കുടികൾക്കു ഭാഗിച്ചു കൊടുക്കേണ്ടതാണെന്നു പറയുന്നു.

പ്രനഷ്ടസേതുഭോഗം വാ സീമാന്തം രാജാ യഥോപകാരം വിഭജേത്

III 9

സീമായാമവിഷഹ്യായാം സ്വയം രാജൈവ ധർമ്മവിത് ।
പ്രദിശേദ്ഭൂമിമേതേഷാം ഉപകാരാദിതി സ്ഥിതിഃ ॥
മനു VIII 265

സമയാനപാകർമ്മത്തിൽ—

സമുദായസാദ്ധ്യമായുള്ള കർമ്മത്തെ ഏറ്റിട്ട് ചെയ്യാതെ കഴികിൽ, അതിൽ തനിക്ക കിട്ടാൻ യോഗ്യതയുള്ള ധനത്തിൻെറ ഇരട്ടി ദണ്ഡം കൊടുക്കണം.

കർമ്മാകരണേ കർമ്മവേതനാദ് ദ്വിഗുണാത്യയം ദദ്യാത്.	ഗൃഹീതവേതനഃ കർമ്മ ത്യജൻ ദ്വിഗുണമാവഹേത്
III 10	യാജ്ഞ II 197

സമുദായഹിതമായ കാര്യത്തെ ഒരുത്തൻ പറഞ്ഞാലും അതിനെ എല്ലാവരും അംഗീകരിക്കേണ്ടതാകുന്നു.

സർവ്വഹിതമേകസ്യ ബ്രുവതഃ കുർയ്യുരാജ്ഞാം	കർത്തവ്യം വചനം തേഷാം സമൂഹഹിതവാദിനാം
III 10	യാജ്ഞ II 195

ഋണാദാനത്തിൽ—

കാടുകളിൽ സഞ്ചരിക്കുന്നവർ നൂററിനു പത്തുപണവും, കപ്പൽവ്യാപാരികൾ നൂററിന് ഇരുപതുപണവും പലിശ കൊടുക്കേണ്ടതാണെന്ന് പറയുന്നു.

ദശപണഃ കാന്താരഗാണാം, വിംശതി പണാ സാമുദ്രാണാം	കാന്താരഗാസ്തു ദശകം സാമുദ്രാ വിംശകം തഥാ
III 11	യാജ്ഞ II 41

ഒരധമർണ്ണൻ അനേകമാളുകൾക്ക പണം കൊടുക്കേണ്ടിയിരുന്നാൽ വാങ്ങിച്ച ക്രമമനുസരിച്ചു കൊടുക്കണം. എന്നാൽ രാജാവിൻേറയോ ശ്രോത്രിയൻേറയോ ധനമാണെങ്കിൽ ഇവയെ ആണ് ആദ്യമായി കൊടുക്കേണ്ടത്.

നാനർണ്ണസമവായേ തു യഥാഗൃഹീതമുപദദ്യാത്, രാജശ്രോത്രിയദ്രവ്യം വാ പൂർവ്വം പ്രതിപാദയേത്	ഗൃഹീതാനുക്രമാദ്ദാപ്യോ ധനിനാമധമർണ്ണികഃ । ദത്വാ തു ബ്രാഹ്മണായാദൗ നൃപായ തദനന്തരം
III 11	യാജ്ഞ II 43

ഭാര്യാഭർത്താക്കന്മാർ, പിതൃപുത്രന്മാർ, വിഭാഗം കഴിയാത്ത സഹോദരന്മാർ ഇവർ പരസ്പരം വാങ്ങിച്ച കടം കൊടുക്കേണ്ട ആവശ്യമില്ല.

ദമ്പത്യോഃ പിതാപുത്രയോർഭ്രാതൄണാം ചാവിഭക്താനാം പരസ്പരകൃതമൃണമസാധ്യം	ഭ്രാതൄണാമഥ ദമ്പത്യോഃ പിതുഃ പുത്രസ്യ ചൈവ ഹി । പ്രാതിഭാവ്യമൃണം സാക്ഷ്യമവിഭക്തേ ന തു സ്മൃതം
III 11	യാജ്ഞ II 52

ഉപനിധികത്തിൽ—

അഗ്നിജ്വാലകൊണ്ടോ ജലവേഗം കൊണ്ടോ നശിക്കയാണെങ്കിലും, തോണി മുങ്ങിയാലും കള്ളർ കൊണ്ടുപോയാലും ആ ഉപനിധി കൊടുക്കേണ്ടയാവശ്യമില്ല.

[illegible] III 12

ചോരൈർഹൃതം ജലേനോഢമഗ്നിനാ ദഗ്ധമേവ വാ । ന ദദ്യാദ്യദി തസ്മാത്സ ന സംഹരതി കിഞ്ചന ॥ മനു VIII 189

പണയംവെച്ച പുരുഷൻ ധനം കൊണ്ടുചെല്ലുന്ന സമയത്തു തന്നെ ആ ധനം വാങ്ങിച്ചുകൊണ്ടു പണയസാധനം തിരിച്ചുകൊടുക്കേണ്ടതാകുന്നു. പ്രയോജകൻ സ്ഥലത്തില്ലെങ്കിൽ ഗ്രാമവൃദ്ധന്മാരുടെ കയ്യിൽ മുതലും പലിശയും കൊടുത്തു സാധനത്തെ തിരിയെ വാങ്ങിക്കാം. ആ സാധനത്തെ തിരിയെ വാങ്ങിച്ചില്ലെങ്കിലും അതുമുതൽ അതിന്നു പലിശ കൊടുക്കേണ്ടയാവശ്യമില്ല. വിക്രയാകുന്ന സാധനമാണെങ്കിൽ മദ്ധ്യസ്ഥന്മാരെക്കൂടി സാക്ഷിവെച്ചുകൊണ്ടു വില്ക്കാമെന്ന്—

ഉപ[illegible] [illegible] ഗ്രാമവൃദ്ധ[illegible] [illegible] നിഷ്ക്രയമാധിം [illegible] [illegible] ധനികസന്നിധാനേ [illegible] വിക്രീണീത III 12

ഉപസ്ഥിതസ്യ മോക്തവ്യ ആധിഃ സ്തേനോऽന്യഥാ ഭവേത് । പ്രയോജകേ അസതി ധനം കുലേ ന്യസ്യാധിമാപ്നുയാത് ॥ തത്കാലകൃതമൂല്യോ വാ തത്ര തിഷ്ഠേദവൃദ്ധികഃ । വിനാ ധാരണകാദ്വാപി വിക്രീണീത സസാക്ഷികം ॥ യാജ്ഞ II 64, 65

സംഭൂയസമുത്ഥാനത്തിൽ—

ഒരുത്തൻ ഒരു ജോലിയെ ചെയ്യാമെന്നു ഏറ്റിട്ടു നിശ്ചയിച്ച ദേശത്തും കാലത്തും ചെയ്യാതെയിരുന്നാലും, വേറെ വിധത്തിൽ ചെയ്താലും അതിന്നു തനിക്കിഷ്ടമുണ്ടെങ്കിൽ കൂലി കൊടുത്താൽ മതി. അവൻ ജോലി കൂടുതൽ ചെയ്തിരുന്നാൽ അതിന്നുള്ള കൂലി കൂടുതലായികൊടുക്കേണ്ടതാണെന്നു പറയുന്നു.

ധർമ്മകാര്യാദിപാതക്കേന കർമ്മണാ
ന്യൂനാധികേന വാ നാസ്തികാൽ ഏത
ദന്യത്ര സംക്ഷിതാധികസ്സിയ
യാം പ്രയാസം ന ദോഷം കത്തോത്

III 14

ദേശം കാലം ച യോഽതീയാത്
കർമ്മ കുര്യാച്ച യോഽന്യഥാ।
തത്ര തു സ്വാമിനശ്ഛന്ദോഽധികം
ദേയം കൃതേഽധികേ॥

യാജ്ഞ II 199

ഒരു കർമ്മത്തിൽ ഏർപ്പെട്ട യാജ്യൻ യാജകനേയോ, യാജകൻ യാജ്യനേയോ കർമ്മമദ്ധ്യത്തിൽ കാരണം കൂടാതെ ഉപേക്ഷിക്കയാണെങ്കിൽ ദണ്ഡം വിധിച്ചിരിക്കുന്നു. ഈ അഭിപ്രായത്തോടു നാരദനും മനുവും യോജിക്കുന്നു.

അന്യമപ്യേവം കർമ്മണി യാജ്യം യാജ
കം വാ ത്യജതഃ പൂർവ്വഃ സാഹസദണ്ഡഃ

III 14

ഋത്വിഗ്യസ്ത്വദുഷ്ടം യം
സ്വം യാജമനപകാരിണം।
അദുഷ്ടം ചർത്വിജം യാജ്യോ
വിമാനയേത്താവുഭാവപി॥ താഭ്യാം
ഋത്വിജം യസ്ത്യജേദ്യാജ്യോ
യാജ്യം ചർത്വിക് ത്യജേദ്യദി।
ശക്തം കർമ്മണ്യദുഷ്ടം ച
തയോർദണ്ഡഃ ശതം ശതം॥

മനു. VII 388

നൂറു പശുക്കളിരുന്നിട്ടുമഗ്ന്യാധാനം ചെയ്യാത്തവൻ, ആയിരം പശുക്കളുണ്ടായിരുന്നിട്ടും യാഗം ചെയ്യാത്തവൻ ഇവരെ കർമ്മമദ്ധ്യത്തിൽ ഉപേക്ഷിക്കിലും ദോഷമില്ല എന്നു കൌടല്യനും മനുവുമഭിപ്രായപ്പെടുന്നു.

അനാഹിതാഗ്നിഃ ശതഗുരയജ്വാ ച
സഹസ്രഗുഃ। അനയോരസ്യ പ്രക്ഷിതൌ ന ത്യാ
ജ്യം

III 14

ശതഗോരനാഹിതാഗ്നേഃ തഥാ
അയജ്വനശ്ച സഹസ്രഗോഃ

മനു. xi 14

ഋണാദാനകർമ്മത്തിൽ—

ജാമ്യം നിന്നതു്, ദണ്ഡശേഷം, ശുൽകശേഷം, ചൂതിൽതോററതു്, കള്ളിനു കടംകുടിച്ചതു്, വേശ്യാദികൾക്കു കൊടുത്തതു്, ഈ വക പണങ്ങളെ പുത്രന്മാരോ ദായാദന്മാരോ കൊടുക്കണമെന്നു നിർബന്ധമില്ല. ഈ വിഷയത്തിൽ അനേകമാചാര്യന്മാർ യോജിക്കുന്നുണ്ടു.

പ്രാതിഭാവ്യം ദണ്ഡശുൽകശേഷം
ആക്ഷികം സൌരികം കാമദാനം ച
വാകാരുൾ പുത്രാ ദായാദാ വാ ന്നി
ക്ഷഹരെ ദദ്യാത്.

III 16

പ്രാതിഭാവ്യം വൃഥാദാനമാക്ഷികം
സൌരികം ച യത്। ദണ്ഡശുൽകാവ
ശേഷം ച ന പുത്രോ ദാതുമർഹതി.

മനു VIII 159

പ്രാതിഭാവ്യം വൃഥാദാനമാക്ഷികം
സൌരികം ച യത്! ദണ്ഡശുൽകാവ
ശിഷ്ടം ച ന പുത്രോ ദാതുമർഹതി.

വസിഷ്ഠ XVI. 31

സൌരികാക്ഷികം വൃഥാദാനം കാമ
ക്രോധപ്രതിശ്രുതം! പ്രാതിഭാവ്യം
ദണ്ഡശുൽകാവശിഷ്ടം പുത്രാന്ന ദാപ
യേത്.

ബൃഹസ്പതി

സുരാകാമദ്യൂതകൃതം
ദണ്ഡശുൽകാവശിഷ്ടകം
വൃഥാദാനം തഥൈവേഹ
പുത്രോ ദദ്യാന്ന പൈതൃകം

യാജ്ഞ II. 53

പ്രാതിഭാവ്യവണിക് ശുൽകമദ്യദ്യൂത
ദണ്ഡാ ന പുത്രാനദ്ധ്യാഭവേയുഃ

ഗൌതമ

സ്വസ്വാമിസംബന്ധത്തിൽ —

തന്റെ ധനത്തെ മറെറാരുത്തൻ അനുഭവിക്കുന്നതിനെ പത്തുകൊല്ലം തടയാതെയിരുന്നാൽ ആ ധനത്തിന്നുള്ള സ്വത്വം ഇവന്നു നശിക്കും എന്നു മനുവുമഭിപ്രായപ്പെടുന്നു.

യത് സ്വം ദൃശ്യതേന്യൈർഭുജ്യമാനം
ദശവർഷാണ്യുപേക്ഷിതം, ഹീയതേ [illegible]
സ്യ.

III 16

യത് കിഞ്ചിദ്ദശവർഷാണി, സന്നി
ധൌ പ്രേക്ഷതേ ധനീ! ഭുജ്യമാനം പ
രൈസ്തൂഷ്ണീം ന സ തല്ലബ്ധുമർഹതി

മനു VIII 147

ആധി, ഉപനിധി, നിക്ഷേപം, സ്ത്രീ, സീമ, രാജദ്രവ്യം, ശ്രോത്രിയദ്രവ്യം ഇവ കൈവശമുള്ള അനുഭവത്താൽ അപഹരിക്കാൻ സാധിക്കുകയില്ല, എന്നുള്ള അഭിപ്രായം മനുകൌടല്യന്മാൎക്കു തുല്യമാകുന്നു.

ഉപനിധിമാധിം നിധിം നിക്ഷേപം
സ്ത്രിയം സീമാനം രാജശ്രോത്രിയദ്ര
വ്യാണി ച ന ഭോഗസ്തദ്ധരേയുഃ

III 16

ആധിസ്സീമാ ബാലധനം നിക്ഷ
പോപനിധിഃ സ്ത്രിയഃ! രാജസ്വം
ശ്രോത്രിയദ്രവ്യം ന ഭോഗേന പ്രണ
ശ്യതി

മനു VIII 149

വാനപ്രസ്ഥൻ, യതി, ബ്രഹ്മചാരി ഇവരുടെ ദ്രവ്യത്തിന്നു ക്രമത്തിൽ ആചാര്യൻ, ശിഷ്യൻ, ധൎമ്മഭ്രാതാവ്, സഹാദ്ധ്യായി ഇവരാണു അവകാശികൾ എന്നുള്ള അഭിപ്രായം കൌടല്യയാജ്ഞവല്ക്യന്മാൎക്കു തുല്യമാകുന്നു.

വാനപ്രസ്ഥയതിബ്രഹ്മചാരിണാം ആചാര്യശിഷ്യധർമ്മഭ്രാതൃസമാനതീർത്ഥ്യാഃ രിക്ഥഭാജഃ ക്രമേണ.
III 16

വാനപ്രസ്ഥയതിബ്രഹ്മചാരിണാം രിക്ഥഭാഗിനഃ । ക്രമേണാചാര്യസച്ഛിഷ്യധർമ്മഭ്രാത്രേകതീർത്ഥിനഃ ॥
യാജ്ഞ. II 141

സാഹസത്തിൽ—

അനേകമാളുകളുടെ ധനത്തെയും നാട്ടുകാരുടെ ധനത്തെയും ബലാല്ക്കാരമായി അപഹരിക്കുന്നതാണ സാഹസമെന്നു മനുകൌടല്യന്മാർ പറയുന്നു.

സാഹസമന്വയവത് പ്രസഭകർമ്മ നിരന്വയേ സ്തേയമപവ്യയനേ ച
III 18

സ്യാത് സാഹസം ത്വന്വയവത് പ്രസഭം കർമ്മ യത് കൃതം । നിരന്വയം ഭവേത് സ്തേയം ഹൃത്വാപവ്യയതേ ച യത്
മനു VIII. 382

വാക്പാരുഷ്യത്തിൽ—

കുരുടനെ നല്ല കണ്ണുള്ളവനെന്നും മുറിപ്പല്ലനെ നല്ല പല്ലുള്ളവനെന്നും സ്തുതിനിന്ദചെയ്താൽ പന്ത്രണ്ടു പണം ദണ്ഡം വിധിക്കുന്നു. ഇതോടുകൂടി മനുവും യോജിക്കുന്നു.

[illegible] ഇതി [illegible] [illegible] സ്തുതിനിന്ദായാം [illegible] പണോ ദണ്ഡഃ
III 18

കാണം വാപ്യഥവാ ഖഞ്ജമന്യം വാപി തഥാവിധം । തഥ്യേനാപി ബ്രുവൻ ദാപ്യോ ദണ്ഡം കാർഷാപണാവരം.
മനു VIII 274

ദണ്ഡപാരുഷ്യത്തിൽ—

ശൂദ്രൻ ഏതൊരു അംഗംകൊണ്ടാണോ ബ്രാഹ്മണനെ ഹിംസിക്കുന്നതു്, അവൻെറ ആ അംഗത്തെ ഛേദിക്കണമെന്നു മനുകൌടല്യന്മാർ അഭിപ്രായപ്പെടുന്നു.

ശൂദ്രോ യേനാംഗേന ബ്രാഹ്മണമഭിഹന്യാത് തദസ്യ ഛേദയേത്,
III 19

യേന കേനചിദംഗേന ഹിംസ്യാച്ചേച്ഛ്രേഷ്ഠമന്ത്യജഃ । ഛേത്തവ്യം തത്തദേവാസ്യ
മനു VIII 279

ദ്യൂതസമാഹ്വയത്തിൽ—

ദ്യൂതാദ്ധ്യക്ഷൻ ദ്യൂതത്തെ ഒരു നിശ്ചിതസ്ഥലത്തുവെച്ചു നടത്തിക്കണം. എന്നാലേ ഗൂഢാജീവികളായ തസ്കരന്മാരെ അറിയാൻ സാധിക്കുകയുള്ളു എന്നു യാജ്ഞവൽക്യനും കൌടല്യനും പറയുന്നു.

[illegible] [illegible]ഷ്ഠം
[illegible] ....[illegible]

[illegible] കാര്യം [illegible]
[illegible]
യാജ്ഞ II 207

III 20

പ്രകീർണ്ണകത്തിൽ —

വിവാഹം മുതലായ വിശേഷങ്ങളിൽ അടുത്തിരിക്കുന്നതും എതിർവശത്തിരിക്കുന്നതുമായ ഗൃഹങ്ങളിലുള്ളവരും യോഗ്യന്മാരുമായ ആളുകളെ ക്ഷണിക്കാതെ അയോഗ്യരെ ക്ഷണിച്ചാൽ മനുകൌടല്യന്മാർ ദണ്ഡം വിധിച്ചിരിക്കുന്നു.

പ്രതിവേശാനുവേശയോരുപരിനിമന്ത്ര
ണേ ച ദ്വാദശപണോ ദണ്ഡഃ
III 20

പ്രാതിവേശ്യാനുവേശ്യൗ ച
കല്യാണേ വിംശതിദ്വിജേ
അർഹാവഭോജയൻ വിപ്രോ
ദണ്ഡമർഹതി മാഷകം
മനു VIII 392

തരാമെന്നു സമ്മതിച്ച ധനം കൊടാതെ കഴികിലും, ഭ്രാതൃഭാര്യയെ കൈകൊണ്ടു പിടിക്കിലും, ചീത്തയായ സാധനങ്ങളെ വില്ക്കിലും, മുദ്രവച്ച ഗൃഹത്തെ ഭേദിക്കിലും, അയൽപക്കത്തുള്ള കുട്ടികളെ ഉപദ്രവിക്കിലും ദണ്ഡം വിധിക്കുന്നു.

സന്ദിഷ്ടമർത്ഥമപ്രയച്ഛതോ, ഭ്രാതൃ
ഭാര്യാം ഹസ്തേന ലംഘയതഃ, പരവ
ക്തവ്യം പണ്യം ക്രീണാനസ്യ, സമുദ്രം
ഗൃഹമുദ്ഭിന്ദതഃ, സാമന്തചത്വാ
രിംശത്കുല്യാബാധാമാചരതഃ ...
III 20

അർഹാക്രോശാതിക്രമകൃത്
ഭ്രാതൃഭാര്യാപ്രഹാരകഃ
സന്ദിഷ്ടസ്യാപ്രദാതാ ച
സമുദ്രഗൃഹഭേദകൃത്
സാമന്തകുലികാദീനാ-
മപകാരസ്യ കാരകഃ
യാജ്ഞ II 238, 239.

സ്വച്ഛന്ദചാരിണിയായ വിധവയെ ബലാല്ഗമിക്കിലും, ചണ്ഡാലൻ മേൽക്കുലത്തിലുള്ളവരെ തീണ്ടുകിലും, ആപത്തു വന്നതുകണ്ടും അടുത്തിരുന്നു രക്ഷിക്കാതെ ഇരിക്കിലും, കാരണം കൂടാതെ ഓടുകിലും, ശാക്യർ, ക്ഷപണകർ ഇവരെ ദേവപിതൃകാര്യങ്ങളിൽ ഊട്ടുകിലും യാജ്ഞവല്ക്യൻ ദണ്ഡം വിധിക്കുന്നു.

വിധവാം ഛന്ദവാസിനീം പ്രസഹ്യാ
ധിചരതഃ ചണ്ഡാലസ്യാര്യാം സ്പൃശ
തഃ, പ്രത്യാസന്നമാപദ്യനഭിധാവതഃ,
നിഷ്കാരണമഭിധാവനം കുർവ്വതഃ, ശാ
ക്യാജീവകാദീൻ വൃഷലപ്രവ്രജിതാൻ
ദേവപിതൃകാര്യേഷു ഭോജയതഃ ശ
ത്യോ ദണ്ഡഃ
III 20

സ്വച്ഛന്ദവിധവാഗാമീ
വിക്രുഷ്ടേനാഭിധാവകഃ
അകാരണേ ച വിക്രോഷ്ടാ
ചണ്ഡാലശ്ചോത്തമാൻ സ്പൃശൻ
ശൂദ്രഃ പ്രവ്രജിതാനാം ച
ദൈവേ പിത്ര്യേ ച ഭോജകഃ
യാജ്ഞ II 240—41

തന്നെ ഏല്പിച്ച കാര്യത്തെ ശരിയായിച്ചെയ്യാത്തവന്നും, കാള, ആട് മുതലായ മൃഗങ്ങളുടെ പുംസ്ത്വത്തെ കെടുക്കുന്നവന്നും, ദാസീഗർഭത്തെ മരുന്നുകൊടുത്തഴിക്കുന്നവന്നും കൌടല്യയാജ്ഞവല്ക്യന്മാർ ദണ്ഡം വിധിക്കുന്നു.

യുക്തകർമ്മ ചായുക്തസ്യ ക്ഷുദ്രപശു
വൃഷാണാം പുംസ്ത്വോപഘാതിനോ ദാ
സ്യാഃ ഗർഭമൌഷധേന പാതയതഃ
III 20

അയോഗ്യോ യോഗ്യകർമ്മകൃത്
വൃഷക്ഷുദ്രപശൂനാം ച
പുംസ്ത്വസ്യ പ്രതിഘാതകഃ
ദാസീഗർഭവിനാശകൃത്
യാജ്ഞ II 241—42

പിതൃപുത്രന്മാർ, ദമ്പതികൾ, ഭ്രാതൃഭഗിനികൾ, മാതുലഭാഗിനേയന്മാർ, ശിഷ്യാചാര്യന്മാർ ഇവരെ പതിതരല്ലാതെ ഇരിക്കുമ്പോൾ പരസ്പരമുപേക്ഷിക്കയാണെങ്കിൽ ദണ്ഡം വിധിക്കുന്നു.

പിതൃപുത്രയോർദമ്പത്യോഃ ഭ്രാതൃഭഗി
ന്യോർമാതുലഭാഗിനേയയോഃ ശിഷ്യാ
ചാര്യയോർവ്വാ പരസ്പരമപതിതം ത്യ
ജതഃ
III 20

പിതാപുത്രസ്വസൃഭ്രാതൃ
ദമ്പത്യാചാര്യശിഷ്യകാഃ
ഏഷാമപതിതാന്യോന്യ
ത്യാഗീ ച ....
യാജ്ഞ II 248

ബന്ധിക്കാൻ യോഗ്യനല്ലാത്തവനെ ബന്ധിക്കയോ, ബന്ധിക്കേണ്ടവനെ മോചിപ്പിക്കുകയോ, വ്യവഹാരപ്രാപ്തനല്ലാത്ത ബാലനെ (മൈനരെ) ബന്ധിക്കയോ ചെയ്താലും കൌടല്യയാജ്ഞവല്ക്യന്മാർ ദണ്ഡം വിധിക്കുന്നു.

പുരുഷമബന്ധനീയം ബധ്നതോ,
ബന്ധം വാ മോക്ഷയതഃ ബാലമപ്രാ
പ്തവ്യവഹാരം ബധ്നതോ
III 20

അബന്ധ്യം യശ്ച ബധ്നാതി
ബന്ധ്യം വാ യശ്ച മുഞ്ചതി
അപ്രാപ്തവ്യവഹാരം ച
സ ദാപ്യോ ദമമുത്തമം
യാജ്ഞ II 249

ചില വിഷയങ്ങളിൽ ആചാര്യന്മാരുടെ അഭിപ്രായഭേദം.

വിവാഹസംയുക്തത്തിൽ. സ്ത്രീയെ ഭർത്താവു ആട്ടിപ്പുറത്താക്കിയാൽ അവൾ പുരുഷന്മാരില്ലാത്ത പതിബന്ധുക്കൾ, വിവാഹം നടത്തിച്ചവർ, ഗ്രാമത്തിൽ ജ്യേഷ്ഠൻ, സ്ത്രീധനാവകാശി, ഭിക്ഷുകി, സ്ത്രീയുടെ ബന്ധുക്കൾ, ഇവരുടെ ഗൃഹത്തിൽ ചെല്ലുന്നതു ദോഷമില്ല എന്നു ആചാര്യന്മാരുടെ അഭിപ്രായം.

കൌടല്യനാകട്ടേ. സാധ്വിയായ സ്ത്രീജനത്തിനു വ്യഭിചാരാദിദോഷമില്ലാത്തതുകൊണ്ട് സപുരുഷമായ ജ്ഞാതികുലത്തിൽ ചെല്ലുന്നതുകൊണ്ടും വിരോധമില്ല എന്നു അഭിപ്രായപ്പെടുന്നു.

ദായഭാഗക്ഷേത്രജപുത്രവിഷയം. അന്യസ്ത്രീകളിലുണ്ടായ പുത്രന്മാർ ക്ഷേത്രികളുടെ പുത്രന്മാർ എന്നു ആചാര്യന്മാർ.

മാതാവു തോൽസഞ്ചിക്കു തുല്യയായതുകൊണ്ടു ബീജിയുടെ പുത്രന്മാർ എന്നു മററു ചില ആചാര്യന്മാർ. ശരീരോത്പത്തിക്കു ക്ഷേത്രത്തിന്റെയും ബീജത്തിന്റെയും ആവശ്യകത ഉള്ളതുകൊണ്ടു രണ്ടുപേരുടെയും മകനാണ് എന്നു കൌടല്യാഭിപ്രായം.

ദാസകർമ്മകരകല്പം. ജോലി ചെയ്വാൻ ഒരുത്തനെ വിളിച്ചിട്ടു തന്റെ അസൌകര്യം നിമിത്തം ജോലി ചെയ്യിക്കാതെ അയച്ചാലും പറഞ്ഞ കൂലി കൊടുക്കണമെന്നു ആചാര്യന്മാരുടെ അഭിപ്രായം.

കൌടല്യനാകട്ടേ. ജോലി ചെയ്താലേ കൂലികൊടുക്കേണ്ട ആവശ്യമൊള്ളു എന്നും ജോലി ചെയ്യാത്തതിനു കൂലി കൊടുക്കേണ്ട ആവശ്യമില്ലെന്നും അഭിപ്രായപ്പെടുന്നു. എന്നാൽ അതിൽ കുറെ വ്യത്യാസമുണ്ട്. അല്പം ജോലി ചെയ്തിട്ടു യജമാനന്റെ അസൌകര്യംകൊണ്ടു ജോലി മുഴുവനാക്കിയില്ലെങ്കിലും കൂലി മുഴുവനും കൊടുക്കണം. ഒരു കരാറിന്മേൽ ഒരു ജോലി നാലു ദിവസംകൊണ്ടു തീർത്തുതരാമെന്നു ഏററിട്ടു ചെയ്തുതീർത്തില്ലെങ്കിൽ യജമാനന്റെ ഇഷ്ടംപോലെ കൂലി കൊടുക്കാതെയുമിരിക്കാം. കൂടുതൽ ജോലി ചെയ്താൽ കൂടുതൽ കൂലി കൊടുക്കണമെന്നും അഭിപ്രായപ്പെടുന്നു.

സാഹസം

രത്നം, സാരം, ഫൽഗു, കുപ്യം എന്നീ വസ്തുക്കളുടെ സാഹസത്തിങ്കൽ (അപഹാരത്തിൽ) അവയുടെ വിലയ്ക്കു സമമായ ദണ്ഡം വിധിക്കണമെന്നു മനുശിഷ്യന്മാർ പറയുന്നു.

വിലയുടെ ഇരട്ടി ദണ്ഡമെന്നു ഉശനസ്സിന്റെ ശിഷ്യന്മാർ.

കൌടല്യനാകട്ടേ അപരാധത്തിനു തുല്യമായി ദണ്ഡം വിധിക്കണമെന്നു പറയുന്നു.

സ്ത്രീയെയൊ പുരുഷനെയൊ ബലാൽക്കാരമായി പിടിച്ചു ബന്ധിക്കുകയൊ ബന്ധിപ്പിക്കുകയൊ, ബന്ധനത്തിലിരിക്കുന്നവരെ മോചിപ്പിക്കുകയൊ ചെയ്യുന്നവനു ൫൦൦ പണം മുതൽ ൧൦൦൦ പണംവരെ ദണ്ഡമെന്നു ആചാൎയ്യന്മാരുടെ അഭിപ്രായം.

ബൃഹസ്പതിശിഷ്യന്മാരാകട്ടെ ഏവനാണോ സാഹസത്തെ ഞാനേറ്റു എന്നു് അന്യനെക്കൊണ്ടു ചെയ്യിക്കുന്നു അവനു് ചെയ്യുവനിലിരട്ടി ദണ്ഡം. അതിനു വേണ്ടുന്ന പണം ഞാൻ തരാമെന്നു പറഞ്ഞു ചെയ്യിക്കുന്നവനു് ചെയ്യുവനിൽ നാലിരട്ടി ദണ്ഡം. ഞാൻ നിനക്കു ഇത്രദ്രവ്യം തരാമെന്നു പറഞ്ഞു ചെയ്യിക്കിൽ ആ നിശ്ചയിച്ച ദ്രവ്യവും ദണ്ഡവും കൊടുക്കണമെന്നു പറയുന്നു.

കൌടല്യനാകട്ടെ ഞാൻ ഇപ്രകാരം ചെയ്യിച്ചതു കോപം, മദം, മോഹം ഇവയിൽ ഒന്നുകൊണ്ടാണെന്നു വാദിക്കുന്നതായാൽ കൎത്താവിനു സദൃശമായ ദണ്ഡമാണെന്നു അഭിപ്രായപ്പെടുന്നു.

ദണ്ഡപാരുഷ്യം കലഹം, മോഷ്ടിച്ചദ്രവ്യത്തെ സ്വന്തമാക്കൽ എന്നീ അപരാധങ്ങൾ പഴകിയാൽ പിന്നെ അഭിയോഗമല്ലെന്നു് ആചാൎയ്യന്മാർ പറയുന്നു.

അപരാധം ചെയ്യുവനെ ഒരിക്കലും വിടാൻ പാടില്ല എന്നാണു് കൌടല്യാഭിപ്രായം.

കലഹം സംബന്ധിച്ച അഭിയോഗങ്ങളിൽ ആദ്യമായി പരാതികൊടുക്കുന്നവനാണു് ജയം. എന്തുകൊണ്ടെന്നാൽ സങ്കടം സഹിക്കാൻ വഹിയാതെ കണ്ടാണല്ലോ ഓടിവരുന്നതു് എന്നു് ആചാൎയ്യന്മാർ പറയുന്നു.

കൌടല്യനാകട്ടെ മുമ്പിൽ വന്നാലും ശരി പുറകെ വന്നാലും ശരി സാക്ഷികളാണു് പ്രമാണം. സാക്ഷികളില്ലെങ്കിൽ അടികൊണ്ടുള്ള പരുക്കോ, കലഹത്തിന്റെ ചിഹ്നമോ കൊണ്ടു പരമാൎത്ഥം നിൎണ്ണയിക്കണമെന്നഭിപ്രായപ്പെടുന്നു.

ദ്യൂതം.

മൂൎഖനായ പുരുഷൻ ജയിക്കാൻ ചെന്നു തോററതു സഹിക്കാത്തതുകൊണ്ടു അന്യായപ്പെടുന്നതിനാൽ ദ്യൂതത്തിൽ ജേതാ

വിന്ന പൂർവ്വസാഹസവും പരാജിതന്ന് മദ്ധ്യമസാഹസവും ദണ്ഡം വിധിക്കണമെന്ന് ആചാര്യന്മാർ അഭിപ്രായപ്പെടുന്നു.

പരാജിതന്ന് ഇരട്ടിദണ്ഡം നിശ്ചയിക്കുന്നതായാൽ ആരും അഭിയോഗത്തിന്നുവേണ്ടി രാജസമീപം ചെല്ലുകയില്ല. അതു കൊണ്ടു പരാജിതന്നു ദണ്ഡലാഘം വിധിക്കണമെന്നു കൌടല്യന്റെ അഭിപ്രായം.

ഇനി ബൃഹസ്പതിഗ്രന്ഥങ്ങൾക്കും കൌടലീയത്തിന്നും അഭിപ്രായഭേദമുള്ളതിന്റെ നിരൂപണം.

1. പുനർവ്വിവാഹം.

ചില ഘട്ടങ്ങളിൽ നാരദൻ പുനർവ്വിവാഹത്തെ വിധിക്കുന്നു. മനുവാകട്ടെ ജീവിതാവസാനംവരെ വിവാഹമോചനം പാടില്ല എന്ന് "അന്യോന്യസ്യാവ്യഭിചാരോ ഭവേദാമരണാന്തികഃ" എന്ന ശ്ലോകാർദ്ധംകൊണ്ടു പറയുന്നു. കൌടല്യനാകട്ടെ "അമോക്ഷോ ധർമ്മവിവാഹാനാം" എന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് ആദ്യത്തെ നാലു വിവാഹങ്ങൾക്കു മോചനം വിധിക്കുന്നില്ല. വീണ്ടും വിവാഹംചെയ്ത വിധവകളെയും വിവാഹം കഴിയാതെ തന്നെ പ്രസവിച്ച അമ്മമാരെയും കൌടല്യൻ പറയുന്നു.

മനുവാകട്ടെ അപ്രകാരമുള്ള പുനർവ്വിവാഹത്തെ നിഷേധിക്കുന്നു. എന്നാൽ കന്യകയായിരിക്കുമ്പോഴും തന്നെ വിധവയായവരെ ഈ വിധി ബാധിക്കുന്നതല്ല.

2. നിയോഗം.

വിധവകൾക്കും, വ്യാധിസ്ഥന്മാരായ ഭർത്താക്കന്മാരോടുകൂടിയ സ്ത്രീകൾക്കും കൌടല്യൻ നിയോഗത്തെ അനുവദിക്കുന്നു. ഇതു ഗൌതമന്നും സമ്മതമാണ്. മനുവാകട്ടെ നിയോഗത്തെ സർവ്വഥാ നിഷേധിക്കുന്നു.

കൌടല്യൻ ഒരു പ്രത്യേകം ഡിപ്പാർട്ടുമെന്റ് ഏർപ്പെടുത്തി ഗണികാവ്യാപാരത്തെ നടത്തിവരുന്നു. മനുവും ബൃഹസ്പതിയും അതിനെ ജനങ്ങൾക്ക് ഉപദ്രവകരമായതുകൊണ്ടു നിഷേധിക്കുന്നു. മനു നിയോഗനിഷേധത്തിൽ ഉദ്ദേശിച്ചിരി

ഇന്ന കാരണത്തെ [1]ബൃഹസ്പതി വ്യക്തപ്പെടുത്തിയിരിക്കുന്നു. അതായതു [2]കലിയുഗത്തിൽ ആളുകൾക്കു ശക്തി കുറഞ്ഞിരിക്കുന്നതുകൊണ്ടു് കൃതാദിയുഗങ്ങളിലുള്ള ഇപ്പോലെ നിയോഗവിധിയെ അനുഷ്ഠിക്കാൻ ശക്തി കാണുകയില്ല എന്നതാകുന്നു.

മഹാഭാരതത്തിൽ, ഭർത്താവു ജീവിച്ചിരിക്കുമ്പോഴും മരിച്ചതിൽ പിന്നീടും നിയോഗം അനുവദിച്ചുകാണുന്നുണ്ടു്. ആദ്യകാലത്തിൽ നിയോഗത്തിനു വ്യവസ്ഥയില്ലായിരുന്നു. അതു പുനർവിവാഹത്തിനു തുല്യമായിട്ടാണു കരുതിയിരുന്നതു്. കാലക്രമേണ നിയോഗം ഒരു ആൺ സന്താനം ഉണ്ടാകുന്നതുവരെ ആകാമെന്നായിരുന്നു (പെൺസന്താനത്തെ കണക്കാക്കാതെ).

മഹാഭാരതം ആദിപർവ്വം ൧൩൨-ാം അദ്ധ്യായത്തിൽ [3]മൂന്നു പുത്രന്മാരുണ്ടാകുന്നതുവരെ നിയോഗം ആകാമെന്നു കാണുന്നു. [4]ബോധായനനാകട്ടെ പുത്രനില്ലാത്ത സ്ത്രീ ഗുരുക്കന്മാരുടെ അനുവാദത്തോടുകൂടി ദേവരനിൽനിന്നും പുത്രനെ പ്രാപിക്കാമെന്നു പറയുന്നു. അതിലും ചിലരെ നിഷേധിക്കുന്നു.

III. ദ്യൂതസമാഹ്വയം.

[5]ദ്യൂതം സമാഹ്വയം ഇവ രണ്ടും രാജ്യനാശത്തെ വരുത്തുന്ന രാജാക്കന്മാരുടെ രണ്ടു ദോഷങ്ങളാണു്. അതുകൊണ്ടു് അവയെ രാജാവു രാജ്യത്തിൽനിന്നും ബഹിഷ്കരിക്കണം. ദേവനം സമാഹ്വയം ഇവ രണ്ടും പ്രത്യക്ഷമായ മോഷണമാണു്. അതുകൊണ്ടു രാജാവു് അവയെ നശിപ്പിക്കുന്നതിനു പ്രയത്നിക്കണം. ദ്യൂതം

---

1. ഉക്ത്വാ നിയോഗോ മുനിനാ നിഷിദ്ധഃ സ്വയമേവ തു ।
യുഗഹ്രാസാദശക്യോഽയം കർത്തും സർവ്വൈർവ്വിധാനതഃ ॥
[ബൃഹ. Page 194]

2. തപോജ്ഞാനസമായുക്താഃ കൃതത്രേതായുഗേ നരാഃ ।
ദ്വാപരേ ച കലൗ നൄണാം ശക്തിഹാനിർവിനിർമ്മിതാ ॥

3. നാതശ്ചതുർത്ഥം പ്രസവമാപത്സ്വപി വദന്ത്യുത ।
അതഃ പരം സ്വൈരിണീ സ്യാദ് ബന്ധകീ പഞ്ചമേ ഭവേത് ॥
[ആദി. 132-64]

4. വശാ ചോത്പന്നപുത്രാ ച നീരജസ്കാ ഗതപ്രജാ ।
നാകാമാ സന്നിയോജ്യാ സ്യാത് ഫലം യസ്യാം ന വിദ്യതേ ॥
[ബോധായന II-4, 9, 10]

5. ദ്യൂതം സമാഹ്വയം ചൈവ രാജാ രാഷ്ട്രാന്നിവാരയേത് ।
രാജ്യാന്തകരണാവേതൗ ദ്വൗ ദോഷൗ പൃഥിവീക്ഷിതാം ॥
മനു IX, 221

സമാഹ്വയം ഇവയെ ചെയ്യുന്നവരെയും ചെയ്യിക്കുന്നവരെയും രാജാവു വധിക്കണം. കിതവന്മാർ ശൗണ്ഡികന്മാർ ഇവരെ വേഗത്തിൽ രാജ്യത്തിൽനിന്നും പുറത്താക്കണം. എന്തുകൊണ്ടെന്നാൽ രഹസ്യതസ്കരന്മാരായ ഇവർ രാജ്യത്തിൽ താമസിച്ചുകൊണ്ടു സാധുജനങ്ങളെ കുത്സിതപ്രവൃത്തികൾകൊണ്ടു ബാധിയ്ക്കും. മുൻകാലങ്ങളിൽ (പാണ്ഡവന്മാരുടെ കാലങ്ങളിൽ) തന്നെ ദ്യൂതം മഹത്തായ അനർത്ഥങ്ങളെ ഉണ്ടാക്കീട്ടുള്ളതായി കാണുന്നതുകൊണ്ടു ബുദ്ധിമാനായ പുരുഷൻ കളിയായിട്ടുപോലും ദ്യൂതസേവനം ചെയ്യാൻ പാടില്ല എന്നു മനു പറയുന്നു.

[1]കാത്യായനനാകട്ടെ, കാമം ക്രോധം ഇവയെ വർദ്ധിപ്പിക്കുന്നതും അക്രമകാരകവും ജനങ്ങളുടെ ദ്രവ്യത്തെ നശിപ്പിക്കുന്നതുമായ ദ്യൂതത്തെ ഒരിക്കലും അനുവദിക്കാൻ പാടില്ല. എന്തുകൊണ്ടെന്നാൽ സർപ്പമുഖത്തിൽനിന്നും വിഷമെന്നപോലെ ദ്യൂതത്തിൽനിന്നും കലഹമുണ്ടാകുന്നു. അതു രാജ്യത്തിന്റെ സങ്കട

പ്രകാശമേതത്താസ്കൎയ്യം യദ്ദേവനസമാഹ്വയൌ
തയോൎന്നിത്യം പ്രതീഘാതേ നൃപതിൎയ്യത്നവാൻ ഭവേത്.

മനു IX. 222

ദ്യൂതം സമാഹ്വയം ചൈവ യഃ കുൎയ്യാത് കാരയേത വാ
താൻ സൎവ്വാൻ ഘാതയേദ്രാജാ ശൂദ്രാംശ്ച ദ്വിജലിംഗിനഃ
കിതവാൻ...
......ശൗണ്ഡികാംശ്ച ക്ഷിപ്രം നിൎവ്വാസയേത് പുരാത്
ഏതേ രാഷ്ട്രേ വൎത്തമാനാ രാജ്ഞഃ പ്രച്ഛന്നതസ്കരാഃ
വികൎമ്മക്രിയയാ നിത്യം ബാധന്തേ ഭദ്രികാഃ പ്രജാഃ
ദ്യൂതമേതത് പുരാകല്പേ ദൃഷ്ടം വൈരകരം മഹത്
തസ്മാദ്ദ്യൂതം ന സേവേത ഹാസ്യാൎത്ഥമപി ബുദ്ധിമാൻ

മനു XI. 224—227

1. ദ്യൂതം നൈവ തു സേവേത കാമക്രോധവിവൎദ്ധനം
അസാധുജനതാമൂലം ക്രൂരം നരാണാം ദ്രവ്യനാശനം
ധ്രുവം ദ്യൂതാത് കലിൎജ്ജ്ഞേയസ്സൎപ്പമുഖാദിവ
തസ്മാദ്രാജാ നിവൎത്തേത വിഷായ വ്യസനം ഹി തത്
വൎത്തതേ ചേത് പ്രകാരേണ ഋ രാജഗൃഹീതകോശകം
അസഭ്യം ഹാരാൎത്ഥദ്രവ്യാണാം കൎത്തവ്യമത് കല്പകം

കാത്യായനസ്മൃതി Page 78
Sl. 783—785

അർത്ഥക്ഷ കാരണമാകുന്നതുകൊണ്ട് രാജാവ് അതിനെ തടുക്കണം. എന്നു പറഞ്ഞു നിഷേധിച്ചിട്ട്, അതു് നടക്കുകയാണെങ്കിൽ യോഗ്യന്മാർക്ക് സമ്മോഹം വരാതിരിക്കത്തക്കവണ്ണം പ്രകാശമായി മുൻവശത്തു ബോർഡു എഴുതിത്തൂക്കിയും രാജഭാഗമായ കരത്തോടുകൂടിയും നടക്കണമെന്നു പറയുന്നു.

[1]നാരദൻ, [2]യാജ്ഞവല്ക്യൻ, [3]വിഷ്ണു, [4]പരാശരൻ ഇവരാകട്ടെ കൂടാക്ഷദേവനത്തെയാണ് നിഷേധിക്കുന്നത്.

[5]കൌടല്യനും [6]യാജ്ഞവല്ക്യനും ഗവൺമെൻറു മേൽനോട്ടത്തിൽതന്നെ ദ്യൂതത്തെ അനുവദിക്കുന്നു. ബൃഹസ്പതിയാകട്ടെ, ദ്യൂതം സത്യം ശൌചം ധനം ഇവയെ നശിപ്പിക്കുന്നതുകൊണ്ട് അതിനെ മന്ന നിഷേധിക്കുന്നു. മററുള്ള ആചാര്യന്മാരാകട്ടേ, രാജഭോഗമുള്ളതുകൊണ്ടും, കള്ളന്മാരെക്കണ്ടുപിടിക്കാൻ സാധിക്കുന്നതുകൊണ്ടു മനുവദിക്കുന്നു എന്നും പറയുന്നു.

[7]ആപസ്തംബനും ധർമ്മസൂത്രത്തിൽ ഗവൺമെൻറു മേൽനോട്ടത്തിൽ ദ്യൂതത്തെ അനുവദിക്കുന്നു.

---

1. കൂടാക്ഷദേവിനഃ പാപാൻ രാജാ രാഷ്ട്രാദ്വിവാസയേത്
കണ്ഠേഽക്ഷമാലാമാസജ്യ സ ഹ്യേഷാം വിനയഃ സ്മൃതഃ
നാരദ XVI. 6

2. രാജ്ഞാ സചിഹ്നം നിർവ്വാസ്യാഃ കൂടാക്ഷോപധിദേവിനഃ
യാജ്ഞ II. 206

3. ദ്യൂതേ കൂടാക്ഷദേവിനാം കരച്ഛേദഃ
ഉപധിദേവിനാം സന്ദംശച്ഛേദഃ
വിഷ്ണു V. 135, 136

4. തസ്മാദ്ദ്യൂതം കൂടാക്ഷ[illegible] രാജ[illegible]
[illegible] യോഗ്യം
പരാശര മാധവ, Vol. III Part I. Page 578

5. ദ്യൂതാധ്യക്ഷോ ദ്യൂതമേകമുഖം കാരയേത്.........
ഗൂഢാജീവിജ്ഞാപനാർത്ഥം........ കിതവ്യാ
[illegible] പഞ്ചകം ശതമാദദീത
കൌടലീയ III. 20

6. ദ്യൂതമേകമുഖം കാര്യം തസ്കരജ്ഞാനകാരണാത്.
യാജ്ഞ II 207

7. സഭായാ മദ്ധ്യേഽധിദേവനമുദ്ധൃത്യാവോക്ഷ്യാക്ഷാ-
ന്നിവപേദ്യുഗ്മാൻ വൈഭീതകാൻ യഥാർത്ഥാൻ
ആര്യാഃ ശുചയഃ സത്യശീലാ ദേവിതാരഃ സ്യുഃ
ആപസ്തംബധർമ്മസൂത്ര. II; 25, 12—13

ഇപ്രകാരം ഇരുപതു് അദ്ധ്യായങ്ങൾ അടങ്ങിയ ധർമ്മസ്ഥീയമെന്ന മൂന്നാമത്തെ അധികരണംകൊണ്ടു വ്യവഹാരപദങ്ങൾ ൧൮-ം നിരൂപണം ചെയ്യപ്പെട്ടിരിക്കുന്നു.

ഈ വിധത്തിലുള്ള വ്യവഹാരങ്ങളെ രാജാവാണ് അമാത്യൻ, പുരോഹിതൻ, പ്രാഡ്വിവാകൻ ഇവരോടു കൂടിയവനായി നിർണ്ണയിക്കേണ്ടതു്. പ്രജാപാലനമാണ് രാജാവിന്റെ സ്വധർമ്മം. പ്രജകൾ തമ്മിൽ ഋണാദാനാദികളായ പതിനെട്ടു വിവാദപദങ്ങളെ അടിസ്ഥാനപ്പെടുത്തി വിവദിക്കുമ്പോൾ രാജാവു് അർത്ഥിപ്രത്യർത്ഥിവാക്യങ്ങൾ, ലേഖ്യം, സാക്ഷി, ഇവകൊണ്ടു സന്ദേഹത്തെ നിവർത്തിച്ചു ധർമ്മത്തെ നിർണ്ണയിക്കണം. അപ്രകാരം നിർണ്ണയിച്ച ധർമ്മത്തെ ആചരിപ്പിക്കേണ്ടതുമാണ്. ഇങ്ങനെ വ്യവഹാരങ്ങളെ നോക്കുന്ന രാജാവാണ് രാജ്യഭരണത്തിൽ സമർത്ഥനായിത്തീരുന്നതു്.

"ഇതി സംവൃതമന്ത്രഃ സുധാമാ
പൃഥുരുചിരോ മഹതഃ പ്രതാപശീലഃ
രവിരിവ നൃപതിഃ സമഃ പ്രജാനാം
ജഗദഖിലം വ്യവഹാരതോ ബിഭർത്തി"

എന്നു യാജ്ഞവല്ക്യബാലക്രീഡയിൽ വിശ്വരൂപാചാര്യനും പറഞ്ഞിരിക്കുന്നു.

ഇപ്രകാരം ധർമ്മാസനസ്ഥനായ രാജാവു ശാസ്ത്രോക്തമായ വഴിക്കു് വിവാദത്തെ ഉദ്ധരിക്കണം. അങ്ങനെ ചെയ്താൽ

സംഭവന്തി ഗുണാസ്സപ്ത
സപ്ത വഹ്നേരിവാർച്ചിഷഃ
ധർമ്മശ്ചാർത്ഥശ്ച കീർത്തിശ്ച
ലോകപങ്‌ക്തിരുപഗ്രഹഃ
പ്രജാഭ്യോ ബഹുമാനം ച
സ്വർഗ്ഗസ്ഥാനം ച ശാശ്വതം

എന്നു് പറഞ്ഞിരിക്കുന്നപ്രകാരം സ്വരാജ്യരക്ഷണമാകുന്ന ധർമ്മത്തെ സമ്പാദിക്കാൻ സാക്ഷ്യാദികളെ പുരസ്കരിച്ചു വ്യവഹാരങ്ങളെ നിർണ്ണയിക്കണം. ഇങ്ങനെ വ്യവഹാരനിർണ്ണയത്തെച്ചെയ്യുന്ന ഈ ശാസ്ത്രം അനർത്ഥങ്ങളെ നിവർത്തിച്ചു ധർമ്മസാധകമായി ഭവിക്കുന്നു.

ഇപ്രകാരം ന്യായമായി വ്യവഹാരത്തെ നിൎണ്ണയിക്കുന്ന രാജാവു് ശിക്ഷണാദികളിൽ നിന്നുമുണ്ടാകുന്ന പാപങ്ങളിൽ നിന്നും വിമുക്തനായി പ്രജകളുടെ ബഹുമാനത്തേയും ഉൽകൃഷ്ട സ്ഥാനങ്ങളേയും പ്രാപിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ പ്രകാശനത്തിൽ ആവശ്യകങ്ങളായ ഉപദേശങ്ങളും നിർദ്ദേശങ്ങളും തന്നു് അനുഗ്രഹിച്ച മേധാശാലിയായ പ്രാചീനഗ്രന്ഥപ്രകാശനശാലാദ്ധ്യക്ഷൻ മീമാംസകരത്നം വി. എ. രാമസ്വാമിശാസ്ത്രികൾ അവർകൾ എം. എ. യോടു എനിക്കുള്ള നിൎവ്യാജമായ ബഹുമാനത്തെ ഇവിടെ രേഖപ്പെടുത്താം.

പ്രകാശനവിഷയത്തിൽ സകലവിധമായ ശ്രദ്ധകളും ചെയ്തിട്ടുണ്ടെങ്കിലും അറിയാതെ എന്തെങ്കിലും മുദ്രണാദി പ്രമാദങ്ങൾ വന്നുപോയിട്ടുണ്ടെങ്കിൽ അതിനു ക്ഷമാപണമൎത്ഥിച്ചുകൊണ്ടു് മഹാജനസമക്ഷം എന്റെ ഈ പ്രയത്നഫലത്തെ സമൎപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
൧-൧൦-൧൨൦.

മഹോപാദ്ധ്യായശിരോമണി
എസ്സ്. ശങ്കരരാമശാസ്ത്രി.

വിഷയാനുക്രമണി.

ശ്രീ

കൌടലീയം

അർത്ഥശാസ്ത്രം

ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

ധർമ്മസ്ഥീയം — തൃതീയമധികരണം.

൫൭, ൫൮. പ്രക. വ്യവഹാരസ്ഥാപനാ,

വിവാദപദനിബന്ധഃ *

ധർമ്മസ്ഥീയമെൻപിതു അധികരണം. ധർമ്മസ്ഥരാവോർ ചതുർവ്വർണ്ണാശ്രമമറിയുമവർകൾ, അവരളെ അധികരിച്ചു ചൊല്ലിൻറതെൻപിതു അധികരണാർത്ഥം. ഇതിനിൽ മുതൽ സൂത്രം 'വ്യവഹാരസ്ഥാപനാ' എൻപിതു. ഇരണ്ടാമതു 'വിവാദപദനിബന്ധഃ' എൻപിതു. ഇരണ്ടുമൊരു അദ്ധ്യായംകൊണ്ടു ചൊല്ലിൻറിതു. വ്യവഹാരമാവിതു വിവാഹസംയുക്താദികൾ മേൽചൊല്ലപ്പടിൻറ [1] പതിനെട്ടു. അതിനുടെ സ്ഥാപന ആവിതു ആദേയാനാദേയനിരൂപണമെൻപിതു മുതൽ സൂത്രത്തിനുടെ അർത്ഥം. വിവാദപദങ്ങളാവോ പൂർവ്വവാദിയുത്തരവാദിയുടയ വചനങ്ങൾ. ഇവിററിനുടെയ നിബന്ധനമാവിതു വൃഷ്ടദേശജാതിഗോത്രനാമാദികൾ അനുക്രമത്തിനാലെഴുതുമതു, അതു ചൊല്ലിൻറതെൻപിതു ഇരണ്ടാം സൂത്രത്തിനൊല്ല അർത്ഥം. അധികരണസംബന്ധമാവിതു ധർമ്മോപധാശുദ്ധരായുള്ള പുരുഷരെ ധർമ്മസ്ഥീയത്തിലും കണ്ടകശോധനയിലും നിവൃത്തുക എൻറു കീഴ്ചൊല്ലിതു. ഇരണ്ടാം ഭാഗത്തിൽ പൌരജാനപദങ്ങളുടെയ കാര്യങ്ങളാരാസ്സിതു

1. 'പതിരണ്ടു' ഖ. പാഠം.

* "വ്യവഹാരസ്ഥാപനാ, വിവാദപദനിബന്ധഃ, വിവാഹസംയുക്തം, ദായവിഭാഗഃ, വാസ്തുകം, സമയസ്യാനപാകർമ്മ, ഋണാദാനം, ഔപനിധികം, ദാസകർമ്മകരകല്പഃ, സംഭൂയസമുത്ഥാനം, വിക്രീതക്രീതാനുശയഃ, ദത്തസ്യാനപാകർമ്മ, അസ്വാമിവിക്രയഃ, സ്വസ്വാമിസംബന്ധഃ, സാഹസം, വാക്പാരുഷ്യം, ദണ്ഡപാരുഷ്യം, ദ്യൂതസമാഹ്വയം, പ്രകീർണ്ണകം ഇത്രയും ഭാഗം ക. ഖ. മാതൃകകളിൽ ദൃഷ്ടമായി കാണുന്നു.

G.P.T. 1494. 300. 13-6-1117.

എൻറു കീഴ്ചൊല്ലീതു. അവു കാർയ്യങ്ങളാവോ ആരാരാവോർ, എത്തനവർകൂടി ആരാവിതു, എവിടെയിരുന്നാരാസ്സിതു. എന്നും ഇവ്വർത്ഥം പ്രതിപാദിപ്പാനായിക്കൊണ്ടു ചൊല്ലിൻറതെൻപിതു സംബന്ധം. പ്രകരണസംബന്ധമാവിതു അനുഷ്ഠാനക്രമലക്ഷണം.

ധർമ്മസ്ഥാസ്ത്രയസ്ത്രയോഽമാത്യാ ജനപദസന്ധിസംഗ്രഹണദ്രോണമുഖസ്ഥാനീയേഷു വ്യാവഹാരികാനർത്ഥാൻ കുർയ്യുഃ

പ്രഥമസൂത്രവ്യാഖ്യാ ചൊല്ലി[1]ൻറിതു, ധർമ്മസ്ഥാ എൻറവാറു. ധർമ്മസ്ഥർ മൂവർ അമാത്യന്മാർകൂടി (അന്തപാലസ്യ ദുർഗ്ഗം?) ജനപദസന്ധിയിലും, സംഗ്രഹണമാവിതു ദശഗ്രാമിയിൽ പ്രധാനാധിഷ്ഠാനം, ദ്രോണമുഖവും, സ്ഥാനീയങ്ങൾ പ്രസിദ്ധങ്ങൾ, എൻറിച്ചൊന്നവിററിൽ വ്യാവഹാരികങ്ങളായുള്ള അർത്ഥങ്ങളനുഷ്ഠിപ്പിതു.

തിരോഹിതാന്തരഗാരനക്താരണ്യോപധ്യുപഹ്വരകൃതാംശ്ച വ്യവഹാരാൻ പ്രതിഷേധയേയുഃ. കർത്തുഃ കാരയിതുശ്ച പൂർവ്വഃ സാഹസദണ്ഡഃ. ശ്രോതൄണാമേകൈകം പ്രത്യർദ്ധദണ്ഡാഃ. ശ്രദ്ധേയാനാം തു ദ്രവ്യവ്യപനയഃ.

അവിററിൽ നാലേയവ്യവഹാരങ്ങൾ ചൊല്ലിൻറിതു തിരോഹിതാദികൾ ആറു വ്യവഹാരങ്ങളെയും നിഷേധിപ്പിതു. നിഷേധിപ്പിതെൻറവാറു – അപ്രവൃത്തെ പ്രവൃത്തി ഒഴിപ്പിതു പ്രവൃത്തമായുള്ളതിനെ വേണ്ടികൊള്ളലാതവാറു ചെയ്യിതു. അവിററൽ തിരോഹിതമാവിതു മറയിൽകൊടുക്കമെത്തും കൊള്ളുമതും. അതുവും സ്വാമിദേശകാലക്രിയാദ്രവ്യാദിഭേദത്തിനാൽ ബഹുപ്രകാരം. അവററിൽ സ്വാമിതിരോഹിതമാവിതു ഉടയവനി[2]ൻറിയെവച്ചു മറെറാരുത്തനവനുടെയ ധനം വിനിയോഗം ചെയ്യുമതു. ദേശതിരോഹിതമാവിതു പരോക്ഷിസാക്ഷികമായിരുക്കമതു. കാലതിരോഹിതമാവി[3]തു ശതവർഷോപേക്ഷിതമായിരുന്ന ഋണം വേണ്ടുമതു. ക്രിയാതിരോഹിതമാവിതു ഓല ദേശാന്തരത്തിരുക്കച്ചെയ്യേ കടം വാളെച്ചുകൊള്ളുമതു. ദ്രവ്യതിരോഹിതമാവിതു ദ്വിപദചതുഷ്പദസ്ഥാവരങ്ങൾ ദേശാന്തരത്തു നില്ക്കച്ചെയ്യേ കാണാതെ വില്ക്കുമതു. സുവർണ്ണാദികൾ പരീക്ഷിയാതെ വില്ക്കുമതു.

1. 'ൻറിതൻപിതു യ' ഖ. പാഠം. 2. 'ൻറിയെവ', 3. 'ഉവിംശതിവ' ക. പാഠം.

ഇതു തിരോഹിതവ്യവഹാരങ്ങൾ. ഇനി അന്തരാഗാരകൃതമെന്റ വാറു ഇല്ലത്തകത്തു ഇരിന്നചെയ്യും വ്യവഹാരങ്ങൾ, നക്തകൃത മാവിതു രാച്ചെയ്യും വ്യവഹാരങ്ങൾ * ഉപധികൃതമാവിതു കൂട- വ്യവഹാരം. ഉപഹ്വരകൃതമാവിതു രഹസ്യത്തിൽ കൊടുക്കി ന്റവനും കൊള്ളിന്റവനുമേ അറിയച്ചെയ്യും വ്യവഹാരം. ഇവ്വാറു വ്യവഹാരങ്ങളെയും പ്രതിഷേധിപ്പിതു. നിഷേധിക്കച്ചെയ്യേയുമ നുഷ്ഠിക്കിൽ ചെയ്യിന്റവനും ചെയ്യിക്കിന്റവനും പൂർവ്വസാഹസ ദണ്ഡം. ശ്രോതാക്കൾക്ക പൂർവ്വസാഹസദണ്ഡത്തിൽ പാതി ത്തലായായുള്ളവരാം ഇവ്വാറു വ്യവഹാരം ചെയ്താൽ കൊടുത്ത ധനമിളപ്പിതു, ദണ്ഡമില്ല.

പരോക്ഷേണാധികർണ്ണഗ്രഹണമവക്തവ്യകരാ വാ തിരോഹിതാഃ സിദ്ധ്യേയുഃ.

പ്രതിഷിദ്ധവ്യവഹാരാപവാദമിനിച്ചൊല്ലിന്റിതു. പരോ ക്ഷമായുള്ള ഗൃഹാരാമാദികൾ പട്ടകലം വച്ചു ധനം കടൻകൊള്ളു മതു തിരോഹിതമാകിലും വ്യവഹാരമാം. അവക്തവ്യകരരാവോ രിവനുടെ ധനംകൊണ്ടു ഇവൻ വ്യവഹരിച്ചാൽ കുററമില്ലയെന്റു ലോകരറിഞ്ഞിരിക്കുമവരാം. അങ്ങനെ ഇരിക്കുമവരാം സ്വാമിതി രോഹിതമായ് വ്യവഹാരം ചെയ്യുമതു വ്യവഹാരമേ, കുററമില്ല.

ദായനിക്ഷേപോപനിധിവിവാഹസംയുക്താഃ സ്ത്രീ- ണാമനിഷ്കാസിനീനാം വ്യാധിതാനാം ചാമൂഢസംജ്ഞാനാ- മന്തരാഗാരകൃതാഃ സിദ്ധ്യേയുഃ.

ഇനി അന്തരാഗാരവ്യവഹാരങ്ങളിൽ പിഴ ഇല്ലാതവു ചൊല്ലിന്റിതു. ദായം പകുക്കുമതു. നിക്ഷേപമാവിതു പണിചെ യ്യാൻ കൊടുക്കുമതു. ഉപനിധി ആവിതു നിക്ഷേപം വെക്കുമതു. വിവാഹയുക്തമാവിതു സ്ത്രീധനം കൊടുക്കുമതു. പുറപ്പെടാതു സ്ത്രീകൾ ചെയ്യും വ്യവഹാരവും വ്യാധിപ്പെട്ടുകിടക്കുമവരുമുണർച്ച യുണ്ടായിതന്നു ചെയ്യും വ്യവഹാരവുമിച്ചൊന്നവെല്ലാമന്തരാഗാര കൃതങ്ങളല്ലായാലും ചെല്ലും.

സാഹസാനുപ്രവേശകലഹവിവാഹരാജനിയോഗയു- ക്താഃ പൂർവ്വരാത്രവ്യവഹാരിണാം ച രാത്രികൃതാഃ സിദ്ധ്യേയുഃ,

---

* ഉപധികൃതവ്യവഹാരത്തിന്റെ വിവരണം മാതൃകകളിൽ കാണു ന്നില്ല.

ഇനി രാത്രികൃതവ്യവഹാരങ്ങൾ പിഴ ഇല്ലാത്തവു ചൊല്ലിന്റിതു. സാഹസയുക്തമെന്റവാറു - നാട്ടാർധനം വലിയപ്പറിച്ചു കൊണ്ടു വ്യവഹാരം ചെയ്യുമതു. അന്തഃപ്രവേശയുക്തമെന്റവാറു- നാട്ടാരില്ലത്തു കട്ടുകൊണ്ടു വ്യവഹാരം ചെയ്യുമതു. കലഹയുക്തമെന്റവാറു വാക്പാരുഷ്യമെന്റവാറു. വിവാഹം പ്രസിദ്ധം. രാജനിയോഗയുക്തമെന്റവാറു നാഗരികവ്യാപാരയുക്തമെന്റവാറു. പൂൎവരാത്രവ്യവഹാരികളാവോർ വേശ്യാശൌണ്ഡികാകാകലാദികൾ. ഇച്ചൊന്നവരുടെ വ്യവഹാരങ്ങൾ രാത്രികൃതങ്ങളാ ഇരിക്കിലും വ്യവഹാരങ്ങളേ ആം.

സാൎത്ഥവ്രജാശ്രമവ്യാധചാരണമധ്യേഷ്വരണ്യചരാണാമരണ്യകൃതാഃ സിദ്ധ്യേയുഃ.

ഇനി അരണ്യകൃതവ്യവഹാരങ്ങളിൽ പിഴ ഇല്ലാത്തവു ചൊല്ലിന്റിതു. ചാത്തു[2]മാപ്പാടിയിലുമാശ്രമത്തിലും വ്യാധരിലും ചാരണരിലും ഇവരളിലരണ്യചരമായുള്ളവർ അരണ്യത്തിലിരുന്നു ചെയ്യും വ്യവഹാരം സിദ്ധിക്കും.

ഗൂഢാജീവിഷു ചോപധികൃതാഃ സിദ്ധ്യേയുഃ.

ഇനി ഉപധികൃതങ്ങളായുള്ള വ്യവഹാരങ്ങളിൽ പിഴയില്ലാത്തവു ചൊല്ലിന്റിതു. ഗൂഢജീവികളാവോർ കൂടഹിരണ്യസുവൎണ്ണവ്യവഹാരികൾ. അവരളിലുപധികൃതവ്യവഹാരങ്ങൾ പിഴ ഇല്ല.

മിഥസ്സമവായേ ചോപഹ്വരകൃതാഃ സിദ്ധ്യേയുഃ.

ഉപഹ്വരമായുള്ള വ്യവഹാരത്തിൽ പിഴ ഇല്ലാത്തവു ചൊല്ലിന്റിതു. മിഥഃസമവായമെന്റവാറു- സ്ത്രീപുരുഷന്മാർ [3] വെററകൊട്ടുകമതു. ഗാന്ധൎവവിവാഹാദിവഴിമേലിതവരെയാകിലും വ്യവഹാരമേ.

അതോഽന്യഥാ ന സിദ്ധ്യേയുഃ. അപാശ്രയവദ്ഭിശ്ച കൃതാഃ, പിതൃമതാ പുത്രേണ, പിത്രാ പുത്രവതാ, നിഷ്കുലേന ഭ്രാത്രാ, കനിഷ്ഠേനാവിഭക്താംശേന, പതിമത്യാ പുത്രവത്യാ ച സ്ത്രിയാ, ദാസാഹിതകാഭ്യാം, അപ്രാപ്താതീതവ്യവഹാരാഭ്യാം അഭിശസ്തപ്രവ്രജിതന്യങ്ഗവ്യസനിഭിശ്ചാന്യത്ര നിസൃഷ്ടവ്യവഹാരേഭ്യഃ.

1. 'ചാലി', 2. 'മയ്പാടി', 3. 'വിറകാ' ക. പാഠം.

ഇച്ചൊന്ന വ്യവഹാരങ്ങളൻറി മററു തിരോഹിതാദികൃതവ്യവഹാരങ്ങളൊൻറും ചെല്ലാ. ഇനി അപാശ്രയവസ്തുക്കളാവോർ പരതന്ത്രർ അവരുടെയ വ്യവഹാരങ്ങളും സിദ്ധിയെച്ചെല്ലാ. അവരാവോർ പിതാവു ഉളനായിരിക്കച്ചെയ്യേ പുത്രൻചെയ്യും വ്യവഹാരം സിദ്ധിയെച്ചെല്ലാ. പുത്രൻ യോഗ്യനായ് കുടുംബഭരനായിരിക്കച്ചെയ്യേ കുടുംബഭരനൻറിയെ ഇരുന്ന പിതാവു ചെയ്യും വ്യവഹാരം ചെല്ലാ. [1]ദായം കൂറിട്ടതിൻമുൻ കനിഷ്ഠൻ ചെയ്യും വ്യവഹാരം ചെല്ല[2]ഭർത്താവുളനായിരിക്കച്ചെയ്യേ സ്ത്രീകൾ ചെയ്യും വ്യവഹാരം ചെല്ല അടിയാർചെയ്യും വ്യവഹാരമും ഒററിയാൾചെയ്യും വ്യവഹാരമും ചെല്ല. അപ്രാപ്തവ്യവഹാരരാവോർ പതിനാറാണ്ടു പുക്കില്ലാതവർകൾ, അതീതവ്യവഹാ(രങ്ങ? രിക)ളാവോർ എഴുപത്തെഴാണ്ടു കടന്നവർകൾ, അവർകൾചെയ്യും വ്യവഹാരമും ചെല്ല. അഭിശസ്തനാവോൻ മഹാപാതകാദിദോഷമുടെയവൻ. പ്രവ്രജിതരാവോർ സന്ന്യസിച്ചവർകൾ. വ്യംഗരാവോർ മൂകബധിരാദികൾ. വ്യസനികളാവോർ ദ്യൂതസ്ത്രീമദ്യപാനസക്തമനസ്സുകൾ. ഇവർകൾചെയ്യും വ്യവഹാരം ചെല്ലാ. ഇച്ചൊന്ന പിതൃമത്പുത്രാദികൾ നിസൃഷ്ടവ്യവഹാരികളാകിൽ ചെല്ലും. നിസൃഷ്ടവ്യവഹാരാദികളാവോർ പ്രധാനരാലേകപ്പെട്ടവർകൾ.

തത്രാപി ക്രുദ്ധനാർത്തേന മത്തേനോന്മത്തേനാവഗൃഹീതേന വാ കൃതാ വ്യവഹാരാ ന സിദ്ധ്യന്തി. കർത്തൃകാരയിതുഃ ശ്രോതൄണാം പൃഥഗ് യഥോക്താ ദണ്ഡാഃ.

ഏല്ക്കപ്പെട്ടവരിലും ക്രുദ്ധനായിരിക്കുമവരും ആർത്തനുമുന്മത്തനും മത്തനും, അപഗൃഹീതനാവോൻ ബന്ധിക്കപ്പെട്ടവൻ ഇവർകൾചെയ്യും വ്യവഹാരങ്ങൾ ചെല്ലാ. ഇച്ചൊന്ന വ്യവഹാരങ്ങളെചെയ്യുമവരെയുംചെയ്യിക്കുമവനെയും സാക്ഷികളെയും വെച്ചേറെ യഥോക്തദണ്ഡങ്ങൾ ദണ്ഡിപ്പിതു.

സ്വേ സ്വേ തു വർഗ്ഗേ ദേശ കാലേ ച സ്വകരണകൃതാഃ സമ്പൂർണ്ണാചാരാഃ ശുദ്ധദേശാ ദൃഷ്ടരൂപലക്ഷണപ്രമാണഗുണാഃ സർവ്വവ്യവഹാരാഃ സിദ്ധ്യന്തി.

സ്വേ സ്വേ തു വർഗ്ഗേ എൻറവാറു - എല്ലാജാതികളിലും തന്താന്തമ്മുടെയ വർഗ്ഗങ്ങൾക്കുള്ള വ്യവഹാരങ്ങളവർകൾക്കു ചെല്ലും.

---

1. 'നിഷ്ക്രയേണ ദത്താ' എന്നതിന്ന അർത്ഥം കാണുന്നില്ല. 2. ഇവിടെ കുറച്ചുഭാഗം വിട്ടുപോയതായിരിക്കണം.

ദേശേ കാലേ ച എന്റവാറു – അരണ്യചരാദികൾക്കരണ്യദേശാദികളിലെയും വ്യവഹാരങ്ങൾ ചെല്ലും. രാത്രിവ്യവഹാരാദികൾക്കു രാത്രിവ്യവഹാരമുഞ്ചെല്ലും. ദിവാ വ്യവഹാരാദികൾക്കു പകൽചെയ്യും വ്യവഹാരവും ചെല്ലും. സമ്പൂർണ്ണാചാരങ്ങളായിരിപ്പിതെന്റവാറു– അർത്ഥിപ്രത്യർത്ഥിസന്നിധി ഉണ്ടായ് പകൽ രാജമാർഗ്ഗത്തിൽച്ചെയ്യും വ്യവഹാരങ്ങൾ, ഗ്രാമസാക്ഷികളെയുമുടച്ചായ് കാണപ്പെട്ടിരുന്ന ഉരുവുമടയാളവും ഗുണങ്ങളെയുമുടച്ചായിരിക്കും വ്യവഹാരങ്ങൾ എല്ലാം ചെല്ലും.

പശ്ചിമം ചൈഷാം കരണമാദേശാധിവർജ്ജം ശ്രദ്ധേയം.

ഒരു വ്യവഹാരത്തിന്നു ഇരണ്ടു ജാതി ഓലയും സാക്ഷിയുമുള്ളവാകിൽ പിന്നെച്ചെയ്യു ഓലയും സാക്ഷിയും ബലവത്തുക്കളൊററി ഓലയുമട്ടോലയുമൊഴിച്ചു. ഒററി ഓലകളിലുമട്ടോലകളിലും മുന്നമുള്ള കരണം പ്രമാണം.

ഇവ്വർത്ഥത്തിൽ ശ്ലോകം—

“(ക്രീ?ക്ര)യണാദിഷു സർവ്വേഷു ബലവത്യുത്തരോത്തരാ
പ്രതിഗ്രഹാധിക്രീതേഷു പൂർവ്വാപൂർവ്വാ ഗരീയസീ”
വ്യവഹാരസ്ഥാപനമാകിന്റ സൂത്രം മുടിഞ്ഞിതു.

സംവത്സരമൃതും മാസം പക്ഷം ദിവസം കരണമധികരണമൃണം വേദകാവേദകൗ യാഃ കൃതസമർത്ഥാവസ്ഥയോർദ്ദേശഗ്രാമജാതിഗോത്രനാമകർമ്മാണി ചാഭിലിഖ്യ വാദിപ്രതിവാദിപ്രശ്നാനർത്ഥാനുപൂർവ്യം നിവേശയേത്. നിവിഷ്ടാംശ്ചാവേക്ഷേത.

വിവാദപദനിബന്ധഃ എൻപിതു സൂത്രം. സൂത്രാർത്ഥവും സംബന്ധവും അധികരണാരംഭത്തിലെ ചൊല്ലിതു. സംവത്സരമാവിതു രാജവർഷോപലക്ഷിതമാ ഇരുക്കമെതു. ഋതുവും മാസവും പക്ഷവും ദിവസവും പ്രസിദ്ധങ്ങൾ. കരണം ധർമ്മാർത്ഥവഴിമേലിരണ്ടുജാതി. അധികരണം സ്ഥാനീയാദി. ഋണം കടം കൊടുത്തധനം. വേദകനാവോൻ അഭിയോ(ജ്യ?ക്താ) ആവേദകൻ അഭിയോ (ജ്യൻ) എന്റവാറു. കടൻകൊണ്ടവനും കൊടുത്തവനും കൃതമായിരുന്ന പുണയുമുടച്ചാഇതന്നവരളെ കീഴ്ചൊന്ന സംവത്സരാദികളെയുമെഴുതി ഇരുവരുടെ ദേശമുമൂരും ജാതിയും

ഗോത്രവും നാമവും അവരുടെ കർമ്മങ്ങൾ വാണിജ്യാദികളെയും ധർമ്മസ്ഥീയലേഖകരെഴുതുവിതു. വാദിപ്രതിവാദികളുടെ വചനങ്ങളുമർത്ഥഗൌരവങ്ങളായുള്ളവും മുന്നമെഴുതി അർത്ഥലഘുക്കളായുള്ളവു പിന്നെ എഴുതി ഇവ്വണ്ണം ക്രമത്തിലെഴുതുവി[1]തു വേണ്ടതും വേണ്ടാത്തതുമറിവാനായ്.

ഇവ്വണ്ണമെഴുതപ്പട്ടിരുന്ന വിവാദത്തെ ഉടയന്മായിരുന്ന വാദികളുടെ പരാജയകാരണം ചൊല്ലിനതു.

നിബദ്ധം *പാദമുത്സൃജ്യാന്യം *പാദം സങ്ക്രാമതി. പൂർവ്വോക്തം പശ്ചിമേനാർത്ഥേന നാഭിസന്ധത്തേ. പരവാക്യമനഭിഗ്രാഹ്യമഭിഗൃഹ്യാവതിഷ്ഠതേ. പ്രതിജ്ഞായ ദേശം നിർദ്ദിശേത്യുക്തേ ന നിർദ്ദിശതി. ഹീനദേശമദേശം വാ നിർദ്ദിശതി. നിർദ്ദിഷ്ടാദ് ദേശാദന്യം ദേശമുപസ്ഥാപയതി. ഉപസ്ഥിതേ ദേശേഽർത്ഥവചനേ നൈവമിത്യപവ്യയതേ. സാക്ഷിഭിരവധൃതം നേച്ഛതി. അസംഭാഷ്യേ ദേശേ സാക്ഷിഭിർമിഥഃ സംഭാഷതേ. ഇതി പരാജയഹേതവഃ.

മുന്നം താനെഴുതിച്ചതൊഴിയ മറെറാരുവാറു കൊണ്ടു വന്നിതക്കമെന്റവാറു-ദണ്ഡപാരുഷ്യമെന്റെഴുതിച്ചു വച്ചു വാക്പാരുഷ്യം ചൊല്ലും. മുന്നം ചൊല്ലുമതിനോടു പിന്നെച്ചൊല്ലുമതൊവ്വാതെ ഇരിപ്പിതെന്റവാറു കാച്ചും പൊന്നും തരവേണ്ടുമെന്റെഴുതിച്ചു പിന്നെ പൊന്നെ തരക്കടവിതെന്റു ചൊല്ലുവിതു. പരവാക്യമദുഷ്ടമായിരുന്നതിന്നു ദോഷം ചൊല്ലിട്ടു മിണ്ടാതെ ഇരിപ്പിതു. അന്റിയെ മുന്നാൽ സാക്ഷി ഉളരെന്റു വിചാരിക്കിൽ ഒരുത്തരെയൊത്താൻ ഇരുവരെയൊത്താൻ ചൊല്ലുവിതു. അന്റിയെ സാക്ഷിയാതക്കില്ലാതെ ബന്ധുസ്യാലാദികളെച്ചൊല്ലുവിതു. ചൊല്ലിയ സാക്ഷികളന്റിയെ മററു ചിലരെക്കൊണ്ടു വന്നുകൂട്ടുവിതു. സാക്ഷികൾ വന്നുകൂടിയപ്പോഴ് മുന്നമെഴുതിച്ചു വച്ചവനെ ഇങ്ങിനെ ഞാനെഴുതിച്ചതില്ലെന്റു പിശകുമതു. സാക്ഷികളെ വിചാരിച്ചപ്പോഴ് അവരൾ ചൊല്ലുമർത്ഥം വായിയാതൊഴിവിതു. അസംഭാഷ്യമായുള്ള ദേശത്തു സാക്ഷികളോടുകൂട വേറെ മന്ത്രിപ്പിതു. ഇവു പരാജയ ഹേതുക്കൾ[2].

1. 'ഇം ചെയ്‌വിതുവേ' ഖ. പാഠം. 2. 'കം, പ' ക. പാഠം.

* ഈ അടയാളമുള്ള പദത്തിനു പകരം 'വാദം' എന്നു ചേർക്കേണ്ടതായി തോന്നുന്നു.

പരോക്തദണ്ഡഃ പഞ്ചബന്ധഃ. സ്വയംവാദിദണ്ഡോ ദശബന്ധഃ. പുരുഷഭൃതിരഷ്ടാംശഃ. പഥിഭക്തമർഘവിശേഷതഃ തദുഭയം നിയമ്യോ ദദ്യാത്.

പരാജിതനായുള്ളവൻ വച്ച അർത്ഥത്തിൽ അഞ്ചിലൊന്നു ദണ്ഡം. പരാജിതൻ സാക്ഷിയിൻമുമ്പാകെ വാദിയായവനാകിൽ പത്തിലൊന്നു ദണ്ഡം. ഇവരെ വിചാരിക്കിന്റ പുരുഷനു തോററവൻ ഒരു കാർഷാപണത്തിൽ എട്ടിലൊന്നു വ്യയം കൊടുപ്പിതു. സാക്ഷികളെ വിളിക്കപ്പോകിന്റവർക്കു വഴിക്കരിയും വിലെക്കു തക്കവാറു വെപ്പിച്ചുകൊൾവിതു.

അഭിയുക്തോ ന പ്രത്യഭിയുഞ്ജീത, അന്യത്ര കലഹസാഹസസാർത്ഥസമവായേഭ്യഃ. ന ചാഭിയുക്തേഽഭിയോഗോഽസ്തി.

ഒരുത്തൻ കടവിയനെന്റഭിയോഗിച്ചാലതു വിട്ടുമതിൻ മുന്നം പ്രത്യഭിയോഗം ചെയ്യാതുമൊഴിവിതു, കലഹസാഹസസാർത്ഥസമവായങ്ങളിൻറി. ഇവററിൽ പ്രത്യഭിയോഗമും പറവൂ. ഒരുത്തനഭിയോഗിക്കച്ചെയ്യേ മററവനഭിയോഗിക്കവുമൊല്ലാ.

അഭിയോക്താ ചേത് പ്രത്യുക്തസ്തദഹരേവ ന പ്രതിബ്രൂയാത്, പരോക്തഃ സ്യാത്. കൃതകാര്യവിനിശ്ചയോ ഹ്യഭിയോക്താ, നാഭിയുക്തഃ.

അഭിയോഗിച്ചവൻ അഭിയോഗിക്കപ്പെട്ടവനാൽ മററകപ്പെട്ടവൻ അന്നേററയവന്നു പ്രത്യുത്തരം ചൊല്ലാതൊഴികിൽ തോററാനാം. എന്തിന്നെൻറാൽ അഭിയോഗിക്കിൻറവൻ മുന്നമേ തന്നുടെയ വഴക്കു വെല്ലുമാറു നിശ്ചയിച്ചുകൊണ്ടു ചൊല്ലുവിതു, അഭിയുക്തന്നതു വേണ്ടാ.

തസ്യ പ്രതിബ്രുവതസ്ത്രിരാത്രം സപ്തരാത്രമിതി. അത ഊർദ്ധ്വം ത്രിപണാവരാർദ്ധ്യം ദ്വാദശപണപരം ദണ്ഡം കുര്യാത്. ത്രിപക്ഷാദൂർദ്ധ്വമപ്രതിബ്രുവതഃ പരോക്തദണ്ഡം കൃത്വാ യാന്യസ്യ ദ്രവ്യാണി സ്യുസ്തതോഽഭിയോക്താരം പ്രതിപാദയേദന്യത്ര വൃത്ത്യുപകരണേഭ്യഃ. തദേവ നിഷ്പതതോഽഭിയുക്തസ്യ കുര്യാത്. അഭിയോക്തുർന്നിഷ്പാതസമകാലഃ പരോക്തഭാവഃ. പ്രേതസ്യ വ്യസനിനോ വാ സാക്ഷിവചനമസാരം. അഭിയോക്താ ദണ്ഡം ദത്വാ കർമ്മ കാര-

ദയേത്. ആധിം വാ സ കാമം പ്രവേശയേത്. രക്ഷാവല്ലഭ-രക്ഷിതം വാ കർമ്മണാ പ്രതിപാദയേദ് അന്യത്ര ബ്രാഹ്മണാദിതി.

അഭിയുക്തൻ മൂന്നുനാൾ തുടങ്ങി ഏഴുനാളകം പ്രത്യുത്തരം ചൊല്ലവല്ലാതൊഴിവോനാകിൽ മൂന്നുപണം അധമമായ് പന്തിരണ്ടു പണത്തോളവും ചെല്ലു; അപരാധത്തുക്കതക്കവണ്ണം ദണ്ഡം വയ്ക്കുകടവിയൻ, മൂന്നുപക്ഷത്തോളവും ചെല്ല. മൂന്നു പക്ഷം കഴിഞ്ഞു ചൊല്ലവല്ലായ്കിൽ വഴക്കു തോററവൻ, കോയിലു ദണ്ഡവും വച്ചു, മറെറാഴിഞ്ഞു ധനം അഭിയോക്താവിനു കൊടുപ്പിതും ചെയ്യിതു; ഏതും വിള്ളും വല്ലിയുമൊ[1]ഴിയക ഏറു മെന്നു തോന്നുകിൽ ഇവു കൊടുപ്പിപ്പിതു. അഭിയോക്താവിനുത്തരം ചൊല്ലുവാനഭിയുക്തൻ വരുമ്പോഴ് അഭിയോക്താവു അവിടത്തുനിന്നു പോവോനാകിൽ തോററാൻ. ചത്തവനുടെയ കടവും സാക്ഷികാട്ടി പുത്രാദികൾ കൊള്ളവും കൊടുക്കവും കടവിയർ. അഭിയുക്തനുപായമില്ലയാകിൽ പരാജയദണ്ഡം, അഭിയോക്താവു താൻ വച്ച് അവനെക്കൊണ്ടു പണികൊൾവിതു; അന്റായേ, അവനുടെയ ബന്ധുക്കളോലൊത്തവരെ റെറിയായ് കൊൾവിതു. [2]ഇതവർക്കും വാസികളിലന്റിയെ രക്ഷാവല്ലഭരക്ഷിതനായ് പണികൊൾവിതു ബ്രാഹ്മണരല്ലായ്കി[3]ൽ; ബ്രാഹ്മണരാകിൽ ഉണ്ടായപ്പോൾ കൊൾവിതു.

സമ്യഗ് വ്യവഹാരദർശനം ചതുർവ്വർണ്ണാശ്രമമായിരുന്ന ലോകത്തിനു യോഗക്ഷേമകരണമെന്നതും ശ്ലോകങ്ങളെക്കൊണ്ടു പ്രതിപാദിക്കിന്റിതു:—

ചതുർവ്വർണ്ണാശ്രമസ്യായം ലോകസ്യാചാരരക്ഷണാത്
നശ്യതാം സർവ്വധർമ്മാണാം രാജധർമ്മഃ പ്രവർത്തകഃ.

ചതുർവ്വർണ്ണാശ്രമസ്യായം എന്റവാറു. വർണ്ണങ്കളാവോ ബ്രാഹ്മണാദികൾ. ആശ്രമങ്കളാവോ ബ്രഹ്മചര്യാദികൾ. നാലുവർണ്ണങ്കളുമാശ്രമങ്കളുമായിരുന്ന ലോകത്തിനുടയ ആചാരം രക്ഷിക്കിന്റമയാൽ കെട്ടുവർണ്ണമിരുന്ന ധർമ്മങ്കളെല്ലാററിനും രാജധർമ്മം പ്രവർത്തകമായിരുന്നതു.

ധർമ്മശ്ച വ്യവഹാരശ്ച ചരിത്രം രാജശാസനം
വിവാദാർത്ഥശ്ചതുഷ്പാദഃ പശ്ചിമഃ പൂർവ്വബാധകഃ.

1. 'ശിക്ഷ'. 2. 'ഇവ', 3. 'ൽ' ക. പാഠം.

വ്യവഹാരം നാലു പാദങ്ങളായിരിപ്പിതു. അവിററിന്റെയ സ്വരൂപവും ബലാബലവും ധൎമ്മശ്ചേത്യാദി എൻറുള്ള ശ്ലോകം കൊണ്ടു ചൊല്ലിൻറിതു:—(ധർമ്മം) വ്യവഹാരം, ചരിത്രം, രാജശാസനം എൻറിവു നാലും വ്യവഹാരത്തിന്റെ പാദമാവോ. അവിററിലൊട്ടുക്കത്തു കീഴെവു മൂൻറിനേയും ബാധിക്കും.

ഇനി ധൎമ്മാദികളുടെ സ്വരൂപം ചൊല്ലിൻറിതു:—

അത്ര സത്യേ സ്ഥിതോ ധൎമ്മോ വ്യവഹാരസ്തു സാക്ഷിഷു.
ചരിത്രം സങ്ഗ്രഹേ പുംസാം രാജ്ഞാമാജ്ഞാ തു ശാസനം.

സത്യം ധൎമ്മമാവിതു. വ്യവഹാരം സാക്ഷികളെക്കൊണ്ടറിയുമതു. ചരിത്രമാവിതു പല സാക്ഷികളുടെ ഐകവാക്യത കൊണ്ടറിയുമതു. രാജശാസനമാവിതു രാജാക്കളുടെ നിയോഗവചനം; ആജ്ഞ എൻറവാറു. യഥാർത്ഥദണ്ഡപ്രണയനാദികം.

ഇനി സമ്യഗ്വ്യവഹാരദൎശനം ഉഭയലോകസാധകമെന്നതൎത്ഥം രാജ്ഞഃ സ്വധൎമ്മ ഇത്യാദി എൻറുള്ള ശ്ലോകംകൊണ്ടു ചൊല്ലിൻറിതു:—

രാജ്ഞഃ സ്വധൎമ്മഃ സ്വൎഗ്ഗായ പ്രജാ ധൎമ്മേണ രക്ഷിതുഃ.
അരക്ഷിതുൎവ്വാ ക്ഷേപ്തുൎവ്വാ മിഥ്യാദണ്ഡമതോഽന്യഥാ.

രാജ്ഞഃ സ്വധൎമ്മമെൻറ— രാജാവു, തന്റെടെയ ധൎമ്മം ശാസ്ത്രാജീവഭൂതരക്ഷണമാം ഇതുന്ന് സ്വൎഗ്ഗത്തെ പ്രാപിക്കും — പ്രജകളെ ധൎമ്മം പിഴയാതെ രക്ഷിക്കിൽ. രക്ഷിയാതൊഴികിലും മിഥ്യാദണ്ഡം പ്രയോഗിക്കിലും, നരകത്തിന്നാകും.

ദണ്ഡസ്തുതി ചൊല്ലിൻറിതു; ദണ്ഡോ ഹീത്യാദിശ്ലോകംകൊണ്ടു—

ദണ്ഡോ ഹി കേവലോ ലോകം പരം ചേമം ച രക്ഷതി.
രാജ്ഞാ പുത്രേ ച ശത്രൌ ച യഥാദോഷം സമം ധൃതഃ.

ദണ്ഡം താനേ പരലോകത്തെയും (ഇഹലോകത്തെയും) രക്ഷിക്കും; രാജാവിനാൽ പുത്രരിലും ശത്രുവിനിലും ദോഷത്തുക്കതക്കവാറു സമം പ്രയോഗിക്കപ്പെട്ടതു.

* അനുശാസദ്ധി ധൎമ്മേണ വ്യവഹാരേണ സംസ്ഥയാ.
ന്യായേന ച ചതുൎത്ഥേന ചതുരന്താം മഹീം ജയേത്.

നാലു വ്യവഹാരപാദങ്ങളിൽ മേലെവു കീഴവികളെ ബാധിക്കുമെൻറു കീഴ്ചൊല്ലീതു. അതിന്നപവാദമിപ്പൊഴ് സംസ്ഥയേത്യാദി ശ്ലോകംകൊണ്ടു ചൊല്ലിൻറിതു:—

സംസ്ഥയാ ധൎമ്മശാസ്ത്രേണ ശാസ്ത്രം വാ വ്യാവഹാരികം.

* ഈ ശ്ലോകത്തിനു വ്യാഖ്യാനം കാണുന്നില്ല.

യസ്മിന്നർത്ഥേ വിരുദ്ധ്യേത ധർമ്മേണാർത്ഥം വിനിർണ്ണയേത്.

സംസ്ഥയാവിതു ലോകാചാരം. ധർമ്മശാസ്ത്രമാവിതു മാനവാദിധർമ്മശാസ്ത്രമെൻറു ചൊല്ലിൻറിതു...,...രാജവചനം. സംസ്ഥയിനാൽ താൻ ധർമ്മശാസ്ത്രത്തിനാൽ താൻ വ്യവഹാരനിർണ്ണയകരമാ ഇരുന്ന രാജവചനം യാതൊരർത്ഥത്തിങ്കൽ വിരോധിക്കപ്പെടിൻറിതു എൻറവാറു ലോകാചാരവും ധർമ്മശാസ്ത്രവും വിരോധിക്കിൽ ലോകാചാരം ഉപേക്ഷിച്ചു ധർമ്മശാസ്ത്രംകൊണ്ടു കാര്യവിനിർണ്ണയം ചെയ്യിതു.

ശാസ്ത്രം വിപ്രതിപദ്യേത ധർമ്മന്യായേന കേനചിത്.

ശാസ്ത്രമും ന്യായമും ധർമ്മമും പ്രതി തമ്മിൽ വിരോധിക്കിൽ ന്യായം പ്രമാണം ശാസ്ത്രത്തിൻ കാട്ടിൽ; ശാസ്ത്രപാഠം അപ്രമാണമെൻറവാറു.

ന്യായസ്തത്ര പ്രമാണം സ്യാത് തത്ര പാഠോ ഹി നശ്യതി.

'കല്ലാലപാണിർവ്വിജ്ഞേയഃ സേതുഭേത്താ സമീപഗഃ'

എൻറവചനമുണ്ടായിരിക്കെച്ചെയ്യേയും കല്ലാലപാണിയായ് സമീപത്തിൽ നിൻറവൻ ശിശുവായിരിക്കിൽ അവൻ മുറിച്ചതില്ലെ എൻറ കൊററംവിതു.

— സാക്ഷ്യാദികളെ വ്യവഹാരസാധനങ്ങളുടെ ചൊല്ലീതു കീഴിൽ. അവിൻറിയെയും അഞ്ചു വ്യവഹാരസാധനങ്കളുള എൻപിതു 'ദൃഷ്ടദോഷ' ഇത്യാദിശ്ലോകം കൊണ്ടു ചൊല്ലിൻറിതു.—

ദൃഷ്ടദോഷഃ സ്വയംവാദഃ സ്വപക്ഷപരപക്ഷയോഃ.
അനുയോഗാർജ്ജവം ഹേതുഃ ശപഥശ്ചാർത്ഥസാധകഃ.

ദൃഷ്ടദോഷനാവോൻ — കാണപ്പട്ട ദോഷത്തെ ഉടയവൻ; അവനുമൊരർത്ഥസാധകൻ എൻറവാറു. വേകിൻറ ഇല്ലത്തിനകത്തു തീ കൊളുകി പിടിച്ചു നിൻറാൻ ഇവൻ ചുട്ടോനെൻറു കൊററംവിതു. വഴക്കാടിയെടുത്തു കത്തമേൽ പുണ്ണുണ്ടായിരിപ്പിതു, മററവനായുധത്തിന്മേൽ രുധിരമുണ്ടായിരിക്കിൽ, അവനെ, ഇവനെ വെട്ടിയോനെൻറു അറിവിതു എൻറിങ്ങനെ. സ്വയംവാദമാവിതു, ഞാനിതു ചെയ്തേനെൻറു ചൊല്ലുമതു. സ്വപക്ഷപരപക്ഷയോരനുയോഗാർജ്ജവമെൻറവാറു — അഭിയോക്താവു ഋജുവായിട്ടു അഭിയോജ്യനുക്കു ദോഷമില്ലാമെ തോൻറുമാറു അഭിയോഗിപ്പിതു. അതിന്നുദാഹരണം:— ശാകടികൻ ചാട്ടി

നതരംകൊണ്ടു വഴിയിൽ വച്ച് എൻകാൽ മുറിച്ചാനെന്റു അന്യായപ്പെട്ടപ്പോൾ എന്തിന്നിവന്റെയ കാൽ മുറിച്ചതെന്റു വിചാരിച്ചാൽ ഭയപ്പെട്ട ശാകടികൻ മിണ്ടാതെ ഇരിന്നതു കണ്ടു ഇവനൊരു മൂകനോ എന്റു വിചാരിച്ചപ്പോൾ അഭിയോക്താവു ചൊല്ലുവിതു ചാട്ടിന്മേലേറിയിരുന്നെല്ലാരും കേൾക്ക അകലനില്ലെന്റു പല മുറൈയും ചൊല്ലിന്റപ്പോൾ മൂകനായിതില്ല. ഇപ്പോൾ മൂകനായിതന്നോ എന്റു, അവന്റെ ദോഷമില്ലാത്തവാറു ആർജ്ജവത്തിനാൽ ചൊല്ലുമതു എന്റിവ്വണ്ണം കണ്ടുകൊൾക. ഹേതുവാവിതു കാരണം കാട്ടിച്ചൊല്ലിന്റിതു. ഇവൻ പാരദാരികൻ എന്റു അഭിയോഗിച്ചപ്പോൾ ഞാൻ നപുംസകൻ എന്റു അറിയിച്ചാൽ പാരദാരികനല്ലാമ സാധിക്കും. അഞ്ചാമതു ശപഥം, അതുവും അർത്ഥസാധകം. അതുവും തുലാരോഹണാദി.

പരാജയകാരണങ്ങൾ പൂർവ്വോത്തരാദികളെക്കൊണ്ടു ചൊല്ലിന്റിതു—

പൂർവ്വോത്തരാർത്ഥവ്യാഘാതേ സാക്ഷിവക്തവ്യകാരണേ.
ചാരഹസ്താച്ച നിഷ്പാതേ പ്രദേഷ്ടവ്യഃ പരാജയഃ.

പൂർവ്വോത്തരാർത്ഥവ്യാഘാതേ എന്റവാറു— കള്ളനെന്റു ശങ്കിച്ചവനെവിടെയുണ്ടിതു, കിടന്നിതെന്റു വിചാരിച്ചാൽ കീഴും മേലും ചൊല്ലുമത്റം തമ്മിലൊപ്പാതെ ഇരിപ്പിതു. സാക്ഷിവക്തവ്യകാരണേ എന്റവാറു–ഇന്നേടത്തുണ്ടിതു ഇന്നേടത്തു കിടന്നിതു അതിന്നു സാക്ഷികാട്ടുമവർകൾ ഇവന്റെ ബന്ധുക്കളായിരിക്കിലും; ചാരഹസ്താച്ച നിഷ്പാതേ എന്റവാറു—ബന്ധനാഗാരികന്റെ സമീപത്തിൽനിന്റോളിച്ചു പോവാനാകിലും അവൻ പരാജിതനെന്റുകൊൾവിതു. എന്റു വിവാദപദനിബന്ധനം എന്നും സൂത്രവും മുതലദ്ധ്യായവും മുടിഞ്ഞിതു.

ഇതി കൌടലീയാർത്ഥശാസ്ത്രേ ധർമ്മസ്ഥീയേ തൃതീയേഽധികരണേ

പ്രഥമോഽദ്ധ്യായഃ വിവാദപദനിബന്ധഃ,

ആദിതഃ ഷട്പഞ്ചാശഃ.

൫൯. പ്രക. വിവാഹസംയുക്തം—വിവാഹധർമ്മഃ സ്ത്രീധനകല്പ ആധിവേദനികം.

വിവാഹസംയുക്തം എൻപിതു സൂത്രം. വിവാഹങ്ങളാവോ—ബ്രാഹ്മം പ്രാജാപത്യം ദൈവം ഗാന്ധർവം ആസുരം രാക്ഷസം പൈശാചം ആർഷം എൻറിങ്ങിജാതി എട്ടു. സംയുക്തമാവിതു വിവാഹസംബന്ധം സ്ത്രീധനകല്പകർമ്മാദികം. അവു ചൊല്ലിൻറിതെൻപിതു സൂത്രാർത്ഥം. സംബന്ധമാവിതു വ്യാവഹാരികങ്ങളായുള്ള അർത്ഥങ്ങളനുഷ്ഠിക്കുമാറു കീഴ്ചൊല്ലീതു. ഇപ്പോഴ് അന്ത വ്യവഹാരങ്ങളെ പ്രതിപാദിപ്പാനായ് ചൊല്ലിൻറിതെൻപിതു സംബന്ധം. അവിടെയും ഋണാദാനപൂർവ്വകം വ്യവഹാരമെൻറു മനു ചൊല്ലുവിതു. വാസ്തുകപൂർവ്വകം വ്യവഹാരമെൻറു ഭാർഗവൻ ചൊല്ലുവിതു. നിക്ഷേപപൂർവ്വകം വ്യവഹാരമെൻറു ബൃഹസ്പതി ചൊല്ലുവിതു. ഇവിററിനെല്ലാം ഗൃഹസ്ഥനാകിൽ ഋണാദിദ്രവ്യവ്യവഹാരങ്ങൾക്കെ അധികാരി ആവിതു. ആകിൻറമെയാൽ വിവാഹപൂർവകം വ്യവഹാരമെൻറു കൌടില്യൻപക്ഷം. ഇവ്വർത്ഥത്തിൽ ശ്ലോകം:—

ഋണമാദൌ മനുർബ്രൂതെ വാസ്തുകം ഭാർഗ്ഗവോ മുനിഃ,
ബൃഹസ്പതിസ്തു നിക്ഷേപം വിവാഹം കുടലാനായഃ.

വിവാഹപൂർവ്വോ വ്യവഹാരഃ.

വിവാഹപൂർവോ വ്യവഹാരഃ എൻറവാറു എല്ലാ വ്യവഹാരങ്ങളും വിവാഹപൂർവങ്ങളായിരിപ്പിതു.

കന്യാദാനം കന്യാമലങ്കൃത്യ ബ്രാഹ്മോ വിവാഹഃ.

എവ്വു വിവാഹങ്ങളാവോ എങ്കിൽ കന്യാദാനം വിവാഹമാവിതു. കന്യയിനെ അലങ്കരിച്ചു ജാമാതാവിനെ വിളിച്ചു കൊടുക്കമതു ബ്രാഹ്മവിവാഹമാവിതു.

സഹധർമ്മചര്യാ പ്രാജാപത്യഃ.

കൂടിധർമ്മം ചരിപ്പേനെൻറു വേദമന്ത്രം ചൊല്ലികൊടുക്കമതു പ്രാജാപത്യം.

ഗോമിഥുനാദാനാദാർഷഃ.

കൊള്ളിൻറവണ്ണടെ ഒരു കാളെയും ഒരു പശുവും കൊണ്ടിട്ടു കൊടുക്കമത്രെ ആർഷം.

അന്തർവേദ്യാമൃത്വിജേ ദാനാദ് ദൈവഃ.

യാഗംചെയ്യുമിടത്തുവച്ച്യ വേദിയിലാർത്വിജ്യം ചെയ്യുവന്ന കന്യയിനെ കൊടുക്കമത്രെ ദൈവം.

മിഥസ്സമവായാദ് ഗാന്ധർവഃ.

ആരുംകൂടാതെ സ്ത്രീപുരുഷന്മാർ കൂടുമത്രെ ഗാന്ധർവ്വം.

ശുല്കാദാനാദാസുരഃ.

കൈക്കൂലികൊണ്ടുകൊടുക്കമത്രെ ആസുരം.

പ്രസഹ്യാദാനാദ് രാക്ഷസഃ.

വലിയപിടിച്ചുകൊണ്ടു വേട്ക്കമത്രെ രാക്ഷസം വിവാഹം.

സുപ്താദാനാത് പൈശാചഃ.

ഉറങ്ങുമ്പോഴ്താൻ മദിച്ചിരിക്കുംപോഴ്താൻ കൊണ്ടുവേട്ക്കമവു പൈശാചമെൻപിതു.

പിതൃപ്രമാണാശ്ചത്വാരഃ പൂർവ്വേ ധർമ്മ്യാഃ. മാതാപിതൃപ്രമാണാഃ ശേഷാഃ. തൌ ഹി ശുല്കഹരൌ ദുഹിതുഃ. അന്യതരാഭാവേഽന്യതരോ വാ.

ഇവെട്ടിലും ബ്രാഹ്മമും പ്രാജാപത്യമും ആർഷമും ദൈവമും പിതൃപ്രമാണമാകിൻറമെയാൽ നല്ല. മററവു അധർമ്മമെൻറുമത്ഥത്താൽത്തോൻറുവിതു. ശേഷിച്ചവു മാതാപിതൃപ്രമാണം, എന്തിന്നെൻറാൽ തായും തമപ്പനുംകൂടി ചുൽകം കൊള്ളിൻറമെയാൽ. മാതാപിതാക്കളിലൊരുത്തരില്ലയായാലുള്ളവർ കൊൾവിതു.

ദ്വിതീയം ശുല്കം സ്ത്രീ ഹരേത. സർവ്വേഷാം പ്രീത്യാരോപണമപ്രതിഷിദ്ധം.

പ്രീതി ഇരണ്ടാം ശുല്കമാവിതു. പ്രീതിദാനം അതൊപ്പെണ്ണിന കൊടുപ്പിതു. എല്ലാബന്ധുക്കളും പ്രീതിയിനാൽ ചൊലിച്ചുകൊടുക്കുമതു അപ്രതിഷിദ്ധം.

വൃത്തിരാബന്ധ്യം വാ സ്ത്രീധനം. പരദ്വിസാഹസ്രാ സ്ഥാപ്യാ വൃത്തിഃ. ആബന്ധ്യാനിയമഃ.

വൃത്തിയും ആബന്ധവും കൊടുപ്പിതു സ്ത്രീധനം. വൃത്തി ആവിതു[1] ഇയക്കത്തിന്റെ കൊടുക്കമതു. ആബന്ധമാവിതു ആഭരണം. വൃത്തിയുടെ പരിമാണമാവിതു ഇരണ്ടായിരം കാർഷാപണം പരമാവധി. ഇതുകൊണ്ടു മദ്ധ്യമാധമങ്ങളെയും കണ്ടുകൊൾക. ആബന്ധത്തിനു നിയമമില്ല. ശക്തിക്കു തക്കളവു് സ്ത്രീധനം.

തദാത്മപുത്രസ്നുഷാഭർമണി പ്രവാസാപ്രതിവിധാനേ ച ഭാര്യായാ ഭോക്തുമദോഷഃ. പ്രതിരോധകവ്യാധിദുർഭിക്ഷഭയപ്രതീകാരേ ധർമകാര്യേ ച പത്യുഃ. സംഭൂയ വാ ദമ്പതീസ്യാർമിഥുനം പ്രജാതയോസ്ത്രിവർഷോപഭുക്തം ച ധർമിഷ്ഠേഷു വിവാഹേഷു നാനുയുഞ്ജീത. ഗാന്ധർവ്വാസുരോപഭുക്തം സവൃദ്ധികമുഭയം ദാപ്യേത. രാക്ഷസപൈശാചോപഭുക്തം സ്തേയം ദദ്യാത്. ഇതി വിവാഹധർമഃ.

മക്കളെ ഭരിപ്പാനും മകനുടെ ഭാര്യയിനെ ഭരിപ്പാനും ഭർത്താവു വിയം കാണാതെ ദേശാന്തരത്തുപോയെടത്തും അതു കൊ[2]ണ്ടെഴിക്കമതിനു ദോഷമല്ല. പ്രതിരോധകരാവോർ വന്നു പീഡിക്കുമവരും വ്യാധിദുർഭിക്ഷഭയംകളും പ്രസിദ്ധംകളും. ഇ പ്രതിരോധകരുടെ പ്രതീകാരത്തിനായും ധർമ്മകാര്യാർത്ഥമായും സ്ത്രീധനമഴിച്ചാൽ പുരുഷനു പിഴ ഇല്ല. ഇരുവരുംകൂട അഴിച്ചാൽ പിഴഇല്ലാമ ചൊല്ലിന്റിതു. ഒരാണും പെണ്ണും പിറന്നു ത്രിവർഷോപഭുക്തമായിരുന്ന ബ്രാഹ്മാദിവിവാഹംകൾ നാലിനാലും കൊണ്ട സ്ത്രീധനമഴിച്ചു പിഴ ഇല്ല; ഇരുവരും കൂട അഴിക്കിൽ. ഗാന്ധർവ്വാസുരവിവാഹാദിവഴിമേൽ കൊണ്ട സ്ത്രീധനം വൃത്തിയുമലംകാരവുമായിരുന്നതു ഭർത്താവഴിപ്പോനാകിൽ ചൊലിയോടുകൂട കൊടുക്കക്കടവിയൻ. രാക്ഷസപൈശാചോപഭുക്ത

1. 'ഉ', 2. 'ണ്ടെ' ക. പാഠം.

മായുള്ള സ്ത്രീധനമഴിക്കിൽ കള്ളർപെടും ദണ്ഡം പെടും. എൻറു വിവാഹധൎമ്മം മുടിഞ്ഞിതു. എൻറു ഭർത്താവുള്ളനാൾ സ്ത്രീധനം കൊണ്ടിയംകമാറു.

മൃതേ ഭൎത്തരി ധൎമ്മകാമാ തദാനീമേവാസ്ഥാപ്യാഭരണം ശുല്കശേഷം ച ലഭേത. ലബ്ധ്വാ വാ വിന്ദമാനാ സവൃദ്ധികമുഭയം ദാപ്യേത. കുടുംബകാമാ തു ശ്വശുരപതിദത്തം നിവേശകാലേ ലഭേത. നിവേശകാലം ഹി ദീൎഘപ്രവാസേ വ്യാഖ്യാസ്യാമഃ.

ഭൎത്താവു ചത്തപ്പോൾ ധൎമ്മകാമയായ് അപ്പോഴെ ആഭരണങ്കളും കഴിച്ചുവച്ചു ശുല്കശേഷവും [1]ലാഭിപ്പിതു. അതുകൊണ്ടിട്ടു മറെറാരു ഭൎത്താവിനോടു കൂടുവോളാകിൽ കൊണ്ട വൃത്തിയും ആഭരണവും പൊലിയോടു കൂട കൊടുപ്പിതു. പുത്രകാമയായിട്ടു ദേവരാദികളോടു കൂടുവോളാകിൽ നിവേശകാലത്തു ശ്വശുരനും ഭൎത്താവും കൊടുത്തതു കൊള്ളാം. നിവേശകാലം ദീൎഘപ്രവാസം ചൊല്ലിൻറതെൻറവാറു.

ശ്വശുരപ്രാതിലോമ്യേന വാ നിവിഷ്ടാ ശ്വശുരപതിദത്തം ജീയേത. ജ്ഞാതിഹസ്താദഭിമൃഷ്ടായാ ജ്ഞാതയോ യഥാഗൃഹീതം ദദ്യുഃ.

ശ്വശുരപതികളം വാസിച്ചവണ്ണമൻറിയെ ഭൎത്താവിനോടു കൂടുവോളാകിൽ ശ്വശുരപതികൾകൊടുത്തതവൎക്കേ കൊടുക്ക കടവിതു. ചാൎന്നവരുടെ ദേശത്തുക്കരച്ചെയ്തെ മറെറാരു ഭൎത്താവു കൂട്ടിക്കൊൾവോനാകിൽ ചാൎന്നവർ ഭൎത്താവിനും ശ്വശുരനും കൊണ്ടതു കൊടുപ്പിതു.

ന്യായോപഗതായാഃ പ്രതിപത്താ സ്ത്രീധനം ഗോപായേത്.

1. ലാഭിപ്പി° ഖ. പാഠം

ന്യായവഴിമേൽ ഉടയവരികളോടു കൂടിയവരുടെ സ്ത്രീധനം കൂടിക്കൊള്ളുന്നവൻ രക്ഷിപ്പീല, താൻ അഴിപ്പീതല്ല എന്റവാദ.

പാരിഭാഷ്യം ഹിന്ദുമാനാ ജീവയാ. ധർമ്മകാമാ ഭുജ്ജീത.

പതിമായമായില്ല ചോറും പുടവയും ഭർത്താവു കൊടുത്താലും. അതു മറ്റൊരു ഭർത്താവിനോടു കൂടുകിൽ കൊടുക്കേണ്ടവിയം. ധർമ്മകാമയായിരിക്കിൽ പതിഭാഷ്യം കൊണ്ടതു താനേ കൊണ്ടാലു മെമയും.

പുത്രാദിഭി ഹിന്ദുമാനാ സ്ത്രീധനം ജിഹ്വയാ. തത്ത്യ സ്ത്രീധനം പുത്രാ ഹരേയു:

മക്കളും പിറന്നപ്പോൾ മറ്റൊരു ഭർത്താവിനോടുകൂടുകിൽ സ്ത്രീധനമില്ലെപ്പില്ല. ആ സ്ത്രീധനം മക്കളും കൊള്ളവില്ല.

പുത്രഭരണാർത്ഥം ഹീന്ദു ഹിന്ദുമാനാ പുത്രാർത്ഥം സ്വാമി കല്പ്യാത്

പുത്രഭരണാർത്ഥമായ് മറ്റൊരു ഭർത്താവിനോടു കൂടുകിൽ ആ സ്ത്രീധനം പുത്രന്മാർക്കായ് പെടുകവില്ല.

ബഹുപുത്രഷുപ്രജാനാം പുത്രാണാം യഥാപിതൃദത്തം സ്ത്രീധനമവസ്ഥാപയേത്.

പല മക്കളേയും പല ഭർത്താക്കന്മാരെയും പെറുകിൽ അവ്വരവാതിരെ കൊണ്ടതു അവ്വരവാ മക്കളെക്കു കൊടുപ്പിതു.

കാമകാരണീയമപി സ്ത്രീധനം ഹിന്ദുമാനാ പുത്രസംസ്ഥം കല്പ്യാത്.

കാമകാരണീയമെൻപിതു താൻ വാങ്ങിച്ചതുതാൻ ചെയ്യാം വണ്ണമുള്ള സ്ത്രീധനവും മറ്റൊരു ഭർത്താവിനോടുകൂടുകിൽ പുത്രനേ കൊടുപ്പിതു.

1. 'ഷ്ടിമ കപ'

അപുത്രാ പതിശയനം പാലയന്തീ ഗുരുസമീപേ സ്ത്രീധനം ആ ആയുഃക്ഷയാദ് ഭുഞ്ജീത, ആപദർത്ഥം ഹി സ്ത്രീധനം. ഊർദ്ധ്വം ദായാദം ഗച്ഛേത്.

മക്കളില്ലായ്കിൽ പതിവ്രതയായിട്ടു ഗുരുവിന്റെ സമീപത്തിലിരുന്നു താനുള്ളളവും സ്ത്രീധനംകൊണ്ടുപയോഗിപ്പിതു. എന്തിന്നെന്റാൽ ആപത്തിന്നായ് സ്ത്രീധനമിരിപ്പിതു. അനന്തരം ഭർത്താവിന്റെ ദായാദികൾ കൊൾവിതു.

ജീവതി ഭർത്തരി മൃതായാഃ പുത്രാ ദുഹിതരശ്ച സ്ത്രീധനം വിഭജേരൻ. അപുത്രായാ ദുഹിതരഃ. തദഭാവേ ഭർത്താ.

ഭർത്താവു ജീവിച്ചിരിക്കവെച്ചത്തു താനില്ലാതെപ്പോകിൽ ആൺമക്കളും പെൺമക്കളും പകുത്തിട്ടു കൊൾവിതു. ആൺമക്കളില്ലായ്കിൽ പെൺമക്കൾ കൊൾവിതു. ആൺമക്കളും പെൺമക്കളുമില്ലായ്കിൽ ഭർത്താവുതാനേ കൊൾവിതു.

ശുല്കമന്വാധേയമന്യദ് വാ ബന്ധുഭിർദ്ദത്തം ബാന്ധവാ ഹരേയുഃ.

ധനം മറ്റുള്ള വിവാഹംചെയ്കിലാകിൽ സ്ത്രീധനം ഭർത്താവു കൊള്ളൊല്ലാ. സ്ത്രീയുടെ ബന്ധുക്കൾ കൊൾവിതു. അന്വാധേയമാവിതു പിതാവിനില്ലത്തുനിന്റു കൊണ്ടുവന്നതു. മറ്റുമക്കൾക്കുകൂടി കൊടുത്തതെല്ലാം മക്കളില്ലായ്കിൽ ബന്ധുക്കളെ കൊൾവിതു.

ഇതി സ്ത്രീധനകല്പഃ.

എന്റു സ്ത്രീധനകല്പം ചൊല്ലിതു.

വർഷാണ്യഷ്ടാവപ്രജായമാനാമപുത്രാം വന്ധ്യാം ചാകാങ്ക്ഷേത, ദശ വിനിന്ദും, ദ്വാദശ കന്യാപ്രസവിനീം

ഇനി ഇരണ്ടാം വിവാഹം ചെയ്‌വിതു. മക്കൾ പെറ്റിട്ടു പിന്നെ പെറാതവളെയും, വ്യാധ്യാദിദോഷംകൊണ്ടു അപുത്രയായിരിക്കുമവളെയും, മലടിയെയും, എട്ടാണ്ടു പാർപ്പിതു. ചാപിള്ള പെറുമവൾ [illegible]; അവളെപ്പത്താണ്ടു പാർപ്പിതു. പെൺപെറുമവളെ പന്തിരാണ്ടു പാർപ്പിതു.

---

1. 'ൾ പെൺമക്കൾ കൊണ്ടുപോവിതു' ക. പാഠം. 2. 'ദ്' ഖ. പാഠം. 3. 'തക്ക' എന്നു വ്യാഖ്യാനപാഠം. 4. 'ഞാ' ക. പാഠം.

യദി പുത്രാർത്ഥിനി ദ്വിതീയാം വിന്ദേത. അന്യഥാതിക്രമേ ശുല്കം സ്ത്രീധനമർദ്ധം ചാധിവേദനികം ദദ്യാത്. *ചതുർവ്വിംശതിപണ്ണാപരം ച ദണ്ഡം.

പിന്നെ പുത്രാർത്ഥിയാകിൽ രണ്ടാം വിവാഹം ചെയ്യിതു. ഇച്ചൊന്ന കാലമതിക്രമിക്കിൽ മുന്നം ശുല്കവും സ്ത്രീധനവും കൊടുത്തു രണ്ടാം വിവാഹം ചെയ്യിന്നതിന്നായും കൊടുക്കതിപ്പാതി കൊടുപ്പിതു.

ശുല്കം സ്ത്രീധനമശുല്കസ്ത്രീധനായാസ്തത്പ്രമാണമാധിവേദനികമനുരൂപാം ച വൃത്തിം ദത്വാ ബഹ്വീരപി വിന്ദേത. പുത്രാർത്ഥാ ഹി സ്ത്രിയഃ.

ശുല്കവും സ്ത്രീധനവും കൊടുത്തു അതില്ലാത്തവൾക്കു രണ്ടാം വിവാഹം ചെയ്യിന്നതിന്നു ശുല്കസ്ത്രീധനങ്ങളുവും കൊടുപ്പിതു ചെയ്യു [illegible] വിവാഹത്തിന്നു തക്കവണ്ണം വൃത്തിമനോപായവും കൊടുത്തു പലരെ വിവാഹം ചെയ്താലും പിഴയില്ല; പുത്രനിമിത്തം സ്ത്രീകളാകിന്റതാകയാൽ.

തീർത്ഥസമവായേ ചൈഷാം യഥാവിവാഹം പൂർവ്വോഢാം ജീവത്പുത്രാം വാ പൂർവ്വം ഗച്ഛേത്.

തീർത്ഥസമവായത്തെ എന്റവാറു – ഇച്ചൊന്ന സ്ത്രീകൾ പലരൊരുനാളെ ഋതുസ്നാതകളാകിൽ വിവാഹത്തിന്റെ തരമവാറു മുന്നം ചെയ്‌വിതു. എന്റവാറു ജ്ഞാതിവിവാഹമുടയവളെ മുന്നം ഗമിപ്പിതു. വിവാഹമെല്ലാക്കും ഒ............വിവാഹത്തെയുള്ളവളെ മുന്നം ഗമിപ്പിതു. എല്ലാരിലും ജീവപുത്രയായുള്ളവൾ [1]പൊകൽ മുന്നം ചെയ്‌വിതു.

തീർത്ഥഗൂഹനാഗമനേ ഷണ്ണവതിർദ്ദണ്ഡഃ. പുത്രവതീം ധർമ്മകാമാം വന്ധ്യാം നിന്ദും നീരജസ്കാം വാ നാകാമാമുപേയാത്, ന ചാകാമഃ പുരുഷഃ. കുഷ്ഠിനീമുന്മത്താം വാ ന ഗച്ഛേത്. സ്ത്രീ തു പുത്രാർത്ഥമേവംഭൂതം വോപഗച്ഛേത്.

1. 'പൊകിൽ മു' ക.

* ഈ വാക്യത്തിന് മാതൃകയിൽ വ്യാഖ്യാനം കാണുന്നില്ല.

തീർത്ഥമൊഴികളിലും അൻറു ഭർത്താവിനിടെക്കിച്ചെല്ലാതൊഴികിൽ തൊണ്ണൂറാറുപണം ദണ്ഡം. പുത്രവതീം എൻറവാറു- യോഗ്യരായുള്ള പുത്രരെ ഉടയവളെൻറവാറു. ധർമ്മകാമയായുള്ളവരം പുത്രകാമാർത്ഥമായ് കൃതോപവാസയായിരിക്കുമവരം. വന്ധ്യ മലടി. തിന്ദുപാപിള്ളപെറുമവരം. നിരജസ്സ തിണ്ടായിരിക്കമാറിയവരം. ഇവരെല്ലാം അകാമകളാകിലും പുരുഷൻ അകാമനാകിലും ചെല്ലലാകാ. കുഷ്ഠിനിയായുള്ളവളേയും ഉന്മത്തയേയും ചെല്ലലാകാ. പുരുഷനുന്മത്തനാകിലും കുഷ്ഠിയാകിലും പുത്രാർത്ഥമായ് സ്ത്രീ ചെല്ലപ്പെറാ.

നീചഃ പാപഃ പരദേശഗതഃ പ്രസഭോ രാജകില്ബിഷീ
പ്രാണാഭിഹന്താ[1] പതിതസ്ത്യാജ്യഃ ക്ലീബോപി വാ പതിഃ.

ശ്ലോകാർത്ഥമാവിതു:— നീചത്തിനെച്ചെയ്യുന്നവനും, വിദേശത്തിനു പോയവനും, രാജകില്ബിഷീ=പൂർവജാതി രാജപുരോഹിതനും, രാജാവിനോടു പ്രതിഗ്രഹം കൊള്ളുമവനും, രാജ്യദ്രോഹം ചെയ്തവനും ഇവരൊക്കെയും; പ്രാണാതിപാതമാവാൻ കുലകൊല്ലുമവൻ, പതിതൻ പാതകംചെയ്തവൻ, ക്ലീബനാമവൻ നപുംസകൻ, ഇവൎച്ചൊന്ന ഭർത്താക്കളെ ത്യജിപ്പിതു. സൂത്രം മുടിയാതെ വിവാഹസംസ്കാരത്തിൽ വിവാഹധർമ്മവും സ്ത്രീധനകല്പനമൊവോ ഇനകാലവും ത്യാജ്യരേയുമത്യാജ്യരേയും ചൊല്ലിതു. ധർമ്മസ്ഥാനത്തിൽ രണ്ടാമദ്ധ്യായവും മുടിഞ്ഞിതു

ഇതി [illegible] ധർമ്മശാസ്ത്രം [illegible]
[illegible] വിവാഹസംസ്കാര വിവാഹധർമ്മ
സ്ത്രീധനകല്പന [illegible]
[illegible]

---

1. പ്രാണാതിപാത [illegible]

൫൯. പ്രക. വിവാഹസംയുക്തം.

ശുശ്രൂഷാഭർമ്മപാതക്യദേഹഘാതിപാലോപകാരവ്യാഹാരപ്രതിഷേധശ്ച.

വിവാഹസംയുക്തത്തിലെ രണ്ടാമദ്ധ്യായം ചൊല്ലിന്റതു.

സംബന്ധമാവിതു കിഴ; അദ്ധ്യായത്തിൽ വിവാഹവും സ്ത്രീധനാദികളും ചൊല്ലീതു. ഇപ്പോൾ ചൊല്ലാതെ ഇതുതന്നെ വ്യവഹാരകാലഭർമ്മപാതക്യാദിപാലാദികൾ ചൊല്ലിൻറിതെൻപിതു സംബന്ധം.

ദ്വാദശവർഷാ സ്ത്രീ പ്രാപ്തവ്യവഹാരാ ഭവതി ഷോഡശവർഷഃ പുമാൻ. അത ഊർദ്ധ്വമശുശ്രൂഷായാം ദ്വാദശപണഃ സ്ത്രിയാ ദണ്ഡഃ പുംസോ ദ്വിഗുണഃ.

പന്തിരണ്ടു വയസ്സു സ്ത്രീ വ്യവഹാരയോഗ്യയാം; പതിനാറു വയസ്സു പുരുഷനും വ്യവഹാരയോഗ്യനാം. ആ കാലമതിക്രമിച്ചു സ്ത്രീ ശുശ്രൂഷിയാകിൽ പന്തിരണ്ടു പണം ദണ്ഡം. പുരുഷന്നു ഇരുപത്തിനാലു പണം ദണ്ഡം.

ഭർമ്മണ്യായാമനിർദ്ദിഷ്ടകാലായാം ഗ്രാസാച്ഛാദനം വാധികം യഥാപുരുഷപരിവാപം സവിശേഷം വാ ദദ്യാത്. നിർദ്ദിഷ്ടകാലായാം തദേവ സംഖ്യായ ബന്ധം ച ദദ്യാത്. ശുല്കസ്ത്രീധനാധിവേദനികാനാമനാദാനേ ച.

ഭർമ്മണ്യായാമനിർദ്ദിഷ്ടകാലായാമെന്നതാവതു—കുടുംബഭരണത്തിങ്കൽ നിയുക്തയായ്, ഇന്നിത്തനാൾ ധനം കൊണ്ടിന്നിത്തന വില്ക്കേചെയ്യുവെന്റു കാലനിർദ്ദേശമിൻറിയേ ഇരിക്കുമവൾക്കു ചോറു കുറയുമ്പോൾ കുറവു വാരാതെ അവളിരുന്നു ഇടുംകിൻറ ജനത്തിനു ഉപകരണങ്ങൾക്കു വേണ്ടുമളവു മനക്കണക്കു കണ്ടു ഏറ്റൂറക്കൊടുപ്പിതു. നിർദ്ദിഷ്ടകാലമായിരിപ്പോളാകിൽ അവളെണ്ണളവു കണക്കുകണ്ടു കൊടുപ്പിതു. വിവാദമെയ്യിൽ ബന്ധവും കൊടുപ്പിതു. ബന്ധമാവിതു സാധ്യദ്രവ്യത്തിലൊന്റു താനോറക്കൊടുപ്പിതു, പത്തൊന്റു താൻ കൊടുപ്പിതു. ശുല്കസ്ത്രീധനാധിവേദനികങ്ങൾ

1. 'ഷിൽ', 2. 'ഞ്ഞി' ക.

കൊടാതൊഴികിലും ബന്ധം കൊടുക്കവേണ്ടും പിശകകിൽ. അധ്യാപവാഹനികമായിട്ടുള്ളതാം വിവാഹം ചെയ്യുമ്പോൾ കൊടുക്കരുതു. ബന്ധമാവിതു—ചൊലി അപവാദം.

ശുശ്രൂഷകപ്രാപിതയായും പരിഭക്തയായും വാ നാരി രയുഷേക്ക് പാതിര, ഇതി ഭർമ്മ.

ശുശ്രൂഷാതിലംഘിക്കിലും അവൻ്റെ ഭക്തയായ്ക്കു കുറിപ്പിടന്നാളും ശുശ്രൂഷിക്കും തിരവിനെ വരേണ്ടല്ലാ എന്റു. ഭർത്താവിധാനം ചൊല്ലിതു.

നഗ്നേ! വിനഗ്നേ! ന്യംഗേ! അപിതൃകേ! അമാതൃകേ! ഇത്യനിർദ്ദേശേന വിനയഗ്രഹണം. വേണുദലരജ്ജുഹസ്താനാമന്യതമേന വാ പൃഷ്ഠേ ത്രിരാഘാതഃ, തസ്യാതിക്രമേ വാഗ്ദണ്ഡപാരുഷ്യദണ്ഡാഭ്യാമർദ്ധദണ്ഡഃ.

തദേവ സ്ത്രിയാ ഭർത്തരി പ്രസിദ്ധദോഷായാഃ ഈർഷ്യയാ ബാഹ്യവിഹാരേഷു ദ്വാരേഷ്വത്യയോ യഥാനിർദ്ദിഷ്ടഃ. ഇതി പാരുഷ്യം.

ഇനി പാരുഷ്യം ചൊല്ലിന്റിതു. നഗ്നിച്ചവളോ വിനഗ്നിച്ചവളോ ന്യംഗയോ താതനില്ലാത്തോളേ തള്ളയില്ലാത്തോളേ എന്റിപ്പുതൽകളും ചൊല്ലാതെ വാക്പാരുഷ്യം ചൊല്ലി വിനയം ചെയ്തിതു. ദണ്ഡപാരുഷ്യവും മുളം ചൊലിതാൻ, കയിറുതാൻ കൈ താൻ കൊണ്ടു മൂന്റുരുടെ പുറത്തേറ്റവിതു. ഇച്ചൊന്ന വാക്പാരുഷ്യമതിക്രമിക്കിലും ദണ്ഡപാരുഷ്യമതിക്രമിക്കിലും കീഴ്ച്ചൊന്ന വാക്പാരുഷ്യദണ്ഡങ്ങളിൽ പാതി ദണ്ഡം വയ്ക്കപ്പെടുവിതു. ഇച്ചൊന്ന ദണ്ഡമേ ഭർത്താവു വേശ്യാദികളിൽ ഗമിച്ചുള്ള ചൊറാമയാൽ ചൊല്ലി കീഴ്ച്ചൊന്ന വാക്പാരുഷ്യം ചൊന്ന ഇവൻ്റിലെ അനവട്ടിക്കിൽ സംപൂർണ്ണദണ്ഡം വേണ്ടുമെൻ്റു. പാരുഷ്യം ചൊല്ലിതു.

ഭർത്താരം ദ്വിഷതീ സ്ത്രീ സപ്താർത്തവാന്യമണ്ഡയമാനാ തദാനീമേവ സ്ഥാപ്യാഭരണം നിധായ ഭർത്താരമന്യയാ സഹ ശയാനമനുശയീത.

ഭിക്ഷുക്യന്വാധിജ്ഞാതികുലാനാമന്യതമേ വാ ഭർത്താ ദ്വിഷൻ സ്ത്രിയമേകാമനുശയീത.

1. നഗ്നേ! വിനഗ്നേ! എന്നു പാഠാന്തരം.

ദോഷം ചൊല്ലിൻറിതു. ഭൎത്താവിനെ ദ്വേഷിക്കിൽ സ്ത്രീയെ എഴു തിട്ടം പോമളവു പാൎപ്പിതു അലംകരിയാതെ ഒഴിവോളാകിൽ. അലംകരിപ്പോളാകിൽ അവൻറെ തന്നുടെ സ്ത്രീധനമുമാഭരണമും വച്ചു ഭൎത്താവു മറെറാരുത്തിയോടുകിടക്കയ്ച്ചെതെ അരികെ കീഴെതരിത്തിലികിടപ്പിതു. ഭൎത്താവു ഭാൎയ്യയെ ദ്വേഷിപ്പോനാകിൽ ഭിക്ഷുകിയുടയ ഇല്ലത്തുതാൻ അഷ്ഠാധി അയവോൻ സ്ത്രീധനത്തുക്ക പുണയായിരിക്കുമവൻ ഇല്ലത്തുതാൻ അൻറിയെ വെപ്പിന്നു ചാൎന്നവരളില്ലത്തുതാൻ ഒരു സ്ത്രീയുടനെ കിടപ്പിതു.

ദൃഷ്ടലിംഗേ മൈഥുനാപഹാരേ സവർണാപസൎപ്പോപഗമേ വാ മിഥ്യാവാദീ ദ്വാദശപണം ദദ്യാത്.

അമോക്ഷ്യാ ഭർത്തുരകാമസ്യ ദ്വിഷതീ ഭാര്യാ ഭാര്യായാശ്ച ഭർത്താ പരസ്പരം ദ്വേഷാന്മോക്ഷഃ.

അവനവളോടു സംബന്ധം ചെയ്യുതിന്നടയാളം ഉണ്ടായിരിക്കചെയ്യെ ഇല്ല എൻറു മറെപ്പോനാകിലും, സംവഞ്ചന എൻറവാറു തോഴി മറ്റൊ അറിവോളാകിലും, ഇവൻ വല്ലസം പറഞ്ഞതിന്നു പന്തിരണ്ടു പണം ദണ്ഡം വയ്പിതു. ഭൎത്താവിന്നു സ്നേഹമില്ല എൻറു ഭാൎയ്യയെ വിടൊല്ലാ. ഭാൎയ്യവു തനക്കു സ്നേഹമില്ലായ്കിൽ ഭൎത്താവിനെ വിട്ടുപോകയൊല്ല. പരസ്പരം ദ്വേഷിക്കിൽ വിട്ടാലുമമയും

സ്ത്രീവിപ്രകാരാദ് വാ പുരുഷശ്ചേൻമോക്ഷമിച്ഛേത് യഥാഗൃഹീതമസ്യൈ ദദ്യാത്. പുരുഷവിപ്രകാരാദ് വാ സ്ത്രീ ചേൻമോക്ഷമിച്ഛേത്, നാസ്യൈ യഥാഗൃഹീതം ദദ്യാത്. അമോക്ഷോ ധർമവിവാഹാനാം. ഇതി ദോഷഃ.

സ്ത്രീ അപരാധം ചെയ്താളെൻറിട്ടു പുരുഷൻ ത്യ(ജി?)ച്ചു വിട്ടുവോനാകിൽ സ്ത്രീയുടെ കൊണ്ടതു കൊടുത്തുവിടുവിതു. പുരുഷൻറെ അപരാധംവഴിമേൽ സ്ത്രീ പുരുഷനെ വിടുവാൻ നിനെക്കിൽ സ്ത്രീയുടെ കൊണ്ടതു പുരുഷൻ കൊടുക്കവേണ്ടാ. ധൎമ്മമായുള്ള വിവാഹങ്ങളിൽ കൈവിടില്ലാ. എൻറു ദോഷം ചൊല്ലീതു.

പ്രതിഷിദ്ധാ സ്ത്രീ ദർപമദ്യക്രീഡായാം ത്രിപണം ദണ്ഡം ദദ്യാത്. ദിവാ സ്ത്രീപ്രേക്ഷാവിഹാരഗമനേ ഷട്പണോ ദണ്ഡഃ. പുരുഷപ്രേക്ഷാവിഹാരഗമനേ ദ്വാദശപണഃ. രാത്രൗ ദ്വിഗുണഃ.

അതിചാരം ചൊല്ലിനിറ്റിതു. വിലക്കപ്പെട്ടതെ സ്ത്രീ ദർപ്പക്രീഡയ്ക്കും മദ്യക്രീഡയ്ക്കും പോകിൽ മൂന്നുപണം ദണ്ഡം. പകലെ സ്ത്രീകളും കൂത്താട്ടമെടുത്തും സ്ത്രീകളുദ്യാനത്തിനുപോമെടുത്തും വിലക്കപ്പെട്ടതെ പോകിൽ ആറുപണം ദണ്ഡം. പുരുഷൻ കൂത്താട്ടമെടുത്തും പുരുഷവിഹാരവനവീഥികളിൽ ക്രീഡയിലിറ്റിൽ വിലക്കപ്പെട്ടതെ പോകിൽ പന്ത്രണ്ടുപണത്തിലിരട്ടി ദണ്ഡം. ഇരാപ്പോകിലിരട്ടമടങ്ക.

സുപ്താമത്തപ്രവ്രജനേ ഭർത്തുരദാനേ ച ദ്വാരസ്യ ദ്വാദശപണഃ. രാത്രൗ നിഷ്കസനേ ദ്വിഗുണഃ.

ഭർത്താവു ഉറങ്കപ്പെട്ടതെയും മദിച്ചിരിക്കപ്പെട്ടതെയും ഇല്ലത്തുനിന്റു പുറപ്പെട്ടുപോളാകിലും ഭർത്താവു വരുംപോൾ വാതിലടച്ചുകൊണ്ടിരിക്കിലും പന്തിരണ്ടുപണം ദണ്ഡം. ഇരാവാകിലിരട്ടമടങ്ക.

സ്ത്രീപുംസയോർമ്മൈഥുനാർത്ഥേഽങ്ഗവിചേഷ്ടായാം രഹസ്യശ്ലീലസംഭാഷായാം വാ ചതുർവിംശതിപണഃ സ്ത്രിയാഃ ദണ്ഡഃ, പുംസോ ദ്വിഗുണഃ. കേശനീവീദന്തനഖാലംബനേഷു പൂർവഃ സാഹസദണ്ഡഃ, പുംസോ ദ്വിഗുണഃ.

സ്ത്രീപുരുഷന്മാർ സംബന്ധാർത്ഥമായി അങ്ഗവിചേഷ്ടികൾ ചെയ്യിലും രഹസ്യത്തിങ്കൽ അസഭ്യങ്ങൾ പറകിലുമിരുപത്തിനാലുപണം ദണ്ഡം സ്ത്രീക്ക. പുരുഷന്നിരട്ടം. തലമയിർ പിടിക്കിലും നീവി പിടിക്കിലും ദന്തക്ഷതം ചെയ്യിലും സ്ത്രീക്ക പൂർവ്വം സാഹസദണ്ഡം, പുരുഷനു ഇരട്ടമടങ്ക.

ശങ്കിതസ്ഥാനേ സംഭാഷായാം ച പണസ്ഥാനേ ശിഫാദണ്ഡഃ. സ്ത്രീണാം ഗ്രാമമധ്യേ ചണ്ഡാലഃ പക്ഷാന്തരേ പഞ്ചശിഫാ ദദ്യാത്. പണികം വാ പ്രഹാരം മോക്ഷയേത്. ഇത്യതിചാരഃ.

ശങ്കിതമായിരിക്കുന്ന സ്ഥാനത്തിങ്കൽ സംഭാഷണമാത്രത്താലെ സ്ത്രീകൾക്ക് ഓരോ പണത്തിനുടയ സ്ഥാനത്തിങ്കൽ ഓരോ ശിഫാപ്രഹാരം ദണ്ഡം. എല്ലാരും കാണ്കെ ഗ്രാമത്തിന്നടുവിൽ സ്ത്രീക്ക

പണ്ഡാളൻ ഒരോ പക്ഷത്തിൽ ഒരെട്ടുതു ശിപായിപ്രകാരങ്ങൾ ചെയ്തില്ല. അപരാധം മൂടിയുമല്ലവു. അൻറിയെ ഒരുപ്രകാരത്തിന്ന ഒരു പണം കൊടുത്തിട്ട വിടുവിച്ചുകൊണ്ടാലുമമയും എൻറു അതിചാരം ചൊല്ലീല.

പ്രതിഷിദ്ധയോഃ സ്ത്രീപുംസയോരന്യോന്യോപകാരേ ക്ഷുദ്രകദ്രവ്യാണാം ദ്വാദശപണോ ദണ്ഡഃ. സ്ഥൂലകദ്രവ്യാണാം ചതുർവിംശതിപണഃ, ഹിരണ്യസുവർണ്ണയോശ്ചതുഷ്പഞ്ചാശത്പണഃ സ്ത്രിയാഃ. ദണ്ഡഃ പുംസോ ദ്വിഗുണഃ. ത ഏവാഗമ്യയോരർദ്ധദണ്ഡാഃ.

തഥാ പ്രതിഷിദ്ധപുരുഷവ്യവഹാരേഷു ച. ഇതി പ്രതിഷേധഃ.

ഇനി ഉപകാരത്തെച്ചൊല്ലുന്നിതു. പ്രതിഷിദ്ധരായിരുന്ന സ്ത്രീപുരുഷന്മാർ എളിയ സുഗന്ധലേപനാദികൾ കൊടുത്തു അന്യോന്യമുപകരിപ്പോരാകിൽ പന്തിരണ്ടുപണം ദണ്ഡം. വസ്ത്രാഭരണ ചന്ദനാഗരുസ്ഥൂലദ്രവ്യങ്ങൾ കൊടുത്തു ഉപകരിക്കിലിരുപത്തിനാലുപണം ദണ്ഡം. ഹിരണ്യംതാൻ സുവർണ്ണംതാൻ കൊടുത്തു ഉപകരിക്കിൽ ഐമ്പത്തുനാലു പണം ദണ്ഡം (സ്ത്രീക്കു), പുരുഷന്ന ഇതരട്ടിക്ക ദണ്ഡം. ഇച്ചൊന്ന ദണ്ഡമെ പാതിയാവിതു അഗമ്യസ്ത്രീകളും പുരുഷരും വിലക്കപ്പെട്ടതെ കൊടുക്കിൽ. അഗമ്യരാവോർ-ഭ്രാതൃഭഗിന്യാദികൾ. അപ്പണ്ണം പ്രതിഷിദ്ധപുരുഷവ്യവഹാരങ്ങളിലുമിത്തനമയ ദണ്ഡം. എൻറവാറു കൊള്ളുതട വിലക്കപ്പെട്ടവരല്ലാൽ(?)

രാജദ്വിഷ്ടാതിചാരാഭ്യാമാത്മാപക്രമണേന ച
സ്ത്രീധനാനീതശുല്കാനാമസ്വാമ്യം ജായതേ സ്ത്രിയാഃ.

ഇതി കൌടലീയേ മർത്ഥശാസ്ത്രേ ധർമ്മസ്ഥീയേ തൃതീയാധികരണേ തൃതീയോഽധ്യായഃ, വിവാഹസംയുക്തേ ശുശ്രൂഷാഭർമ്മപാരുഷ്യദ്വേഷാതിചാരോപകാരവ്യവഹാരപ്രതിഷേധാശ്ച, ആദിതഃ ഷഷ്ടിതമഃ.

രാജദ്വിഷ്ടാതിചാരാഭ്യാമാത്മാപക്രമണേന ച
സ്ത്രീധനാനീതശുല്കാനാമസ്വാമ്യം ജായതേ സ്ത്രിയാഃ

ശ്ലോകാർത്ഥമാവിതു. രാജദ്വിഷ്ടങ്ങൾ പറകിലും, അതിചാരമാവിതു ദർപ്പമദ്യക്രീഡാദിഗമനങ്ങൾ ചെയ്കിൽ ആത്മാപക്രമണമാവിതു ഭർത്താവിനെ കടക്കിലും, സ്ത്രീധനത്തുക്കും പിതൃഗൃഹാ

ത്തിൽ നിന്നു ആനീതമായ ധനങ്ങളുടെയും ശുല്ക്കത്തിന്നും സ്ത്രീക്ക സ്വാമ്യം വിട്ടും സ്ത്രീക്കു തുല്യയാം. എന്നു വിവാഹസംയുക്തത്തിൽ [1]രണ്ടാമദ്ധ്യായം മുടിഞ്ഞിതു.

---

(3)ൻ. പ്രക. വിവാഹസംയുക്തം—നിഷ്പതനം പഥ്യനുസരണം ഹ്രസ്വപ്രവാസഃ ദീർഘപ്രവാസശ്ച.

വിവാഹസംയുക്തത്തിലെ മൂന്നാമദ്ധ്യായം ചൊല്ലിന്റിതു. അദ്ധ്യായസംബന്ധമാവിതു—

രാജദ്വിഷ്ടാതിചാരാഭ്യാമാത്മാപക്രമണേന ച.

എന്നു ആത്മാപക്രമണത്തെ ചൊല്ലീതു. നിവേശകാലം ദീർഘപ്രവാസം ചൊല്ലുമെടത്തു ചൊല്ലുവിതെന്നു കീഴ്ച്ചൊല്ലീതു. അവിരണ്ടും ചൊല്ലുവാനായിക്കൊണ്ടു ഇവദ്ധ്യായം ചൊല്ലിന്റിതു.

പതികുലാന്നിഷ്പതിതായാഃ സ്ത്രിയാഃ ഷട്പണോ ദണ്ഡോ/ന്യത്ര വിപ്രകാരാത്. പ്രതിഷിദ്ധായാം ദ്വാദശപണഃ. [2]പ്രാതിവേശ്യഗൃഹാതിഗതായാഃ ഷട്പണഃ.

പതിഗൃഹത്തിൽ നിന്നു പ്രാപ്തവ്യവഹാരയായുള്ള സ്ത്രീ പുറപ്പെട്ടു പോകിൽ ആറുപണം ദണ്ഡം, പതി ആട്ടുവിലും തകർപ്പിലും ചെയ്യാതെ. വിലക്കപ്പെട്ടതെ പോകിൽ പന്തിരണ്ടു പണം ദണ്ഡം.

പ്രാതിവേശികഭിക്ഷുകവൈദേഹകാനാമവകാശഭിക്ഷാപണ്യദാനേ ദ്വാദശപണോ ദണ്ഡഃ, പ്രതിഷിദ്ധാനാം പൂർവ്വഃ സാഹസദണ്ഡഃ. പരഗൃഹാതിഗതായാശ്ചതുർവിംശതിപണഃ.

അയലില്ലത്തുള്ളവനും, ഭിക്ഷുകനും —. അവനാവോൻ വൃത്തഹീനനായിരിക്കും പാഷണ്ഡി, വൈദേഹകൻ ഉച്ചവണിക്, ഇച്ചൊന്നവരും തങ്ങളില്ലത്തു പുകവോട്ടാരാകിലും ഭിക്ഷ കൊടുപ്പോരാകിലും പണ്യംകൾ കൊടുക്കിലും ഇവരെക്ക പന്തിരണ്ടു പണം ദണ്ഡം. വിലക്കപ്പെട്ടതെ കൊടുക്കിൽ പൂർവ്വം സാഹസദണ്ഡം. അയലില്ലം കടിഞ്ഞു മറ്റൊരില്ലത്തു പോവോളാകിൽ ഇരുപത്തുനാലു പണം ദണ്ഡം.

1 [illegible]
2 'ഇവ [illegible] കാണുന്നില്ല'.

പാരാശയ്യാവകാശദാനേ ശക്യോ ദണ്ഡഃ, ന്യൂത്രാപദ്ഭ്യഃ. വാരണാജ്ഞാനായാർനിർദ്ദോഷഃ.

പൂമതിയയിൻറവരനെ(?) ആറുപണം ദണ്ഡം, ആപത്തിലൻറി. വിലക്കപ്പെട്ടതു പൂകിലും അറിയാതെ പൂകിലും ഇല്ലമെയതെ ദോഷമില്ല.

പതിവിപ്രകാരാത പതിജ്ഞാതിസുഖാവസ്ഥഗ്രാമികാന്വാധിഭിക്ഷുകീജ്ഞാതികുലാനാമന്യതമമപുരുഷം ഗന്തുമദോഷ ഇത്യാചാര്യാഃ.

ഭർത്താവു തകൎത്തു ഒട്ടിയതു നിമിത്തമായ് പതിയുടെ ചാൎന്നോരില്ലത്തും സുഖാവസ്ഥനാവോൻ വിവാഹത്തുക്ക പുണൊപ്പട്ടവൻ, ഗ്രാമികനാവോൻ ഗ്രാമമഹത്തമൻ, അന്വാധിയാവോൻ സ്ത്രീധനത്തുക്ക പുണൊപ്പട്ടവൻ, ഭിക്ഷുകി ശാന്തയാവുള്ളു ചെയ്യു ശുശ്രൂഷാവ്യവഹാരിയാ ഇരിക്കും ബ്രാഹ്മണി, ജ്ഞാതി ആവോർ തനക്ക ചാൎന്നവരും, ഇവ ച്ചൊന്നവരുടെയ പുരുഷവർജ്ജമാ ഇരിക്കുമെടത്തു ചെല്ലുമതു ദോഷമില്ല എൻറാചാര്യന്മാർ പക്ഷം.

സപുരുഷം വാ ജ്ഞാതികുലം. കുതോ ഹി സാധ്വീജനസ്യ ഛലം, സുഖമേതദവബോദ്ധും ഇതി കൌടല്യഃ.

ജ്ഞാതികുലം സപുരുഷമായിരിക്കിലും ചെല്ലപ്പുറവുമെൻറു കൌടില്യൻ പക്ഷം. എന്തിനെന്നാൽ സാദ്ധ്വിയായുള്ള സ്ത്രീജനത്തിന്ന ഛലമില്ലയാകിൻറമയാൽ. ഛലമാവിതു—വ്യഭിചാരദോഷം. ദോഷജാതം സാദ്ധ്വിജനത്തിനുടെ ഭർത്താവിനുമാക്കം ഗ്രഹിപ്പാനെളിതെമ്പിതു വാക്യശേഷം. ഇതു കൌടല്യൻ പക്ഷം.

പ്രേതവ്യാധിവ്യസനഗർഭനിമിത്തമപ്രതിഷിദ്ധമേവ ജ്ഞാതികുലഗമനം.

പ്രേതനിമിത്തം എൻറവാറു. ചാവു നിമിത്തമായും വ്യാധി നിമിത്തമായും വ്യസനനിമിത്തമായും ചാൎന്നവരില്ലത്തുക്ക പോമതു പിഴ ഇല്ല.

തന്നിമിത്തം വാരയതോ ദ്വാദശപണോ ദണ്ഡഃ. തത്രാപി ഗൂഹമാനാ സ്ത്രീധനം ജീയേത, ജ്ഞാതയോ വാ ഛാദയന്തഃ ശുല്കശേഷം. ഇതി നിഷ്പതനം.

ഇവററിന്നിമിത്തം പോകിൻറവളെച്ചെയ്കിൽ ഭർത്താവു പന്ത്രണ്ടുപണം ദണ്ഡം കൊൾവിതു. ചാൻറവളില്ലപ്പോക്കെ ഒരു ഫലം ചൊല്ലി ഒളിച്ചിരിപ്പോളാകിൽ സ്ത്രീധനം ഭർത്താവു കൊള്ളപ്പെറും. ചാൻറവരാം ഒളിച്ചുകൊണ്ടിരിപ്പോരാകിൽ ശുല്കശേഷം ചാൻറവരാം പിഴക്കവിതു. എൻറു നിഷ്പതനം ചൊല്ലീതു.

പതികുലാന്നിഷ്പത്യ ഗ്രാമാന്തരഗമനേ ദ്വാദശപണോ ദണ്ഡഃ സ്ഥാപ്യാഭരണലോപശ്ച. ഗമ്യേന വാ പുംസാ സഹപ്രസ്ഥാനേ ചതുർവിംശതിപണഃ, സർവധർമ്മലോപശ്ച അന്യത്ര ഭർമ്മദാനതീർത്ഥഗമനാഭ്യാം. പുംസഃ പൂർവഃ സാഹസദണ്ഡഃ തുല്യശ്രേയസഃ, പാപീയസോ മധ്യമഃ. ബന്ധുരദണ്ഡ്യഃ. പ്രതിഷേധേഽർദ്ധദണ്ഡഃ.

ഇനി ഗമനം ചൊല്ലിൻറിതു. പതിഗൃഹത്തിൽ നിൻറു ഗ്രാമാന്തരത്തിനു പോകിൽ പന്തിരണ്ടുപണം ദണ്ഡം, സ്ത്രീധനമുമാഭരണമും പിഴക്കവിതു. ഗമ്യനായുള്ള പുരുഷനോടുകൂടപ്പോകിൽ ഇരുപത്തിനാലുപണം ദണ്ഡം. പണ്ടെയുള്ളതാരിധർമ്മങ്ങളുമൊഴിവിതു. ഭർമ്മദാനത്തിനു താൻ തീർത്ഥഗമനത്തിനു താൻ കൂടിപ്പോയാൽ പിഴ ഇല്ല. തീർത്ഥഗമനം ഗുരുഗമനമെൻറവാറു. അല്ലാതെയെടുത്തു പോകിൽ പുരുഷനു പൂർവ്വം സാഹസദണ്ഡം തുല്യജാതിയനാകിൽ. അധമനു മധ്യമം സാഹസദണ്ഡം. ചാൻറവൻ കൊണ്ടുപോകിൽ ദണ്ഡമില്ല. അവനും ഭർത്താവു വിലക്കതെല്ലുതെ കൊണ്ടുപോകിൽ പാതി ദണ്ഡം.

പഥി വ്യന്തരേ ഗൂഢദേശാഭിഗമനേ മൈഥുനാർത്ഥേന ശങ്കിതപ്രതിഷിദ്ധാഭ്യാം വാ പഥ്യനുസരണേ സംഗ്രഹണം വിദ്യാത്.

വഴിപോമെടുത്തു വഴിവിട്ടകലപ്പോകിലും ഗൂഢമായുള്ള ദേശത്തു പോകിലും മൈഥുനനിമിത്തമെന്നറിക. സംഗ്രഹണം ശങ്കിതനോടും പ്രതിഷിദ്ധനോടും കൂട വഴിപോകിലും സംഗ്രഹണമെന്നറിക. സംഗ്രഹണത്തിൽ ചൊന്ന ദണ്ഡം അതു കന്യാപ്രകർമ്മത്തിൽ ചൊല്ലും. സ്ത്രീകൾക്കു കർണ്ണനാസാച്ഛേദനമും പുരുഷനു വധമും.

താലാവചരചാരണമത്സ്യബന്ധകലുബ്ധകഗോപാലകശൌണ്ഡികാനാമന്യേഷാം ച പ്രസൃഷ്ടസ്ത്രീകാണാം പഥ്യനുസരണമദോഷഃ. പ്രതിഷിദ്ധേ വാ നയതഃ പുംസഃ സ്ത്രിയാ വാ ഗച്ഛന്ത്യാസ്ത്വേവാർദ്ധദണ്ഡാഃ. ഇതി പഥ്യനുസരണം.

താലാവചരർ ശരജജക്രീഡകരായവോർ വേശ്യപർ, ചാരണരായവോർ പാട്ടുമവർ, മത്സ്യബന്ധകരായവോർ അരയന്മാർ, ലുബ്ധകരായവോർ വ്യാധർ, ഗോപാലകർ ഇടയർ, ശൌണ്ഡികർ ഈഴവരെൻറിജ്ജാതി മററും മാലാകാരതാംബൂലികകുവിന്ദാലികൾ തുടങ്ങിയവർ എല്ലാരാത്രികിക്കും അധികൃതരായിരുന്ന കീഴ്ചൊന്നവരുടെ സ്ത്രീകളോടു വഴിയിൽ പോമതു ദോഷമില്ല. അവിടത്തും വിലക്കപ്പെട്ടതെ പോകിൻറവരൾക്കും കൊണ്ടു പോകിൻറവരൾക്കും കീഴ്ചൊന്ന ദണ്ഡത്തിൽ പാതി ദണ്ഡം. എൻറു പഥ്യനുസരണം ചൊല്ലീതു.

ഹ്രസ്വപ്രവാസിനാം ശൂദ്രവൈശ്യക്ഷത്രിയബ്രാഹ്മണാനാം ഭാര്യാഃ സംവത്സരോത്തരം കാലമാകാംക്ഷേരൻ അപ്രജാതാഃ, സംവത്സരാധികം പ്രജാതാഃ, പ്രതിവിഹിതാ ദ്വിഗുണം കാലം. അപ്രതിവിഹിതാഃ സുഖാവസ്ഥാ ബിഭൃയുഃ, പരം ചത്വാരി വർഷാണ്യഷ്ടൌ വാ ജ്ഞാതയഃ. തതോ യഥാദത്തമാദായ പ്രമുഞ്ചേയുഃ.

ഹ്രസ്വപ്രവാസികളെൻറവാറു കടുക വരുവനെൻറു ചൊല്ലി ദേശാന്തരത്തിന്നു പോയ് ശൂദ്രവൈശ്യക്ഷത്രിയബ്രാഹ്മണന്മാരുടെ ഭാര്യകൾ സംവത്സരോത്തരം കാലം പാർപ്പിതെൻറവാറു. ശൂദ്രത്തി ഒരാണ്ടു പാർപ്പിതു, വൈശ്യത്തി രണ്ടാണ്ടു പാർപ്പിതു, ക്ഷത്രിയത്തി മൂവാണ്ടു പാർപ്പിതു, ബ്രാഹ്മണി നാലാണ്ടു പാർപ്പിതു, മക്കൾ പെററില്ലായാകിൽ. മക്കൾ പെററാരാകിൽ ഒരാണ്ടേറ പാർപ്പതു. ഇച്ചൊന്ന കാലാവധി ഭർത്താവു വിത്തം വെയ്യാതെ പോയാൽ സ്ത്രീധനംകൊണ്ടുണ്ടിരിക്കിൽ. വിത്തം വച്ചു പോവോനാകിൽ ഇരട്ടം പാർപ്പിതു. വിത്തം വച്ചു പോകാതെ ഒഴികിൽ സുഖാവസ്ഥർ ഒരിപ്പിതു,

നാലാണ്ടുതാൻ എട്ടാണ്ടു താൻ വള്ളത്തിന്ന തങ്ങവാറു. സുഖാവസ്ഥരായവോർ വിവാഹവ്യവസ്ഥയ്ക്കു [1]പുണ്ണപ്പെട്ടവരാം. ഇച്ചൊല്ലിയ കാലത്തിൽ പിന്നെ ഭർത്താവു കൊടുത്തതുകൊണ്ടു ചാന്നവരാം ദേശത്തുക്കു പോവാൻ നിനെപ്പോളാകിൽ വിട്ടവിള്ളൂ.

ബ്രാഹ്മണമധീയാനം ദശ വർഷാണ്യപ്രജാതാ, ദ്വാദശ പ്രജാതാ. രാജപുരുഷമായുഃക്ഷയാദാകാങ്ക്ഷേത. സവർണ്ണതശ്ച പ്രജാതാ നാപവാദം ലഭേത. കുടുംബർദ്ധിലോപേ വാ സുഖാവസ്ഥൈർവിമുക്താ യഥേഷ്ടം വിന്ദേത ജീവിതാർത്ഥമാപദ്ഗതാ വാ.

ബ്രാഹ്മണൻ ദേശാന്തരത്തു പോയ് കാത്തിരിപ്പനില്ക്കിൽ പെറുതില്ലയാകിൽ പതിറ്റാണ്ടു പാർപ്പിള്ളൂ, പെറ്റാളാകിൽ പന്തീരാണ്ടു പാർപ്പി[3]ള്ളൂ. രാജപുരുഷനായ പോയോനാകിൽ അവനുള്ളളവു പാർപ്പിള്ളൂ. അതിന്മേൽ തന്നോടു സമാനജാതിയന്നു താൻ ഉൽകൃഷ്ടജാതിയന്നു താൻ പിള്ള പെറ്റാൽ അവർക്കു അപവാദമില്ലെന്റവാറു ഗർഭിണി എന്റു ചൊല്ലി ഉണ്ടാർത്ഥ അല്ല. തന്നോടു ചാർന്നോർക്കുപായമില്ലായ്കിലും ചെയ്യു സുഖാവസ്ഥർ താംകൾ ഉരികക്കെടവിയ കാലം ഉരിച്ചു വിട്ടാൽ തനെക്കു വാസിച്ചോരോടു കൂടിയാലമയ്യും. ജീവിതാർത്ഥമായും ആപത്തു കെട്ടപ്പാനായും താൻ വാസിച്ച ഭർത്താക്കന്മാരോടു കൂടിയാലമയ്യും.

ധർമ്മവിവാഹാത് - കുമാരീ പരിഗ്രഹീതാരമനാഖ്യായ പ്രോഷിതമശ്രൂയമാണം സപ്ത തീർത്ഥാന്യാകാങ്ക്ഷേത, സംവത്സരം ശ്രൂയമാണം. ആഖ്യായ പ്രോഷിതമശ്രൂയമാണം പഞ്ച തീർത്ഥാന്യാകാങ്ക്ഷേത, ദശ ശ്രൂയമാണം. ഏകദേശദത്തശുല്കം ത്രീണി തീർത്ഥാന്യശ്രൂയമാണം, ശ്രൂയമാണം സപ്ത തീർത്ഥാന്യാകാങ്ക്ഷേത. ദത്തശുല്കം പഞ്ച തീർത്ഥാന്യശ്രൂയമാണം, ദശ ശ്രൂയമാണം. തതഃ പരം ധർമ്മസ്ഥൈർവിസൃഷ്ടാ യഥേഷ്ടം വിന്ദേത. തീർത്ഥോപരോധോ ഹി ധർമ്മവധ ഇതി കൌടല്യഃ.

1. 'പ' ക., 2. 'തി യില്ലയാകിൽ', 3. 'ഉ ഞ്ഞി' ഖ. പാഠം.

ബ്രാഹ്മാദിവിവാഹവഴിമേൽ വിവാഹം ചെയ്യപ്പെട്ട ശൂദ്രൻ അന്തരയോനി ആകിൽ ഭർത്താവു തനെക്ക ചൊല്ലാതെ ദേശാന്തരത്തിന്നു പോയവനെ അവൻ വാർത്ത കേളാക്കാൽ ഏഴു തീട്ടു പോമളവു പാർപ്പിതു. അവൻ വാർത്ത കേൾക്കിൽ ഒരാണ്ടെക്ക പാർപ്പിതു. ചൊല്ലിപ്പോയവൻറെ വാർത്ത കേളാക്കാൽ അഞ്ചു തീട്ടത്തളവു പാർപ്പിതു. വാർത്ത കേൾക്കിൽ പത്തു തീട്ടത്തളവു പാർപ്പിതു. അമത്തെ ശുല്കത്തിലേകദേശം കൊടുത്തു പോയവനെ മൂൻറു തീട്ടത്തളവു പാർപ്പിതു. വാർത്ത കേൾക്കിൽ ഏഴുതീട്ടത്തളവു പാർപ്പിതു. ശുല്കതികയെ കൊടുത്തു പോയവനെ വാർത്ത കേളാക്കാലും അഞ്ചു തീട്ടത്തളവും പാർപ്പിതു. ഇച്ചൊന്നകാലത്തിൽമേൽപട്ടാൽ ധർമ്മസ്ഥരാ വിടപ്പട്ടു തനെക്ക വാസിച്ച ഭർത്താക്കളോടു കൂടവിതു. എന്തിനെന്നാൽ തീർത്ഥോപരോധം ചെയ്താൽ ധർമ്മവധം വരുമെൻറു കൌടല്യൻ പക്ഷം. ഇപ്പൊരുളിൽ ശ്ലോകം:—

പുത്രേണ ലോകാൻ ജയതി പൌത്രേണാനന്ത്യമശ്നുതെ,
അഥ പുത്രസ്യ പൌത്രേണ നാകപൃഷ്ഠെ മഹീയതെ.

ദീർഘപ്രവാസിനഃ പ്രവ്രജിതസ്യ പ്രേതസ്യ വാ ഭാര്യാ സപ്ത തീർത്ഥാന്യാകാംക്ഷേത, സംവത്സരം പ്രജാതാ. തതഃ പതിസോദര്യം ഗച്ഛേത്. ബഹുഷു പ്രത്യാസന്നം ധാർമ്മികം ഭർമസമർത്ഥം കനിഷ്ഠമഭാര്യം വാ. തദഭാവെഽപ്യസോദര്യം സപിണ്ഡം കുല്യം വാ. ആസന്നമേതേഷാം. ഏഷ ഏവ ക്രമഃ.

ദീർഘപ്രവാസം ചെയ്യുവൻ പ്രേതൻ പ്രവ്രജിതൻ എൻറിവരുടെയ ഭാര്യ പെറവതില്ലയാകിൽ ഏഴു തീട്ടം പാർപ്പിതു. പെറ്റാളാകിലൊരാണ്ടെക്ക പാർപ്പിതു. അനന്തരം ഭർത്താവിനോട്ട് ഉടപ്പിറന്നവനോടു കൂടവിതു. ഉടപ്പിറന്നവരും പലരാകിൽ അവന്നും ഏറ ഇളയവനോടു കൂടവിതു. അവൻ അധാർമ്മികനാകിൽ ധാർമ്മികനോടു കൂടവിതു. എല്ലാരും ധാർമ്മികരാകിൽ ഭരണസമർത്ഥനോടു കൂടവിതു. എല്ലാരും ഭരണസമർത്ഥരാകിൽ കനിഷ്ഠനഭാര്യനോടു കൂടവിതു. നേരെപ്പിറന്നോരില്ലാതാകിൽ തായുടപ്പിറന്നോ

രോടു കൂടുവിതു. ദൈഹമാതൃകത്തിലുടപ്പിറന്നോൻ താനൊരുത്തനോടു കൂടുവിതു, അവരുമില്ലാകാൽ സപിണ്ഡരോടു കൂടുവിതു. അവരുമില്ലാകാൽ സകലത്തിലുള്ളോനോടു കൂടുവിതു. ആസന്നനായിരുന്നവനോടു. ഇതു ന്യായം.

ഏതാനേത ക്രമാ ദായാദാൻ വേദനേ ജാരകൎമ്മണി.
ജാരസ്ത്രീദാതൃവേത്താരഃ സംപ്രാപ്താഃ സംഗ്രഹാത്യയം.

ശ്ലോകാൎത്ഥമാവിതു. ഇച്ചൊന്ന ദായാദന്മാരെ മുഴിഞ്ഞു മററാരത്തരെ ഗമിക്കിലും ജാരനും സ്ത്രീ വ്യഭിചാരിണിയായുള്ളവളും സ്ത്രീധനത്തിനു പുണൎപ്പെട്ടിൻറവനും ഇവളെക്കൊടുക്കിൻറവനും കൊള്ളുകിൻറവനും ഇന്നാൽവരും സ്ത്രീസംഗ്രഹത്താൽ ചൊന്ന ദണ്ഡം ദണ്ഡിക്കപ്പെടുവർ.

വിവാഹസംയുക്തത്തിൽ മൂൻറാമദ്ധ്യായവും ധൎമ്മസ്ഥീയത്തിൽ നാലാമദ്ധ്യായവും വിവാഹസംയുക്തമാകിൻറ സൂത്രവും മുടിഞ്ഞിതു.

൬൦ പ്രക. ദായവിഭാഗഃ — ദായക്രമഃ.

ദായവിഭാഗഃ എൻപിതു സൂത്രം. ദായമാവിതു കുടിയിൽ സാധാരണമായുള്ള ദ്രവ്യം, അതിനുടെ വിഭാഗമാവിതു കൂറിടു ഇതു ചൊല്ലിൻറതെൻപിതു സൂത്രാൎത്ഥം. സംബന്ധമാവിതു വിവാഹസംയുക്തത്തിൽ 'ഏതാനേത് ക്രമാ ദായാദാൻ' എൻറു കീഴ് ദായം കൊള്ളുമവരെച്ചൂത്രിച്ചിതു. അവ്വിടയുള്ള അവർ കൊൾവോർ എങ്ങനെ കൊള്ളുമാറെന്നമൎത്ഥമറിയിപ്പാനായിക്കൊണ്ടു ചൊല്ലിൻറതെൻപിതു സംബന്ധം.

അനീശ്വരാഃ പിതൃമന്തഃ സ്ഥിതപിതൃമാതൃകാഃ പുത്രാഃ. തേഷാമൂൎദ്ധ്വം പിതൃതോ ദായവിഭാഗഃ പിതൃദ്രവ്യാണാം. സ്വയമാൎജ്ജിതമവിഭാജ്യമന്യത്ര പിതൃദ്രവ്യാദുത്ഥിതേഭ്യഃ.

അനീശ്വരാഃ പിതൃമന്തഃ എൻറവാറു—തായും തമ്പ്പൻ ഉള്ള നാൾ ധനത്തിനു സ്വാതന്ത്ര്യമില്ല മക്കൾക്കു. തായും തമ്പ്പനുമുടെയ മക്കൾ അവരുള്ളളവു പാൎപ്പിതു. അനന്തരം അവരുടെയ ധനംകൊണ്ടു കൂറിട്ടു കൊൾവിതു. തങ്ങൾ നേടിയതു നേടിയവർ കൊണ്ടാലുമതും, പിതൃധനംകൊണ്ടു നേടിയില്ലായ്കാൽ. പിതൃധനംകൊണ്ടു നേടിയോരാകിൽ പകുപ്പിതു.

1, 'ഷി' ക. പാഠം.

പിതൃദ്രവ്യാദവിഭക്താപഗതാനാം പുത്രാഃ പൌത്രാ വാ ആ ചതുർത്ഥാദിത്യംശഭാജഃ. താവദവിച്ഛിന്നഃ പിണ്ഡോ ഭവതി. വിച്ഛിന്നപിണ്ഡാഃ സർവ്വേ സമം വിഭജേരൻ.

പിതൃദ്രവ്യം കൂറിട്ടുകൊള്ളാതെ മക്കൾ ചാവോരാകിൽ അവ[1]ർകൾമക്കൾ മക്കൾമക്കളും നാലു പുരുഷാന്തരത്തോളവു കൂറിട്ടുകൊള്ളപ്പെടുമവർ. നാലു പുരുഷാന്തരത്തോളവു പിണ്ഡം വിച്ഛേദിയാ. വിച്ഛിന്നപിണ്ഡരായപ്പോൾ എല്ലാരുമൊക്ക കൂറിട്ടുകൊൾവിതു.

അപിതൃദ്രവ്യാ വിഭക്തപിതൃദ്രവ്യാ വാ സഹജീവന്തഃ പുനർവിഭജേരൻ. യതരേച്ഛോത്തിഷ്ഠേത സ ദ്വ്യംശം ലഭേത.

പിതൃദ്രവ്യമില്ലാത്തവരും പിതൃദ്രവ്യം കൂറിട്ടുകൊണ്ടവരും തങ്ങളിൽ കൂടി വാഴ്കിൽ പിന്നെയുമെ കൂറിടുവിതു. പെരുകിൻറവൻ രണ്ടുകൂറു കൊൾവിതു.

ദ്രവ്യമപുത്രസ്യ സോദര്യാ ഭ്രാതരഃ സഹജീവിനോ വാ ഹരേയുഃ കന്യാശ്ച.

പുത്രനിൻറിയെ ചാകിൻറവനുടെയ ദ്രവ്യം നേരുടപ്പിറന്നവർ കൊൾവിതു. അൻറിയേ കൂടിവാണു നിൻറ ചാർന്നോരാരെന്നും കൊൾവിതു.

രിക്ഥം പുത്രവതഃ പുത്രാ ദുഹിതരോ വാ ധർമ്മിഷ്ഠേഷു വിവാഹേഷു ജാതാഃ. തദഭാവേ പിതാ ധരമാണഃ; പിത്രഭാവേ ഭ്രാതരോ ഭ്രാതൃപുത്രാശ്ച.

അൻറിയേ പുത്രരില്ലായ്കിൽ ധർമ്മിഷ്ഠവിവാഹങ്ങളിലുള്ള പെൺമക്കളെ കൊൾവിതു. പെൺമക്കളില്ലായ്കിൽ ചത്തവനുടെ തമപ്പൻ കൊൾവിതു. തമപ്പനില്ലായ്കിൽ തമപ്പനുടപ്പിറന്നവർകൾ താൻ ഉടപ്പിറന്നവർകൾമക്കൾതാൻ കൊൾവിതു.

അപിതൃകാ ബഹവോ/പി ച ഭ്രാതരോ ഭ്രാതൃപുത്രാശ്ച പിതൃക്രമകമംശം ഹരേയുഃ.

അപിതൃകരായുള്ള ഭ്രാതാക്കൾ പലരുമാകിലും പിതാവിനുടെ ഓരംശമേ കൊള്ളലാവിതു. എൻറതിനു പൊരുളാവിതു:— നാലർ ഭ്രാതാക്കൾ ദായം കൂറിടാതെ ചത്ത(വ)ർകൾ ഒരുത്തനു മക്കൾ

1. 'ർകൾ മക്കളും' ഖ.

നാൽവരും ഒരുത്തന്റെ മക്കൾ മൂവരും ഒരുത്തന്റെ മക്കളിരുവരും ഒരുത്തന്റെ ഒരുത്തനുമാകെ പതിന്മക്കൾ പത്തുകൂറെട്ടെടുത്തു് പിതാവിന്റെയ ഒരംശമേ കൊള്ളാവിതു് എന്റവാറു് — സമുദായദ്രവ്യം കൊണ്ടു് നാലു കൂറിട്ടുവിതു. കൂറിട്ട ഒരുകൂറുകൊണ്ടു് ഉടപ്പിറന്ന നാൽവരും പകുത്തുകൊൾവിതു, മറ്റവന്മക്കൾ മൂവരും ഒരുകൂറു കൊണ്ടു, മറ്റവന്മക്കൾ ഇരുവരും മറ്റെ അംശംകൊണ്ടു് പകുത്തു കൊൾവിതു. മറ്റവനൊരുത്തനും താനേ ഒരംശം കൊൾവിതു. ഭ്രാതൃപുത്രാശ്ച എന്റതിന്റെ പൊരുളാവിതു്:— നാൽവർ ഭ്രാതാക്കളിൽ ഒരുത്തൻ ചത്തവന്റെ നാൽവർ മക്കൾ ഉളരായിട്ടു് ഭ്രാതാക്കൾ മൂവരുമാകെ എഴുവർക്കും ഏഴു കൂറെട്ടെടുത്തു് നാലംശം ചെയ്തു് മുന്റംശവും ഭ്രാതാക്കൾ കൊൾവിതു. മറ്റെ ഒരംശവും കൊണ്ടു് ഭ്രാതൃപുത്രന്മാർ നാൽവരും പകുത്തുകൊൾവിതു.

സോദര്യാണാമനേകപിതൃകാണാം പിതൃതോ ഭാഗവിഭാഗഃ.

നേരുടപ്പിറന്നവർക്കു പലർക്കു പല തമപ്പന്മാർ ഉളരാകിൽ തന്താന്തമ്മുടെയ പിതാക്കളുടെയ ധനം കൊൾവിതു.

പിതൃഭ്രാതൃപുത്രാണാം പൂർവ്വേ വിദ്യമാനേ നാപരമവലംബേരൻ; ജ്യേഷ്ഠേ ച കനിഷ്ഠമർത്ഥഗ്രാഹിണഃ.

പിതൃഭ്രാതൃപുത്രാണാം പൂർവ്വേ വിദ്യമാനേ നാപരമവലം (ബ്യേത?ബാന്ത) ജ്യേഷ്ഠേ ച കനിഷ്ഠമർത്ഥഗ്രാഹിണ(ഃ?ഃ) എന്റവാറു് — ഒരുത്തന്റെ പല മക്കളുളരായിട്ടിരിക്കിൽ പിതാവും മക്കളും കൂടെ വാഴുമേടത്തു് മക്കളിലൊരുത്തന്റെ മക്കളുളരായിരുന്ന വിഷയത്തിൽ അമ്മക്കളെ ഉടയവൻ കുടുംബഭരണനിമിത്തമായ് കടം കൊണ്ടിട്ടു് ചത്തുപോയേടത്തു് കടം കൊടുത്തവൻ ആരൊരെ ധനം വേണ്ടുമതെന്നും വിഷയത്തിങ്കൽ കടംകൊണ്ടവന്റെയ പിതാവുളനാകിൽ അവനേ വേണ്ടുവിതു. പിതാവില്ലാക്കാൽ കടം കൊണ്ടവന്റെയ ഭ്രാതാക്കളെ വേണ്ടുവിതു. ഭ്രാതാക്കളില്ലാസ്ഥിൽ മക്കളെ വേണ്ടുവതു, മക്കളിലും ജ്യേഷ്ഠനുളനാകിൽ കനിഷ്ഠനെ വേണ്ടപ്പെറാർ.

ജീവതി ഭാഗേ പിതാ നൈകം വിശേഷയേത്. ന ചൈകമകാരണാന്നിർവിഭജേത്. പിതുരസത്യർത്ഥേ ജ്യേഷ്ഠാഃ കനിഷ്ഠാനനുഗൃഹ്ണീയുഃ, അന്യത്ര മിഥ്യാവൃത്തേഭ്യഃ.

പിതാവു താനിരിക്കച്ചെയ്തേ മക്കൾക്കു ധനം കൂറിട്ടുകൊടുപ്പോനാകിൽ ഒരുത്തർക്കും വിശേഷിയാതെ ഒക്കക്കൂറിട്ടു കൊടുപ്പിതു.

ഒത്തനേ കാരണമിൻറിയേ ഒഴിക്കവുമാകാ. പിതാവിന്ന ധനമില്ലായ്കിൽ ജ്യേഷ്ഠന്മാർ കനിഷ്ഠന്മാരെ ഭരിപ്പിതു, അവരം മിഥ്യാവൃത്തരല്ലായാകിൽ.

പ്രാപ്തവ്യവഹാരാണാം വിഭാഗഃ. അപ്രാപ്തവ്യവഹാരാണാം ദേയവിശുദ്ധം മാതൃബന്ധുഷു ഗ്രാമവൃദ്ധേഷു വാ സ്ഥാപയേയുർവ്യവഹാരപ്രാപണാൽ. പ്രോഷിതസ്യ വാ.

ഭാഗം കുറിട്ടവിതു പതിനാറുപ്രായം പുക്കപ്പോൾ. പ്രാപ്തവ്യവഹാരരല്ലാത്തവരുടെ അംശം പോമത്തപോകി മിഞ്ചിയതു മാതൃബന്ധുക്കളാവോർ തമ്മാമന്മാർ അവരംകയ്യിൽതാൻ; അവ്വൂരിൽ വൃദ്ധരായുള്ളവരംകയ്യിൽതാൻ വൈപ്പിതു പ്രാപ്തവ്യവഹാരരാമളവേക്ക്. ദേശാന്തരത്തിന്ന പോയവരുടെ അംശവും മാതൃബന്ധുക്കളം കൈയിൽ വൈപ്പിതു.

സന്നിവിഷ്ടസമമസന്നിവിഷ്ടേഭ്യോ നൈവേശനികം ദദ്യുഃ, കന്യാഭ്യശ്ച പ്രാദാനികം.

സന്നിവിഷ്ടസമമസന്നിവിഷ്ടേഭ്യോ നൈവേശനികം ദദ്യുഃ എൻറവാറു – സന്നിവിഷ്ടരാവോർ = സ്ത്രീകളെ വിവാഹം ചെയ്തു കൊണ്ടവർ; വിവാഹം ചെയ്തകാലത്തു അവരംക്ക ചെൻറ വിയത്തിനുളവുധനം അസന്നിവിഷ്ടരാവോർക്ക പൊതുവേ കൊടുപ്പിതു. അസന്നിവിഷ്ടരാവോർ = വച്ചുകൊണ്ടിട്ടിരിക്കമവരുടെ മക്കൾ; വച്ചുകൊണ്ടതു നിമിത്തമായ് കൊടുപ്പിതു. കന്യാക്കൾക്ക വിവാഹത്തുക്കവേണ്ടുമളവും പൊതുവേ കൊടുപ്പിതു.

ഋണരിക്ഥയോഃ സമോ വിഭാഗഃ.

ഋണമാവിതു തമപ്പൻ കടം കൊണ്ടതു, രിക്ഥമാവിതു കടം കൊടുത്തതു. അവ്വിരണ്ടിലും ജ്യേഷ്ഠാംശമില്ല. ഒക്കെയടപ്പിതും കൊൾവിതുഞ്ചെയ്പ്പിതു.

ഉദപാത്രാണ്യപി നിഷ്കിഞ്ചനാ വിഭജേരൻ ഇത്യാചാര്യാഃ. ഛലമേതദിതി കൌടല്യഃ. സതോഽർത്ഥസ്യ വിഭാഗോ നാസതഃ.

നീർകോരും കുടംപോൽ പകുപ്പിതു, മററുധനമില്ലാക്കാൽ എൻറാചാര്യന്മാർ ചൊല്ലുവിതു. ഇതു ഛലമെൻറു കൌടല്യൻ പക്ഷം. എന്തിന്നെൻറാൽ ഉള്ളതെല്ലോം കുറിടലാവിതു; ഇല്ലാതതു കുറിടലാവിതെൻറതിന്ന പൊരുളില്ല.

ഏതാവാനർത്ഥഃ സാമാന്യസ്യൈതാവാൻ പ്രത്യംശഃ ഇത്യനുഭാഷ്യ ബ്രുവൻ സാക്ഷിഷു വിഭാഗം കാരയേത്. ദുർവിഭക്തമന്യോന്യാപഹൃതമന്തർഹിതമവിജ്ഞാതോത്പന്നം വാ പുനർവിഭജേരൻ.

ഇനി ദായക്രമം കൂറിട്ടമാറു ചൊല്ലിൻറിതു:— പൊതുവേ ധനമിത്തിന ഉള്ളിതു. അതിനാലൊരോരുത്തർക്കു ഇന്നതിന പടുവിതെൻറു ചൊല്ലിച്ചെലവിച്ചു സാക്ഷികളുടയ മുന്നിൽ പകുപ്പിതു. പിഴെക്കപ്പകുത്തതും ഓരോരുത്തരേ ഒളിപ്പതും ദേശകാലാന്തർഹിതമായിരുന്നതും അവിജ്ഞാതോൽപന്നമാവിതും ഇച്ചൊന്നവു പിന്നെയും പകുപ്പിതു.

അദായാദകം രാജാ ഹരേത് സ്ത്രീവൃത്തിപ്രേതകാര്യവർജ്ജമന്യത്ര ശ്രോത്രിയദ്രവ്യാത്. തത് ത്രൈവിദ്യേഭ്യഃ പ്രയച്ഛേത്.

ദായാദം കൊൾവാനർഹരില്ലാഞ്ഞിൽ രാജാവു കൊൾവിതു. സ്ത്രീ വർത്തിപ്പാനും പ്രേതകാര്യത്തുക്കും വേണ്ടുമതൊഴിച്ചു്. ശ്രോത്രിയനുടയ ധനം രാജാവു കൊള്ളുമാറില്ലാ. അതു ശ്രോത്രിയന്നേ കൊടുപ്പിതു.

പതിതഃ പതിതാജ്ജാതഃ ക്ലീബശ്ചാനംശാഃ. ജഡോന്മത്താന്ധകുഷ്ഠിനശ്ച. സതി ഭാര്യാർത്ഥേ തേഷാമപത്യമതദ്വിധം ഭാഗം ഹരേത്. ഗ്രാസാച്ഛാദനമിതരേ പതിതവർജ്ജാഃ.

തേഷാം ച കൃതദാരാണാം ലുപ്തേ പ്രജനനേ സതി സൃജേയുർബാന്ധവാഃ പുത്രാംസ്തേഷാമംശാൻ പ്രകല്പയേത്.

പതിതന(ക്ക ?)ം പതിതനിൽനിൻറു പിറന്നവനും ക്ലീബനും ഇമ്മൂവരും അംശാർഹരല്ല. ജളൻ ഉന്മത്തൻ അന്ധൻ കുഷ്ഠിതൻ എൻറിവർക്കുമംശമില്ല. എൻറിജ്ജാതികൾക്കു വിവാഹമുണ്ടായ് പുത്രർ പിറക്കിൽ അവർക്കു ജാതിദോഷമുണ്ടാകാതെ വങ്കിൽ അവർക്കു ദായം കൊള്ളാം. മററുള്ളവരിൽ പതിതനൊഴിയെമററൊഴിഞ്ഞവരും ചോറും പുടവയും കൊള്ളപ്പെറുവർ.

“തേഷാഞ്ച കൃതദാരാണാം ലുപ്തേ പ്രജനനേ സതി,
സൃജേയുർബ്ബാന്ധവാഃ പുത്രാംസ്തേഷാമംശം പ്രകല്പയേൽ”

ഇച്ചൊന്ന ജളോന്മത്താദികൾ വിവാഹഞ്ചെയ്തു് അവർക്കു

പുംസ്ത്വമില്ലാത്തിൽ ജ്ഞാതികളുടെയ ക്ഷേത്രത്തിൽ ബന്ധുക്കരം പുത്രന്മാരെ ജനിപ്പിപ്പിച്ചു. അവൎക്കു അംശവും കൊടുപ്പിപ്പു്.

ഇതി കൌടലീയാൎത്ഥശാസ്ത്രേ ധൎമ്മസ്ഥീയേ തൃതീയാധികരണേ പഞ്ചമോഽദ്ധ്യായഃ. ദായവിഭാഗേ ദായക്രമഃ, ആദിതോ ദ്വിഷഷ്ടിതമഃ.

എൻറു ദായവിഭാഗത്തിൽ മുതലെദ്ധ്യായവും ധൎമ്മസ്ഥീയത്തിൽ അഞ്ചാമദ്ധ്യായവും മുടിഞ്ഞിതു.

൬൩ പ്രക. ദായവിഭാഗഃ — അംശവിഭാഗഃ.

ദായവിഭാഗമാകിൻറ സൂത്രത്തിലേ ദായക്രമം ചൊല്ലി അദ്ധ്യായാന്തരംകൊണ്ടു് ജ്യേഷ്ഠാംശാദിക്രമം ചൊല്ലുൻറിതു. അതിന്നു സംബന്ധമാവിതു. കീഴെ അദ്ധ്യായത്തിൽ പൊതുവെ ഉള്ള ധനം ഇന്നതിന്ന അംശത്താൽ ഓരോരുത്തൎക്കു വരുവിതു ഇന്നതിന്ന എൻറു അംശം പ്രസ്തുതമായിതു. ഇപ്പോഴ് ജ്യേഷ്ഠാംശമിന്നതിന്ന കനിഷ്ഠാംശമിന്നതിന്ന എൻറുമതു ചൊല്ലിൻറിതു് എൻപിതു സംബന്ധം.

ഏകസ്ത്രീപുത്രാണാം ജ്യേഷ്ഠാംശഃ ബ്രാഹ്മണാനാമജാഃ, ക്ഷത്രിയാണാമശ്വാഃ, വൈശ്യാനാം ഗാവഃ, ശൂദ്രാണാമവയഃ.

ഒരു സ്ത്രീ(സ)വൎണ്ണയായുള്ളവൎക്കു പലമക്കളുളരാകിൽ ജ്യേഷ്ഠാംശം ആടു് ബ്രാഹ്മണൎക്കു്, ക്ഷത്രിയൎക്കു കുതിര ജ്യേഷ്ഠാംശം, വൈശ്യൎക്കു പശുവു്, ശൂദ്രൎക്കു ജ്യേഷ്ഠാംശം കൊററയാടു.

കാണലിംഗാസ്തേഷാം മദ്ധ്യമാംശഃ, ഭിന്നവൎണ്ണാഃ കനിഷ്ഠാംശഃ.

ഒരു കൺകുരുടങ്ങളും മുടവങ്ങളും മദ്ധ്യമാംശം കീഴ്പ്പറഞ്ഞവററിലേ; അവററിലേ ഭിന്നവൎണ്ണങ്ങളായുള്ളവ കനിഷ്ഠാംശം.

ചതുഷ്പദാഭാവേ രത്നവർജ്ജാനാം ഭാഗം ദ്രവ്യാണാമേകം ജ്യേഷ്ഠോ ഹരേത്. പ്രതിബദ്ധസ്വധാപാശോ ഹി ഭവതി ഇത്യൗശനസോ വിഭാഗഃ.

ചതുഷ്പാത്തുകളില്ലാകിൽ രത്നവർജ്ജിതങ്ങളായുള്ള ദ്രവ്യങ്ങളിൽ പത്തവാരം കൊടുപ്പിതു. ജ്യേഷ്ഠാംശം കൊടുപ്പാൻ നിമിത്തമാവിതു:— പിതൃകാര്യം ചെയ്യുകെടവിയോനവൻ ഒഴികിലുമവന്ന ലോപമുള്ളതു് ആകിൻറമയാൽ. ഇതു ഔശനസം വിഭാഗം. ഇതു അപ്രതിഷ്ഠിതമാകിൻറമയാൽ കൌടല്യന്നമനമതം.

പിതുഃ പരിവാപാദ് യാനമാഭരണം ച ജ്യേഷ്ഠാംശഃ, ശയനാസനം ഭുക്തകാംസ്യം ച മധ്യമാംശഃ, കൃഷ്ണധാന്യായസം ഗൃഹപരിവാപോ ഗോശകടം ച കനിഷ്ഠാംശഃ. ശേഷദ്രവ്യാണാമേകദ്രവ്യസ്യ വാ സമോ വിഭാഗഃ.

ഇനി മറെറാരു പ്രകാരം ചൊല്ലിൻറിതു:— പിതാവിന്നെയ പരിഷ്കൂത്തിൽ യാനവും ആഭരണവും ജ്യേഷ്ഠാംശം, ശയനവും ആസനവും, ഭോജനാർത്ഥമായുള്ള കാംസ്യകളുമിവ മദ്ധ്യമാംശം, കൃഷ്ണധാന്യമാവിതു എള്ളും വരകും എൻറിങ്ങനെതി, ആയസം ഇരുമ്പു, ഗൃഹപരിവാ(ര?പ)മാവിതു. ഗൃഹപരിഷ്കൂമം മുസലോലൂഖലങ്ങളു ഷ്പ്രാലികളും രണ്ടെരുതു പൂണ്ട ചാടും കനിഷ്ഠാംശം. മററുള്ള ദ്രവ്യങ്ങൾ പലവുളവാകിലും ഒക്ക കൂറിട്ടു കൊൾവിതു. ഒൻറാകിലും ഒക്ക കൂറിട്ടുകൊൾവിതു്.

അദായാദാ ഭഗിന്യഃ, മാതുഃ പരിവാപാദ് ഭുക്തകാംസ്യാഭരണഭാഗിന്യഃ.

ഭഗിനികൾ ദായാർഹരല്ല. തായുടെ പരിവാപത്തിൽ ഉണ്ണും കാംസ്യപാത്രങ്ങളും (ആഭരണങ്ങളും) ഭഗിനികൾ കൊള്ളാം. മററുള്ള ധനങ്ങളാൺമക്കളൊക്ക കൂറുകൊൾവിതു മാതൃധനത്തിൽ.

മാനുഷഹീനോ ജ്യേഷ്ഠസ്തൃതീയമംശം ജ്യേഷ്ഠാംശാല്ലഭേത. ചതുർത്ഥമന്യായവൃത്തിർനിവൃത്തധർമ്മകാര്യോ വാ. കാമാചാരഃ സർവം ജീയേത.

മാനുഷഹീനോ ജ്യേഷ്ഠ എൻറവാറു — ജ്യേഷ്ഠൻ നിർഗ്ഗുണനാകിൽ ജ്യേഷ്ഠാംശത്തിൽ മൂന്നൊൻറു കൊൾവിതു. അന്യായവൃത്തിയാകിൽ നാലൊൻറു. ധർമ്മകാര്യങ്ങളുമൊഴിഞ്ഞു കാമചരനായിരിപ്പോനാകിൽ ജ്യേഷ്ഠാംശം കൊള്ളെല്ലാ.

ഏതേന മധ്യമകനിഷ്ഠൌ വ്യാഖ്യാതൌ, തയോൎമ്മാനക്രോധപേതൌ ജ്യേഷ്ഠാംശാൎദ്ധഭാഗിനൌ.

മധ്യമകനിഷ്ഠന്മാർ തങ്ങടെ അംശത്തിൽ മൂന്നാം കൂറു നിൎഗ്ഗുണരാകിൽ, അന്യായകവൃത്തിയരാകിൽ നാലാം അംശം, നിവൃത്തധൎമ്മകാൎയ്യരുമായ് സ്വേഛ്ശാചാരരുമായിരിക്കുമവൎകൾക്കു ഏതുമില്ല. മധ്യമകനിഷ്ഠന്മാരിലൊരുത്തൻ പുരുഷകാരമേറെ ഉടയനാകിൽ ജ്യേഷ്ഠാംശത്തിൽ പാതിയും കൊണ്ടു താൻ കൊള്ളുമല്ലു കൊണ്ടാലമയും. എൻറു ഏകസ്ത്രീപുത്രന്മാരുടെ ജ്യേഷ്ഠാംശവിഭാഗം ചൊല്ലീതു.

നാനാസ്ത്രീപുത്രാണാം തു സംസ്കൃതാസംസ്കൃതയോഃ കന്യാ*കൃതക്രിയയോരഭാവേ ച, ഏകസ്യാഃ പുത്രയോൎയ്യമയോൎവ്വാ പൂൎവജന്മനാ ജ്യേഷ്ഠഭാവഃ.

ഒരുത്തന്നു പലസ്ത്രീകളിൽ മക്കളുള; സ്ത്രീകൾക്കു സംസ്കൃതാസംസ്കൃതത്വമില്ലാക്കാൽ എൻറവാറു - സംസ്കൃതയാവോൾ ബ്രഹ്മാദിവിവാഹാദിവഴിമേൽ വിവാഹം ചെയ്യപ്പെട്ടവൾ. അസംസ്കൃതയാവോൾ ഗാന്ധൎവ്വവിവാഹം ചെയ്യപ്പെട്ടവൾ. എൻറിച്ചൊന്ന വാരണ്ടുഭേദങ്ങളുമില്ലായ്കിലും, കന്യയാവോൾ വിവാഹം ചെയ്കതിൽ മുൻ അക്ഷതയോനി; കൃതക്ഷതയാവോൾ ക്ഷതയോനി ഇവ്വണ്ടുഭേദമും ഇല്ലയാകിലും, ഒരുത്തി ഇരട്ടപെറുകിലും മുന്നം മുന്നം പിറന്നവൻ ജ്യേഷ്ഠൻ. ഭേദമുണ്ടാകിൽ സംസ്കൃതാപുത്രനും കന്യാപുത്രനും പിന്നെപ്പിറക്കിലും ജ്യേഷ്ഠാംശമുടയവർ.

സൂതമാഗധവ്രാത്യരഥകാരാണാമൈശ്വൎയ്യതോ വിഭാഗഃ ശേഷാസ്തമുപജീവേയുഃ. അനീശ്വരാഃ സമവിഭാഗാ ഇതി.

സൂതരാവോർ ബ്രാഹ്മണിയിൽ ക്ഷത്രിയന്നു പിറക്കുമവരും, മാഗധരാവോർ ക്ഷത്രിയത്തിയിൽ വൈശ്യന്നു പിറക്കുമവരും, വ്രാത്യരാവോർ അചരിതവ്രതനായുള്ള ബ്രാഹ്മണന്നു സവൎണ്ണയിൽ പിറക്കുമവരും, രഥകാരരാവോർ വൈശ്യരിലൊരു ഭേദം; ഇച്ചൊന്നവൎകൾക്കു പല സ്ത്രീകളിൽ പലമക്കളുളരാകിൽ ഐശ്വൎയ്യമുടയോനൊരുത്തനുളനാകിൽ അവന്നു കൊള്ളാം പിതൃധനമെല്ലാം. മററവരും അവനെ ഉപജീവിപ്പ്പിതു. വിശേഷിച്ചൊരുത്തനില്ലായ്കിൽ എല്ലാവരും കൂറിട്ടു കൊൾവിതു.

* 'കൃതക്ഷതയോഃ' എന്നു കുറച്ചു വ്യാഖ്യാനത്തിലും പാഠമുണ്ടെന്നു തോന്നുന്നു.

ചാതുർവ്വർണ്യപുത്രാണാം ബ്രാഹ്മണീപുത്രശ്ചതുരോഽംശാൻ ഹരേത്, ക്ഷത്രിയാപുത്രസ്ത്രീനംശാൻ, വൈശ്യാപുത്രോ ദ്വാവംശൗ, ഏകം ശൂദ്രാപുത്രഃ.

ബ്രാഹ്മണന്നു നാലുവർണ്ണത്തിലും പുത്രന്മാരാകിൽ പത്തുകൂറിട്ടു് നാലുകൂറു ബ്രാഹ്മണിമകൻ കൊൾവിതു്, മൂൻറു കൂറു ക്ഷത്രിയത്തിമകൻ കൊൾവിതു്, ഇരണ്ടുകൂറു വൈശ്യത്തിമകൻ കൊൾവിതു, ഒരുകൂറു ശൂദ്രത്തിമകൻ കൊൾവിതു്.

തേന ത്രിവർണ്ണദ്വിവർണ്ണപുത്രവിഭാഗഃ ക്ഷത്രിയവൈശ്യയോർവ്യാഖ്യാതഃ.

'തേന ത്രിവർണ്ണദ്വിവർണ്ണപുത്രയോർവിഭാഗഃ ക്ഷത്രിയവൈശ്യയോർവ്യാഖ്യാതഃ' എൻറവാറു – ബ്രാഹ്മണനെക്കണക്കേ ക്ഷത്രിയന്നു മൂൻറു വർണ്ണങ്ങളിലും മക്കൾ ഉളരാകിൽ അവരുടയ ധനംകൊണ്ടു ജ്യേഷ്ഠാംശം നീക്കി ആറു കൂറിട്ടു മൂൻറുകൂറു ക്ഷത്രിയത്തിമകന്നു കൊള്ളാം, ഇരണ്ടുകൂറും വൈശ്യത്തിപുത്രന്മാർ കൊൾവിതു, ഒരുകൂറു ശൂദ്രാപുത്രന്മാർ കൊൾവിതു. അവ്വണ്ണമേ വൈശ്യന്നും (ആ? ഇ)രണ്ടുവർണ്ണങ്ങളിലും മക്കളുളരാകിൽ ജ്യേഷ്ഠാംശം നീക്കി മൂൻറു കൂറിട്ടു ഇരണ്ടുകൂറു വൈശ്യത്തിമകൻ കൊൾവിതു്. ഒരുകൂറു ശൂദ്രത്തിമകൻ കൊൾവിതു്.

ബ്രാഹ്മണസ്യാനന്തരാപുത്രസ്തുല്യാംശഃ. ക്ഷത്രിയവൈശ്യയോരർദ്ധാംശഃ. തുല്യാംശോ വാ മാനസോപപന്നഃ.

'ബ്രാഹ്മണസ്യാനന്തരാപുത്രസ്തുല്യാംശഃ' എൻറവാറു – ബ്രാഹ്മണന്നു സവർണ്ണത്തിലും ക്ഷത്രിയത്തിലുമേ മക്കളുളരായിട്ടു് വൈശ്യാശൂദ്രകളിലില്ലയാകിൽ ക്ഷത്രിയത്തിമക്കൾക്ക ജ്യേഷ്ഠാംശം നീക്കി മററുള്ളതു് ബ്രാഹ്മണിമക്കളോടൊക്ക കൂറിട്ടുകൊള്ളാം. ക്ഷത്രിയന്നു ക്ഷത്രിയത്തിയിലും (വൈശ്യത്തിയിലു)മേ മക്കളുളരാകിൽ വൈശ്യാപുത്രന്നു ക്ഷത്രിയാപുത്രരിൽ പാതികൊള്ളാം. അവ്വണ്ണമേ വൈശ്യന്നു രണ്ടുവർണ്ണത്തിലും മക്കളുളരാകിൽ വൈശ്യത്തിമകൻ കൊള്ളുമതിൽ ജ്യേഷ്ഠാംശം നീക്കി പാതികൊള്ളാം. ശൂദ്രത്തിമകന്നുക്ക വൈശ്യാപുത്രനോടൊക്കക്കൊള്ളാം ഗുണവാനാകിൽ. അവ്വണ്ണമേ വൈശ്യാപുത്രനും ക്ഷത്രിയാപുത്രനോടൊക്ക കൊള്ളാം ഗുണവാനാകിൽ.

തുല്യാതുല്യയോരേകപുത്രഃ സർവ്വം ഹരേത് ബന്ധൂംശ്ച ബിഭൃയാത്. ബ്രാഹ്മണാനാം തു പാരശവസ്തൃതീയമംശം

ലഭേത. ദ്വാവംശൌ സപിണ്ഡഃ കുല്യോ വാഽഽസന്നഃ സ്വധാദാനഹേതോഃ. തദഭാവേ പിതുരാചാര്യോഽന്തേവാസീ വാ.

സമാനജാതീയരിൽതാൻ (അസമാനജാതീയരിൽതാൻ) മകനൊരുത്തനേ ആയിട്ട് ഇരിക്കിൽ അവനെല്ലാം കൊൾവിതു്, പിതാവിന്നുടയ ഭർത്തവ്യജനത്തേയും അവനേ ഭരിപ്പിതു്. ഇതിന്നപവാദം — ബ്രാഹ്മണന്ന ശൂദ്രത്തിയിലുള്ളനായവൻ പാരശവനെൻ പോൻ. അവനെ പുത്രനാകിലും മൂൻറാൻറ് കൊള്ളാവിതു്; ബ്രാഹ്മണഗ്രഹണം ക്ഷത്രിയന്നുമുപലക്ഷണാർത്ഥമെൻറു ചിലർ. മറെറാഴിഞ്ഞ ഇരണ്ടുകൂറും സപിണ്ഡർ കൊൾവിതു്; സപിണ്ഡരില്ലയാകിൽ കുല്യൻ ആസന്നനായിരിക്കുമവൻ കൊൾവിതു്, എന്തിനെൻറാൽ സ്വധാദാനം നിമിത്തമായ എൻറവാറു, ശ്രാദ്ധാദികർമ്മങ്ങൾ ചെയ്വാനായി. കുല്യനമില്ലായ്കിൽ പിതാവിന്നുടയ ആചാര്യൻതാൻ കൊൾവിതു്.

ക്ഷേത്രേ വാ ജനയേദസ്യ നിയുക്തഃ ക്ഷേത്രജം സുതം
മാതൃബന്ധുഃ സഗോത്രോ വാ തസ്മൈ തൽപ്രദിശേദ് ധനം.

ആരുമില്ലായ്കിൽ നിയുക്തനാകിന്ന മാതൃബന്ധുതാൻ സഗോത്രൻതാൻ ഇവരുടയ ക്ഷേത്രത്തിങ്കൽ മകനേ ജനിപ്പിച്ചു വന്നുടയ ധനവും അവന്ന കൊടുപ്പിതു്.

ദായവിഭാഗവും അംശവിഭാഗവും ആറാമദ്ധ്യായവും മുടിഞ്ഞിതു.

ഇതി കൌടലീയാർത്ഥശാസ്ത്രേ ധർമ്മസ്ഥീയേ തൃതീയാധികരണേ ഷഷ്ഠോഽദ്ധ്യായഃ
ദായവിഭാഗേംശവിഭാഗഃ, ആദിതസ്ത്രിഷഷ്ടിതമഃ.

---

൬൧. പ്രക. ദായവിഭാഗഃ-പുത്രവിഭാഗഃ.

ദായവിഭാഗമാകിൻറ സൂത്രത്തിലേ ദായത്തിന്നുടയ അംശക്രമം ചൊല്ലി, ദായാദവിശേഷപരിജ്ഞാനാർത്ഥമായ് പുത്രഭേദം ചൊല്ലുവാനായ്ക്കൊണ്ടാരംഭിക്കിൻറിതു്. അതിന്ന സംബന്ധമാവിതു, 'ക്ഷേത്രേ വാ ജനയേദസ്യ നിയുക്തഃ ക്ഷേത്രജം സുതം' എൻറു കീഴ്ച്ചൊല്ലിയിതു. മറെറാരുത്തർക്ക് പിറന്ന മറെറാരുത്തന്ന

ടയ ധനം എടുത്തു കൊള്ളുമാറു, മക്കൾ താനെന്തന്ന മേലും അവരുടെ ഗുണപ്രധാനമായുള്ളതു, എൻറിവർത്ഥം പ്രതിപാദിപ്പാനാകുന്നുണ്ടു ചൊല്ലിൻറിതെൻപിറ്റു സംബന്ധം.

പരപരിഗ്രഹേ ബീജമുത്സൃഷ്ടം ക്ഷേത്രിണ ഇത്യാചാര്യാഃ.

പരപരിഗ്രഹേ ബീജമുത്സൃഷ്ടമെൻറവാറു - പരൻറയ സ്ത്രീകളിലുള്ളരായ മക്കൾ ആ സ്ത്രീകളുടയ ഭർത്താക്കളുടയ മക്കളേ. ബീജമുത്സൃജിക്കിൻറവനുടയ മക്കളല്ല എൻറാചാര്യന്മാർ ചൊല്ലുവിതു.

മാതാ ഭസ്ത്രാ യസ്യ രേതസ്തസ്യാപത്യം ഇത്യപരേ. വിദ്യമാനമുഭയം ഇതി കൌടല്യഃ.

തായ് തോല്പകണക്കേ. യാവനൊരുത്തൻറെയതു ബീജം അവനുടയാനേ മകനെൻറു മററു ചിലർ ചൊല്ലുവിതു. ക്ഷേത്രബീജങ്ങളിരണ്ടും വേണ്ടിൻറമയാൽ ഇരുവർക്കും മകനെൻറു കൌടല്യൻപക്ഷം.

സ്വയംജാതഃ കൃതക്രിയായാമൌരസഃ. തേന തുല്യഃ പുത്രികാപുത്രഃ. സഗോത്രേണാന്യഗോത്രേണ വാ നിയുക്തേന ക്ഷേത്രജാതഃ ക്ഷേത്രജഃ പുത്രഃ. ജനയിതുരസത്യന്യസ്മിൻ പുത്രേ സ ഏവ ദ്വിപിതൃകോ ദ്വിഗോത്രോ വാ ദ്വയോരപി സ്വധാരിക്ഥഭാഗ് ഭവതി.

പുത്രഭേദങ്ങൾ ചൊല്ലിൻറിതു. തനക്കു വിവാഹം ചെയ്തു കൊണ്ടവളിമേൽ പിറന്നവൻ ഔരസപുത്രനാവോൻ. അവനോടു ഒക്കും മകളുടെ മകൻ പുത്രികണൈയ്യിൽ. നിയോഗിക്കപ്പെട്ട സഗോത്രനാൽ താൻ (അന്യഗോത്രനാൽ താൻ) തനുടെ ക്ഷേത്രത്തിൽ പിറക്കുമവൻ ക്ഷേത്രജൻ. അപ്പിറപ്പിക്കിൻറവനു മററു മക്കളില്ലായ്കിൽ അവനേ ഇരുവർ തമപ്പനാരെയുമുടയവനുമായ് ഇരണ്ടു ഗോത്രമുമുടയനായ ഇരുവർക്കും ശ്രാദ്ധാദി കർമ്മങ്ങൾ ചെയ്തു ഇരുവരുടെയ രിക്ഥമും കൊള്ളപ്പോം.

ഇവ്വർത്ഥത്തിൽ ശ്ലോകം___

ക്ഷേത്രിയാനുമതം ബീജം യസ്യ ക്ഷേത്രേ പ്രരോഹതി.
തദപത്യം ഉഭയോരേവ ബീജക്ഷേത്രികയോർമതം.

തസ്യധർമ്മാ ബന്ധൂനാം ഗൃഹേ ഗൂഢജാതസ്തു ഗൂഢജഃ. ബന്ധൂനോൽസൃഷ്ടോ/പവിദ്ധഃ സംസ്കർത്തുഃ പുത്രഃ. കന്യാഗർഭഃ കാനീനഃ സഗർഭോഢായാഃ സഹോഢഃ. പുനർഭൂതായാഃ പൌനർഭവഃ.

ഗൂഢജനാവോൻ ബന്ധുക്കളുടയ ഇല്ലത്തു വച്ചു ഭർത്താവു നിയോഗിയാതെ മറെറാരുത്തനാൽ പിറക്കുമവൻ. അവനും ക്ഷേത്രജനോടൊക്കും. ബന്ധുനോത്സൃഷ്ടോ/പവിദ്ധഃ എന്റവാവുതായും തമപ്പനും കളഞ്ഞു മറെറാരുത്തനവനെ സംസ്കാരം ചെയ്തുകൊൾകിൽ സംസ്കാരം ചെയ്തുകൊള്ളിന്റവനുടയ മകൻ അപവിദ്ധനെന്നോൻ. കന്യയായിരിക്കുന്നാൾ നില്ക്കുമവൻ കാനീനൻ. ഗർഭച്ചിരിക്കുന്നാൾ കൊണ്ടവളുടയ മകൻ സഹോഢൻ. പുനർഭൂവിനുടയ മകൻ പൌനർഭവൻ. അവർ മൂന്റുജാതി. കന്യക ക്ഷതയോനി ആവതിന്മുന്നേ ഭർത്താവു ചാകിൽ രണ്ടാമതു സംസ്കാരം ചെയ്തുകൊടുക്കുമവളൊരുത്തി. തന്നുടയ ഭർത്താവിനെക്കളഞ്ഞു മറെറാരുത്തനോടു കൂടിപ്പിന്നെയും ഭർത്താവിനോടെ കൂടുമവൾ ഇരണ്ടാംപുനർഭൂ. ഭർത്താവു ചത്തു് ഭർത്താവിന്നു നേരുടൻപിറന്നവരില്ലായ്കിൽ സപിണ്ഡനുതാൻ സവർണ്ണനുതാൻ കൊടുക്കുമവൾ മൂന്റാംപുനർഭൂ.

സ്വയംജാതഃ പിതൃബന്ധൂനാം ച ദായദഃ. പരജാതഃ സംസ്കർത്തുരേവ ന ബന്ധൂനാം.

സ്വയംജാതനാരവോനൌരസൻ. അവൻ പിതാവിൻദായമും പിതാവിനുടയ ബന്ധുക്കൾ ദായമും കൊള്ളപ്പെറും. പരജാതനായുള്ളവൻ സംസ്കർത്താവിനുടയ ധനമേ കൊള്ളാവിതു, ബന്ധുക്കളുടയ ധനം കൊള്ളുമാറില്ല.

തസ്യധർമ്മാ മാതാപിതൃഭ്യാമദ്ഭിർദ്ദത്തോ ദത്തഃ

സ്വയംജാതനോടു ഒക്കും മാതാപിതാക്കൾകൂടി നീരൊടുകൂടി കൊടുക്കപ്പെട്ടവൻ (ദത്തൻ); അവനുമെല്ലാം കൊള്ളാം.

സ്വയം ബന്ധുഭിർവാ പുത്രഭാവോപഗത ഉപഗതഃ.

താനേ നിങ്ങൾമകനെന്റു പുകുമവനും അന്റിയേ ബന്ധുക്കൾ കൊണ്ടുചെന്റു കൊടുക്കുമവനും ഉപഗതപുത്രനെന്നോൻ. ഇവനും ഔരസനോടു ഒക്കുമെന്റു ചിലർ ചൊല്ലുവരു.

പുത്രസ്ത്വ്യധികൃതഃ കൃതകഃ. പരിക്രീതഃ ക്രീത ഇതി.

നീയെന്നുടെ മകനെൻറു ചൊല്ലിക്കൊണ്ടവൻ കൃതകനെൻപ്പിതു. വിലയ്ക്കുകൊണ്ടവൻ ക്രീതൻ.

ഔരസേ ത്വുത്പന്നേ സവർണ്ണാസ്തൃതീയാംശഹരാഃ. അസവർണ്ണാ ഗ്രാസാച്ഛാദനഭാഗിനഃ.

ഇവരെല്ലാരുമായിരിക്കച്ചെയ്തേ ഔരസനുളനാവോനാകിൽ സവർണ്ണനായുള്ളവനു മൂൻറൊൻറു കൊള്ളാം. ഔരസനു ഇരണ്ടു കൂറു കൊള്ളാം. അവരും അസവർണ്ണർകളാകിൽ ഗ്രാസാച്ഛാദനമാത്രമാവിതു.

ബ്രാഹ്മണക്ഷത്രിയയോരനന്തരാ പുത്രാഃ സവർണ്ണാഃ, ഏകാന്തരാ അസവർണ്ണാഃ.

സവർണ്ണർകളാവോർ ബ്രാഹ്മണക്ഷത്രിയന്മാർ ഇരുവർക്കും; ബ്രാഹ്മണനു ക്ഷത്രിയാപുത്രൻ; ക്ഷത്രിയനു വൈശ്യാപുത്രൻ. അസവർണ്ണരാവോർ ബ്രാഹ്മണ(നു) വൈശ്യാപുത്രൻ, ക്ഷത്രിയനു ശൂദ്രാപുത്രൻ.

ബ്രാഹ്മണസ്യ വൈശ്യായാമംബഷ്ഠഃ, ശൂദ്രായാം നിഷാദഃ പാരശവോ വാ. ക്ഷത്രിയസ്യ ശൂദ്രായാമുഗ്രഃ. ശൂദ്ര ഏവ വൈശ്യസ്യ. സവർണ്ണാസു ചൈഷാമചരിതവ്രതേഭ്യോ ജാതാ വ്രാത്യാഃ, ഇത്യനുലോമാഃ.

ബ്രാഹ്മണനു വൈശ്യയിൽ ജനിക്കുമവൻ അംബഷ്ഠൻ എൻപോൻ. ബ്രാഹ്മണനു ശൂദ്രയിൽ ജനിച്ചവൻ നിഷാദനും പാരശവനും എൻപോൻ. ക്ഷത്രിയനു ശൂദ്രയിൽ ജനിക്കുമവൻ ഉഗ്രനെൻപോൻ. വൈശ്യനു ശൂദ്രയിൽ ജനിക്കുമവൻ ശൂദ്രനേ. ബ്രാഹ്മണാദിനാലുവർണ്ണങ്കൾക്കു സവർണ്ണകളിൽ (അ)ചരിതവ്രതങ്കളായിരുന്നവർക്കു പിറക്കുമവരും വ്രാത്യരെൻപോർ. എൻറിവരും അനുലോമരെൻപോർ.

ശൂദ്രാദായോഗവക്ഷത്തചണ്ഡാലാഃ.

ഇനി പ്രതിലോമരെച്ചൊല്ലിൻറതു. ശൂദ്രനു വൈശ്യയിൽ ജനിക്കുമവൻ ആയോഗവനെൻപോൻ. (വൈശ്യനു ശൂദ്ര

യിൽ? ശൂദ്രന്നു ക്ഷത്രിയയിൽ) ജനിക്കുമവൻ ക്ഷത്തനെമ്പോൻ. ശൂദ്രന്നു ബ്രാഹ്മണിയിൽ ജനിക്കുമവൻ ചണ്ഡാലൻ.

വൈശ്യാന്മാഗധവൈദേഹകൌ.

വൈശ്യന്നു ക്ഷത്രിയയിൽ ജനിക്കുമവൻ മാഗധൻ. വൈശ്യന്നു ബ്രാഹ്മണിയിൽ ജനിച്ചവൻ വൈദേഹകനെമ്പോൻ.

ക്ഷത്രിയാത് സൂതഃ. പൌരാണികസ്ത്വന്യഃ സൂതോ മാഗധശ്ച ബ്രഹ്മക്ഷത്രാദ് വിശേഷഃ

ക്ഷത്രിയന്നു ബ്രാഹ്മണിയിൽ ജനിച്ചവൻ സൂതനെമ്പോൻ. മററും പുരാണം വായിപ്പോർ സൂതനും മാഗധനുമെൻറിവരും പ്രതിലോമരല്ലാത്തോർ. (അവരളിൽ ബ്രാഹ്മണന്നു ജനിച്ചവൻ (ശൂദ്രൻ?) സൂതൻ. ക്ഷത്രിയന്നു ജനിച്ചവൻ മാഗധൻ?)

ത ഏതേ പ്രതിലോമാഃ സ്വധർമ്മാതിക്രമാദ് രാജ്ഞഃ സംഭവന്തി.

കീഴ്ച്ചൊല്ലിയ ധർമ്മപ്രതിലോമർ രാജാവു തന്നുടെ ധർമ്മത്തെ അതിക്രമിച്ചാൽ വരുവോ ചില — എൻറിവ്വാറു രക്ഷാശൈഥില്യത്താൽ വരുവോ.

ഉഗ്രാന്നൈഷാദ്യാം കുക്കുടകഃ, വിപര്യയേ പുല്കസഃ; വൈദേഹികായാമമ്ബഷ്ഠാദ് വൈണഃ, വിപര്യയേ കുശീലവഃ. ക്ഷത്തായാമുഗ്രാച്ഛ്വപാകഃ. ഇത്യേതേഽന്യേ ചാന്തരാളാഃ. കർമ്മണാ വൈശ്യോ രഥകാരഃ.

വർണ്ണാന്തരാളങ്ങളെച്ചൊല്ലിൻറ്റു. ഉഗ്രന്നു നിഷാദിയിൽ ജനിച്ചവൻ കുക്കുടകൻ, ഉഗ്രയിൽ നിഷാദന്നു ജനിച്ചവൻ പുല്കസനെമ്പോൻ. വൈദേഹിയിൽ അംബഷ്ഠന്നു ജനിച്ചവൻ വൈണനെമ്പോൻ. അംബഷ്ഠയിൽ വൈദേഹകന്നു ജനിച്ചവൻ കുശീലവനെമ്പോൻ. ക്ഷത്തയിൽ ഉഗ്രന്നുജനിച്ചവൻ ശ്വപാകനെമ്പോൻ. എൻറിവരും മററുമനേകർ, ഇജ്ജാതിയെ അന്തരാളന്മാരെക്കണ്ടു കൊൾക. രഥകാരന്മന്തരാളനെൻറു ചിലർ ചൊല്ലുവിതു. അതല്ല, വൈശ്യനേ കർമ്മവഴിമേൽ രഥ(കാര)നാവോൻ.

തേഷാം സവർണ്ണയോനൗ വിവാഹഃ, പൂർവ്വാപരഗാമിത്വം വൃത്താനുവൃത്തം ച സ്വധർമ്മാൻ സ്ഥാപയേത്. ശൂദ്രസധർമ്മാണോ വാ അന്യത്ര ചണ്ഡാലേഭ്യഃ.

ഇച്ചൊന്ന അന്തരാളന്മാർക്ക് തന്താങ്ങളുടെ സമാനജാതിയിൽ വിവാഹമെൻറവാറു, നിഷാദന്നു നിഷാദിയിൽ, അംബഷ്ഠന്നു അംബഷ്ഠയിൽ വിവാഹം. പൂർവ്വാപരഗാമിത്വമെൻറവാറു കല്പിപ്പതു, നിഷാദനംബഷ്ഠയെ ചെല്ലാതവാറു കല്പിപ്പിതു. വൃത്താനുവൃത്തമെൻറവാറു പണ്ടത്തെ ധർമ്മമിട വിടാതെ നിവൃത്തുവിതും ചെയ്യിതു. ശൂദ്രരുടെ ധർമ്മങ്ങളെ ചണ്ഡാലരൊഴിഞ്ഞു മറെറാഴിഞ്ഞ അന്തരാളന്മാർക്ക് കല്പിപ്പതു.

കേവലമേവം വർത്തമാനഃ സ്വർഗ്ഗമാപ്നോതി രാജാ നരകമന്യഥാ.

കേവലമിവ്വണ്ണമിയങ്ങിയവൻ രാജാവു സ്വർഗ്ഗം പ്രാപിക്കും, അല്ലായ്കിൽ നരകം പ്രാപിക്കും.

സർവ്വേഷാമന്തരാളാനാം സമോ വിഭാഗഃ.

അതേയുമല്ല, അന്തരാളന്മാർക്ക് ജ്യേഷ്ഠാംശമില്ല. സമഭാഗമെ, സ്ത്രീകൾക്കും പുരുഷന്മാർക്കുമൊക്കും വിഭാഗം.

ദേശസ്യ ജാത്യാഃ സംഘസ്യ ധർമ്മോ ഗ്രാമസ്യ വാപി യഃ ഉചിതസ്തസ്യ തേനൈവ ദായധർമ്മം പ്രകല്പയേത്.

ദേശം ജനപദാദി. ജാതി ബ്രാഹ്മണാദി. സംഘം കുലസമുദായം. ഗ്രാമമാവിതു ഊർ. ഇച്ചൊന്നവിററിന്നു യാതൊരു ധർമ്മമുചിതമായിയങ്ങുവിതോ അതിന്നവ്വഴിയെ ദായം കുറിടുവിതു.

ധർമ്മസ്ഥീയത്തിൽ ദായവിഭാഗമുമെഴാമദ്ധ്യായമും മുടിഞ്ചിതു.

ഇതി കൌടലീയാർത്ഥശാസ്ത്രേ ധർമ്മസ്ഥീയേ തൃതീയാധികരണേ സപ്തമോഽദ്ധ്യായഃ, ദായവിഭാഗേ പുത്രവിഭാഗഃ, ദായവിഭാഗഃ സമാപ്തഃ. ആദിതോഽഷ്ടപഞ്ചാശോഽദ്ധ്യായഃ.

---

൬൫. പ്രക. വാസ്തുകം–ഗൃഹവാസ്തുകം.

വാസ്തുകമെൻപിതു സൂത്രം. വാസ്തുകമാവിതു ഗൃഹക്ഷേത്രാരാമാദി സ്ഥാവരാന്തം. അതു ചൊല്ലിൻറിതെൻപിതു സൂത്രാർത്ഥം. സംബന്ധമാവിതു, കീഴ് ദായവിഭാഗം ചൊല്ലിതു. അവററാൽ

ഭേദിപ്പാച്ചതുക്കളങ്ങൾ വിഭക്തങ്ങളായവററിന്നു സംസർഗ്ഗമാകിൻറമയാൽ വിവാദമേടാ. സ്ഥാവരങ്ങൾ വിഭക്തങ്ങളാകിലും തുടർന്നേ കിടക്കമാകിൻറമയാൽ അവററിൽ വരും വിവാദമൊഴിവാനായ്ക്കൊണ്ടു നിർണ്ണയിക്കുമാറു ചൊല്ലിൻറിതു, എൻപിതു സംബന്ധം.

സാമന്തപ്രത്യയാ വാസ്തുവിവാദാഃ. ഗൃഹം ക്ഷേത്രമാരാമഃ സേതുബന്ധസ്തടാകമാധാരോ വാ വാസ്തുഃ.

സാമന്തപ്രത്യ(യാ) വാസ്തുവിവാദാഃ എൻറവാറു—സാമന്തമാരേവാ അ(ന്ന)ന്തരഭൂമി. അവു പ്രമാണങ്ങളാവോ വാസ്തുകവിവാദങ്ങൾക്കു. വാസ്തുവാവോ ഗൃഹം ക്ഷേത്രം ആരാമം സേതുബന്ധം തടാകം ആധാരം ഇതാവിതു ചെറുകളം.

കണ്ണുകീലായസസംബന്ധാന്നഗൃഹം സേതുഃ. യഥാ സേതുഭോഗം വേശ്മ കാരയേത്.

കണ്ണുകീലായസസംബന്ധാന്നഗൃഹം വാ സേതുഃ എൻറവാറു, കണ്ണങ്ങളാവോ കോടികൾ. കീലങ്ങളാവോ തൂൺ. ആയസസംബന്ധമെൻറവാറു—കോടിത്തൂൺ ചെമ്പുകൊണ്ടു കെട്ടി അത്തുണൊക്ക നൽപിടിച്ചു സ്ഥായിദ്രവ്യം കടപാലാദികൾ പുരയ്ക്കും തോറും സേതു ചെയ്യിതു. അസ്സേതു വിന്നകപ്പുട്ടെടത്തു ഗൃഹം ചെയ്യിതു.

അദ്ഭുതം വാ പരകുഡ്യാദപക്രമ്യ ദ്വാവരത്നി ത്രിപദീം പാദേ ബന്ധം കാരയേത്.

ഇച്ചൊന്ന സേതു പണ്ടു ചെയ്യവച്ചതില്ലായ്കിൽ പരനുടെ കുഡ്യത്തിൽനിൻറു രണ്ടരത്നിതാൻ ത്രിപദിതാൻ അപക്രമിച്ചു നേമിബന്ധം ചെയ്യിതു.

അവസ്കരം ഭ്രമമുദപാനം വാ ന ഗൃഹോചിതമന്യത്ര, അന്യത്ര സൂതികാകൂപാദാ നിർദ്ദശാഹാദിതി. തസ്യാതിക്രമേ പൂർവ്വഃ സാഹസദണ്ഡഃ.

അവസ്കരമാവിതു മറെറടം. ഭ്രമമാവിതു നീർപോംവഴി. ഉദപാനമാവിതു കിണറു. ഇവ്വൂൻറുമമന്ത നിലത്തൻറിയേ ഇല്ലത്തിങ്കൽ ചെയ്യലാകാ. സൂതികാകൂപം വാസിപ്പെട്ടെടത്തു കണ്ടുകൊൾവിതു, പത്തുനാളെയ്ക്കു പെററവളുടയ സ്നാനോദകം വീഴ്വാനായ്. പത്തുനാൾ കഴിഞ്ഞാൽ തൂർത്തുകളവിതു. ഇച്ചൊന്ന അവസ്കരാദികൾ ചെമന്ത നിലത്തൻറിയേ അതിക്രമിച്ചു ചെയ്കിൽ പൂർവ്വം സാഹസദണ്ഡം.

തേനേന്ധനാവഘാതാന്നകൃതം കല്യാണകൃത്യേഷ്വാചാമോദകമാർഗ്ഗാശ്ച വ്യാഖ്യാതാഃ.

സൂതികാകൂപാങ്കണമായെ വിറകുകീറുമിടത്തുള്ള ഉപദ്രവങ്ങളും, കല്യാണകൃത്യങ്ങളായൊ ചൂഡാകരണോപനയനവിവാഹാദികളിൽ അതിന്നിമിത്തമായുള്ള ആചമനോദകമാർഗ്ഗങ്ങളും ചൊന്നോവിപ്പട്ടുന. അവയും കല്യാണം മുടിയുമളവെയ്ക്കും വാസിച്ചെപ്പെടണ്ടു് കണ്ടുകൊൾവിതു.

ത്രിപദീപ്രതിക്രാന്തമധ്യർധമരത്നിം വാ പ്രവേശ്യ ഗാഢപ്രസൃതമുദകമാർഗ്ഗം പ്രസ്രവണപ്രപാതം വാ കാരയേത്. തസ്യാതിക്രമേ ചതുഷ്പഞ്ചാശത്പണോ ദണ്ഡഃ.

ഇനി ഭമവിധാനം ചൊല്ലിൻറിതു. ത്രിപദിതാൻ ഒൻറര മുളംതാൻ പരന്ത പരകീയമായുള്ള ഭൂമിയെ വിട്ടു സ്വകീയം ഭൂമിയിങ്കൽ തോട്ടുകണ്ടു തോട്ടിലൂടേ നീർ മണ്ടികഴിയുമാറു കല്പിപ്പിതു. എൻറിവണ്ണം ഉദകമാർഗ്ഗംചെയ്യിതു. പ്രസ്രവണപ്രപാതമാവിതു ഒക്ക ഒഴുക്കമത്രേ. അതു പരന്നേയ ഭൂമിക്ക മൂവടിനിലന്താൻ ഒൻറരമുളംതാൻ അകലെ വീഴുമാറു ചെയ്യിതു. ഇച്ചൊന്ന ഉദകമാർഗ്ഗസ്ഥാനമതിക്രമിച്ചുചെയ്യിൽ ഐമ്പത്തുനാലുപണം ദണ്ഡം.

ഏകപദീപ്രതിക്രാന്തമരത്നിം വാ ചക്രിചതുഷ്പദസ്ഥാനമഗ്നിഷ്ഠമുദഞ്ജരസ്ഥാനം രോചനീം കുട്ടനീം വാ കാരയേത്. തസ്യാതിക്രമേ ചതുർവ്വിംശതിപണോ ദണ്ഡഃ.

ഒരടിതാൻ ഒരുമുളന്താൻ പരന്തേയ കുഡ്യത്തുക്കലെ ചക്രിസ്ഥാനവും ചതുഷ്പദസ്ഥാനവും. ചക്രി എൻറ ചാട്ടും ചക്കിനെയും ചൊല്ലും. ചതുഷ്പദം ഗജാദി. അഗ്നിഷ്ഠമാവിതു അടുപ്പു. ഉദഞ്ജരമാവിതു വലുതായുള്ള ജലപാത്രം. രോചനി ആവിതു അമ്മിക്കൽ. കുട്ടനി ആവിതു ഉരൽ. ഇവററിനുടയ സ്ഥാനവും പരകുഡ്യത്തിന്നു ഒരടിതാൻ ഒരു അരത്നി താൻ വിട്ടുവച്ചു ചെയ്യിതു. ഇച്ചൊന്നതതിക്രമിക്കിൽ ഇരുപത്തിനാലു പണം ദണ്ഡം.

സർവ്വവാസ്തുകയോഃ പ്രാക്ഷിപ്തകയോർവ്വാ ശാലയോഃ കിഷ്കുരന്തരികാ ത്രിപദീ വാ. തയോശ്ചതുരംഗുലം നീപ്രാന്തരം സമാരൂഢകം വാ. കിഷ്കുമാത്രമാണിദ്വാരമന്തരികായാം ഖണ്ഡഫുല്ലാർത്ഥമസമ്പാതം കാരയേത്. പ്രകാശാർത്ഥമല്പമൂർദ്ധ്വം വാതായനം കാരയേത്. സംഭൂയ വാ ഗൃഹസ്വാമിനോ യഥേഷ്ടം കാരയേയുരനിഷ്ടം വാരയേയുഃ.

ഇതച്ചൊന്ന വാസ്തുകങ്ങൾ എല്ലാ ഗൃഹപങ്ക്തിചതുഷ്പഥസ്ഥാനാദികളിൽ വിഷമത്തിൽ പാർത്തുകൂടുകിൽ കിഷ്കുതാൻ തിപഹിതാൻ അരുളിലിടവിട്ടു കിടപ്പില്ല. അൻറിയെ ഗൃഹപതികൾക്കൊക്കൊതാം പട്ടാകിൽ ... ... ഇരണ്ടാൻറു മൻറിനെവെറിക്കിടന്നാലും അമയും. ആണിപോലം കിഷ്കുമാത്രം ആതരികയിങ്കൽ ഖണ്ഡസ്പുടിതസംസ്ഥാനാർത്ഥമായ് എപ്പോഴും ഇനം പൊതമാറാത്തവാറു ചെയ്തിതു. വെളിച്ചത്തിനായ് മെല്പട്ടു വാതായനവും ചെയ്യിപ്പിതു. അതുപുറം ചെയ്തു മുടിഞ്ഞപ്പോൾ മേവിതു. ഗൃഹപതികളിതവർ തമ്മിലെ കൂടി തങ്ങൾക്കു വാസിപ്പുമവും പുരയുടെ ഇട വിട്ടവിതു, വാസിയാത്തതു വിലക്കവില്ല.

വാനലട്ട്യാദ്ധ്വർദ്ധപമാവാസ്തുഭാഗം കടപ്രചര്യന്നമവർഗ്ഗലിത്തിര വ[illegible] യതു് വർഷബാധയാതു്. തസ്യാതിക്രമേ പൂർവ്വഃ സാഹസദണ്ഡഃ.

വാനലതിയുടയ [illegible] പുൽകൊണ്ടുമേഞ്ഞവർ അവമർഗ്ഗിത്തി പുൽകൊണ്ടുമേവിതുതാൻ ചെയ്തിതു, വർഷാബാധയെയൊഴിവാനായ്. അതതിക്രമിക്കിൽ പൂർവ്വം സാഹസദണ്ഡം. വാനലോടിയാവിതു-ഗൃഹാവലണ്ടകമെൻറ ചിലർ ചൊല്ലവിതു. അവമർഗ്ഗിനിയാവിതു [illegible].

പ്രതിലോമദ്വാരവാതായനബാധായാം ച, അന്യത്ര രാജമാർഗ്ഗാദ്ധ്യാദ്ധ്യ.

പ്രതിലോ(മ)ദ്വാരം കൊണ്ടും വാതായനദ്വാരം കൊണ്ടും ബാധചെയ്യിൽ പൂർവ്വം സാഹസദണ്ഡം. രാജമാർഗ്ഗം നോക്കി ഇവ ചെയ്യിൽ ദോഷമില്ല.

[illegible] പ്രണാളീനിശ്രേണ്യവസ്കരൈർ ബഹിർബാധായാം [illegible] ച.

പരന്റെ ഭൂമിയിങ്കൽ [illegible] ചെയ്യിലും പടി പട്ടതി(ലും) പ്രണാളി ചെയ്യിലും കോവേണി [illegible] പരഭൂമിയിലല്ലിക്കം ചെയ്യിലും ഇടപ്പാന്നവകൊണ്ടില്ലതിൻപുറത്തിട്ടു ബാധിക്കിലും വലിയെ മൂത്രപുരീഷങ്ങളിചെയ്യിലും പൂർവ്വം സാഹസദണ്ഡം.

[illegible] പരിത്യജ്യ [illegible] ദ്വാദശപണോ ദണ്ഡഃ. മൂത്രപുരീഷോപഘാതേ ദ്വിഗുണഃ.

പരന്റെ ചുവർ നീട്ടി കുത്തിത്തുളക്കിലും ദ്വാദശപണം ദണ്ഡം. ചുവർമേൽ മൂത്രപുരീഷാദികൾ ചെയ്കിലും ഇരുപത്തുനാലു പണം ദണ്ഡം.

പ്രണാളീമോക്ഷോ വർഷതി, അന്യഥാ ദ്വാദശപണോ ദണ്ഡഃ.

പ്രണാളീമോക്ഷം മഴപെയ്യുമ്പോളേ; അല്ലാത്തനേരം വിട്ടകിൽ ദ്വാദശപണം ദണ്ഡം.

പ്രതിഷിദ്ധസ്യ ച വസതഃ. നിരസ്യതശ്ചാവക്രയണം, അന്യത്ര പാരുഷ്യസ്തേയസാഹസസംഗ്രഹണമിഥ്യാഭോഗേഭ്യഃ. സ്വയമഭിപ്രസ്ഥിതോ വർഷാവക്രയശേഷം ദദ്യാത്.

1 പുര കൂലിക്കുകൊണ്ടവൻ അമത്തകാലം തികഞ്ഞാൽ വിലക്കപ്പെട്ടശേഷം ഇരിക്കിലും തികയുംമുന്നെ വിലക്കുകിലും പന്തിരണ്ടുപണം ദണ്ഡം; പാരുഷ്യം സ്തേയം സാഹസം സംഗ്രഹണം മിഥ്യാഭോഗം എന്നിത്യാദി ഇല്ലായ്കിൽ. പാരുഷ്യാദി പ്രസിദ്ധം. സംഗ്രഹണം സ്ത്രീവിഷയമായുള്ളത്. മിഥ്യാഭോഗം ഗൃഹസംസ്കാരാദികൾ ചെയ്യാതെ കഴിയുമത്രെ. ഇവ ഉളവാകിൽ കാലംതികയും മുന്നേയും പുറപ്പെടുവിക്ക. ഒരാണ്ടേയ്ക്കും കൂലി കൊടുത്തു് അവധികൾ ഇരുന്നിട്ടു പോകിലും ഒരാണ്ടേയ്ക്കും കൊടുത്തു പോവിക്ക താനേ പോവോനാകിൽ.

സാമാന്യേ വേശ്മനി സാഹായ്യമപ്രയച്ഛതഃ സാമാന്യോപരോധതോ ഭോഗം ച ഗൃഹേ ദ്വാദശപണോ ദണ്ഡഃ. വിനാശയതസ്തദ്ദ്വിഗുണഃ.

പൊതുവേയുള്ള ഇല്ലത്തിന്ന സാഹായ്യം ചെയ്യാതെ കഴികിലും സാമാന്യമായുള്ളത് ഒരുത്തനേ വിലക്കുകിലും സാമാന്യഭോഗം നിഗ്രഹം ചെയ്കിലും പന്തിരണ്ടുപണം ദണ്ഡം. സാമാന്യമായുള്ള ഗൃഹത്തിന്ന സ്തംഭച്ഛേദാദികം കൊണ്ടു് കേടുചെയ്കിൽ ഇരുപത്തിനാലുപണം ദണ്ഡം.

കോഷ്ഠകാങ്ഗണവർച്ചസ്യാനാമഗ്നികുട്ടനശാലയോഃ
വിവൃതാനാം ച സർവ്വേഷാം സാമാന്യോ ഭോഗ ഇഷ്യതേ.

---

1. 'പുര' ക.

കോഷ്ഠകമാവില്ല നിവേശനദ്വാരം. അംഗണം മുററം. വർജം മറവിടം. അഗ്നിശാല. കട്ടനശാല ഉരല്പുര. ... ... ഇവെല്ലാം സാമാന്യഭോഗങ്കൾ.

ഇതി കൌടലീയാൎത്ഥശാസ്ത്രേ ധൎമ്മസ്ഥീയേ തൃതീയാധികരണേ അഷ്ടമോ/ദ്ധ്യായഃ, വാസ്തുകേ ഗൃഹവാസ്തുകം ആദിതഃ പഞ്ചഷഷ്ടിതമോ/ദ്ധ്യായഃ.

വാസ്തുകത്തിൽ പ്രഥമാദ്ധ്യായവും ധൎമ്മസ്ഥീയത്തിൽ എട്ടാമദ്ധ്യായവും മുടിഞ്ഞില്ല.

൬൬-പ്രക. വാസ്തുകം — വാസ്തുവിക്രയഃ.

വാസ്തുകത്തിൽ പ്രഥമാദ്ധ്യായം മുടിഞ്ഞു ഇരണ്ടാമദ്ധ്യായം ചൊല്ലിൻറില്ല. അതിന്റ സംബന്ധമാവില്ല; മുതലദ്ധ്യായത്തിങ്കൽ ആവൃപ്രകാരം വാസ്തുകഭേദം ചൊല്ലീതു. പ്രധാനഭ്രതമായിതന്ന നേമിബന്ധവും പരസ്പരാന്തരാളവും അനുപഘാതവും അവക്രയാദികളും ചൊല്ലിയന. ഇപ്പോൾ ഗൃഹത്തിന്റ മറവുമെല്ലാം വിക്രയാദികൾ ചൊല്ലിൻറില്ല.

ജ്ഞാതിസാമന്തധനികാഃ ക്രമേണ ഭൂമിപരിഗ്രഹാൻ ക്രേതുമഭ്യാഭവേയുഃ, തതോ/ന്യേ ബാഹ്യാഃ.

ജ്ഞാതികളാവോർ ദായാദർ. സാമന്തരാവോർ അയലാർ. ധനികരാവോർ കടംകൊടുത്തവരൾ. ഇമ്മൂവരെ ക്രമത്തിനാൽ ഭൂമികൊൾവാനവർ. ഇവരല്ലാത്തവരൾ ബാഹ്യർ.

ബാഹ്യരും ചൊന്ന മൂവരും കൊള്ളാകിൽ കൊള്ളപ്പെറുവർ.

സാമന്തചത്വാരിംശത്കുല്യാ ഗൃഹപ്രതിമുഖേ വേശ്മ ശ്രാവയേയുഃ. സാമന്തഗ്രാമവൃദ്ധേഷു ക്ഷേത്രമാരാമം സേതുബന്ധം തടാകമാധാരം വാ മൎയ്യാദാസു യഥാസേതുഭോഗം. 'അനേനാൎഘേണ കഃ ക്രേതാ' ഇതി ത്രിരാഘുഷിതമവ്യാഹതം ക്രേതാ ക്രേതും ലഭേത. സ്പൎദ്ധയാ വാ മൂല്യവൎദ്ധനേ മൂല്യവൃദ്ധിഃ സശുല്കാ കോശം ഗച്ഛേത്, വിക്രയപ്രതിക്രോഷ്ടാ ശുല്കം ദദ്യാത്.

ഇല്ലം വില്ക്കുന്നോരം ഇല്ലത്തിന്നരികിലുള്ളോരം നാല്പതിന്മരെ വച്ചുകൊണ്ടില്ലത്തിന്മുന്നൽവച്ചു ചൊല്ലാവിപ്പിതു. വയൽവില്ക്കുന്നോരം അതലത്തുള്ള വരമ്പും ഗ്രാമവൃദ്ധന്മാരും കേൾക്കച്ചൊല്ലാവിപ്പിതു. തോട്ടമും കളമും ചിറയും പെരുകുളവും ഇവററിന്നുടയ സീമയിൽ നിന്റു ചൊല്ലാവിപ്പിതു. വില്ക്കിൻറതിന്നുടയ നാലിരുതിയിലും ചൊല്ലി അതിൽവരും ഭോഗവും ചൊല്ലി. ഇത്തിരത്തുക്കു കൊൾവാരുളരാകിൽ കൊൾവിനെന്റു മുൻറുരുടെ ചൊല്ലാവിച്ചു ജ്ഞാത്യാദികളാലെ വ്യാഘാതരാകിൽ പിന്നെ പുറവർ വിലയ്ക്കു കൊള്ളപ്പെറുവർ. ജ്ഞാതികൾ കൊൾവാൻ ഇടന്നപ്പോൾ ചൊല്ലാവിച്ച 1വിലയിലേറച്ചൊന്ന ധനം ശുല്ക്കത്തോടുകൂട കോയിൽക്കു വെപ്പിതു. വിക്രയം പിഴുന്നിച്ചു കട്ടുക്കൊള്ളുമവൻ ശുല്ക്കം വെപ്പിതു.

അസ്വാമിപ്രതിക്രുഷ്ടേ ചതുർവിംശതിപണോ ദണ്ഡഃ. സപ്തരാത്രാദൂർദ്ധ്വമനഭിസരതഃ പ്രതിക്രുഷ്ടാ വിക്രീണീത. പ്രതിക്രുഷ്ടാതിക്രമേ വാസ്തുനി ദ്വിശതോ ദണ്ഡഃ. അന്യത്ര ചതുർവിംശതിപണോ ദണ്ഡഃ. ഇതി വാസ്തുവിക്രയഃ.

ഉടമയവകാശമെന്റിയേ വില്ക്കുമവനു ഇരുപത്തുനാലു പണം ദണ്ഡം. ഉടമയ്ക്കുടയവൻ വ്യവഹാരത്തിൽ ഏഴുനാളിലകം ചെ(ാ?)ല്ലാതൊഴികിൽ വിലക്കുകിലും വില്പിതു. വിലക്കെല്ലുമ്മ അതിക്രമിച്ചു വില്ക്കിലും ഇരുനൂറു പണം ദണ്ഡം വാസ്തുവിങ്കൽ. (വി?ഷ?)യങ്ങളൊഴിഞ്ഞുള്ളേടങ്ങളിൽ വില്ക്കിലും ഇരുപത്തുനാലു പണം ദണ്ഡം. ഇങ്ങനെ വാസ്തുകവിക്രയം ചൊല്ലീതു.

സീമാവിവാദം ഗ്രാമയോരുഭയോഃ സാമന്താ പഞ്ചഗ്രാമീ ദശഗ്രാമീ വാ സേതുഭിഃ സ്ഥാവരൈഃ കൃത്രിമൈർവാ കുര്യാത്.

സീമാവിവാദമെന്നാല്ലിന്റിതു. ഇരണ്ടുഗ്രാമങ്ങളും തങ്ങളിലെ സീമ പിഴകകിൽ അതിന്നു നിർണ്ണയം പണ്ണുമാറാവിതു. അരികിലുള്ള നാലഞ്ചു ഗ്രാമങ്ങളും കൂടി സ്ഥാവരങ്ങളായുള്ള സേതുക്കളാവൊ നദീശൈലവനപ്രവൃത്തികൾകൊണ്ടും, കൃത്രിമങ്ങളായുള്ള ഇഷ്ടഗോമയന്തുഷകപാലാദികൾകൊണ്ടും വിവാദനിർണ്ണയം ചെയ്യിതു.

1. 'വിലയെച്ചൊല്ലുമ്പോളിൽ ചൊല്ലിച്ചൊന്ന' എം പാഠം.

കർഷകഗോപാലവൃദ്ധന്മാർ പൂർവ്വഭൃത്യന്മാർ വാ, അബാഹ്യാഃ സേതുനാമഭിജ്ഞാ ബഹവഃ ഏതേ വാ നിർദ്ദിശ്യ സീമസേതുൻ വിപരീതാന്യഥാ സീമാനം നയേയുഃ. ഉദ്ദിഷ്ടാനാം സേതുനാമർശനേ സഹസ്രദണ്ഡഃ. അഭേദനീതേ സീമാപഹാരിണാം സേതുച്ഛേദിനാം ച കല്പ്യതേ.

അരികത്തു ഗ്രാമങ്ങളിലുള്ളവർ കർഷകവൃദ്ധന്മാർ താൻ വിവാദനിർണ്ണയം ചെയ്യട്ടെ. അതിനില്ലാ[1]വെങ്കിൽ [illegible] വിട്ടവരും താൻ (ഗോപാലവൃദ്ധന്മാർ താൻ) [2]വൃദ്ധന്മാർ താൻ പലർ കൂടിയതാൻ [illegible] താൻ സീമാനേതൃ [illegible] കൊള്ളുന്നില്ലെങ്കിൽ അവൻ വിവാദനിർണ്ണയം ചെയ്യട്ടെ. സീമ ചൊല്ലുമവർ സ്ത്രീവേഷധാരിവിപരീതവേഷം ധരിപ്പിച്ചും ചെയ്തു [illegible] ചുവന്ന പൂവും ചൂടി സീമനടത്തുകയില്ല. ചൊല്ലിയ സേതുക്കൾ കാണാതെയായാൽ സഹസ്രം ദണ്ഡം. സീമ കുറിച്ചപ്പോഴും സീമ കളയുമവർക്ക് [illegible] ദണ്ഡം. സേതു മുറിക്കുന്നവർക്കും [illegible] സഹസ്രപണം ദണ്ഡം.

പ്രനഷ്ടസേതുഭോഗം [illegible] രാജാ [illegible] പകാരം വിഭജേത്.

പ്രനഷ്ടസേതുവായുള്ള സീമയും പ്രനഷ്ടഭോഗത്തെ ഉടയ ക്ഷേത്രാദികളും [illegible] ഉപകാരത്തിനു തക്കവണ്ണം കൂടികൾക്ക് കുറിച്ചു കൊടുപ്പൂ.

ക്ഷേത്രവിവാദം സാമന്തഗ്രാമവൃദ്ധാഃ കുര്യുഃ. [illegible] [illegible] [illegible] [illegible] [illegible] നിയമം [illegible] [illegible] [illegible]. [illegible] [illegible] പ്രനഷ്ടസ്വാമികം ച. [illegible] വിഭജേത്.

ഇനി ക്ഷേത്രവിവാദം ചൊല്ലിൻറിതു [illegible] നിത്യമായ് പിറകെയിൽ ഭൂമി അരികത്തു ഭൂമിയുടയവരും താൻ ഗ്രാമവൃദ്ധർ താൻ കൂടി വിവാദനിർണ്ണയം ചെയ്യട്ടു. അവരും [illegible] യാതൊരുത്തരു [illegible] ചെയ്തു കൂടി [illegible] ഇരിപ്പില്ല അവരും [illegible] ചെയ്യട്ടു.

1. 'അവിട്ടവർതാൻ' ക. 2. 'ഗുണവൃദ്ധന്മാർ' ഖ.

ങ്ങൾക്കുറുമൊത്തിരിക്കിൽ മദ്ധ്യം ഗ്രഹിപ്പിച്ചു എൻറവാറു ചമതാ ള്ളുറവിച്ചു. വിവാദം ചെയ്യിൻറവരാം തമ്മുടെ സമാധിക്ക വല്ലാക്കിൽ അസ്പൃസ്സു രാജാവു കൊറംവിച്ചു. ഖണ്ഡാദിമയത്തിനാലൊളിച്ചുപോയ സ്വാമിയുടെ വാസ്തുവും രാജാവു കൊറംവിച്ചു. കൊണ്ടിട്ടു പകാരത്തിന്നു തക്കവാറു ചോയവൻ ധനത്തിന്നർഹരായുള്ളവരളോടു കുറിട്ടുകൊറംവിച്ചു.

പ്രസഹ്യാദാനേ വാസ്തുനി ന്യായദണ്ഡഃ. കാർണ്ണാമാനേ പ്രയാസമാജീവം ച പരിസംഖ്യായ ബന്ധം ദദ്യാത്. മര്യാദാപഹരണേ പൂർവ്വഃ സാഹസദണ്ഡഃ. മര്യാദാഭേദേ ചതുർവിംശതിപണഃ.

വാസ്തു ബലാൽകാരത്താൽ ഗ്രഹിക്കിൽ കട്ടാലുള്ള ദണ്ഡം. ഉണ്ടാകി കാരണവഴിമേൽ ക്ഷേത്രാപഹാരങ്ങളെങ്കിൽ ക്ഷേത്രത്തിൽ ചെയ്ത പ്രയാസവും ഉണ്ടാവും പൊലിയും കണക്കകണ്ടു ഭൂമിയിൽനിന്നു വരും ഫലവും കണക്കുകണ്ടു ധനത്തിനളവും സിദ്ധിച്ചാൽ വഴിയക്കൊണ്ടവൻ ഭൂമിയുടയവർക്ക വിട്ടു കൊടുപ്പിച്ചു. ഒരു ഭൂമിക്കതിരായിരിക്കുമിടം കൂട്ടിക്കൊറംകിൽ പൂർവ്വം സാഹസദണ്ഡം. അതിനാശം ഭേദം ഹരിക്കിലിരുപത്തിനാലു പണം ദണ്ഡം.

ഏന തപോവനാവിവീതമഹാപഥശ്മശാനദേവകുലയജനപുണ്യസ്ഥാനവിവാദാ വ്യാഖ്യാതാഃ. ഇതി മര്യാദാസ്ഥാപനം.

ഇതുകൊണ്ട തപോവനം വിവീതം മഹാപഥം ശ്മശാനം ദേവസ്ഥാനം (യജനസ്ഥാനം) പുണ്യസ്ഥാനം എൻറിവററിനെ വിവാദനിർണ്ണയം ചൊല്ലിയൊരിൽപ്പെട്ടിച്ചു, എൻറു മര്യാദാസ്ഥാപനം ചൊല്ലീതു.

സർവ്വ ഏവ വിവാദാഃ സാമന്തപ്രത്യയാഃ. വിവീതസ്ഥലകേദാരഷണ്ഡഖലവേശ്മവാഹനകോഷ്ഠാനാം പൂർവ്വം പൂർവ്വമാബാധം സഹേത.

എല്ലാവിവാദങ്ങൾക്കും അയലെ പ്രമാണമാകിൻറമയാൽ വിവീതം സ്ഥലിയാവിച്ചു, മയാൽ കേദാരം വയൽ ഷണ്ഡം വാഴ

വഴിതിന എൻറിങ്ങാതി ഖലങ്ങളും ഭവശ്ശം ധാമനങ്ങൊണ്ടുമാ വുള്ളതൊക്കെ അശോകശാല എൻറിവെ വുഴ്ഴിലും മുന്നംമുന്നമുള്ള വൈ മേൽ മേലവററിനുടയ ബാധ സഹിപ്പില്ല എൻറവാക്കു വിവിത്തം കൊട്ടുള്ള മയാൽ[1] വേണ്ടാകിൽ വേണ്ടവില്ല.

ഗ്രാമസീമാരണ്യദേവയജ്ഞനപുണ്യസ്ഥാനവർജ്ജ്യാഃ സ്ഥലപ്രദേശാഃ.

ഗ്രാമസീമാരണ്യം ദേവസ്ഥാനം യജ്ഞസ്ഥാനം പുണ്യസ്ഥാനമെൻറിവ ഒഴിയ മററുസ്ഥലപ്രദേശങ്ങൾ വയലാകവേണ്ടു. ഇപ്പൊന്ന നിലം വയൽക്കു യോഗ്യമാകിലും വയലാക്കലാകാ.

ആധാരപരിവാഹകേദാരോപഭോഗൈഃ പരക്ഷേത്രകൃഷ്ടബീജഹിംസായാം യഥോപഘാതം മൂല്യം ദദ്യുഃ. കേദാരാരാമസേതുബന്ധാനാം പരസ്പരഹിംസായാം ഹിംസാദ്വിഗുണോ ദണ്ഡഃ. പശ്ചാന്നിവിഷ്ടമധരതടാകം നോപരിതടാകസ്യ കേദാരമുദകേനാപ്ലാവയേത്. ഉപരി നിവിഷ്ടം നാധരതടാകസ്യ പൂരാസ്രാവം വാരയേദ് അന്യത്ര ത്രിവർഷോപരതകർമ്മണഃ. തസ്യാതിക്രമേ പൂർവഃ സാഹസദണ്ഡസ്തടാകവാമനം ച.

കളംകത്തിയും പരിവാഹത്തോട്ടകത്തിയും വയൽ തിരുത്തിയും പിറരുടെ ക്ഷേത്രത്തിലുണ്ടായിരുന്ന ബീജം കെട്ടുകിൽ കെട്ടതുവന്ന ... .കേദാരാരാമങ്ങൾക്കു പരസ്പരം ഹിംസവരുകിൽ കെട്ടതതിനിരട്ടി ദണ്ഡം. മേലെക്കുളത്താൽ വിളയും ഭൂമിയിൽ പിന്നെ കുത്തിയ കീഴെക്കുളത്തിൻ നീർപായ്ച്ചലാകാ. മേലേക്കുളം പിന്നെ ഉണ്ടാകിൻറതും കീഴെക്കുളത്തുക്കുപായും നീർ ചെറുക്കലാകാ. കീഴെക്കുളത്തിൻ നീർകൊണ്ടു കരുമമൊഴിഞ്ഞു കിടക്കിൽ പായിൻറ നീർ ചെറുക്കപ്പെറും. അതതിക്രമിക്കിൽ പൂർവ്വം സാഹസദണ്ഡം.

പഞ്ചവർഷോപരതകർമ്മണഃ സേതുബന്ധസ്യ സ്വാമ്യം ലുപ്യേതാന്യത്രാപദ്ഭ്യഃ.

ഐയാണ്ടുപേക്ഷിക്കപ്പെട്ട സേതുബന്ധത്തിന് പരചക്രാദി ആപത്തില്ലാക്കിൽ സ്വാമ്യം കെടും.

---

1. 'പണ്ണാകിൽ പണ്ണുവില്ല' ഖ, പാഠം.

തടാകസേതുബന്ധാനാം നവപ്രവർത്തനേ പാഞ്ചവാർഷികഃ പരിഹാരഃ. ഭഗ്നോത്സൃഷ്ടാനാം ചാതുർവാർഷികഃ. സമുപാരൂഢാനാം ത്രൈവാർഷികഃ. സ്ഥലസ്യ ദ്വൈവാർഷികഃ. സ്വാത്മാധാനേ വിക്രയേ ച. ഖാതപ്രാവൃത്തിമനദീനിബന്ധായതനതടാകകേദാരാരാമഷണ്ഡവാപാനാം സസ്യവർണ്ണഭാഗോത്തരികം, അന്യേഭ്യോ യഥോപകാരം ദദ്യുഃ.

തടാകം സേതുബന്ധം ഇവ പുതിയവായ് പണ്ണുകിൽ അഞ്ചാണ്ടേക്കിറയൊഴിവു. കെട്ടുകിടക്കുമവ പുതുക്കുകിൽ നാലാണ്ടേക്കിറയൊഴിവു. പുല്ലും കാടും കിടക്കുമവ തിരുത്തിക്കൊള്ളുമവന്നു മൂവാണ്ടേക്കിറയൊഴിവു. ഇതു ചെയ്യുമവൻ വില്ക്കുവും ഒറ്റിവെയ്ക്കുവും പെറും. മറ്റൊഴിഞ്ഞ ഖാതപ്രാവൃത്തിമവാ പൊങ്ങുമവാ കിണറു കൂവം കുന്നു എന്നീർകൊണ്ടു വിളയുമവും ആറു നീരാൽ നനച്ചുവിളയുമവും തോട്ടിൽകൊണ്ടുപോന്ന വിളയുമവും കുളത്തിലുമവ്വണ്ണം വിളയുമവും, കേദാരം വയലിൽ വിളയുമവും, ആരാമഷണ്ഡവാപങ്ങളെന്ന തോട്ടത്തിൽ വാഴ വഴുതിന മുതലായതു നട്ടുമവ. ഇവറ്റിന്നു സസ്യവർണ്ണത്തിൽ ഭാഗോത്തരികമായും കൊടുപ്പിതു. എൻറവാറു ഉഴവുകൊണ്ടുണ്ടാം സസ്യവർണ്ണാധികം വാഴുമവന്നു ഭാഗമേറ്റത്തിലൊഴിവായി കൊടുപ്പിതു. അൻറിയെ കർമ്മണ്യന്മാർ വ്യവസിയമെന്റിയെ ഉളവാക്കുവോർക്കു കൊടുപ്പിതു.

പ്രക്രയാവക്രയാധിഭാഗഭോഗനിഷ്ടക്ഷേപാപകർത്താരശ്ചൈഷാം പ്രതികുർയുഃ. അപ്രതികാരേ ഹീനദ്വിഗുണോ ദണ്ഡഃ.

ഇനി തടാകാദിസ്ഥാനങ്ങളെ പ്രതികാരകർത്താക്കളെ ചൊല്ലിനിതു. പ്രക്രയം വിലയ്ക്കുകൊണ്ടവരും. ആധി ഒറ്റികൊള്ളുമവരും. ഭാഗം കൈക്കൊള്ളേണ്ടവരും. നിസ്സ്വമ്മെ കൊട്ടങ്ങളും. എന്റിങ്ങനെ കൊണ്ടു ഉപയോഗിക്കിന്റവരും തടാകാദികളെ പ്രതികാരം ചെയ്യേണ്ടോർ, പ്രതികാരം ചെയ്യാതൊഴിഞ്ഞിട്ടു നാശം കെടുകിൽ കെട്ടതിലിരട്ടി ദണ്ഡം.

സേതുഭ്യോ മുഞ്ചതസ്തോയമവാരേ ഷട്പണോ ദമഃ
വാരേ വാ തോയമന്യേഷാം പ്രമാദേനോപരുന്ധതഃ.

---

1. 'ചെല്ലുകി' ക. 2. 'കമ്പര' ക

ശ്ലോകാർത്ഥമാവിതു. സേതുവിനിൽ നിൻറു തനക്കു മുറയല്ലാത്തനാറും നീർ വിട്ടുകൊണ്ടുപോകിൽ ആറുപണം ദണ്ഡം. പിറക്കുമുറപ്പെട്ടനാറും അറിയാതെ ചെറുക്കിലുമാറുപണം ദണ്ഡം. ധർമ്മസ്ഥീയത്തിൽ ഒൻപതാമദ്ധ്യായം മുടിഞ്ഞിതു.

ഇതി കൗടലീയാർത്ഥശാസ്ത്രേ ധർമ്മസ്ഥീയേ തൃതീയാധികരണേ നവമോഽദ്ധ്യായഃ. വാസ്തുകേ വാസ്തുവിക്രയഃ സീമാവിവാദഃ ക്ഷേത്രവിവാദഃ മര്യാദാസ്ഥാപനം ബാധാബാധികം. ആദിതഃ ഷട്ഷഷ്ടിതമോഽദ്ധ്യായഃ.

പ്രക. ൬൬, ൬൭. വാസ്തുകം—വിവീതക്ഷേത്രപഥഹിംസാ സമയസ്യാനപാകർമ്മ ച.

ഇനി വാസ്തുകത്തിലേ മൂന്റാമദ്ധ്യായം ചൊല്ലിൻറിതു. കീഴേ അദ്ധ്യായത്തിലേ ക്ഷേത്രാദികളുടെ സീമാനിൎണ്ണയം ചൊല്ലീതു. [1]ഇപ്പൊഴുദകമാർഗം നിരോധം ചെയ്കിലും സസ്യാദിഹിംസൈ ചെയ്കിലുമതിന്നു ദണ്ഡം ചൊല്ലിൻറിതു.

കർമ്മോദകമാർഗമുചിതം രുന്ധതഃ കുർവതോഽനുചിതം വാ പൂർവഃ സാഹസദണ്ഡഃ.

കർമ്മാർത്ഥമായ് ചെയ്തിൻറ ഉദകമാർഗമുചിതമാകിൻറതു ചെറുക്കുമവനും അനുചിതമായിരുന്നതു ചെയ്യുമവനും പൂർവ്വം സാഹസദണ്ഡം.

സേതുകൂപപുണ്യസ്ഥാനചൈത്യദേവായതനാനി ച പരഭൂമൗ നിവേശയതഃ പൂർവാനുവൃത്തം ധർമ്മസേതുമാധാനം വിക്രയം വാ നയതോ നായയതോ വാ മധ്യമഃ സാഹസദണ്ഡഃ ശ്രോതൃണാമുത്തമഃ അന്യത്ര ഭഗ്നോത്സൃഷ്ടാത്.

സേതു കൂപം പുണ്യസ്ഥാനം ചൈത്യസ്ഥാനം ദേവായതനം എൻറിവു പരഭൂമിയിങ്കൽ ചെയ്യുമവനു പൂർവ്വം സാഹസദണ്ഡം. പൂർവ്വപുരുഷന്മാർ ധർമ്മാർത്ഥമായ് ചെയ്തിൻറ സേതു തൻ പുത്രാദികളൊററി വെപ്പിക്കിലും വില്പിക്കിലും താൻ ചെയ്കിൽ മദ്ധ്യമം സാഹസദണ്ഡം. സാക്ഷികേൾക്കുമവർക്കു ഉത്തമം സാഹസദണ്ഡം, അസ്സേതു ഭഗ്നോത്സൃഷ്ടമല്ലാക്കാൽ.

---

1. 'അ' ക.

സ്വാമ്യഭാവേ ഗ്രാമാഃ പുണ്യശീലാ വാ പ്രതികുർവ്യുഃ.

ധർമ്മസേതുവിന്നു സംസ്കാരം ചെയ്യുമവൻ സ്വാമി ഇല്ലാത്തിൽ പുണ്യശീലരായുള്ള ഗ്രാമങ്ങളും ഗണങ്ങളുംകൂടി സംസ്കാരം ചെയ്തിതു.

പഥപ്രമാണം ദുർഗനിവേശേ വ്യാഖ്യാതം. ക്ഷുദ്രപശുമനുഷ്യപഥം രുന്ധതോ ദ്വാദശപണോ ദണ്ഡഃ. മഹാപശുപഥം ചതുർവിംശതിപണഃ. ഹസ്തിക്ഷേത്രപഥം ചതുഷ്പഞ്ചാശത്പണഃ. സേതുവനപഥം ഷട്ഛതഃ. ശ്മശാനഗ്രാമപഥം ദ്വിശതഃ. ദ്രോണമുഖപഥം പഞ്ചശതഃ. സ്ഥാനീയരാഷ്ട്രവിവീതപഥം സാഹസ്രഃ. അതികർഷണേ ചൈഷാം ദണ്ഡചതുർത്ഥാ ദണ്ഡാഃ. കർഷണേ പൂർവ്വോക്താഃ.

വഴിയുടെ പ്രമാണം ദുർഗനിവേശത്തിലെ ചൊല്ലീതു. ക്ഷുദ്രപശുക്കളും മനുഷ്യരും പോതമാറും വഴി ഇടമുള്ളതുണ്ടായിരിക്കമതു ചെറുക്കമവർക്കു പന്തിരണ്ടുപണം ദണ്ഡം. മഹാപശുക്കളും തേരും പോതമാറും തെരുവു നാന്മുഴമിടമുള്ളതുണ്ടായിരിക്കമതു ചെറുക്കമവന്നു ചതുർവിംശതിപണം ദണ്ഡം. ആനപോതമാറും വഴിയും വയല്ക്കു പോംവഴിയുമടെക്കമവന്നു അമ്പത്തുനാലുപണം ദണ്ഡം. സേതുപഥവും വനപഥവും ചെറുക്കമവന്നു (അറു) നൂറുപണം ദണ്ഡം. ശ്മശാനപഥവും ഗ്രാമപഥവും ചെറുക്കമവന്നു ഇരുനൂറുപണം ദണ്ഡം. ദ്രോണമുഖപഥമാവിതു എൺകോലകമായിരിക്കമതു ചെറുക്കമവന്നു അഞ്ഞൂറുപണം ദണ്ഡം. സ്ഥാനീയരാഷ്ട്രവിവീതപഥം ചെറുക്കമവന്നു ആയിരം പണം ദണ്ഡം. വഴി [1]അളവുപ്രമാണങ്ങളിൽ കുറെക്കമവന്നു കീഴ്ച്ചൊന്ന ദണ്ഡത്തിൽ നാലൊന്റു ദണ്ഡം. വഴി ഉഴുകിൽ കീഴ്ച്ചൊന്ന ദണ്ഡം തികയ വപ്പിച്ചു കൊൾവിതു.

ക്ഷേത്രികസ്യാക്ഷിപതഃ ക്ഷേത്രമുപവാസസ്യ വാ ത്യജതോ ബീജകാലേ ദ്വാദശപണോ ദണ്ഡഃ, അന്യത്ര ദോഷോപനിപാതാവിഷഹ്യേഭ്യഃ.

ഉഴവുകൊണ്ടവൻ വിതെക്കാലത്തൊഴികിലും ഉഴവുകൊടുത്തവൻ വിതെക്കാലത്തു... ... ...വെങ്കിലും പന്തിരണ്ടുപണം

1. 'മ ഒമ' ക.

ദണ്ഡം ദോഷോപനിപാതാവിഷഹ്യങ്കളില്ലാകിൽ. ദോഷം ക്ഷേത്രദോഷം, ഉപനിപാതം രാജചോരാദിബാധങ്കൾ.

കരദാഃ കരദേഷ്വാധാനം വിക്രയം വാ കുര്യുഃ, ബ്രഹ്മദേയികാ ബ്രഹ്മദേയികേഷു. അന്യഥാ പൂർവ്വഃ സാഹസദണ്ഡഃ, കരദസ്യ വാ കരദഗ്രാമം പ്രവിശതഃ.

ഇറയിടുമവരും മററുമിറയിടക്കുടിയർക്കേ വില്പിതു ഒററിവെപ്പിതും ചെയ്യിതു. ബ്രഹ്മദേയികരും ബ്രഹ്മദേയികർക്കേ വില്പിതു. അല്ലാഴ്ത്തിൽ പൂർവ്വം സാഹസദണ്ഡം. ഇറയിടക്കുടിയൻ, ഇറയിടാതെ ഊർകളിൽ പുക്കിരിക്കിൽ പൂർവ്വം സാഹസദണ്ഡം.

കരദം തു പ്രവിശതഃ സർവ്വദ്രവ്യേഷു പ്രാകാമ്യം സ്യാത്, അന്യത്രാഗാരാത്. തദപ്യസ്മൈ ദദ്യാത്.

അനാദേയമകൃഷതോ/ന്യഃ പഞ്ചവർഷാണ്യുപഭുജ്യ പ്രയാസനിഷ്ക്രയേണ ദദ്യാത്.

ഇറയിടുമൂരിൽ ചെന്റു പു(ക)വോനാകിൽ തന്നുടയ ദ്രവ്യമെല്ലാററിനും സ്വാമി ധാന്യചതുഷ്പദാദികളെല്ലാം കൊണ്ടു പോരപ്പെറും. ഇല്ലമുമിവനുടയതേ ആയിരിക്കപ്പെറും. അകൃതത്തെ (സ്ഥ?സ്ഥ)കൊണ്ടനാദേയം. അതുടയവൻ (വന?) സാമർത്ഥ്യമിന്റിയേ ഉഴാതെ കിടക്കിൽ മറെറാരുത്തനഞ്ചാണ്ടേക്കഴിച്ചു് അവിടെക്കിണറാക തോടാക അകഴ്വാൻ ചെന്റവിയംകൊണ്ടു വിട്ടുവിതു.

അകരദാഃ പരത്ര വസന്തോ ഭോഗമുപജീവേയുഃ.

ഇറ ഇടാത്തവരും മറെറാരു ഊരിൽ വസിക്കിൽ ക്ഷേത്രഭോഗമാത്രം ഉപയോഗിപ്പിതു. പുരയിടത്തുള്ള ഭോഗവും ഹിരണ്യകരദണ്ഡം രാജാവു കൊൾവിതു.

ഗ്രാമാർത്ഥേന ഗ്രാമികം വ്രജന്തമുപവാസാഃ പര്യായേണാനുഗച്ഛേയുഃ. അനനുഗച്ഛന്തഃ പണാർദ്ധപണികം യോജനം ദദ്യുഃ.

ഗ്രാമത്തിനായ് ഗ്രാമമഹത്തമൻ ദേശാന്തരത്തിനു പോകിൽ അവ്വൂരിൽ കുടികളുടൻ പോവിതു. പോകാതൊഴിവോരാകിൽ ഒരു യോജനയ്ക്കൊന്റരപ്പണം ദണ്ഡം.

ഗ്രാമികസ്യ ഗ്രാമാദസ്തേനപാരദാരികം നിരസ്യതശ്ചതുൎവിംശതിപണോ ദണ്ഡഃ ഗ്രാമസ്യോത്തമഃ.

ഗ്രാമമുഖ്യനായുള്ളവൻ ഗ്രാമത്തിൽ നിന്നു കള്ളനേയും (ഉ?) പാരദാരികനേയുമല്ലാത്തവരെപ്പുറപ്പെടുവിക്കിൽ ഉത്തമം സാഹസദണ്ഡം. ... ...

നിരസ്തസ്യ പ്രവേശോ ഹ്യധിഗമേന വ്യാഖ്യാതഃ.

ദോഷമുണ്ടായ് പുറപ്പെടുക്കപ്പെട്ടവൻ ഗ്രാമത്തിങ്കൽ വന്നു പുകവോനാകിൽ പരഗൃഹാദിഗമനത്തിങ്കൽ ചൊന്ന ദണ്ഡമേ ദണ്ഡം.

സ്തംഭൈഃ സമന്തതോ ഗ്രാമാദ് ധനുശ്ശതാപകൃഷ്ടമുപസാലം കാരയേത്.

സ്തംഭങ്ങൾ ഗ്രാമഞ്ചൂഴല എങ്കും നൂറു വില്ലകലക്കോട്ടയായ് ചെയ്വിതു.

പശുപ്രചാരാൎത്ഥം വിവീതമാലവനേനോപജീവയേയുഃ.

പശുക്കൾ മേവാനായ് വിവീതം പുൽ... ...മൂന്നുകൊണ്ടുപജീവിപ്പാനായി വിടുവിതു.

വിവീതം ഭക്ഷയിത്വാപസൃതാനാമുഷ്ട്രമഹിഷാണാം പാദികം രൂപം ഗൃഹ്ണീയുഃ. ഗവാശ്വഖരാണാം ചാൎദ്ധപാദികം, ക്ഷുദ്രപശൂനാം ഷോഡശഭാഗികം.

വിവീതത്തിൽ മേഞ്ഞുപോകിൻറ ഉഷ്ട്രമഹിഷാദികളോരോൻറിന്നു കാല്പണം കൊൾവിതു. വിവീതാദ്ധ്യക്ഷൻ പശു കുതിര കഴുത എൻറിവു മേഞ്ഞുപോകിൽ അരൈക്കാൽ പണം കൊൾവിതു. ക്ഷുദ്രപശുക്കൾ മേഞ്ഞുപോകിൽ മാകാണി കൊൾവിതു.

ഭക്ഷയിത്വാ നിഷണ്ണാനാമേത ഏവ ദ്വിഗുണാ ദണ്ഡാഃ. പരിവസതാം ചതുൎഗ്ഗുണാഃ. ഗ്രാമദേവവൃക്ഷാ വാ അനിൎദ്ദശാഹാ വാ ധേനൂക്ഷാണോ ഗോവൃഷാശ്ചാദണ്ഡ്യാഃ.

... ...ഇരായി കിടപ്പോരാകിൽ നാന്മടങ്ങു ദണ്ഡം കൊൾവിതു. ഗ്രാമവൃക്ഷങ്ങളും ദേവവൃക്ഷങ്ങളും പത്തുനാൾ പുക്കില്ലാത്ത

ധേനുവും വൃദ്ധകാളകളും ഗോവൃഷങ്ങളു(ക്ക?)ം പുക്ക തിന്നപ്പെറ്റും, ദണ്ഡമില്ല.

സസ്യഭക്ഷണേ സസ്യോപഘാതം നിഷ്പത്തിതഃ പരിസംഖ്യായ ദ്വിഗുണം ദാപയേത്.

സസ്യം ഭക്ഷിപ്പിതാകിൽ യാതൊരളവു ഛേദം ഭക്ഷിപ്പിതു, അതു വിളയുമതിലിരുമടങ്ങു കൊടുപ്പിതു.

സ്വാമിനശ്ചാനിവേദ്യ ചാരയതോ ദ്വാദശപണോ ദണ്ഡഃ. പ്രമുഞ്ചതശ്ചതുർവ്വിംശതിപണഃ. പാലിനാമർദ്ധദണ്ഡഃ. തദേവ ഷണ്ഡഭക്ഷണേ കുര്യാത്. വാടഭേദേ ദ്വിഗുണഃ. വേശ്മഖലവലയഗതാനാം ച ധാന്യാനാം ഭക്ഷണേ. ഹിംസാപ്രതീകാരം കുര്യാത്.

പശുവുടയവൻ [1]കെട്ടിവച്ചു നോക്കി നിൻറു തീററുവോനാകിൽ പന്തിരണ്ടുപണം ദണ്ഡമും കൊടുത്തു ഭക്ഷിതദ്വിഗുണമും കൊടുപ്പിതു. വിട്ടടിച്ചു തീററുവോനാകിൽ ഇരുപത്തുനാലുപണം ദണ്ഡമും കൊടുത്തു ഭക്ഷിതദ്വിഗുണമും കൊടുപ്പിതു. ഉഷ്ട്രമഹിഷാദികൾ[2]പാലകളാകിൽ ചൊന്നതിൽ പാതി ദണ്ഡം. സസ്യഭക്ഷത്തിൽ ചൊന്ന ദണ്ഡമേ ഷണ്ഡഭക്ഷത്തിലും ദണ്ഡം. വേലി മുറിച്ചു പുക്കു തിങ്കിൽ ഇരുമടങ്ങു ദണ്ഡം. ഇല്ലത്തിലാക വയലിലാക കളത്തിലാക നെല്ലൊവു തിങ്കിൽ തിൻററിലിരുമടങ്ങു കൊടുപ്പിതു; ഹിംസാപ്രതീകാരമുഞ്ചെയ്യിതു.

അഭയവനമൃഗാഃ പരിഗൃഹീതാ വാ ഭക്ഷയന്തഃ സ്വാമിനോ നിവേദ്യ യഥാഽവധ്യാസ്തഥാ പ്രതിഷേദ്ധവ്യാഃ.

അഭയവനമൃഗങ്ങളും വളത്തിൻറ മൃഗങ്ങളും ... ഉടയവന്നു വന്നു ചൊല്ലിപ്പിന്നെ വധ്യങ്ങളാം വിലക്കുമാറു വിലക്കുവിതു.

പശവോ രശ്മിപ്രതോദാഭ്യാം വാരയിതവ്യാഃ. തേഷാമന്യഥാ ഹിംസായാം ദണ്ഡപാരുഷ്യദണ്ഡാഃ. പ്രാർത്ഥയമാനാ ദൃഷ്ടാപരാധാ വാ സർവ്വോപായൈർന്നിയന്തവ്യാഃ. ഇതി ക്ഷേത്രപഥഹിംസാ.

പശുക്കളെ രശ്മിപ്ര(ദോഷം?തോദം) കൊണ്ടു മെത്തന അടിപ്പിതു. അൻറിയ ഹിംസിക്കിലും നോകത്തകത്തിലും ദണ്ഡപാ

---

1. '[illegible]', ' 2. 'ബാ' ല. പാഠം.

അദ്ധ്യത്തിൽ ചൊന്ന ദണ്ഡമേ ദണ്ഡം. കത്തുവാൻ വരുമവറ്റെയും പണ്ടു ദ്രഷ്ടാപരാധിയായുള്ളവറ്റെയും കെട്ടിയും പൂട്ടിയും വിലക്കവിതു. വാസ്തുകമാകിൻറ സൂത്രം മുടിഞ്ഞിതു.

കർഷകസ്യ ഗ്രാമമഭ്യുപേത്യാകുർവ്വതോ ഗ്രാമ ഏവാത്യയം ഹരേത്. കർമ്മാകരണേ കർമ്മവേതനാദ് ദ്വിഗുണം, ഹിരണ്യാദാനേ പ്രത്യംശദ്വിഗുണം, ഭക്ഷ്യപേയാദാനേ ച പ്രഹവണേഷു ദ്വിഗുണമംശം ദദ്യാത്.

സമയസ്യാനപാകർമ എൻപിതു സൂത്രം. സമയമാവിതു പലർകൂടി വരി കല്പിക്കിൻറ വ്യവസ്ഥാ. അതിന്റെ അനപാകർമമാവിതു അ(ന)ല്ലംഘനം അതുചൊല്ലിൻറതെൻപിതു സൂത്രാൎത്ഥം. കർഷകനാവോൻ ഉഴവു കുടിയവൻ. ഗ്രാമസമയത്തിൽ കൂടി അമഞ്ഞതു ചെയ്യാതൊഴികിൽ അവനേ അഗ്ഗ്രാമമേ പിഴകൊൾവിതു. സമുദായസാധ്യമായുള്ള കർമ്മം ചെയ്യാതൊഴി(വിതു ? കിൽ) തൻകുററിനു വരും കൂലിയിലിരുമടങ്ങു കൊടുപ്പിതു. ഗ്രാമകാൎയ്യംനിമിത്തമായെല്ലാരും വെയ്ക്കുമ്പോഴ് ഹിര(ണ്യം) വയ്പ്പാതൊഴിവോനാകിൽ മറെറവരക്കു വച്ചതിലിരുമടങ്ങു ദണ്ഡം വെപ്പിതു. ഗോഷ്ഠീഭോജനാദികളിൽ ഭക്ഷ്യപേയം കൊടാതൊഴിവോനാകിൽ ദ്വിഗുണമംശം കൊടുപ്പിതു.

പ്രേക്ഷായാമനംശദഃ സസ്വജനോ ന പ്രേക്ഷേത. പ്രച്ഛന്നശ്രവണേക്ഷണേ ച സർവഹിതേ ച കർമ്മണി നിഗ്രഹേണ ദ്വിഗുണമംശം ദദ്യാത്.

കൂത്താട്ടമെടുത്തു പൊൻകൊടാതൊഴികിൽ താനും തന്നുടെ സ്വജനങ്കളും കാണാതൊഴിവിതു. ഒളിച്ചുനിൻറു കാൺപിതും കേൾവിതും ചെയ്കിലും സർവ്വഹിതമായുള്ള കാൎയ്യത്തിന്നു നിഗ്രഹംചെയ്കിലും അംശദ്വിഗുണം കൊടുപ്പിതു.

സർവഹിതമേകസ്യ ബ്രുവതഃ കുർയുരാജ്ഞാം. അകരണേ ദ്വാദശപണോ ദണ്ഡഃ. തം ചേത് സംഭൂയ വാ ഹന്യുഃ പൃഥഗേഷാമപരാധദ്വിഗുണോ ദണ്ഡഃ. ഉപഹന്തൃഷു വിശിഷ്ടഃ.

സർവ്വഹിതമായുള്ള കാൎയ്യമൊരുത്തൻ ചൊല്ലുകിൽ മറെറാഴിഞ്ഞ സമയികൾ അവനുടെ ആജ്ഞയെ ചെയ്‌വിതു. അതു ചെയ്യാതൊ

ഴികിൽ പന്തിരണ്ടു പണം ദണ്ഡം. അൻറിയേ പൊറാമയാല വനെ എല്ലാരുംകൂടി കൊല്ലുവാരാകിൽ ഓരോത്തരെ അപരാധ ദ്വിഗുണം ദണ്ഡം. കൊല്ലിൻറവരെ വിശിഷ്ടമായ ദണ്ഡം വെപ്പിതു.

ബ്രാഹ്മണതശ്ചൈഷാം ജ്യൈഷ്ഠ്യം നിയമ്യേത. പ്രഹവണേഷു ചൈഷാം ബ്രാഹ്മണാ നാകാമാഃ കുര്യുഃ. അംശം ച ലഭേരൻ.

ബ്രാഹ്മണക്ഷത്രിയവൈശ്യരിൽ ജ്യേഷ്ഠമായുള്ളതു നിയമിപ്പിതു. പ്രീതിഭോജനാദികളിലും ബ്രാഹ്മണർ[1] തങ്ങൾ വാസിയാകരാൽ വേണ്ടിൻറ സാധനം നേടക്കടവിയരല്ല.

തേന ദേശജാതികുലസംഘാനാം സമയസ്യാനപാകർമ്മ വ്യാഖ്യാതം.

ഇതുകൊണ്ടു ദേശജാതികുലസംഘങ്ങളുടെ സമയസ്യാനപാകർമ്മവും ചൊന്നോരിൽ പട്ടിതു.

രാജാ ദേശഹിതാൻ സേതൂൻ കുർവതാം പഥി സംക്രമാൻ
ഗ്രാമശോഭാശ്ച രക്ഷാശ്ച തേഷാം പ്രിയഹിതം ചരേത്.

രാജാ ദേശഹിതാൻ സേതൂൻ കുർവതാം പഥി സംക്രമാൻ
ഗ്രാമശോഭാശ്ച രക്ഷാശ്ച തേഷാം പ്രിയഹിതം ചരേത്.

ശ്ലോകാർത്ഥമാവിതു. രാജാവു ദേശങ്ങൾക്കു ഹിതങ്ങളായുള്ള ചിറയിട്ടവർക്കും വഴിയിൽ പാലമിട്ടവർക്കും ഗ്രാമത്തിന്നു ശോഭയും രക്ഷയും പണ്ണുമവർക്കും പ്രിയഹിതങ്ങളനുഷ്ഠിപ്പിതു. സമയസ്യാനപാകർമ്മമാകിൻറ സൂത്രവും മുടിഞ്ഞിതു. പത്താമദ്ധ്യായവും മുടിഞ്ഞിതു.

ഇതി കൗടലീയസ്യാർത്ഥശാസ്ത്രസ്യ ധർമ്മസ്ഥീയേ തൃതീയാധികരണേ
ദശമോഽധ്യായഃ, വാസ്തുകേ വിവീതക്ഷേത്രപഥഹിംസാ,
വാസ്തുകം സമാപ്തം സമയസ്യാനപാകർമ്മ ച. ആ
ദിതഃ സപ്തഷഷ്ടിതമോഽധ്യായഃ.

---

1. 'ശ്രുതകവോ' ക.

൬൩. പ്രക. ഋണാദാനം.

സപാദപണാ ധർമ്മ്യാ മാസവൃദ്ധിഃ പണശതസ്യ. പഞ്ചപണാ വ്യാവഹാരികീ. ദശപണാ കാന്താരഗാണാം. വിംശതിപണാ സാമുദ്രാണാം.

തതഃ പരം കർത്തുഃ കാരയിതുശ്ച പൂർവ്വഃ സാഹസദണ്ഡഃ. ശ്രോതൄണാമേകൈകം പ്രത്യർദ്ധദണ്ഡഃ.

ഋണാദാനമെൻപിതു സൂത്രം. ഋണമാവിതു വർദ്ധിപ്പാനായിക്കൊണ്ടു കൊടുക്കിൻറ ധനം. അതുകൊള്ളുമാറു ചൊല്ലിൻറതെൻപിതു സൂത്രാർത്ഥം. സംബന്ധമാവിതു, ഋണരിക്ഥത്തിൽ സമാനഭാഗം എൻറു ഋണം പ്രസ്തുതമാവിതു. അതു എത്തന നാളിൽ എത്തന പൊലിവിതു എന്നുമർത്ഥം ചൊല്ലിയി(തന്നീതില്ല). അതിപ്പോഴ് ചൊല്ലിൻറതെൻപിതു സംബന്ധം. നൂറുപണങ്ങളിൽ ഒൻറേകാൽപ്പണം പൊലിയുമതു ധർമ്മമായുള്ള മാസവൃദ്ധി; ഇതു പണയം വച്ചുനാം പൊലിയുമാറു. പണയമിൻറിയേ പൊലിയുമതു വ്യാവഹാരികീ. (ആ?) അതു നൂററിൻവായ് തിങ്കളെത്തഞ്ചു പൊലിയുമാറു കൊടുപ്പിതു. ശൂദ്രനും വൈശ്യനും നാലു പൊലിയക്കൊടുപ്പിതു. ബ്രാഹ്മണനു ഇരണ്ടു പൊലിയക്കൊടുപ്പിതു. ആടവികർക്കു തിങ്കൾ പത്തു പൊലിയക്കൊടുപ്പിതു. കലമോട്ടുമവർക്കു ഇരുപതു പൊലിയക്കൊടുപ്പിതു. ഇതിലേറപ്പൊലികൊള്ളുമവനും കൊടുക്കുമവനും പൂർവ്വം സാഹസദണ്ഡം. സാക്ഷികളോരോരുത്തർക്കു അർദ്ധദണ്ഡം.

രാജന്യയോഗക്ഷേമാവഹേ തു ധനികധാരണികയോശ്ചരിത്രമവേക്ഷേത.

രാജാവു വ്യസനാഭിഭൂതനായിട്ടു താൻ പരചക്രാദ്യുപദ്രുതനായിട്ടുതാൻ യോഗക്ഷേമവഹനൻറിയേ ഇരിക്കുന്നാൾ കൊടുക്കും ധനം കൊടുക്കുമവനും കൊള്ളുമവനും അമൈത്തുകൊള്ളുമാറവക്ക തക്കവാറു.

ധാന്യവൃദ്ധിഃ സസ്യനിഷ്പത്താവുപാർദ്ധാ, പരം മൂല്യകൃതാ വർദ്ധേത. പ്രക്ഷേപവൃദ്ധിരുദയാദർദ്ധം. സന്നിധാനസന്നാ വാർഷികീ ദേയാ.

ഇനി ധാന്യവൃദ്ധി ചൊല്ലിൻറിതു. നെൽവിളയുന്നാറം ഒൻറര പൊലിയകൊടുപ്പിതു. അതിലേറപ്പൊലിയ വേണ്ടുകിൽ വിലയിട്ട പൊന്നാക്കിപ്പൊന്നിന്ന പൊലിയുമാറു കാൺപിതു. മുതലിലേററി എഴുതിയ പൊലി മുതൽപൊലിയുമതിനിൽ പാതി പൊലിവിതു. പൊലിഞ്ഞകാലത്തു വേണ്ടാക്കാൽ പല വർഷം പൊലികിലും ഒരാണ്ടെപ്പൊലിയെ കൊള്ളാവിതു.

ചിരപ്രവാസഃ സന്ദ്യംഭപ്രവിഷ്ടോ വാ മൂല്യദപിണ്ഡനം ദദ്യാത്. അകൃത്വാ വൃദ്ധിം സാധയതോ വർദ്ധയതോ വാ മൂല്യം വാ വൃദ്ധിമാരോപ്യ ശ്രാവയതോ ബന്ധചതുർഗ്ഗുണോ ദണ്ഡഃ. ഇച്ഛശ്രാവണായാമേത്രചതുർഗ്ഗുണഃ. തസ്യ ത്രിഭാഗമാദാതാ ദദ്യാത്, ശേഷം പ്രദാതാ.

ദേശാന്തരത്തിൽപ്പോയ് പല കാലമിരുന്നു വരുകിലും വലിയൊരുത്തരെപ്പിടിച്ചിരിക്കിലും എത്തിനായുംകാലങ്ങളെ(ട്ടി?ല്ലു)ലും ഇരുമടങ്ങെപൊലിവിതു. പൊലി ഇൻറിയേ കൊടുത്തിട്ട പൊലി വേണ്ടുകിലും ചൂതുകപ്പൊലിക കൊടുത്തുപെരുകപ്പൊലി വേണ്ടുകിലും പൊലി മുതൽമേലേററിച്ചെലവികിലും ചെയ്കേണ്ടതിൽ നാന്മടംകു ദണ്ഡം. ഇച്ഛശ്രാവണമെൻപിതു ചൂതങ്ങ കൊടുത്തുപ്പെരുപ്പിലാവികിലുമതു; അതു ഇച്ഛമായ് ചെലവിക്കിൻറതിനിൽ നാന്മടംകു ദണ്ഡം. അതിനിലൊരു ഭാഗം കടം കൊള്ളിൻറവൻ കൊടുപ്പിതു. മൂൻറുഭാഗം കൊടുക്കിൻറവൻ കൊടുപ്പിതു.

ദീർഘസത്രവ്യാധിഗ്രസ്തകുലോപരുദ്ധം ബാലമസാരം വാ നഷ്ടമൂലം ന വർദ്ധയേത്. മുച്യമാനമൃണമപ്രതിഗൃഹ്ണതോ ദ്വാദശപണോ ദണ്ഡഃ. കാരണാപദേശേന നിവൃത്തവൃദ്ധികമന്യത്ര തിഷ്ഠേത്.

ദീർഘസത്രത്തിത്താൻ വ്യാധിയിനാത്താൻ അവരുദ്ധനായിരിക്കിൽ അവൻ ബാലനായിരിക്കിലുമ(സാ)രനായിരിക്കിലും ഋണം വർദ്ധിയാ. കട[1]ൻതീരച്ചെയ്യേ കൊള്ളാതെമഴികില്പു പന്നിരണ്ടുപണം ദണ്ഡം. കാരണാപദേശമെച്ചൊല്ലിക്കൊള്ളാതൊഴിവോനാകിൽ അവനു മറെറാരുത്തൻ കൈയിൽ കൊടുത്തുവച്ചാൽ പൊലി ഇല്ല.

1. 'ഷീര' ക.

ദശവർഷോപേക്ഷിതമൃണമപ്രതിഗ്രാഹ്യമന്യത്രബാലവൃദ്ധവ്യാധിതവ്യസനിപ്രോഷിതദേശത്യാഗരാജ്യവിഭ്രമേഭ്യഃ.

ദശവർഷോപേക്ഷിതമായിരുന്ന ഋണം വേണ്ടപ്പെടാ ബാലവൃദ്ധ(വ്യാധിത) വ്യസനിപ്രോഷിതദേശത്യാഗരാജ്യ[1]വിഭ്രമങ്ങളില്ലയായ്കിൽ. ഇവററിൽ വഴിമേലുപേക്ഷിക്കിലും കടം വേണ്ടപ്പെടുവർ.

പ്രേതസ്യ പുത്രാഃ കുസീദം ദദ്യുഃ. ദായാദാ വാ രിക്ഥഹരാഃ. സഹഗ്രാഹിണഃ പ്രതിഭുവോ വാ. ന പ്രാതിഭാവ്യമന്യത്. അസാരം ബാലപ്രാതിഭാവ്യം. അസംഖ്യാതദേശകാലം തു പുത്രാഃ പൌത്രാ ദായാദാ വാ രിക്ഥം ഹരമാണാ ദദ്യുഃ.

ചത്തവൻകടം മക്കൾ തീർപ്പിതു. മക്കളില്ലായ്കിൽ ദായാദികൾ ഇവൻധനം കൊണ്ടവരും തീർപ്പിതു. കൂടികൊണ്ടവൻ താൻ പുണൈപ്പട്ടവൻ താൻ തീർപ്പിതു. കാഴ്ച പുണൈപ്പട്ടവൻ കടംകൊണ്ടവൻ ചത്താൽ ധനം കൊടുക്കവേണ്ട. ധനം കൊടുപ്പാൻ പുണൈപ്പട്ടവൻ അസാരനാകിൽ ധനം കൊണ്ടവൻ ചത്താൽ അവനെക്കൊണ്ടു ധനം കൊടുപ്പിപ്പതല്ല. പുണൈപ്പട്ടവനും പുണകൊണ്ടവനുടയ അഭാവാർത്ഥൻ ബാലനാകിൽ പുണൈപ്പട്ടവനുടെയ പുത്രൻ താൻ പൌത്രൻ താൻ രിക്ഥം കൊള്ളിൻറ ദായാദർ താൻ ദേശകാലസംഖ്യയെ യാതെ അതുമളവുനേടിക്കൊടുപ്പിതു.

ജീവിതവിവാഹഭൂമിപ്രാതിഭാവ്യമസംഖ്യാതദേശകാലം തു പുത്രാഃ പൌത്രാ വാ വഹേയുഃ.

ജീവിതപ്രാതിഭാവ്യമാവിതു ഉയിർപ്പുണൈപ്പട്ടമതു. വിവാഹപ്രാതിഭാവ്യമാവിതു സ്ത്രീധനത്തിനു പുണൈപ്പട്ടമ(വൻ?തു.) ഭൂമിപ്രാതിഭാവ്യമാവിതു ഭൂമി വിലെക്കക്കൊള്ളുമെടത്തു ഭൂമിക്കടുഴു പുണൈപ്പട്ടമതു. ഇച്ചൊന്ന പുണൈയാളം ചാകിൽ പുത്രൻ താൻ പൌത്രൻ താൻ നാമത്തെ ജാതി രക്ഷിപ്പിതു.

നാനർണ്ണസമവായേ തു നൈകം ദ്വൌ യുഗപദഭിവദേയാതാം അന്യത്ര പ്രതിഷ്ഠമാനാത്. തത്രാപി ഗൃഹീതാനുപൂർവ്യാ രാജശ്രോത്രിയദ്രവ്യം വാ പൂർവ്വം പ്രതിപാദയേത്.

1. '[illegible]'

പലരിടെക്കടം കൊണ്ടാൽ കടം കൊടുത്തവരനോരൊത്തൻ വളച്ചിതക്കച്ചെയ്യാതെ മറെറവൻ വളെക്കപ്പെറാൻ, അവൻ ദേശാന്തരത്തിന്നു പോകിൻേറാനല്ലാക്കാൽ. ദേശാന്തരത്തിന്നു കരയേറിപ്പോകിലെല്ലാരും വളെക്കപ്പെറുവർ. എല്ലാരും വളെക്കിലും മുന്നം കൊടുത്തവന്നടയിളു മുന്നൽ തീർപ്പിളു, രാജദ്രവ്യം ശ്രോത്രിയദ്രവ്യമൊഴിച്ചു. അവു പിന്നെക്കൊൾകിലും മുന്നം കൊടുക്കവേണ്ടും.

ദമ്പത്യോഃ പിതാപുത്രയോഃ ഭ്രാതൄണാം ചാവിഭക്താനാം പരസ്പരകൃതമൃണമസാധ്യം.

ഭർത്താവും ഭാര്യയും തമ്മിൽ കൊള്ളും കടമും തമപ്പനും മകനും തമ്മിൽ കൊള്ളും കടമും ഉടപ്പിറന്നവർ തമ്മിൽ ദായം കൂറിടും മുന്നെ കൊള്ളും കടമും ഇവു സാദ്ധ്യമല്ല.

അഗ്രാഹ്യാഃ കർമ്മകാലേഷു കർഷകാ രാജപുരുഷാശ്ച. സ്ത്രീ വാ പ്രതിശ്രാവിണീ പതികൃതമൃണം അന്യത്ര ഗോപാലകാർദ്ധസീതികേഭ്യഃ.

കടംകൊൾകിലുമുഴവരെ കർമ്മകാലത്തിൽ വളെക്കപ്പെറാർ. രാജപുരുഷന്മാരേയും വളെക്കപ്പെറാർ. (ഭൂ?) തൊട്ടന്നാൾ സ്ത്രീയും ഞാൻ തരുവനെന്റു ചെലാവിയായ്കിൽ ഭർത്താവു കടവകയതു തീരക്കടവളയല്ല. ഗോപാലസ്ത്രീകളുമർദ്ധസീതിസ്ത്രീകളുമൊഴിയ. ഇവരൾ ചെലാവിയാക്കാലും ഭർത്താവു കൊണ്ടതു തീർക്ക വേണ്ടും.

പതിസ്തു ഗ്രാഹ്യഃ സ്ത്രീകൃതമൃണമപ്രതിവിധായ പ്രോഷിത ഇതി.

വിയം വയ്യാതെ പോവോനാകിൽ.

സംപ്രതിപത്താവുത്തമഃ. അസംപ്രതിപത്തൗ തു സാക്ഷിണഃ പ്രമാണം. പ്രാത്യയികാഃ ശുചയോഽനുമതാ വാ ത്രയോഽവരാർദ്ധ്യാഃ. പക്ഷാനുമതൗ വാ ദ്വൗ ഋണം പ്രതി, ന ത്വേവൈകഃ.

ഇനിക്കടം സാധിക്കുമാറു ചൊല്ലിൻറിതു. കടംകൊടുത്തവൻ ചൊല്ലുമതു കൊണ്ടവൻ സംവദിപ്പോനാകിൽ ഉത്തമം പക്ഷം. സംവദിയാഞ്ഞിൽ സാക്ഷികൾ ചൊല്ലുമതു കേട്ടറിവിതു. സാക്ഷികളെന്റു ഭാരൈക്കും ഉപലക്ഷണാർത്ഥം.

സാക്ഷികൾ നേരാംവണ്ണമിരിപ്പിതു. സംവൃത്തരായിരിപ്പിതു. കടംകൊണ്ടവനും കൊടുത്തവനും അനുമതരായിരിപ്പിതു. സാക്ഷികളും ചുരുങ്ങുകിലും മൂവരായിരിപ്പിതു. കൊണ്ടവനും കൊടുത്തവനും സമ്മതിക്കിലിരുവരെയുമമയും. ഒരുത്തൻ സാക്ഷിയാകലാകാ.

പ്രതിഷിദ്ധാഃ സ്യാലസഹായാന്വർത്ഥിധനികധാരണികവൈരിന്യംഗധൃതദണ്ഡാഃ. പൂർവേ ചാവ്യവഹാര്യാഃ രാജശ്രോത്രിയഗ്രാമഭൃതകകുഷ്ഠിവ്രണിനഃ. പതിതചണ്ഡാലകുത്സിതകർമ്മാണോഽന്ധബധിരമൂകാഹംവാദിനഃ സ്ത്രീരാജപുരുഷാശ്ച. അന്യത്ര സ്വവർഗ്ഗേഭ്യഃ.

പ്രതിഷിദ്ധസാക്ഷികളെ ചൊല്ലുന്നിതു. ബന്ധുഭ്രാതൃപുത്രാദികളും ഇവരും[1] സാക്ഷിക്കർഹരല്ല. സ്യാലനും, സഹായനും, അന്വർത്ഥിയായവൻ യാവൻ കടംകൊണ്ടാനെന്നു ചൊല്ലുമവനും, കടൻ കൊണ്ടവൻ കൊടുത്തവനും, ശത്രുക്കളും, വ്യംഗനും, ദണ്ഡിക്കപ്പെട്ടവനും, കീഴ്ചൊന്ന പിതൃമാതൃപുത്രഃ എന്റെറാളു അവ്യവഹാരികളും സാക്ഷിക്കർഹരല്ല. രാജാവ് ശ്രോത്രിയൻ ഗ്രാമഭൃതകൻ, കുഷ്ഠി വ്ര(ഷാ?)ണികൾ പുതിയ പുൺപെട്ടവരും പതിതർ ചണ്ഡാലർ കുത്സിതകർമ്മാക്കൾ അന്ധർ ബധിരർ മൂകർ അഹംവാദികൾ(സ്ത്രീകൾ) രാജപുരുഷർ എൻറിച്ചൊന്നവരളും സാക്ഷിക്കു യോഗ്യരല്ല. സ്വവർഗ്ഗത്തിന്നൻറി തന്താങ്ങളുടയ വർഗ്ഗത്തിനു പററും.

പാരുഷ്യസ്തേയസംഗ്രഹണേഷു തു വൈരിസ്യാലസഹായവർജ്ജാഃ. രഹസ്യവ്യവഹാരേഷ്വേകാ സ്ത്രീ പുരുഷ ഉപശ്രോതാ ഉപദ്രഷ്ടാ വാ സാക്ഷീ സ്യാദ് രാജതാപസവർജ്ജം.

പാരുഷ്യം സ്തേയം സാഹസം സംഗ്രഹണം ഇവററിൽ വൈരിസ്യാലസഹായരൊഴിയ മററവരും സാക്ഷിപ്പെടവമയും. രഹസ്യവ്യവഹാരങ്ങളിൽ ഒരു സ്ത്രീയുമമയും സാക്ഷി. ഒരു പുരുഷനും സാക്ഷിയാകപ്പെറും. ചെവിയാക്കിലും കണ്ടും കേട്ടും നിൻറവരളും സാക്ഷിയാകപ്പെറുവർ, രാജാവും തപസ്വിയുമൊഴിയ.

1. 'ഉം സാക്ഷകവ്യവഹാരികളും സാക്ഷി' ക.

സ്വാമിനോ ഭൃത്യാനാമൃത്വിഗാചാൎയ്യാഃ ശിഷ്യാണാം മാതാപിതരൌ പുത്രാണാം ചാനിഗ്രഹേണ സാക്ഷ്യം കുൎയ്യുഃ. തേഷാമിതരേ വാ. പരസ്പരാഭിയോഗേ ചൈഷാമുത്തമാഃ പരോക്താ ദശബന്ധം ദദ്യുരവരാഃ പഞ്ചബന്ധം. ഇതി സാക്ഷ്യധികാരഃ.

സ്വാമി ഭൃത്യന്മാൎക്കു വാസിക്കിൽ സാക്ഷിയാകപ്പെടും; ഋത്വിഗാചാൎയ്യന്മാരും തങ്ങളുടെയ ശിഷ്യന്മാൎക്കും സാക്ഷിയാകപ്പെടും. വാസിക്കിൽ തായും തകപ്പനും മക്കൾക്കു സാക്ഷിപടപ്പെടുവർ. ഇവ്വണ്ണമേ ഭൃത്യാദികളും സ്വാമ്യാദികൾക്കു സാ[1]ക്ഷിയാകപ്പെടുവർ. ഇച്ചൊന്ന സ്വാമ്യാദികൾക്കും ഭൃത്യാദികൾക്കും പരസ്പരമെതിരിയോഗമുണ്ടാകിലുത്തമർ തോല്ക്കിൽ തോററധനത്തിൽ പതവാരം സ്വാമികൾ കൊടുപ്പിതു. ഭൃത്യാദികൾ തോല്ക്കിലഞ്ചൊന്റു കൊടുപ്പിതു.

ബ്രാഹ്മണോദകമഗ്നിസകാശേ സാക്ഷിണഃ പ്രതിഗൃഹ്ണീയാത്. തത്ര ബ്രാഹ്മണം ബ്രൂയാത് — സത്യം ബ്രൂഹീതി. രാജന്യം വൈശ്യം വാ — മാ തവേഷ്ടാപൂൎത്തഫലം, കപാലഹസ്തഃ ശത്രുകുലം ഭിക്ഷാൎത്ഥീ ഗച്ഛേരിതി. ശൂദ്രം — ജന്മമരണാന്തരേ യദ്വഃ പുണ്യഫലം തദ്രാജാനം ഗച്ഛേത്. രാജ്ഞശ്ച കില്ബിഷം യുഷ്മാൻ അന്യഥാവാദേ. ദണ്ഡശ്ചാനുബന്ധഃ പശ്ചാദപി ജ്ഞായേത യഥാദൃഷ്ടശ്രുതം. ഏകമന്ത്രാഃ സത്യമവഹരേതേതി.

സാക്ഷികൾക്കുമാറു ചൊല്ലിന്റിതു. ബ്രാഹ്മണരെയും ഉദകുംഭവും അഗ്നിയും മുന്നൽവച്ചുകൊണ്ടു സാക്ഷികളെ വിചാരിപ്പിതു. ബ്രാഹ്മണരെ വിചാരിക്കുമാറു — സത്യമേ ചൊല്ലു എന്റു വിചാരിപ്പിതു. രാജാവിനെയും വൈശ്യനെയും ചൊല്ലുമാറാവിതു — നിങ്ങൾ ചെയ്ത പുണ്യഫലങ്ങൾ സിദ്ധിയാതെ പോക; ഓടുപിടിച്ചു ശത്രുകുലത്തിലയ്യം പൂവിൻ വള്ളസം പറകിൽ, എന്റു വിചാരിപ്പിതു. ശൂദ്രനെ വിചാരിക്കുമാറാവിതു — നിങ്ങൾ ജന്മമരണങ്ങളിടെച്ചെയ്ത പുണ്യഫലമത്തനയും രാജാവിന്നാവിതു. രാജാവു മരണങ്ങളവും ചെല്ലച്ചെയ്ത പാപം നിങ്ങൾക്കാവിതു; നിങ്ങൾ വള്ളസം പറകിൽ. കാലാന്തരത്തിലിതു വള്ളസമെന്ററികിലും ദണ്ഡം

1. 'ക്ഷിയാകപ്പെടും', ഖ.

പടക്കടവിയർ. ആകിൻറമെയാൽ എല്ലാരും കൂടിസ്സംവദിച്ചു പരമാർത്ഥം ചൊല്ലുവിൻ എൻറു ചൊല്ലുവിതു.

അനവഹരതാം സപ്താരാത്രാദൂർദ്ധ്വം ദ്വാദശപണോ ദണ്ഡഃ. ത്രിപക്ഷാദൂർദ്ധ്വമഭിയോഗം ദദ്യുഃ.

എഴുനാളിലകം ചൊല്ലാതൊഴിവോരാകിൽ മേലോരോ നാളിൽ പന്തിരണ്ടു പണം ദണ്ഡം. ത്രിപക്ഷത്തളവും ചൊല്ലാതൊഴികിൽ സാക്ഷികൾ അഭിയോഗദ്രവ്യവും ദണ്ഡവും പതവാരത്തോടുകൂടക്കൊടുപ്പിതു.

സാക്ഷിഭേദേ യതോ ബഹവഃ ശുചയോ/നുമതാ വാ തതോ നിയച്ഛേയുഃ. മധ്യം വാ ഗൃഹ്ണീയുഃ. തദ് വാ ദ്രവ്യം രാജാ ഹരേത്. സാക്ഷിണശ്ചേദഭിയോഗാദൂനം ബ്രൂയുരതിരിക്തസ്യാഭിയോക്താ ബന്ധം ദദ്യാത്. അതിരിക്തം വാ ബ്രൂയുസ്തദതിരിക്തം രാജാ ഹരേത്. ബാലിശ്യാദഭിയോക്തുർവ്വാ ദുഃശ്രുതം ദുർല്ലിഖിതം പ്രേതാഭിനിവേശം വാ സമീക്ഷ്യ സാക്ഷിപ്രത്യയമേവ സ്യാത്.

സാക്ഷികളിരുകൂറാകിൽ യാതൊരു കൂറു പലരാവിതു അനുമതരാവിതും ചെയ്‌വിതു അവരും ശുചികളായിരിപ്പിതു; അവർകൾ ചൊന്നവണ്ണം ചെയ്‌വിതു. ഇരണ്ടു കൂറും സാക്ഷി ഒക്കിൽ രണ്ടുകൂറും സമം പോവിതു. അതുമല്ലാക്കാൽ പിശകിൻറർത്ഥം രാജാവു കൊൾവിതു. സാക്ഷികൾ കടമുടയവൻ അഭിയോഗിച്ചതിൽ കുറയച്ചൊല്ലുവോരാകിൽ അഭിയോക്താവു അധികമഭിയോഗിച്ചതിലഞ്ചൊൻറു രാജാവിനു കൊടുപ്പിതു. അഭിയോഗിച്ചതിൽ ഏറ സാക്ഷികൾ ചൊല്ലുകിൽ ഏറ ഉള്ളതു രാജാവു കൊൾവിതു. അതിന്നപവാദം. അഭിയോക്താവു അറിയാമയാൽ പിഴൈക്കച്ചൊല്ലുകിലും കേൾക്കിൻറവരും പിഴൈക്ക കേൾക്കിലും എഴുതിൻറവൻ പിഴൈക്ക എഴുതിയോനാകിലും എഴുതിൻറവന്ന ചാർന്നോർ ചത്തിട്ട ശോകത്താൽ പിഴൈക്കെഴുതുകിലും ആരാഞ്ഞു സാക്ഷി ചൊല്ലിയതേ ചെയ്‌വിതു.

സാക്ഷിബാലിശ്യേഷ്വേവ പൃഥഗനുയോഗേ ദേശകാലകാര്യാണാം പൂർവ്വമധ്യമോത്തമാ ദണ്ഡാ ഇത്യൌശനസാഃ.

സാക്ഷികളുടെയ ബാലിശ്യത്തിനാൽ ഓരോരുത്തരെ വേറിട്ടു കേൾക്കുംപോഴ് ദേശകാലകാര്യങ്ങൾ വിസംവദിക്കച്ചൊല്ലുവോരാകിൽ ദേശകാലകാര്യങ്ങൾക്കു യഥാസംഖ്യം പൂർവ്വമദ്ധ്യമോത്തമദണ്ഡം എന്റു ഔശനസന്മാർ ചൊല്ലുവിതു.

കൂടസാക്ഷിണോ യമർത്ഥമഭൂതം വാ കുർയ്യുർഭൂതം വാ നാശയേയുസ്തദ്ദശഗുണം ദണ്ഡം ദദ്യുരിതി മാനവാഃ.

കൂടസാക്ഷികൾ യാതൊരർത്ഥം ഇല്ലാതിതു ചൊല്ലുവിതു. ഉള്ളതിൽ കുറയച്ചൊൽവാതും ചെയ്തിതു, അവ്വർത്ഥത്തിൽ പതിനടങ്ങു ദണ്ഡം കൊടുപ്പിതെന്റു മാനവർ ചൊല്ലുവിതു.

ബാലിശ്യാദ്. വാ വിസംവാദയതാം ചിത്രോ ഘാത ഇതി ബാർഹസ്പത്യാഃ.

ബാലിശ്യത്തിനാൽ വിസംവാദം പറയുമവരെ ചിത്രവധം ചെയ്തിതു എന്റു ബാർഹസ്പത്യർ ചൊല്ലുവിതു.

നേതി കൌടല്യഃ. ധ്രുവം ഹി സാക്ഷിണഃ ശ്രോതവ്യാഃ. അശൃണ്വതാം ചതുർവ്വിംശതിപണോ ദണ്ഡഃ, തതോർദ്ധമബ്രുവാണാം.

അല്ലവെന്റു കൌടല്യൻ. അല്ലവെന്റു വിശേഷപരം വാക്യം, പ്രതിഷേധപരമില്ലെ. വിശേഷമാവിതു— ധ്രുവസാക്ഷികളെ സാക്ഷിപ്പടക്കടവിയോർ അവരൾ വിളിച്ചാൽ വാരാതൊഴികിൽ ഇരിപത്തുനാലുപണം ദണ്ഡം. (അ?)ധ്രുവസാക്ഷിയാവോർ ചത്വാരിംശത്ക്കലികൾ. അധ്രുവരാവോർ ചത്വാരിംശൽകലിയിൽപ്പടാത്തവരൾ; അവരെ വിളിക്ക വാരാതൊഴികിൽ പന്തിരണ്ടുപണം ദണ്ഡം.

ദേശകാലാവിദൂരസ്ഥാൻ സാക്ഷിണഃ പ്രതിപാദയേത്,
ദൂരസ്ഥാനപ്രസാരാൻ വാ സ്വാമിവാക്യേന സാധയേത്.

ശ്ലോകാർത്ഥമാവിതു— ദേശത്തിനും കാലത്തിനും ദൂരമന്റിയെ ഇരുന്ന സാക്ഷികളെ അർത്ഥിതാൻ കൊണ്ടുവന്തു ചൊല്ലുപ്പിതു. ദൂരസ്ഥരെയും വിളിക്ക വാരാത്തവരെയും സ്വാമിവാക്യംകൊണ്ടു സാധിപ്പിതു.

ഇതി കൌടലീയാർത്ഥശാസ്ത്രേ ധർമ്മസ്ഥീയേ തൃതീയാധികരണേ
ഏകാദശോഽധ്യായഃ ഋണാദാനം, ആദിതോ ദ്വിഷഷ്ടിതമഃ.

ഋണാദാനമാകിൻറ സൂത്രവും ധർമ്മസ്ഥീയത്തിൽ
പതിനൊൻറാമദ്ധ്യായവും മുടിഞ്ഞിതു.

പ്രക. ൬൩. ഔപനിധികം.

ഔപനിധികമെൻപിതു സൂത്രം. ഉപനിധിയാവിതു ന്യാസം നിക്ഷേപമെൻറു പര്യ്യായം. അതിനേ അധികരിച്ചു ചൊല്ലിൻറതെൻപിതു സൂത്രാർത്ഥം. സംബന്ധമാവിതു — ഋണം കണക്കെ ഉപനിധി ആമതും വിപ്രതിപത്തിചെയ്കിൽ; ആകിൻറമയാൽ ഋണപ്രസങ്ഗാനന്തരം ഉപനിധിചൊല്ലിൻറതെൻപിതു സംബന്ധം. ഉപനിധിഗ്രഹണമും ആധിയുമാദേശവും അന്വാധിയും ഉപലക്ഷിക്കിൻറതു.

ഉപനിധിഃ ഋണേന വ്യാഖ്യാതഃ. പരചക്രാടവികാഭ്യാം ദുർഗ്ഗരാഷ്ട്രവിലോപേ വാ, പ്രതിരോധകൈർവ്വാ ഗ്രാമസാർത്ഥവ്രജവിലോപേ, ചക്രയുക്തനാശേ വാ, ഗ്രാമമദ്ധ്യാഗ്ന്യുദകാബാധേ വാ, കിഞ്ചിദമോക്ഷ്യമാണേ കുപ്യമനിർഹാര്യ്യവർജ്ജമേകദേശമുക്തദ്രവ്യേ വാ, ജ്വാലാവേഗോപരുദ്ധേ വാ, നാവി നിമഗ്നായാം മുഷിതായാം വാ സ്വയമുപരൂഢോ നോപനിധിമഭ്യാഭവേൽ.

ഉപനിധി ഋണംകൊണ്ടു വ്യാഖ്യാതമായിതെൻറുള്ള അതിദേശത്തിന്നു പൊരുളാവിതു — യഥാ — ഋണംകൊണ്ടവൻമകൻ താൻ തീർപ്പിതു. വിപ്രതിപത്തിയാകിൽ സാക്ഷിപ്രശ്നാദികളെല്ലാം കീഴേ കണക്കെ. ഇനി ഉപനിധി കൊടുക്കവേണ്ടാപ്പിതുവും ചൊല്ലിൻറിതു. പരചക്രത്തിനാൽ താൻ ആടവികരാൽ താൻ ദുർഗ്ഗരാഷ്ട്രവിലോപമുണ്ടാകിൽ കൊടുക്കവേണ്ടാ. പ്രതിരോധകന്മാരാൽ ഗ്രാമവിലോപം താൻ സാർത്ഥവ്രജവിലോപം താൻ വരുകിൽ കൊടുക്കവേണ്ടാ. (ജ്വാലാവേഗോപരുദ്ധനാകിലും(?) ചാടിന്മേലിട്ടു ചാടുകൊടുക്കിലും ഗ്രാമമദ്ധ്യത്തിങ്കൽ അഗ്ന്യുദകാദിബാധയുണ്ടാകിലും വേണ്ടികൊള്ളാതൊഴികിലും ചെറുതുമിഞ്ചാക്കിലും കുപ്യമനിർഹാര്യ്യമായുള്ളതു കൊടുക്ക

വേണ്ടാ. ജലാവേഗോപഹതമാനാകിലും വേണ്ടാ. തോണി മുഴുകുകിലും കൊടുക്കവേണ്ട. തോണി കള്ളർ കൊണ്ടുപോകകിലും കൊടുക്കവേണ്ടാ

ഉപനിധിഭോക്താ ദേശകാലാനുരൂപം ഭോഗവേതനം ദദ്യാത്. ദ്വാദശപണം ച ദണ്ഡം. ഉപഭോഗനിമിത്തം [1]നഷ്ടം വിനഷ്ടം വാഭ്യാവഹേത്, ചതുർവ്വിംശതിപണശ്ച ദണ്ഡഃ. അന്യഥാ വാ നിഷ്പതനെ. [2,3]പ്രേതം വ്യസനഗതം വാ നോപനിധിമഭ്യാവഹേത്.

ഉപനിധികൊണ്ടു താനുഴിപ്പോനാകിലും ദേശകാലാനുരൂപം ഉപഭോഗവേതനം കൊടുപ്പിപ്പു. പന്തിരണ്ടുപണം ദണ്ഡം കൊൾവിപ്പും ചെയ്യിപ്പു. ഉപഭോഗനിമിത്തമായ് കൊണ്ടുപോന്ന നഷ്ടമായതും വിനഷ്ടമായതും കൊടുക്കവേണ്ടും. ഇരുപത്തുനാലു പണം ദണ്ഡം. ഉപഭോഗവഴിമേലൻറിയേ കരയേറിപ്പോരുമെടുത്തു. ചത്തവനും വ്യസനഗതനും കൊടുക്കവേണ്ടാ.

ആധാനവിക്രയാപവ്യയനേഷു ചാസ്യ ചതുർഗ്ഗുണപഞ്ചബന്ധോ ദണ്ഡഃ. പരിവർത്തനെ [4]നിഷ്പാതനെ വാ മൂല്യസമഃ.

ഉപനിധികൊണ്ടു പണയംവെയ്ക്കിലും വില്ക്കിലും മറുക്കിലും വച്ചതിൽ നാന്മടങ്ങു കൊടുപ്പിപ്പും ചെയ്തു കൊടുക്കുമതിലഞ്ചൊൻറു കൊടുപ്പിപ്പു. നിക്ഷേപം പകർക്കിലും കടത്തുകിലും മൂല്യസമം കൊടുപ്പിപ്പു.

ഏതേന ആധിപ്രണാശോപഭോഗവിക്രയാധാനാപഹാരാ വ്യാഖ്യാതാഃ.

നാധിഃ സോപകാരഃ സീദേത്, ന ചാസ്യ മൂല്യം വർദ്ധേത. നിരുപകാരഃ സീദന്മൂല്യം ചാസ്യ വർദ്ധേതാന്യത്ര [1]നിസൃഷ്ടാത്.

---

1. 'നഷ്ടം വാഭ്യാവഹേത്,' P. S. S. and M. S. S.
2. 'പ്രേതവ്യസനഗതം' M. S. S.
3. 'ദൈവാത്' P. S. S. and M. S. S.
4. 'നിഷ്പാതനെ' P. S. S.

1. 'അന്യത്ര നിസൃഷ്ടാത്' എന്ന ഭാഗം P. S. S., M. S. S.-ലും കാണുന്നില്ല.

ഉപനിധികണക്കെ ആധികളുകിലും അതുകൊണ്ടുപഭോഗിക്കിലും വില്ക്കിലും (മററിവെക്കിലും) ഇല്ലെന്റു ചൊല്ലുകിലുമുപനിധിക്ക് ചൊന്നവിധാനമെ വിധാനം. ആധികൊണ്ടു പണി കൊൾകിൽ പൊലിവതുമെല്ലും. പണികൊള്ളുകയാൽ പൊലിവളും അറവിളും ചെയ്യും. പണികൊൾകിലും അറിവിളുമെല്ലും, പറഞ്ഞുകൊൾകിൽ.

ഉപസ്ഥിതസ്യാധിമപ്രയച്ഛതോ ദ്വാദശപണോ ദണ്ഡഃ. പ്രയോജകാസന്നിധാനേ വാ ഗ്രാമവൃദ്ധേഷു സ്ഥാപയിത്വാ നിഷ്ക്രയമാധിം പ്രതിപദ്യേത. നിവൃത്തവൃദ്ധികോ വാധിസ്തത്കാലകൃതമൂല്യസ്തത്രൈവാവതിഷ്ഠേത, അനാശവിനാശകരണാധിഷ്ഠിതോ വാ. [1]ധാരണികസന്നിധാനേ വാ വിനാശഭയാദുദ്ഗതാർഘം ധർമ്മസ്ഥാനുജ്ഞാതോ വിക്രീണീത. ആധിപാലപ്രത്യയോ വാ.

ആധി വച്ചവൻ ധനം കൊണ്ടു [2]ചെന്റപ്പോൾ കൊടാതൊഴികിൽ പന്തിരണ്ടുപണം ദണ്ഡം. ആധികൊണ്ടവൻ അവിടത്തില്ലാഴ്കിൽ ഗ്രാമവൃദ്ധന്മാർ കൈയിൽ താൻകൊണ്ട മുതലും പൊലിയും വെച്ചു, മററിവച്ചതും വേണ്ടികൊള്ളപ്പെറും. അന്റിയെ ആധി കൊള്ളവച്ചക്കാലം പതൽവച്ചാൽ പൊലിയാ. ആധി കാലാന്തരത്തിൽ കെട്ടുമെന്റു തോന്റുകിൽ താൻ മുതൽ കൊണ്ടുചെന്റ കാലത്തിലെ പഴുതിയ വില ഇട്ടു വെപ്പിതു. ആധികെട്ടപ്പോൾ ആധിയെന്റവരുടെയ മുതൽ കൊൾവാൻ അവിട ഇല്ലയാകിൽ ആധി ഇളവാതവാറും കെടാതവാറും ചെയ്തുവച്ചവൻ ചൊന്നവിടത്തു രക്ഷിച്ചു വെപ്പിതു. കെട്ടുമെന്റു തോന്റുകിൽ ധർമ്മസ്ഥന്മാർക്ക് ചൊല്ലി വില ഏറ വിററുകൊൾവിതു. അന്റിയെ ആധിക്ക പുണൈപ്പട്ടവൻ വിൽക്ക എങ്കിൽ വില്പിതു. രക്ഷിക്ക എങ്കിൽ രക്ഷിപ്പിതു. ആധിവച്ചവൻവശമല്ലവും.

സ്ഥാവരസ്തു പ്രയാസഭോഗ്യഃ ഫലഭോഗ്യോ വാ. പ്ര[3]ക്ഷേപവൃദ്ധിമൂല്യശുദ്ധമാജീവമമൂല്യക്ഷയേണോപനയേത്.

സ്ഥാവരമായുള്ള ആധി ആവിതു ഭൂമിവൃക്ഷാദികൾ, രണ്ടു ജാതി പ്രയാസഭോഗ്യവും ഫലഭോഗ്യവും. പ്രയാസഭോഗ്യമാവിതു ആധികൊണ്ടവൻ ഉഴുതുപണ്ണികൊള്ളുമതു. ഫലഭോഗ്യമാവിതു

1. 'ധാരണസന്നിധാനേ' M. S. S. 2. 'ചെന്നപ്പോൾ' ല, പാഠം 3. 'മൂല്യം ശുദ്ധമാജീവം മൂല്യ' P. S. S.

ആധിവച്ചവനെ ഫലം ചെയ്തു കൊടുക്കരുതു. സ്ഥാവരമായുള്ള ആധി വിശ്ലേഷമല്ലാ, സ്ഥാവരം വച്ചുകൊണ്ടതു മുതൽ പൊലിവിളും ചെയ്യാം. പ്രക്ഷേപവൃദ്ധി ആവിതു വാണിയം ചെയ്തു ലാഭത്തിൽ പാതി കൊടുപ്പാൻ ചൊല്ലിക്കൊള്ളുമതു. അവൻ ലാഭത്തിൽ പാതി അന്റിയേ പെരുകക്കൊൾവോനാകിൽ ലാഭം തനക്കു വരുംകൃത നീക്കി താൻ കൊടുത്ത മുതലളവും കൊണ്ടാൽ പണയം വച്ചതു കൊടുപ്പിതു.

അനിസ്സൃഷ്ടോപഭോക്താ മൂല്യശുദ്ധമാജീവം ബന്ധം ച ദദ്യാത്. ശേഷമുപനിധിനാ വ്യാഖ്യാതം.

വച്ചവൻ ചൊല്ലാതെ ആധികൊണ്ടുപയോഗിപ്പോനാകിൽ അതിന്നു വരും ശുദ്ധി മുതലിലും നീക്കി മിഞ്ചുകിൽ ഉടയവനുക്കു കൊടുപ്പിച്ചുചെയ്തു രാജാവിന്നു ദണ്ഡവും കൊടുപ്പിതു. ശേഷമുപനിധികണക്കേ.

ഏതേനാദേശാന്വാധീ വ്യാഖ്യാതൌ. സാർത്ഥേനാന്വാധിഹസ്തോ വാ പ്രദിഷ്ടാം ഭൂമിമപ്രാപ്നുവംശ്ചോരൈർഭഗ്നോത്സൃഷ്ടോ വാ നാന്വാധിമഭ്യാവഹേത്. അന്തരേ വാ മൃതസ്യ ദായാദോഽപി നാഭ്യാവഹേത്. ശേഷമുപനിധിനാ വ്യാഖ്യാതം.

ആധി കണക്കേ ആദേശവും അന്വാധിയും. ആദേശമാവിതു ഇന്നാനിക്കൊണ്ടുപോയ് അവൻ കയ്യിൽ കൊടുക്കെന്റു ഒരുത്തൻ കൈയ്യിൽ കൊടുക്കുമതു. അന്വാധി ആവിതു ഇതുകൊണ്ടുപോയി ഇന്നവിടത്തു കടത്തിത്തരികെന്റു കൊടുക്കുമതു. ഇവ്വിരണ്ടും ആധികണക്കേ കണ്ടുകൊൾക. അന്വാധി കൊണ്ടുപോരിന്റവൻ ചൊന്നമുറിക്കു ചെല്വതിന്മുന്നെ പാതിന്നോട്ടു കൂടപ്പറിച്ചുകൊൾകിൽ അന്വാധി കൊടുക്കവേണ്ടാ. ചൊന്നദേശത്തു ചെല്വതിന്മുന്നെ ഇടയിൽ ചാകിൽ ദായാദനും കൊടുക്കവേണ്ടാ. ശേഷമുപനിധികണക്കേ.

യാചിതകമവക്രീതകം വാ യഥാവിധം ഗൃഹ്ണീയുസ്തഥാവിധമേവാർപ്പയേയുഃ. ഭ്രേഷോപനിപാതാഭ്യാം ദേശകാലോപരോധി ദത്തം നഷ്ടം വിനഷ്ടം വാ നാഭ്യാവഹേയുഃ. ശേഷമുപനിധിനാ വ്യാഖ്യാതം.

---

1 and 2. 'അഭ്യാവഹേത്' P. S. S. and M. S. S. 3. കാലോപ T. S. S.

ഇരന്നു കൊണ്ടുപോയതും ക്രയിക്ക (കൊണ്ടുപോയതും) കൊണ്ടുപോയവണ്ണമേ കൊടുപ്പിക്ക. ഭ്രേഷോപനിപാതവഴിമേലുമാകിൽ - ഭ്രേഷം ദുഷ്ടഹസ്ത്യാദിവ്യാളങ്ങളാൽ വരും ഭയം, ഉപനിപാതം ചോരാഗ്ന്യുദകാദിഭയം, ഇവററിൻവഴിമേൽ കളകിലും കൊടുക്കവേണ്ടാ. ദേശാവരോധമാവിതു ഇദ്ദേശത്തിനിൻറു പുറപ്പെടപ്പെറാരെന്നുമതു, കാലാവരോധമാവിതു ഇന്നത്തിന നാളെക്ക പുറപ്പെടപ്പെറാമെന്നതും ചൊല്കമതു. ഇരണ്ടിൻവഴിമേലും കളയുമതും കൊടുക്കവേണ്ടാ. ഇവററാലൻറിയേ കെടുകിൽ കൊടുക്കവേണ്ടും. ശേഷമുപനിധി കണ്ടുകൊ.

വൈയാ[1]വൃത്യവിക്രയസ്തു – വൈയാ[2]വൃത്യകരാ യഥാദേശകാലം [3]വിക്രീണാനാഃ പണ്യം യഥാ[4]ജാതം മൂല്യമുദയം ച ദദ്യുഃ. [5]ശേഷമുപനിധിനാ വ്യാഖ്യാതം.

വൈയാവൃത്തികരാവോർ കർമ്മകരർ, അവർക്ക അമഞ്ഞ ദേശത്തും കാലത്തും വിററ് അമഞ്ഞമൂലധനവും ലാഭവും കൊണ്ടുചെൻറു കൊടുപ്പിക്ക. വില കുറയ വിൽകിലും കുറഞ്ഞവണ്ണം കൊടുപ്പിക്ക. ശേഷമുപനിധികണ്ടുകൊ.

ദേശകാലാതിപാതനേ വാ പരിഹീണം സമ്പ്രദാനകാലികേന അർഘ്യേണ [6]മൂല്യമുദയം ച ദദ്യുഃ.

തങ്ങളുടയ ദോഷത്താൽ ചൊന്നദേശത്തും കാലത്തും വില്പുവല്ലാതൊഴിഞ്ഞിട്ടു കുറിഞ്ഞ വില്പിൽ അമഞ്ഞവണ്ണമേ കുറഞ്ഞതിട്ടുകൊടുപ്പിക്ക.

യഥാസംഭാഷിതം വാ വിക്രീണാനാ [6]നോദയമധിഗച്ഛേയുഃ. മൂല്യമേവ ദദ്യുഃ. അർഘപതനേ വാ പരിഹീണം യഥാപരി[7]ഹീണം മൂല്യമൂനം ദദ്യുഃ.

1 and 2. 'പൃത്യ' T. S. S. 3. 'വിക്രീണാനാം' M. S. S.
4. 'ജാതമൂല്യം' P. S. S. and M. S. S. 5. 'ശേഷമുപ' M. S. S.
6. 'ഉദയം' 7. 'ഹീണമൂല്യം' } P. S. S. and M. S. S.

വിലയ്മത്തുകൊണ്ടുപോയതിന്നിലേറവില്പാറാകിൽ അമഞ്ഞതുകൊടുത്തേറിയതു താൻ കൊൾവിതു. കറകിലിട്ടുകൊടുപ്പിതു.

സാംവ്യവഹാരികേഷു വാ പ്രാത്യയികേഷു രാജവാച്യേഷു ഭ്രേഷോപനിപാതാഭ്യാം നഷ്ടം വിനഷ്ടം വാ മൂല്യമപി ന ദദ്യുഃ. ദേശകാലാന്തരിതാനാം തു പണ്യാനാം ക്ഷയ[1]വ്യയവിശുദ്ധം മൂല്യമുദയം ച ദദ്യുഃ. പണ്യസമവായാനാം ച പ്രത്യംശം. ശേഷമുപനിധിനാ വ്യാഖ്യാതം. [2]ഏതേന വൈയാ[3]വൃത്യവിക്രയോ വ്യാഖ്യാതഃ.

സാംവ്യവഹാരികളുമായ് ... രാജാവിനാലവാച്യന്മായിരിക്കമവാളിൽ കൊടുത്ത ചരക്ക ഭ്രേഷോപനിപാതവഴിമേൽ കെട്ടകിലും മുതലും കൊടുക്കവേണ്ടാ. ദേശാന്തരത്തും കാലാന്തരത്തും വില്പാൻ കൊടുക്കും ചരക്ക ക്ഷയവും വ്യയവും നീക്കിക്കൊടുപ്പിതു. പലചരക്കുളവാകിൽ പ്രത്യംശം കൊടുപ്പിതു. എൻറവാറു- ദേശാന്ത[4]രത്തുകൊണ്ടുപോയ ചരക്ക മാറവു ചരക്ക കൊണ്ടുപോനാൽ വ്യാപാരം ചെയ്തുപോയവൻ കൊണ്ടുപോയവർക്കും തന്നുടയ ചരക്കിന്ന തക്കവാറു ഇരുന്തവന്ന കുറിട്ടുകൊടുപ്പിതു ശേഷം ഉപനിധികണക്കെ. ഇതുകൊണ്ടെ കണ്ടുകൊൾവിതു വൈയാവൃത്യകരന്മാർ ദേശാന്തരത്തിൽ പോയി വിററ വതുമാറും.

നിക്ഷേപശ്ചോപനിധിനാ. തമന്യേന നിക്ഷിപ്തമന്യസ്യാർപ്പയതോ ഹീയേത. നിക്ഷേപാപഹാരെ പൂർവ്വാപദാനം നിക്ഷേപ്താരശ്ച പ്രമാണം. അശുചയോ ഹി കാരവഃ, നൈഷാം [5]കരണപൂർവ്വോ നിക്ഷേപധർമ്മഃ. [6]കരണഹീനം നിക്ഷേപമപവ്യയമാനം ഗൂഢഭിത്തിന്യസ്താൻ സാക്ഷിണോ നിക്ഷേപ്താ രഹസി പ്രണിപാതേന പ്രജ്ഞാപയേത്, വനാന്തെ വാ [7]മദ്യപ്രവഹണവിശ്വാസേന.

---

1. 'വ്യയമുലമൂല്യം' M. S. S. 2. 'ഏതേന' M. S. S. 3. 'വൃത്യ' T. S. S. 4. 'ദേശാന്തരത്തുപോയി വിററ വതമാറും' നിക്ഷേപ, ക, പാഠം. 5 and 6. 'കാരണ' M. S. S. 7. 'മദ്യപ്രവഹണെ' P. S. S. and M. S. S.

നിക്ഷേപമാവിതു — കാരുക്കളെക്കൊണ്ടു പണിചെയ്യിച്ചു തരുവാൻ സ്വർണ്ണകാരാദികളിൽ കൊടുക്കും ധനം. അതുമുപനിധികണക്കെ. നിക്ഷേപമൊരുത്തൻ വച്ചതൊരുത്തന കൊടായ്കിലും നിക്ഷേപംവച്ചവന്ന കൊടുപ്പിതു. നിക്ഷേപമില്ലയെൻറു മുന്നമെ ചെയ്തപണി അവിശുദ്ധമായിരുന്നതുകൊണ്ടും നിക്ഷേപ്താക്കൾ ചൊൽകൊണ്ടും തെരുവിതു. എന്തിനെന്നെൻറാൽ കാരുക്കൾ വല്ലസം പറവിതു. കാരുക്കളിൽ ധനം പണികിട്ടുമ്പോൾ സാക്ഷിവച്ചിട്ടായിതുമില്ല. സാക്ഷി ഇല്ലാത്ത നിക്ഷേപദ്രവ്യം കാരുക്കൾ ഇല്ല എൻറു ചൊല്ലുകിൽ ഗൂഢഭിത്തിന്യസ്തരായ് സാക്ഷികളെ വച്ചു രഹസ്യപ്രണിപാതാദികൾചെയ്തു കേൾപ്പിപ്പതു. വനാന്തരത്തിങ്കൽ മദ്യപ്രവഹണം ചെയ്തു മദിച്ചിരിക്കുമ്പോൾ സാക്ഷികൾ ഗൂഢരായിരുന്നവരെ കേൾപ്പിപ്പിതു.

രഹസി വൃദ്ധോ വ്യാധിതോ വാ വൈദേഹകഃ കശ്ചിത് കൃതലക്ഷണം ദ്രവ്യമസ്യ ഹസ്തേ നിക്ഷിപ്യാപഗച്ഛേത്. തസ്യ പ്രതിദേശേന പുത്രോ ഭ്രാതാ വാഭിഗമ്യ നിക്ഷേപം യാചേത. ദാനേ ശുദ്ധിഃ, അന്യഥാ നിക്ഷേപം സ്തേയദണ്ഡം ച ദദ്യാത്.

അൻറിയെ (വൈദേഹകൻ) വൃദ്ധൻ താൻ വ്യാധിതൻ താൻ രഹസ്യത്തിൽ പണിചെയ്വാൻ കൊടുപ്പിതു. കൃതലക്ഷണമായിരുന്ന ദ്രവ്യം കൊടുത്തുപോയാൽ കാലാന്തരത്തിൽ അവന്റെ ചാർന്നവരം വേണ്ടുവിതു കൊടുപ്പൊനാകിൽ ശുദ്ധൻ. അതുമില്ലയെന്നൊനാകിൽ നിക്ഷേപവും സ്തേയദണ്ഡവും കൊടുപ്പിതു.

*പ്രവ്രജ്യാഭിമുഖോ വാ ശ്രദ്ധേയഃ കശ്ചിത് കൃതലക്ഷണം ദ്രവ്യമസ്യ ഹസ്തേ നിക്ഷിപ്യ പ്രതിഷ്ഠേത. തതഃ കാലാന്തരാഗതോ യാചേത. ദാനേ ശുചിരന്യഥാ നിക്ഷേപം സ്തേയദണ്ഡം ച ദദ്യാത്. കൃതലക്ഷണേന വാ ദ്രവ്യേണ പ്രത്യാനയേദേനം. ബാലിശജാതീയോ വാ രാത്രൗ രാജദായികാക്ഷണഭീതഃ സാരമസ്യ ഹസ്തേ നിക്ഷിപ്യാപഗച്ഛേത്. സ ഏനം [2]ബന്ധനാഗാരഗതോ യാചേത. ദാനേ ശുചിഃ, അന്യഥാ നിക്ഷേപം സ്തേയദണ്ഡം ച ദദ്യാത്.

1. ‘[illegible]’ M. S. 8. 2. ‘ബന്ധുനഃ ക്ഷേമാതഃ’ P. S. S.
* “പ്രവ്രജ്യാ..................ദദ്യാത്” എന്നതിനുള്ള എന്നു വാക്യങ്ങൾക്ക് ഭാഷ കാണുന്നില്ല.

അൻറിയേ കൃതലക്ഷണമായിരുന്നതു അവനില്ലത്തു കണ്ടു കൊണ്ടാലുമമെയും. അൻറിയേ ബാലിശജാതീയനെൻറവാറു മൂർഖപ്രായനെൻറവാറു രാത്രിയിങ്കൽ രാജാവിനെ ഭയപ്പെട്ടുതാൻ എൻറുചൊല്ലി സാരദ്രവ്യം ഒന്നാരെണ്ണാലി വച്ചിട്ടു പോവിതു. അനന്തരം രാജാവിനാൽ കെട്ടപ്പെട്ടിരുന്നതായ്‌ വേണ്ടിപ്പോകവിതു. കൊടുപ്പനാകിൽ ശുചി, കൊടാക്കാൽ നിക്ഷേപവും സ്തേയദണ്ഡവും കൊടുപ്പിതു.

അഭിജ്ഞാനേന ചാസ്യ ഗൃഹേ ജനമുദയം യാചേത. അന്യതരാദാനേ യഥോക്തം പുരസ്സരാത്.

അൻറിയെ കാരുവിനുടയ അടയാളം ചൊല്ലി മുന്നം കൊടുത്ത നിക്ഷേപവും പിന്നെ ഇരാവച്ചപ്രയോഗദ്രവ്യവും അവനില്ലത്തിൽ ഇരണ്ടും വേണ്ടുവിതു. അവററിൽ പ്രയോഗദ്രവ്യം കൊടുത്തു നിക്ഷേപദ്രവ്യം കൊടാതൊഴിവോനാകിലും (പിഴയില്ല?) രണ്ടും കൂട കൊടാതൊഴികിലും (കൊടുക്കിലും?) കള്ളർ പടും ദണ്ഡം.

ദ്രവ്യഭോഗാനാമാഗമം ചാസ്യോപായജ്ഞീത. തസ്യ ചാർത്ഥസ്യ വ്യവഹാരോപലിംഗനമഭിയോക്തുരർത്ഥസാമർത്ഥ്യം.

ഇവനുടെ ഉപഭോഗദ്രവ്യങ്കളുടയ വരവുമാരായ്‌വിതു. അവനവററിൻ വരവു ചൊന്നാൽ അതവ്വണ്ണമോ അല്ലയോ എന്നുമതുമറിവിതു. നിക്ഷേപം വച്ചേനെൻറു ചൊല്ലിൻറവനുടയ അർത്ഥസാമർത്ഥ്യമാരായ്‌വിതു.

ഏതേന മിഥസ്സമവായോ വ്യാഖ്യാതഃ.

ഇന്നിക്ഷേപദ്രവ്യംകൊണ്ടേ മിഥസ്സമവായമാരായ്‌വിതു. നിർജ്ജനദേശത്തു ഉണ്ടാമാനാഗാന്ധർവ്വവിവാഹാദികളുമാരായ്‌വിതു. ഇവ്വമില്ല എൻറുചൊല്ലുകിൽ ഗൂഢസാക്ഷ്യാദിപ്രയോഗമിവ്വണ്ണമാരായ്‌വിതു. ശ്ലോകം:—

അന്യോന്യസാക്ഷിമദചാർഹണം ഋജ്വാന്ത്യസമൃശാപിതാക്ഷിതം.
സ്ഥോപരെ വാരണ്ണന ശാസ്ത്രം ദേശകാലാഗ്രവണ്ണതഃ.

ഇതി കൌടലീയാർത്ഥശാസ്ത്രേ ധർമ്മസ്ഥീയേ തൃതീയാധികരണേ ദ്വാദശോഽധ്യായഃ ഔപനിധികം, ആദിതഃ ഏകോന സപ്തതിതമഃ.

ആകിൻറമെയിനാൽ ഒരു കാര്യം ചെയ്യിൽ അക്കാര്യം സാക്ഷിമത്തുമായ് അച്ഛന്നമായ് സമ്യക്കായ് ചൊല്ലവിളം ചെയ്തു കിടപ്പിതു. ദേശവും കാലവും എണ്ണ(മ്)മുതവുഞ്ഞിലാവിച്ചു കിടപ്പിതു, സ്വജനത്തിനോടും പരജനത്തിനോടും.

ധർമ്മസ്ഥീയത്തിൽ പന്തിരണ്ടാമദ്ധ്യായമും
ഔപനിധികവും മുടിഞ്ഞിതു.

പ്രക. ൭൦. ദാസകർമ്മകരകല്പഃ.

“ദാസകർമ്മകരകല്പഃ” എൻപിതു സൂത്രം. ദാസരാവോർ പിറന്നുള്ളടിയാർ, കർമ്മകരരാവോർ... ഉഴവുഴിയിക്കമവരെല്ലാം ഗോപാലകരുമെൻറിഞ്ഞാതികം. അവരുടെ കല്പമാവിതു ഒററിവെക്കമാറും ഒരിക്കമാറുമെൻറിഞ്ഞാതികം ചൊല്ലിൻറതെൻപിതു സൂത്രാർത്ഥം. സംബന്ധമാവിതു, ദാസാഹിതകാദ്ധ്യാമല്പാപൂർവ്യവഹാരാദ്ധ്യാമെൻറുള്ള ഗ്രന്ഥത്തിൽ മനുഷ്യരെ ആധിവെക്കമാറു ചൊല്ലീതു. വിക്രീതക്രീതാനുശയസൂത്രത്തിൽ മനുഷ്യരെ വില്ക്കുമാറു ചൊല്ലീതു, അവ്വണ്ണം ഗൃഹക്ഷേത്രചതുഷ്പദങ്ങളെക്കണക്കേ മനുഷ്യരേയും വിൽക്കമാറു ചൊന്നേടത്തിപ്പോറം ആരെ വിൽക്കവുമൊററിവെയ്ക്കവുമാവിതെന്നുമതറിവാനായ്ക്കൊണ്ടു ചൊല്ലിൻറതെൻപിതു സംബന്ധം.

ഉദരദാസവർജ്ജമാര്യപ്രാണമപ്രാപ്തവ്യവഹാരം ശൂദ്രം വിക്രയാധാനം നയതഃ സ്വജനസ്യ ദ്വാദശപണോ ദണ്ഡഃ. വൈശ്യം ദ്വിഗുണഃ, ക്ഷത്രിയം ത്രിഗുണഃ, ബ്രാഹ്മണം ചതുർഗ്ഗുണഃ. പരജനസ്യ പൂർവ്വമധ്യമോത്തമവധാ ദണ്ഡാഃ ക്രേതൃശ്രോതൄണാം ച.

ഉദരദാസരാവോർ ആഹാരമില്ലയായിട്ടിരുന്നവർക്കു ചോറും പുടവയും കൊടുത്തു രക്ഷിച്ചുകൊള്ളപ്പെട്ട കൂട്ടമവരും. അവരെ അൻറിയെ) ആര്യ(പ്രമാഃപ്രാ)ണം ഇരിക്കമവരെ അപ്രാപ്തവ്യ

വഹാരതമായിരിക്കും ശൂദ്രരെ ചാന്ന ജനം വില്ലുകൊണ്ടുപോകിലുമൊററിവെയ്ക്കുകൊണ്ടുപോകിലും പന്തിരണ്ടുപണം ഉണ്ടു. ഇങ്ങനെ ഇതന്നു വൈശ്യനെ വില്ലുകൊണ്ടുപോകിലും (ഒററിവെയ്ക്കുകൊണ്ടുപോകിലും) ഇരുപത്തുനാലുപണം ഉണ്ടു. ക്ഷത്രിയനെ സ്വജനം കൊണ്ടുപോയ് വിൽക്കിൽ (ഒററിവൈയ്ക്കിൽ) മുപ്പത്താറുപണം ഉണ്ടു. ബ്രാഹ്മണനെ സ്വജനം കൊണ്ടുപോയ് വിൽക്കിൽ, (ഒററിവെയ്ക്കിൽ) നാല്പത്തെട്ടുപണം ഉണ്ടു. പിററ ശൂദ്രാദികളെ കൊണ്ടുപോയ് വിൽക്കിൽ, (ഒററിവെയ്ക്കിൽ) പൂർവ്വം സാഹസമുണ്ടു. വൈശ്യനേയും ക്ഷത്രിയനേയും വിൽക്കിൽ, (ഒററിവെയ്ക്കിൽ) മദ്ധ്യമ (ഉത്തമ)സാഹസമുണ്ടു. ബ്രാഹ്മണനെ വിൽക്കിൽ, (ഒററിവെയ്ക്കിൽ) വധം. ഈ ചൊല്ലിനിന്റവരും പട്ടം ഉണ്ടുമെ വിലെക്ക കൊള്ളുമവനും സാക്ഷിപ്പെട്ടിനിന്റവനും.

മ്ലേച്ഛാനാമദോഷഃ പ്രജാം വിക്രേതുമാധാതും വാ ന ത്വേവാര്യസ്യ ദാസഭാവഃ.

മ്ലേച്ഛരായവർ ചോനകരും പല്ലവരും, അവരും തം വിററും (വിലക്കമൊററി)ക്കൊടുത്തും പിഴ ഇല്ല. അവരുംമേൽ പിറന്നജനത്തെ വിലക്ക കൊള്ളപ്പെറാർ, ആര്യക്കു ദാസ(ഭാവ)മില്ല.

അഥവാര്യമാധായ കുലബന്ധന [1]ആര്യാണാമാപദഃ, നിഷ്ക്രയം ചാധിഗമ്യ ബാലം സാഹായ്യദാതാരം വാ പൂർവ്വം നിഷ്ക്രീണീരൻ.

അന്റിയെ മററുചില ആരിയന്മാർക്ക ദ്രോഹം വരുവിത്താൻ കുടിക്കു ദ്രോഹം വരുവിത്താൻ ചെയ്യിൽ തെററുനെ ഒററിയായ് വച്ചിട്ട അതിന്നവെണ്ടുമ്മൂ(വ്യ)യം നേടിക്കൊണ്ടു മുന്നം ബാലനായുള്ളവനെച്ചൊൻറുകൊടുവിത്തു. ബാലനില്ലായ്കിൽ മുന്നം സഹായ്യദാതാവിനെച്ചൊല്‌വിത്തു.

സകൃദാത്മാധാതാ നിഷ്പതിതഃ സിദേത്. ദ്വിരന്യേനാഹിതകഃ. സകൃദുഭൗ പരവിഷയാഭിമുഖൌ.

തന്നെത്താനേ ഒററിവെച്ചിട്ട ധനംകൊണ്ടു ഒളിച്ചോട്ടവോനാകിൽ പിന്നെ ചൊൽപൊറാൻ. മററൊരുത്തനാലൊററിവെയ്ക്കപ്പെട്ടവൻ രണ്ടുരുടെ ഒളിച്ചുപോയവോനാകിൽ ചൊൽ

1. 'ആര്യാണാമാപദി' M. S. S. and P. S. S.

ച്ചൊറാൻ. താനൊററിവെയ്ക്കപ്പെട്ടവനും പിതാവൊററിവെയ്ക്കപ്പെട്ടവനും ഇരുവരും പരവിഷയം നോക്കിപ്പോവാൻ നിനെക്കിലും ഒരുത്തൻ പോകിലും ചൊൽക്കൊറാർ.

വിത്താപഹാരിണോ വാ ദാസസ്യാത്മാനമപഹരതോർദ്ധദണ്ഡഃ. നിഷ്പതിതപ്രേതവ്യസനിനാമാധാതാ മൂല്യം ഭജേത.

പിറന്നുള്ളടിയാൻ അന്യനായുള്ള തൻസ്വാമിയുടെ ധനം കൊണ്ടുപോകിൽ* കള്ളൎക്കു ചൊന്ന ദണ്ഡത്തിൽ പാതി ദണ്ഡം. ഒററികൊണ്ടവൻ ദോഷത്തിനാലൊളിച്ചുപോകിലും ചാകിലും ദീർഘരോഗാദികളുള്ളവാകിലും വച്ചവൻ മുതൽപെറുംവില കൊള്ളക്കടവിരൻ.

പ്രേതവിൺമൂത്രോച്ഛിഷ്ട[1]ഗ്രാഹണമാഹിതസ്യ നഗ്ന[2]സ്നാപനം ദണ്ഡപ്രേക്ഷണമതിക്രമണം ച സ്ത്രീണാം മൂല്യനാശകരം. ധാത്രീപരിചാരികാർദ്ധസീതികോപചാരികാണാം ച മോക്ഷകരം. സിദ്ധമുപചാരകസ്യാഭിപ്രജാതസ്യ അപക്രമണം.

ആഹിതയെക്കൊണ്ടു ശവവും വിൺമൂത്രങ്ങളെ(യും) വിലക്കിലും, ഒററിസ്ത്രീകളെക്കൊണ്ടു നഗ്നരായിരുന്ന നീരാട്ടികിലും തക്കിലും അവരെ ഉപഭോഗിക്കിലും മുതൽ പിഴക്കും. ധാത്രി പരിചാരിക, അർദ്ധസീതിക അതായോർ കർഷകസ്ത്രീ, (ഉപചാരിക) ഇവരെ, ഒററിവെയ്ക്കപ്പെട്ടവരെക്കൊണ്ടു ശവപ്രവേശാദികളിൽ (ധ?പന)യനാദികൾ ചെ(യ്യി?)ൽ ചൊല്പെറാതെപ്പെട്ടവർ. ഉപചാരകനായവൊൻ ദാസിക്കു ചോറു കൊടുത്തു ദാസിയുടെ സ്വാമിക്കു അതെ കൂലിയായ് പണിചെയ്യുമവൻ. അവന്നു ദാസിയിൽ പ്രജ ഉണ്ടായാൽ കാലം തികയാതെയും പോകപ്പെറും.

1. 'ഗ്രാഹണം' M. S. S. 2. 'സ്നാപനം' M. S. S. and P. S. S.

* 'ദാസന്റെ ധനം അപഹരിക്കയോ അവന്റെ ആത്മാവിനെ അപഹരിക്കയോ ചെയ്യുന്നവൻ' അർത്ഥമുണ്ടും. (അന്യത്ര വ്യാഖ്യാനങ്ങളിൽ പറഞ്ഞതിന്റെ പകുതി ദണ്ഡം)'

ഗൊപ്പി പ്രസിദ്ധീകരണം അർത്ഥശാസ്ത്രം.'

ഇവിടെ 'വാ' എന്ന ശബ്ദം കൊണ്ടുള്ള ഇപ്രകാരമർത്ഥം പറഞ്ഞാൽ കൊള്ളുമെന്നു തോന്നുന്നു.

'വിത്താപഹാരിണഃ' സ്വാമിയുടെ വിത്തം അപഹരിച്ച ദാസനും 'ദാസസ്യ' ശബ്ദത്തോട്, 'ആത്മാനം അപഹരതഃ' ശാസ്ത്രമാർഗ്ഗത്തിൽ നിന്നും തെറ്റിച്ചിട്ടുള്ള അവകാശം' എന്ന അർത്ഥം.

ധാത്രീമാഹിതികാം വാ കാമതഃ സ്വവശാമധിഗച്ഛതഃ പൂർവ്വഃ സാഹസദണ്ഡഃ, പരാശ്രിതാം മദ്ധ്യമഃ. കന്യാമാഹിതികാം വാ സ്വയമന്യേന വാ ദൂഷയതഃ മൂല്യനാശഃ ശുല്കം തദ്ദ്വിഗുണശ്ച ദണ്ഡഃ.

ധാത്രി ആഹിതയാകിൽ മനമിൻറിയെ ഇരിക്കെച്ചെയ്തേ ഗമിപ്പോനാകിൽ പൂർവ്വം സാഹസദണ്ഡം. ഭർത്തൃവശയായിരുന്നവളെ ഗമിക്കിൽ മദ്ധ്യമം സാഹസദണ്ഡം. കന്യക ആഹിതയായിരുന്നവളെ താനേ താൻ, മറെറാരുത്തനെക്കൊണ്ടു താൻ ദൂഷിക്കിൽ മുതൽ കെട്ടും, പെണ്ണിന്റെ ശുല്കവും കൊടുത്തു ശുൽക്കദ്വിഗുണം രാജാവിന്ന ദണ്ഡവും കൊടുപ്പിതു.

ആത്മവിക്രയിണഃ പ്രജാമാര്യാം വിദ്യാത്. ആത്മാധിഗതം സ്വാമികർമ്മാവിരുദ്ധം ലഭേത. *പിത്ര്യം ച ദായം. മൂല്യേന ചാര്യത്വം ഗച്ഛേത്. തേനോദരദാസാഹിതകൌ വ്യാഖ്യാതൌ.

തന്നെ വിറ്റുമതിന്നമുന്നെ പിറന്നതു അടിയാനാകാ. തന്നെ വിററവൻ താൻനേടിയ ധനം സ്വാമികർമ്മം കെടാതെ തേടീതാകിൽ താനേ കൊള്ളപ്പെറും. മുതൽകൊടുത്തു തന്നെ ച്ചോൻറുകൊള്ളവും പെറും. ഇതുകൊണ്ടേ ഉദരദാസാഹിതന്മാരെയും ചൊല്ലിയോരാൽപ്പെട്ടിതു. അവരും താന്താങ്കൾ തേടി കൊള്ളവും താങ്ങളെച്ചോൻറുകൊള്ളവും പെറും.

പ്രക്ഷേപാനുരൂപശ്ചാസ്യ നിഷ്ക്രയഃ

ആത്മവിക്രയിയായുള്ളവൻ തന്നെച്ചൊല്ലുംപോൾ തന്നെ ക്കച്ചോൻറവായം താൻകൊണ്ട മുതലും കൊടുത്തിട്ട ചൊല്വിതു.

ദണ്ഡപ്രണീതഃ കർമ്മണാ ദണ്ഡമുപനയേത്.

ദണ്ഡപ്രണീതനാവോൻ ദണ്ഡപ്പെട്ടവനെങ്ങ ധനമില്ലായായിട്ടു [1]ചെയ്യപ്പെട്ടവൻ. അവൻ പണിചെയ്തു ചെകപ്പിതു.

ആര്യപ്രാണോ ധ്വജാഹൃതഃ കർമ്മകാലാനുരൂപേണ മൂല്യാർദ്ധേന വാ വിമുച്യേത.

---

1. 'ദാക ചെയ്യപ്പെട്ട' ക. പാഠം.

* ഈ വാക്യത്തിന്ന വ്യാഖ്യാനമില്ല.

ആത്മപ്രാണനാരാവോൻ അഭിജാതൻ. അവൻ യുദ്ധത്തിൽ പിടിച്ചുകൊള്ളപ്പെട്ടവൻ തന്നുടയ കർമ്മത്തുകൊണ്ടും കാലത്തുകൊണ്ടും തന്നെ വിലയിട്ട വിലയിൽ പാതി കൊടുത്തു ചൊൻറുകൊൾകവിതു.

ഗൃഹജാതദായാഗതലബ്ധക്രീതാനാമന്യതമം ദാസമൂനാഷ്ടവർഷം വിബന്ധുമകാമം നീചേ കർമ്മണി വിദേശേ ദാസീം വാ സഗർഭാമപ്രതിവിഹിതഗർഭഭർമ്മണ്യാം വിക്രയാധാനം നയതഃ പൂർവ്വഃ സാഹസദണ്ഡഃ, ക്രേതൃശ്രോതൃണാം ച.

ദാസൻ ഗൃഹജാതൻ താൻ ദായഗതൻതാൻ ലബ്ധൻ ക്രീതനെൻറിന്ത നാലരിലൊരുത്തൻ, എട്ടാണ്ടു ചെല്ലാവിത്തുണയില്ലാതെ ബന്ധുക്കളുമായി[1]രിക്കുമവനെക്കൊണ്ടു നീചമായിരുന്ന കർമ്മങ്ങൾ ചെയ്യിക്കിലും ദേശാന്തരത്തിൽ കൊണ്ടുപോയ് വില്പാൻ നിനൈക്കിലും, ദാസി ഗർഭിണിയായിരുന്നവളെ ഇതറെഴുവാൻ വേണ്ടും ധനം കൊടാതെ കൊണ്ടുപോയ് വില്ക്കിലും [2]പൂർവ്വം സാഹസദണ്ഡം. വിലക്കുകൊള്ളിൻറവരാകിലും സാക്ഷിപ്പെടിൻറവരാകിലും പൂർവ്വം സാഹസദണ്ഡം.

ദാസമനുരൂപേണ നിഷ്ക്രയേണാര്യമകുർവ്വതോ ദ്വാദശപണോ ദണ്ഡഃ. സംരോധശ്ചാകാരണാൽ. ദാസദ്രവ്യസ്യ ജ്ഞാതയോ ദായാദാഃ. തേഷാമഭാവേ സ്വാമീ.

ഒററിവച്ച ദാസനെ അനുരൂപമായുള്ള ധനം കൊടുത്തു ചൊൻറുകൊള്ളായ്ക്കിൽ പന്തിരണ്ടുപണം ദണ്ഡം. ദാസനെ ചാൻറവരാം വളച്ചുവച്ചവനെയ്യൊല്ലിപ്പിതു. ദാസനുടെയ ധനത്തിനു ചാൻറ ദാസന്മാർ ദായം കൊൾവോർ. ചാൻറോരില്ലായ്ക്കിൽ സ്വാമി കൊൾവിതു.

സ്വാമിനഃ [3]സ്വസ്യാം ദാസ്യാം ജാതം സമാതൃകമദാസം വിദ്യാത്. ഗൃഹ്യാ ചേൽ കുടുംബാർത്ഥചിന്തനീ, മാതാ ഭ്രാതാ ഭഗിനീ ചാസ്യാ അദാസാഃ സ്യുഃ. ദാസം ദാസീം വാ നിഷ്ക്രീയ പുനർവിക്രയാധാനം നയതോ ദ്വാദശപണോ ദണ്ഡഃ, അന്യത്ര സ്വയംവാദിഭ്യഃ. ഇതി ദാസകല്പഃ.

1. (പിരിഞ്ഞ്) എന്നതുകൂടി ഉണ്ടെങ്കിൽ 'വിബന്ധും' എന്ന പദത്തിൻെറ അർത്ഥം യോജിക്കുമെന്നു തോന്നുന്നു.

2 (ഒററിവച്ചില്ലിലും) എന്നിടത്തു കുറവുള്ളതായി തോന്നുന്നു.

3. 'സ്വസ്യാം', M. S. S. 'അസ്യാം.' P. S. S.

തന്നുടയ ദാസിയിൽ തനിക്കു മകൻ പിറക്കിൽ പിറന്ന പുത്രനുമവളും താനുമടിയാരല്ല. അവളില്ലത്തിരുന്ന കുഡുംബമു മന്നവും കഴികൊണ്ടിരിപ്പോളാകിൽ അവളുടപ്പിറന്നോരും തായു മടിയാരല്ല.

ദാസനെയും ദാസിയെയുമഞ്ചാണ്ടുകൊണ്ടിരണ്ടാമത്തു വിൽ കിൽ പന്തിരണ്ടുപണം ദണ്ഡം., താങ്കളെ ചൊല്ലുകയാൽ. ദാസകല്പം മുടിഞ്ഞിതു.

കർമ്മകരസ്യ കർമ്മസംബന്ധമാസന്നാ വിദ്യുഃ. യഥാസംഭാഷിതം വേതനം ലഭേത. കർമ്മകാലാനുരൂപമസംഭാഷിതവേതനഃ. കർഷകഃ സസ്യാനാം, ഗോപാലകഃ സർപ്പിഷാം, വൈദേഹകഃ പണ്യാനാം ആത്മനാ വ്യവഹൃതാനാം, ദശഭാഗമസംഭാഷിതവേതനോ ലഭേത. സംഭാഷിതവേതനസ്തു യഥാസംഭാഷിതം.

കർമ്മകരകല്പം ചൊല്ലിൻറതു. കർമ്മകരന്മാരാവോർ കർഷക ഗോപാലകന്മാർ, അവരൾ പണി മററികന്നു പണിചെയ്യുമവരൾ അറിവിതു. അവരുള്ളമന്നേ കൂലിയും കൊൾവിതു. കൂലി അമയാത്തവരൾ കർമ്മത്തിന്നും കാലത്തിന്നും തക്കവാറു കൊൾവിതു. അതു എങ്ങനെയെന്റാൽ ഉഴവൻ നെല്ലിൽ പതവാരംകൊൾവിതു, ഇടയൻ നെയ്യിൽ പതവാരം, വൈദേഹകൻ പണ്യങ്ങളിൽ പതവാരം. ഇതു അസംഭാഷിതവേതനാകൊള്ളുമാറു. അമന്തുകൊൾകിൽ അമഞ്ഞതു പിഴയാതെ കൊള്ളപ്പെറും.

കാരുശില്പികുശീലവചികിത്സകവാഗ്ജീവനപരിചാരകാദിരാശാകാരികവർഗ്ഗസ്തു യഥാന്യസ്തദ്വിധഃ കുര്യാത്, യഥാ വാ കുശലാഃ കല്പയേയുഃ തഥാ വേതനം ലഭേത. സാക്ഷിപ്രത്യയമേവ സ്യാത്. സാക്ഷിണാമഭാവേ യതഃ കർമ്മ തതോഽനുയുഞ്ജീത.

കാരുശില്പികുശീലവചികിത്സകവാഗ്ജീവനപരിചാരകാദി കൾ പരരെ ആശപ്പെട്ടുനിൽക്കും വർഗ്ഗങ്ങൾക്കു കൂലി മററ അജ്ഞാതികൾ ചൊല്ലുമളവു താൻ, മററു(ശീഘ്ര)ലരായുള്ളവരൾ കല്പിക്കുമളവു താൻ കൂലികൊൾവിതു. കൂലിയിൽ വിപ്രതിപത്തിയുണ്ടാകിൽ സാക്ഷികളെ വിചാരിപ്പിതു. അവരൾ ചൊന്നവണ്ണം

1. '[illegible]' T. S. S. and M. S. S.

കൊടുപ്പിതു. സാക്ഷികളില്ലാകിൽ പണ്ടു പണിചെയ്യുവിടത്തു കൊണ്ടളവു കൊടുപ്പിതു.

വേതനാദാനേ ദശബന്ധോ ദണ്ഡഃ ഷട്പണോ വാ. അപവ്യയമാനേ ദ്വാദശപണോ ദണ്ഡഃ പഞ്ചബന്ധോ വാ.

കൂലി കൊടാതൊഴികിൽ അമത്തുള്ള കൂലിയിൽ പത്തൊന്നുതാൻ ആറു പണംതാൻ ദണ്ഡം. കൊണ്ടിട്ടില്ലെന്നു ചൊല്ലുകിൽ പന്തിരണ്ടുപണം ദണ്ഡംതാൻ കൂലിയിൽ അഞ്ചൊന്നുതാൻ ദണ്ഡം.

നദീവേഗജ്വാലാസ്തേനവ്യാളോപരുദ്ധഃ സർവ്വസ്വപുത്രദാരാത്മദാനേനാർത്തസ്ത്രാതാരമാഹൂയ നിസ്തീർണ്ണഃ കുശലപ്രദിഷ്ടം വേതനം ദദ്യാത്. തേന സർവ്വത്രാർത്തദാനാനുശയാ വ്യാഖ്യാതാഃ.

നദീവേഗത്തിനാൽ താൻ, ജ്വാലയാൽതാൻ, കള്ളരാൽ താൻ, വ്യാളങ്ങളാൽ താൻ ഉപരുദ്ധനായിട്ടു തന്നെ രക്ഷിക്കുമവരോടു തന്നുടെ സർവ്വസ്വവും പുത്രരെയും ദാരങ്ങളെയും കൂട കൊടുപ്പാൻ ചൊല്ലി, തന്നെ മറ്റൊരുത്തൻ രക്ഷിച്ചു തനിക്ക ക്ലേശമൊഴിഞ്ഞപ്പോൾ രക്ഷിച്ചവനെ വിളിച്ചു രക്ഷിച്ചതിനു കുശലർ ചൊന്ന കൂലി കൊടുപ്പിതു. മറ്റുള്ള ആർത്തദാനാനുശയങ്ങളെല്ലാമും ഇവ്വണ്ണമേ.

[1]ലഭേത പുംശ്ചലീ ഭോഗം സംഗമസ്യോപലിംഗനാത്
അതിയാച്ഞാ തു ജീയേത ദൗർമ്മത്യാവിനയേന വാ.

ഇതി കൗടലീയേഽർത്ഥശാസ്ത്രേ ധർമ്മസ്ഥീയേ തൃതീയേഽധികരണേ ത്രയോദശോഽദ്ധ്യായഃ ദാസകർമ്മകരകല്പേ ദാസകല്പഃ, കർമ്മകരകല്പേ സ്വാമ്യധികാരഃ ആദിതഃ സപ്തതിതമോഽദ്ധ്യായഃ.

ശ്ലോകാർത്ഥമാവിതു — പുംശ്ചലിക്കു ഭോഗംകൊള്ളലാം സംഗമിച്ചതിനു അടയാളം കാട്ടുവോളാകിൽ. തന്റെ പെരുമയളവന്റിയേ ചൊല്ലേണ്ടുകിലും കഥകഴിഞ്ഞുകാലം കഴിക്കിലും ദുർമ്മത്യാദികളും ചെയ്യാതൊഴികിലും കൂലി ചേരാ.

ദാസകർമ്മകരകല്പത്തിൽ സ്വാമ്യവും ധർമ്മസ്ഥീയത്തിൽ പതിമൂന്നാമദ്ധ്യായവും കഴിഞ്ഞിതു.

---

1. ഈ ശ്ലോകത്തിന്റെ അർത്ഥം വ്യാഖ്യാതാക്കളുടെ ടിപ്പണിയിൽ വേറെ വിധത്തിൽ കാണുന്നു.

പ്രക. ൬൬. കർമ്മകരകല്പഃ സംഭൂയസമുത്ഥാനം.

ഗൃഹീത്വാ വേതനം കർമ്മ അകുർവതോ ഭൃതകസ്യ ദ്വാദശപണോ ദണ്ഡഃ. സംരോധ[1]ശ്ചാകരണാത്.

ദാസകർമ്മകരകല്പമാകിന്റ സൂത്രത്തിൽ ഇരണ്ടാമദ്ധ്യായം ചൊല്ലിന്റിതു. സംബന്ധമാവിതു കീഴെ അദ്ധ്യായത്തിൽ അരിയും ജീവിതവും നിച്ചൽ പടി കൊള്ളാതെ കന്മത്തുക്കു തക്കവാറു ക്രുധിക്ക പോമാറു കീഴ് ചൊല്ലീതു. ഇപ്പോറം അരിയും ജീവിതവുമമൈത്തിരിക്കുമവരുടയ വ്യാപാരഞ്ചൊല്ലിന്റിതു.

വേതനങ്കൊണ്ടു പണി ചെയ്യാതെ ഇരിക്കുമവനു പന്തിരണ്ടു പണം ദണ്ഡം. ഉടച്ചുവച്ചു പണികൊള്ളപ്പെറുവർ.

അശക്തഃ കുത്സിതേ കർമ്മണി വ്യാധൌ വ്യസനേ വാ അനുശയം ലഭേത, പരേണ വാ കാരയിതും. തസ്യ [2]വ്യയകർമ്മണാ ലഭേത ഭർത്താ വാ [3]കാരയിതും.

അശക്തനാകിലും കർമ്മം കുത്സിതമാകിലും വ്യാധി ഉണ്ടാകിലും വ്യസനത്തിലും ഒഴിയവും പെറും. മറ്റൊരുത്തരെക്കൊണ്ടു തനക്കായും പണി ചെയ്യിക്കയും പെറും. ഇവർക്കു വ്യാധ്യാദികളുവാകിൽ സ്വാമിയും മറ്റൊരുത്തനു വേതനം കൊടുത്തു പണി കൊള്ളപ്പെറും.

നാന്യസ്ത്വയാ കാരയിതവ്യം മയാ വാ നാന്യസ്യ കർത്തവ്യമി[4]ത്യവരോധേ *ഭർത്തുരകാരയതോ ഭൃതകസ്യാകുർവതോ വാ ദ്വാദശപണോ ദണ്ഡഃ. കർമ്മനിഷ്ഠാപനേ ഭർത്തുരന്യത്ര ഗൃഹീതവേതനോ നാസകാമഃ കുര്യാത്.

ന മറ്റൊരുത്തനെക്കൊണ്ടു പണി കൊള്ളപ്പെറായ്. ഇഞ്ഞാനും മറ്റൊരുത്തർക്കു പണി ചെയ്യവും പെറേനെന്റു അമൈത്തിട്ടു സ്വാമിക്കു ഒഴികിൽ… … … … … … … …

†ഉപസ്ഥിതമകാരയതഃ കൃതമേവ വിദ്യാദിത്യാചാര്യാഃ …
പണിചെയ്യാൻ കൊണ്ടുകലിതാവും എന്റാചാര്യന്മാർ ചൊല്ലുവിതു.

---

1. 'ശ്ചാകാരണാത്' T. S. S. 2. 'വ്യയം കർമ്മണാ' M. S. S. and P. S. S. 3. 'കാരയേത്' M. S. S. 4. 'ത്യപരോധേ ച' M. S. S. 'ത്യവിരോധേ' P. S. S.

* 'ഭർത്തുരകാരയതഃ......കുര്യാത്'; ഇതിനുടെ വ്യാഖ്യാനം കാണുന്നില്ല.

† 'ഉപസ്ഥിതമകാരയതഃ' എന്നതിനുടെ ഭാഷ കാണുന്നില്ല. "[illegible]" എന്നതും T. S. S-ൽ കാണുന്നു.

നേതി [1]കൌടല്യഃ. കൃതസ്യ വേതനം, നാകൃതസ്യാസ്തി. സ ചേദല്പമപി കാരയിത്വാ ന കാരയേത്, കൃതമേവ അസ്യ വിദ്യാത്. ദേശകാലാതിപാതനേന കർമ്മണാമന്യഥാകരണേ വാ [2]നാസകാമഃ കൃതമനുമന്യേത. സംഭാഷിതാദധികക്രിയായാം [3]പ്രയാസം ന മോഘം കുര്യാത്.

അല്ലെന്നു കൌടല്യൻ പക്ഷം. പണിചെയ്യുതിന്നേ കൂലി ഉള്ളൂ, ചെയ്യാത്തതിന്നു കൂലി ഇല്ല. അതിന്നിൽ വിശേഷമുണ്ടു. കുറഞ്ഞൊന്നു ചെയ്തിട്ടു സ്വാമി കുറവ്വായൊഴികിൽ അപ്പണിക്ക തികച്ചു കൂലി കൊള്ളപ്പെറും. അമഞ്ഞപണി അമഞ്ഞദേശത്തും അമഞ്ഞകാലത്തും പണി ചെയ്യാതെ ഒഴികിൽ തനക്ക വാസിയാക്കാൻ കൂലി കൊടാതൊഴിയപ്പെറും. അമഞ്ഞപണിയിൽ മേറച്ചെയ്കിൽ ഒട്ടു കൂലി ഏറക്കൊടുപ്പിതു.

തേന സംഘഭൃതാ വ്യാഖ്യാതാഃ. തേഷാമാധിഃ സപ്തരാത്രമാസീത. തതോന്യമുപസ്ഥാപയേത്, [4]കർമ്മനിഷ്പാകം ച. നചാനിവേദ്യ ഭർത്തുഃ സംഘഃ [5]കഞ്ചിത് പരിഹരേത്, [6]ഉപനയേദ് വാ. തസ്യാതിക്രമേ ചതുർവ്വിംശതിപണോ ദണ്ഡഃ. സംഘേന പരിഹൃതസ്യാർദ്ധദണ്ഡഃ. ഇതി ഭൃതകാധികാരഃ.

കൂട്ടത്തെക്കൊണ്ടേ സംഘവട്ടത്തന്മാർ പണിയും ചൊന്നോരിൽ പെട്ടിതെൻറിയൻറിട്ടിതു. പണിചെയ്കവുള്ളെയ്യിക്കവും പെറീരെൻവുള്ള ഒട്ടപണി ഏഴുനാളെക്കെ ആവിതു. ഏഴുനാറം കഴിഞ്ഞാൽ മറവു ചിലരെക്കൊണ്ടു പണികൊള്ളപ്പെറും. സംഘത്തിലൊരുത്തനെ ചൊല്ലാതിൻറിയേ കളയപ്പെറാർ. കളകിൽ ഇരുപത്തുനാലുപണം ദണ്ഡം. കളയപ്പെട്ടവൻ സ്വാമിക്ക ചൊല്ലാതെ പോകിൽ പന്തിരണ്ടുപണം ദണ്ഡം.

ദാസകർമ്മകരകല്പം എന്നും സൂത്രം മുടിഞ്ഞിതു.

---

1. കൌടില്യഃ M. S. S. and P. S. S. 2. നാസ കാമഃ M. S. S. 3. പ്രയാസാൻ മോഘം M. S. S. പ്രയാസം മോഘം P. S. S. 4. കർമ്മനിഷ്പാകം പൂർവ്വസംഘകൃതകർമ്മപരിമാണം എന്ന T. S. S. 5. കിഞ്ചിത്. M. S. S. and P. S. S. പാഠം. 6. അപനയേത് M. S. S. and P. S. S.

സങ്ഘഭൃതാഃ സംഭൂയസമുത്ഥാതാരോ വാ യഥാസംഭാഷിതം വേതനം സമം വാ വിഭജേരൻ.

“സംഭൂയസമുത്ഥാനം” എന്നപ്പിളു സൂത്രം. പലർകൂടി ഒരു കർമ്മത്തിങ്കൽ പ്രവൃത്തിക്കുമാറു ചൊല്ലിൻറതെന്നപ്പിളു സൂത്രാർത്ഥം. സംബന്ധമാവിളു കർമ്മകരർ ഇരണ്ടു ജാതി — കൂലികൊണ്ടു പണി ചെയ്യുമവരളും തങ്ങൾക്കു പണി ചെയ്യുമവരളും. കൂലിക്കു പണി ചെയ്യുമവരളുടെയ വിധ്യാപാരത്തെച്ചൊല്ലുന്നു. ഇപ്പോൾ തങ്ങൾക്കു പണിചെയ്യുമാറു ചൊല്ലുൻറതെന്നപ്പിളു സംബന്ധം. സംഘഭൃതകരാവോർ സമുദായകർമ്മത്തെച്ചെയ്യുമവരൾ. സംഭൂയസമുത്ഥാ(താ)ക്കളാവോർ, കൂറുവാണിയത്താൻ കൃഷിവൃത്തിയാൻ ചെയ്യുമവരൾ. അവരൾ യഥാസംഭാഷിതവേതനത്താൻ വേതനസമത്താൻ കൂറിട്ടുകൊൾവിതു.

കർഷകവൈദേഹകാ വാ സസ്യപണ്യാരംഭപര്യവസാനാന്തരേ സന്നസ്യ യഥാകൃതസ്യ കർമ്മണഃ പ്രത്യംശം ദദ്യുഃ. പുരുഷോപസ്ഥാനേ സമഗ്രമംശം ദദ്യുഃ. സംസിദ്ധേ തൂദ്ധൃതപണ്യേ[1] സന്നസ്യ തദാനീമേവ പ്രത്യംശം ദദ്യുഃ. സാമാന്യാ ഹി പഥി സിദ്ധിശ്ചാസിദ്ധിശ്ച.

കർഷകരും വൈദേഹകരും സസ്യപണ്യങ്ങളുടെയ ആരംഭപര്യവസാനത്തിനിടയെ കൂട്ടയവൻ വ്യാധിപ്പെട്ടകിൽ അവൻ ചെയ്ത കർമ്മത്തിന്നു തക്കളവു അംശം കൊടുപ്പിതു. മറെറാരുത്തനെക്കൊണ്ടു താൻ കൂറുപണി ചെയ്കിൽ അംശം തികയക്കൊടുപ്പിതു. കൂറുവാണിയം ചെയ്യുമവരൾ ദേശാന്തരത്തിന്നു പോകവെണ്ണി ചരക്ക വായനം ചെയ്യവെണ്ണി ചരക്ക വായനത്തിൻമേലേറി അതുവിട്ടുവാനിരിക്കുംപൊഴാൻ, കൂട്ടയൊരുത്തൻ നോയപട്ടകിൽ അവന്തെയ ചരക്ക വന്തുളു ഇറക്കിക്കൊടുപ്പിതു. വഴിയിൽവരും സിദ്ധികളിരണ്ടും അവനക്കുമൊക്കുമാകുൻറമെയാൽ.

പ്രക്രാന്തേ തു കർമ്മണി സ്വസ്ഥസ്യാപക്രാമതോ ദ്വാദശപണോ ദണ്ഡഃ. ന ച പ്രാകാമ്യമപക്രമണേ.

കൃഷ്യാദികർമ്മം തുടങ്ങീട്ടു സ്വസ്ഥനായിരിക്കെച്ചെയ്യാതെ തന്നെക്കൊണ്ടു[2]പോകവേറാനാകിൽ പന്തിരണ്ടുപണം ദണ്ഡം. അതു കൊടുത്തു കർമ്മത്തെയൊഴിയപ്പെറാൻ.

---

1. ‘ധൃതപണ്യേ’ M. S. S.
2. ‘വേറു’ന്നു ക. പാഠം.

[1]ചോരം തദ്ഭയാത് പൂർവ്വം കർമ്മണഃ പ്രത്യംശേന ഗ്രാഹയേത്, ദദ്യാത് പ്രത്യംശമഭയം ച. പുനഃ സ്തേയേ പ്രവാസനമന്യത്ര [2]ഗമനേ ച. മഹാപരാധേ തു ദൂഷ്യവദാചരേത്.

കള്ളൻ അഭയംകൊണ്ടു തന്നോടു കൂടി കർമ്മം ചെയ്തവനോടു അംശം കൊടുക്കാനായി അവനെത്തന്നെ കേൾപ്പിക്കുകയോ കൂടിക്കൂടുവ മെല്ല കാട്ടിക്കൊടുക്കിൽ അവന്റെ അംശവും കൊടുത്തു അഭയവും കൊടുപ്പിക്കൂ. പിന്നെ എങ്ങാനും കർമ്മം ചെയ്താൽ നാടുകടത്തണം. ദേശാന്തരത്തിൽ പോയി കർമ്മം ചെയ്താലും നാടുകടത്തൂ. പ്രകാശവധമാണെങ്കിൽ മഹാപരാധമെന്നു തോന്നുകിൽ ദൂഷ്യനെന്നപോലെ ഉപാംശു വധം ചെയ്യണം.

യാജകാഃ സ്വപ്രചാരദ്രവ്യവർജ്ജം യഥാസംഭാഷിതം വേതനം [3]സമം വിഭജേരൻ.

യാജകന്മാരായവർ ഋത്വിക്കുകൾ. അവരും തങ്ങളുടെ വ്യാപാരത്തിന്റെ ആവശ്യത്തിനുള്ള ദ്രവ്യമൊഴിയെ മറ്റൊഴിഞ്ഞ ധനം യഥാസംഭാഷിതം കൂറിട്ടുവിടുതാൻ, കൂറെതാൻ കൂറിട്ടുവിടു.

അഗ്നിഷ്ടോമാദിഷു ച ക്രതുഷു ദീക്ഷണാദൂർദ്ധ്വം യാജകഃ സന്നഃ പഞ്ചമമംശം ലഭേത. സോമവിക്രയാദൂർദ്ധ്വം ചതുർത്ഥമംശം, [5]മധ്യമോപസദഃ പ്രവർഗ്യോദ്വാസനാദൂർദ്ധ്വം [6]തൃതീയമംശം, [7]മധ്യാദൂർദ്ധ്വമർദ്ധമംശം, സുത്യേ പ്രാതസ്സവനാദൂർദ്ധ്വം പാദോനമംശം. [8]മാധ്യന്ദിനാത് സവനാദൂർദ്ധ്വം സമഗ്രമംശം ലഭേത, നീതാ ഹി ദക്ഷിണാ ഭവന്തി, ബൃഹസ്പതിസവനവർജ്ജം. പ്രതിസവനം ഹി ദക്ഷിണാ [9]ദീയന്തേ. തേനാഹർഗ്ഗണദക്ഷിണാ വ്യാഖ്യാതാഃ.

അഗ്നിഷ്ടോമാദികർമ്മത്തിൽ യാജകൻ ദീക്ഷാകർമ്മം ചെയ്തു വെച്ചു നോമ്പുകൊണ്ടാകിൽ അഞ്ചിലൊന്നംശത്തിൽ കൊള്ളുവിടു. സോമവിക്രയം ചെയ്തു നോമ്പുകിൽ താൻ നാലാമംശത്തിൽ

1. "ചോരം" എന്നതിന്റെ 'ചോരൻ തന്നെയും' കൂടെ കർമ്മിയിലെ വേതം വിധത്തിൽ കാണുന്നു. Translation page 210. 2. 'പൂർവ്വ:' M. S. S; 3. 'ഗമനേ' M. S. S. and P. S. S; 4. 'സമം വാ' M. S. S. and P. S. S; 5. ഭട്ടസ്വാമിവ്യാഖ്യാനത്തിൽ 'പ്രവർഗ്യോദ്വാസനാദൂർദ്ധ്വം തൃതീയമംശം മധ്യമോപസദൂർദ്ധ്വമർദ്ധമംശം' എന്നുമിരിക്കാം പാഠമെന്നു തോന്നുന്നു. 6. 'ദ്വിതീയ' M. S. S; 'ദ്വിതീയമംശം ലഭേത' P. S. S. and Ms. 2537; 7. 'മധ്യേ' M. S. S. and Ms. 2537; 'മധ്യാ' P. S. S; 8. 'മധ്യന്ദിനാത്' P. S. S; 9. 'ദീയതേ' M. S. S.

നാലൊന്റു പെറുവിതു. പ്രവർഗ്ഗ്യോപസദനമാകിന്റ കർമ്മം മുടിച്ചു നോയ്പ്പട്ടുകിൽ മൂന്റാം കൂറു സിദ്ധിക്കും. മദ്ധ്യമോപസദനമാകിന്റ കർമ്മം മുടിഞ്ഞു നോയ്പ്പട്ടുകിൽ രണ്ടാം കൂറു പെറുമെന്റവാറു പാതി പെറും. സൌത്യകർമ്മത്തിൽ പ്രാതസ്സവനം മുടിച്ചുവച്ചു നോയ്പ്പട്ടുകിൽ നാലൊന്റു കുറയക്കൊള്ളാവിതു. മദ്ധ്യന്ദിനസവനം മുടിച്ചു നോയ്പ്പട്ടുകിൽ തികയക്കൊള്ളാം. അതിനാൽ എല്ലാ ദക്ഷിണകളും പ്രാപിതമാം ബൃഹസ്പതിസവനമൊഴിയ. ബൃഹസ്പതിസവനത്തിൽ പ്രതിസവനം ദക്ഷിണാദാനം.*

[1]സന്നാനാമാദശാഹോരാത്രാച്ഛേഷം കുര്യുഃ, അന്യേ വാ സ്വപ്രത്യയാഃ. കർമ്മണ്യസമാപ്തേ തു യജമാനഃ സീദേത്, ഋത്വിജഃ കർമ്മ സമാപ്യ [2]ദക്ഷിണാം ഹരേയുഃ.

നോയ്പ്പട്ടുകിന്റവരും പത്തഹോരാത്രത്തിനകമേ മററു ചിലരെക്കൊണ്ടു ശേഷം ചെയ്യിപ്പിതു. അന്റിയേ യജമാനൻ സ്വപ്രത്യയാ മററുചിലരെക്കൊണ്ടു കർമ്മം മുടിപ്പിതു. യജ്ഞം മുടിക്കമുന്നേ യജമാനൻ നോയ്പ്പട്ടുവോനാകിൽ ഋത്വിക്കുകൾ കർമ്മം മുടിപ്പിതു.

[3]അസമാപ്തേ തു കർമ്മണി യാജ്യം യാജകം വാ ത്യജതഃ പൂർവഃ സാഹസദണ്ഡഃ.

കർമ്മം മുടിക്കുംമുന്നേ യാജ്യനെത്താൻ (യാജകനെത്താൻ) പരിഹരിക്കിൽ പൂർവ്വം സാഹസദണ്ഡം.

അനാഹിതാഗ്നിഃ ശതഗുരയജ്വാ ച സഹസ്രഗുഃ
സുരാപോ വൃഷലീഭർത്താ ബ്രഹ്മഹാ ഗുരുതല്പഗഃ.
അസത്പ്രതിഗ്രഹേ യുക്തഃ സ്തേനഃ കുത്സിതയാജകഃ
അദോഷസ്ത്യക്തുമന്യോന്യം കർമ്മസങ്കരനിശ്ചയാത്.

ഇതി കൌടലീയാർത്ഥശാസ്ത്രേ ധർമ്മസ്ഥീയേ തൃതീയാധികരണേ ചതുർദ്ദശോഽദ്ധ്യായഃ. ദാസകർമ്മകരകല്പേ സ്വാമ്യധികാരഃ. സംഭൂയസമുത്ഥാനം ആദിത ഏകസപ്തതിഃ.

---

* 'ബൃഹസ്പതിസവനേ ദക്ഷിണാ പ്രദാതവ്യാ' എന്ന ഭാഗത്തിന്റെ വ്യാഖ്യാനം കാണുന്നില്ല.

1. 'സന്നാനാം...... എന്ന ഭാഗത്തിന്റെ വ്യാഖ്യാനം ശാമശാസ്ത്രികളുടെ പതിപ്പിൽ ഭാഷാ വിഷയത്തിൽ കാണുന്നു. Page 211.

2. 'ദക്ഷിണാം ഹരേയുഃ' എന്നതിന്റെ ഭാഷ കാണുന്നില്ല. 'കർമ്മ സമാപ്യ ദക്ഷിണാം യഥോക്താം ഹരേയുഃ' ശ്രീമൂലം Page 90. Vol. II.

3. 'അസമാപ്തേ തു' Ms. 2537.

ദോഷമൊണ്ടായിട്ട പരിഹരിക്കേണ്ടവരെച്ചൊല്ലിന്റിതു. ശത്രുവായിട്ട അനാഹിതാഗ്നിയായിട്ടിരിക്കുമവനും, സഹസ്രഗുവായിട്ടു യാഗമെച്ചെയ്യാതെ ഇരിക്കുമവനും, സുരാപനും, വൃഷലീഭർത്താവും, ബ്രഹ്മഹാവും, ഗുരുതല്പഗനും, അസത്പ്രതിഗ്രഹം കൊള്ളുമവനും, സ്തേനനും, കുത്സിതയാജകനും, ഇവരെപ്പരിഹരിക്കിൽ ദോഷമില്ല, കർമ്മനാശകന്റെ വഴിമേൽ.

ധർമ്മസ്ഥീയത്തിൽ സംഭൂയസമുത്ഥാനം പതിനാറാമദ്ധ്യായവും കഴിഞ്ഞിതു.

---

൬൭. പ്രക. വിക്രീതക്രീതാനുശയഃ.

വിക്രീയ പണ്യമപ്രയച്ഛതോ ദ്വാദശപണോ ദണ്ഡഃ അന്യത്ര ദോഷോപനിപാതാവിഷഹ്യേഭ്യഃ.

'വിക്രീതക്രീതാനുശയഃ'[1] എൻപിതു സൂത്രം. വിക്രീതം വിറ്റതു. ക്രീതം വിലെക്കുകൊണ്ടതു. ഇവ്വിരണ്ടിനുടെയ അനുശയമാവിതു വിസംവാദം. ഇതു വിഷയമാവഴിമേൽ പ്രതിപാദിക്കിന്റിതെൻപിതു സൂത്രാർത്ഥം. സംബന്ധമാവിതു അദ്ധ്യക്ഷപ്രചാരത്തിൽ ക്രയവിക്രയവിധി ചൊല്ലീതു. അനുശയവും അനുശയദണ്ഡവും ചൊല്ലീതില്ലാകയാൽ ഇതു ചൊല്ലിന്റതെൻപിതു സംബന്ധം. ചരക്കു വില്പാൻ തരിയാമെ കൊണ്ടു താൻ മുതൽകൊണ്ടിട്ടു താൻ ചരക്കു കൊടാതൊഴികിൽ പന്തിരണ്ടു പണം ദണ്ഡം, ദോഷോപനിപാതാവിഷഹ്യങ്ങളില്ലായ്കിൽ.

പണ്യദോഷോ ദോഷഃ. രാജചോരാഗ്ന്യുദകബാധ ഉപനിപാതഃ. ബഹുഗുണഹീനമാർത്തകൃതം വാ- വിഷഹ്യം.

ദോഷമാവിതു പണ്യദോഷം. ഉപനിപാതമാവിതു രാജചോരാഗ്ന്യുദകോപഘാതം. അവിഷഹ്യമാവിതു[1] ബഹുഗുണഹീനമാവിതു താൻ, ആർത്തകൃതം താൻ. ഇവില്ലാക്കാൽ ദണ്ഡം.

വൈദേഹകാനാമേകരാത്രമനുശയഃ. കർഷകാണാം ത്രിരാത്രം. ഗോരക്ഷകാണാം പഞ്ചരാത്രം. വ്യാമിശ്രാണാമുത്തമാനാം ച വർണ്ണാനാം [2]വൃത്തിവിക്രയേ സപ്തരാത്രം.

---

1. 'ഗുണഹീനം വാ' ക. പാഠം.

2. 'വിവൃത്തിവിക്രയേ' എന്ന P. S. S. and Mysore പതിപ്പിലും Ms. 2537-ലും കാണുന്നു. സാക്ഷി വ്യാഖ്യാനങ്ങളുടെ കണ്ടികയിൽ 'നല്ല സാധനങ്ങളുടെയും ചിരസ്ഥായികളുടെയും കൂട്ടിക്കലർത്തി വ്യാപാരം ചെയ്താൽ' എന്നാണു കാണുന്നതു.

വാണിജ(ക്ഷീർ) ഒരു നാളെക്കു മീളപ്പെറുവർ. ഉഴവർ നെൽവിററു മൂൻറുനാളെക്കു മീളപ്പെറുവാർ. ഗോരക്ഷകന്മാർ പാലു അഞ്ചുനാളിലകം മീളപ്പെറുവർ. വ്യാമിശ്രങ്കളായുള്ള വർണ്ണങ്കളുമുത്തമവർണ്ണങ്കളും തങ്ങളുടെയ വൃത്തിഹേതുകമായിരുന്ന ഭൂമി വിൽക്കുംപൊഴെൻ ഏഴുനാളകം മീളപ്പെറുവർ.

ആതിപാതികാനാം പണ്യാനാമന്യത്രാവിക്രേയമിത്യവിരോധേനാനുശയോ ദേയഃ. തസ്യാതിക്രമേ ചതുർവ്വിംശതിപണോ ദണ്ഡഃ, പണ്യദശഭാഗോ വാ.

ആതിപാതികങ്കളായുള്ളവു ക്ഷീരദധികസ്വമാദികൾ, അവ്വു (തിരിയാമഃ)കിരയാതെ ചെയ്യാൽ മീളപ്പെറുവാർ. ഇച്ചൊന്ന നാൾകഴിച്ചു മീൾവാൻ നിനെക്കിലിരുപത്തുനാലുപണന്താൻ ചരക്കിൽ പാതിവാശം താൻ ദണ്ഡം.

ക്രീത്വാ പണ്യമപ്രതിഗൃഹ്ണതോ ദ്വാദശപണോ ദണ്ഡഃ, അന്യത്ര ദോഷോപനിപാതാവിഷഹ്യേഭ്യഃ. സമാനശ്ചാനുശയഃ വിക്രേതുരനുശയേന.

(തിരിയാമ്കിരിയം) ചെയ്തു കൊള്ളാതെ ഒഴികിൽ പന്തിരണ്ടുപണം ദണ്ഡം, ദോഷോപനിപാതാവിഷഹ്യങ്കളൊഴിച്ച്. കൊടുത്തവന്നക്കചൊന്ന അ(വ)ധിയെ മീളുവാനും കൊണ്ടവന്നക്കും.

